ചെറുതന ഗ്രാമ പഞ്ചായത്ത്

1996

വികസന റിപ്പോർട്ട്

43-8

ചെറുതന ഗ്രാമ പഞ്ചായത്ത്



CHERUTHANA GRAMA PANCHAYATH

N
W E
S

ചെറുതന ഗ്രാമ പഞ്ചായത്ത്

ഇവർ ജനകീയാസൂത്രണത്തിന് നേതൃത്വം നൽകുന്നു

പ്രൊഫ. എ.വി. താമരാക്ഷൻ എം.എൽ.എ.

അഡ്വ. ബി. രാജശേഖരൻ (ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്)

ഡോ. ജോൺ മത്തായി (ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

പ്രസന്നകുമാരി (ബ്ലോക്ക് പഞ്ചായത്ത് അംഗം)

സി. സുരേന്ദ്രൻ (K.R.P.)

പഞ്ചായത്ത് കമ്മിറ്റി

സി. പ്രസാദ് (പ്രസിഡന്റ്)

അലക്സ് മാത്യു (വൈസ് പ്രസിഡന്റ്)

സി.എം. രാമചന്ദ്രൻ നായർ (മെമ്പർ)

രാമകൃഷ്ണൻ നായർ (മെമ്പർ)

സുഗതാ ഗോപാലകൃഷ്ണൻ (മെമ്പർ)

എസ്. ശാന്തമ്മ (മെമ്പർ)

എലിസബത്ത് വിജികോശി (മെമ്പർ)

റ്റി. മുരളി (മെമ്പർ)

പഞ്ചായത്ത് തല സ്വാഗത സംഘം

ചെയർമാൻ	സി. പ്രസാദ്
വൈസ് ചെയർമാൻ	പടനിലത്ത് മൈതീൻ കുഞ്ഞ്
ജനറൽ കൺവീനർ	സി.എസ്. ഉണ്ണിത്താൻ
ജോയിന്റ് കൺവീനർ	കെ.വി. രാമചന്ദ്രൻ നായർ
സെക്രട്ടറി	പി.ഡി. സുദർശനൻ

ഫൈനാൻസ് കമ്മറ്റി

ചെയർമാൻ	ഏബ്രഹാം ചെറിയാൻ
കൺവീനർ	ആർ. സുരേഷ്കുമാർ

പബ്ലിസിറ്റി കമ്മിറ്റി

ചെയർമാൻ	പ്രണവം ശ്രീകുമാർ
കൺവീനർ	ബെന്നി മാത്യൂസ്

ഫുഡ് കമ്മിറ്റി

ചെയർമാൻ	കെ.ഗോപി
കൺവീനർ	കെ. ലീല

ചെറുതന ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട് '96

ഉള്ളടക്കം

1. ആമുഖം	4
2. പഞ്ചായത്ത് പൊതുവിവരണം	6
3. ചരിത്രം	10
4. ഭൂപ്രകൃതി, ജനപ്രകൃതി	12
5. കൃഷിയും ജലസേചനവും	21
6. മൃഗസംരക്ഷണവും, മത്സ്യബന്ധനവും	29
7. വ്യവസായം	31
8. വിദ്യാഭ്യാസം	38
9. കുടിവെള്ളവും പൊതുജന ആരോഗ്യവും	45
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	62
11. പാർപ്പിടവും സാമൂഹ്യക്ഷേമവും	71
12. സംസ്കാരം, കായികരംഗം, ടൂറിസം	74
13. വനിതാക്ഷേമം	76
14. സഹകരണം	79
15. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	83
16. വിഭവസമാഹരണം	87
17. ഉപസംഹാരം	

ജനകീയ ആസൂത്രണം
ചെറുതന ഗ്രാമ പഞ്ചായത്ത്

ഡി. എൻ. രാമചന്ദ്രൻ നായർ (D. R. P.)

കെ. ശിവരാമപിള്ള (LR.P. കൺവീനർ), കെ. നന്ദകുമാർ (D.R.P.)

കെ. പ്രകാശ് (D.R.P.), പി. രാജശേഖരൻ (D.R.P.)

എൽ. അജിത്കുമാർ (D.R.P.)

ഡോ. വർഗ്ഗീസ് ഫിലിപ്പ്, (പി.എച്ച്.സി. ചെറുതന), ഡോ. ജയശ്രീ (ആയുർവ്വേദ ഹോസ്പിറ്റൽ),

ഡോ. വിനയകുമാർ (വെറ്റിനറി ഡിസ്പെൻസറി), ആർ. വിജയലക്ഷ്മി (കൃഷി ഓഫീസർ),

ലൈലാ ബീഗം (എച്ച്.എം. ഗവ. ഹൈസ്കൂൾ ആയപറമ്പ്), എ. രാഘവൻ, സിന്ധു, സുജാത (പഞ്ചായത്ത് ആഫീസ്),

ശ്രീജയ, സാവിത്രി (കൃഷി ഭവൻ), എം. ആർ. സുകുമാരപിള്ള, കെ. പൊന്നപ്പൻ,

കുട്ടാറ ഗോപാലകൃഷ്ണൻ നായർ, കേശവപിള്ള, ശാന്തകുമാർ,

ലീലാമ്മ തങ്കച്ചൻ, രവീന്ദ്രനാഥ്, എൻ.ഗോപാലൻ, ലക്ഷ്മികുട്ടിയമ്മ,

ലിലാ, മീനാക്ഷിയമ്മ, സരസ്വതി, ജയിംസ്, ഗോപാലകൃഷ്ണ പണിക്കർ, സക്കറിയ,

കെ. ഗിരിജാദേവി, വത്സലാകുമാരി, അഡ്വ. എൻ. വിജയൻ,

സി. കെ. ജയചന്ദ്രൻ, ആർ, സദാശിവൻ പിള്ള,

എസ്. അനിൽ, രഞ്ജിത്ത് രാജൻ, രാധാകൃഷ്ണൻ നായർ,

ശ്രീദേവി.റ്റി., ബിന്ദു, സി. ലളിതമ്മ, ശ്രീദേവി.ജെ., ഡി. വിജയകുമാർ,

ജോൺ മാത്യു, ഫിലിപ്പ് മാത്യു, വർഗ്ഗീസ് ചാക്കോ,

ജോൺ വർഗ്ഗീസ്, കെ. എം. ജോർജ്ജ്, പി.ഇ. രമണൻ, ശശികല, ശിവദാസൻ,

രമേശൻ, എ.പ്രസാദ്, സുജാത, സാവിത്രി, രമാദേവി,

ഗോപാലകൃഷ്ണ പണിക്കർ, കെ. ദിവാകരൻ, കൃഷ്ണൻകുട്ടി,

എ.ജി. വേണുഗോപാൽ,

സതീഷ്കുമാർ.





1 ആമുഖം

ഇന്ത്യയുടെ ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായമായി നമ്മുടെ കേരള സംസ്ഥാനത്ത് ജനകീയ ആസൂത്രണ പ്രസ്ഥാനം ജന്മം എടുത്തിരിക്കുകയാണല്ലോ. ഒമ്പതാം പദ്ധതിയെ ജനകീയ പദ്ധതിയാക്കി ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരത്തിന് രൂപം നൽകി ജനങ്ങളെ ആലോചനാശക്തിയുടെ കേന്ദ്രങ്ങളാക്കി രൂപപ്പെടുത്തുകയാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. ആസൂത്രണം മുതൽ പരിരക്ഷ വരെ ജനപങ്കാളിത്തം ഉറപ്പാക്കിയാൽ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളു.

സ്വതന്ത്ര ഇന്ത്യയിൽ 1951 ൽ ആരംഭിച്ച ആസൂത്രണ പ്രക്രിയയിലൂടെ നാം വമ്പിച്ച് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നത് നിസ്തർക്കമായ ചരിത്ര വസ്തുതയാണ്. പക്ഷെ പിന്നിട്ട എട്ട് പഞ്ചവത്സര പദ്ധതികാലയളവിലും നാം വിഭാവനം ചെയ്തിരുന്ന ലക്ഷ്യത്തിലും ബഹുദൂരം പിന്നിൽ മാത്രമാണ് നമ്മുടെ നേട്ടമെന്ന് സൂക്ഷ്ടിപരമായ വിലയിരുത്തൽ നടത്തിയാൽ ബോദ്ധ്യപ്പെടും.

കേന്ദ്രീകൃത അധികാരവും അസൂത്രണവുമാണ് നമ്മുടെ പദ്ധതികൾക്ക് സംഭവിച്ച അപചയത്തിന്റെ മുഖ്യകാരണം. ഇത് കണ്ടെത്തുന്നതിനും ജനങ്ങൾക്ക് അധികാരം നൽകുന്നതിന് അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിനും സുദീർഘമായ 48 വർഷകാലം നാം പിന്നിട്ടു വികേന്ദ്രീകരണത്തിന് വേണ്ടി 1992 ൽ നമ്മുടെ പാർലമെന്റ് 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികൾ പാസ്സാക്കുകയും സംസ്ഥാന നിയമസഭ 1994 ൽ പഞ്ചായത്തീരാജ് നഗരപാലിക ആക്ടുകൾ പാസ്സാക്കുകയും ചെയ്തു. ഇനി അമാന്തിച്ചുകൂടാ. ജനങ്ങൾ സടകുടഞ്ഞ് എഴുന്നേറ്റേ മതിയാകൂ. അധികാരത്തോടൊപ്പം ധനവും നമ്മുടെ കൈകളിൽ എത്തിച്ചേരേണ്ടതുണ്ട്.

കേരളം ഒരു ഉപഭോഗ സംസ്ഥാനമായി മാറി കഴിഞ്ഞിരിക്കുന്നു. നാട്ടിലെ വിഭവങ്ങൾ പോലും അന്യനാട്ടിൽ പോയി സംസ്കരിച്ചാണ് നമ്മുക്ക് ലഭ്യമാകുന്നത്. നമ്മുടേതുമാത്രമായ പല വസ്തുക്കളും നമുക്ക് അന്യമായി കഴിഞ്ഞു. സാമ്രാജ്യത്വത്തിന്റെയും പരാശ്രയത്തിന്റെയും നുകങ്ങൾ ഇനിയും നമ്മുടെ ചുമലിൽ തന്നെ നിലനിൽക്കുന്നു. അടിമത്വം നമ്മിൽ സന്നിവേശിപ്പിച്ചിരുന്ന അന്ധമായ അനുകരണ മനോഭാവത്തിൽ നിന്നും ഉദാത്തമായ സ്വാതന്ത്ര്യത്തിന്റെയും സ്വാശ്രയത്തിന്റെയും സുതാര്യമായ ഒരു നവലോകത്തിലേക്ക് നമുക്കു ചുവടുറപ്പിക്കാം. അങ്ങനെ ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെ സാക്ഷാത്കാരത്തിലേക്ക് മുന്നേറാം.

ആസൂത്രണ പ്രക്രിയ താഴെ തലങ്ങളിൽ നിന്നും ആരംഭിച്ചെങ്കിലേ ലക്ഷ്യസാക്ഷാത്കാരം ഉണ്ടാകൂ. പ്രാദേശിക ആസൂത്രണം ജനങ്ങൾ തൊട്ടറിഞ്ഞ് അവരുടെ ഇച്ഛയ്ക്കൊത്ത് രൂപീകരിക്കണം. ഈ സങ്കൽപ്പത്തിലാണ് രാഷ്ട്രപിതാവ് മഹാത്മജി വിഭാവന ചെയ്ത ഗ്രാമ സഭകൾക്ക് തുടക്കം കുറിച്ചത്. ഇനി നാം സ്വയം തിരിച്ചറിഞ്ഞേ മതിയാകൂ. പ്രദേശത്തിന്റെയും ഭൂപ്രകൃതിയുടെയും സാദ്ധ്യതകളറിഞ്ഞ് പദ്ധതികൾ തയ്യാറാക്കുക. വിവിധ മേഖലകളെ സംയോജിപ്പിച്ച് പരിപാടികൾ നടപ്പിലാക്കുക. ജനങ്ങളെയാകെ ഏകോപിപ്പിച്ച് പ്രാദേശിക വിഭവങ്ങൾ സംഭാവനയായും പ്രവർത്തനമായും സമാഹരിച്ച് പദ്ധതികൾ പരിപോഷിപ്പിക്കുകയും നടപ്പിലാക്കുകയും നിലനിർത്തുകയും ചെയ്യുക.

1996 ആഗസ്റ്റ് 1172 ചിങ്ങം 1-ാം തീയതി ജനകീയ ആസൂത്രണ പ്രക്രിയയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. അതിന് ശേഷം വിവിധ ദിവസങ്ങളായി സംസ്ഥാനതല പരിശീലനങ്ങളും തുടർന്ന്

ജില്ലാതല പരിശീലനങ്ങളും നടന്നു. കായംകുളം ഗവൺമെന്റ് ഹൈസ്കൂളിൽ 1996 സെപ്റ്റംബർ 8, 9, 10 തീയതികളിൽ നടന്ന് ജില്ലാതല പരിശീലനത്തിൽ പഞ്ചായത്ത് പ്രസിഡന്റിനോടൊപ്പം ആറ് അംഗങ്ങൾ പങ്കെടുത്തു തുടർന്ന് 17-09-1996 ന് ആയാപറമ്പ് ഗവ: ഹൈസ്കൂളിൽ വച്ച് നമ്മുടെ പഞ്ചായത്തുതല ഏകദിന ശിൽപശാല നടത്തി. വിവിധ വാർഡുകളിൽ നിന്നും ശില്പശാലയിൽ 94 അംഗങ്ങൽ പങ്കെടുത്തു. ജില്ലാതല പരിശീലനം ലഭിച്ച ഡി.ആർ.പി. മാർ ശില്പശാലയിൽ ക്ലാസ്സുകൾ നയിച്ചു. ശിൽപശാലയിൽ പഞ്ചായത്തിലെ ഏട്ട് വാർഡുകളിലെയും ഗ്രാമസഭ തീയതികളും സ്ഥലവും നിശ്ചയിച്ചു.

അതിനുശേഷം 23-09-1996 ൽ ആയാപറമ്പ് ആശ്വാസ കേന്ദ്രത്തിൽ വച്ച് ജനപ്രതിനിധികളുടെയും ബഹുജന സംഘടനാനേതാക്കളുടെയും മറ്റ് എല്ലാവിധ സന്നദ്ധസംഘടന പ്രവർത്തകരുടെയും യോഗം കൂടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.പ്രസാദ് ചെയർമാനായി വിപുലമായ സ്വാഗത സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് പഞ്ചായത്തിലെ ഏട്ട് വാർഡുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സ്വാഗത സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്തിലെ ഗ്രാമ സഭകൾ 28-09-1996 ൽ നാലാം വാർഡിൽ ആരംഭിച്ച് 13-10-1996 ൽ ആറാം വാർഡിൽ അവസാനിച്ചു. ഗ്രാമ സഭകളിൽ എല്ലാം പൊതുവെ ജനപങ്കാളിത്തം കൂടുതൽ ആയിരുന്നു. ജനങ്ങൾ അവേശത്തോടെ പങ്കെടുക്കുകയും സജീവമായി ചർച്ചകളിൽ പങ്കാളികളാകുകയും ചെയ്തു. സ്ത്രി പങ്കാളിത്തം വളരെയോറെ ശ്രദ്ധിക്കപ്പെട്ടു. ഏറ്റവും കൂടുതൽ ജനങ്ങളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് മൂന്നാം വാർഡായിരുന്നു.

ഭൂമിശാസ്ത്രപരമായ ഒട്ടേറെ വൈഷമ്യങ്ങൾ ഉണ്ടായിരുന്നിട്ടും 6, 7 വാർഡുകളിൽ വർദ്ധിച്ച ഗ്രാമസഭാ പങ്കാളിത്തം ഉണ്ടായി വിവിധ വാർഡുകളിലെ ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ്	ഗ്രാമസഭ നടന്ന സ്ഥലം	തീയതി	ആകെ പങ്കെടുത്തവർ	സ്ത്രീ	പു.	ഉദ്യോഗസ്ഥർ
1	സെന്റ് മേരീസ് എൽ പി.എസ്.	29-09-1996	336	140	196	5
2	എൻ.എസ്.എസ്. ആഡിറ്റോറിയം	06-10-1996	207	96	111	6
3	അംഗനവാടി നമ്പർ 12	12-10-1996	426	210	216	11
4	ഗവ. എച്ച്.എസ്. ആയാപറമ്പ്	28-09-1996	197	97	100	8
5	ഗവ. ന്യൂ യു.പി.എസ്. ആയാപറമ്പ്	02-10-1996	292	123	169	8
6	ഗവ. എൽ.പി.എസ്. പാണ്ടി	13-10-1996	351	124	227	7
7	സെന്റ് ജോൺസ് പാരിഷ് ഹാൾ ആനാരി	05-10-1996	316	147	169	10
8	ബി.ബി.എൽ.പി.എസ്. ന അനാരി	12-10-1996	276	160	116	12
	ആകെ		2401	1097	1304	

ജനകീയ ആസൂത്രണ പരിപാടിയുടെ രണ്ടാം ഘട്ട പ്രവർത്തനം 25-10-1996 ന് പഞ്ചായത്തു തല സ്വാഗത സംഘത്തിന്റെ ആഭിമുഖ്യത്തിൽ വമ്പിച്ച ഘോഷയാത്രയോടെ തുടക്കം കുറിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ അന്നേദിവസം ആയാപറമ്പ് ഹൈസ്കൂളിൽ വച്ച് ബഹു. കേരള വ്യവസായ മന്ത്രി ശ്രീമതി സുശീലാ ഗോപാലൻ ഉദ്ഘാടനം ചെയ്തു. നവംബർ 1 ന് പുനർ അർപ്പണ ദിനത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. ഹരിപ്പാട് എം.എൽ.എ. പ്രൊ. എ.വി.താമരാക്ഷൻ നിർവ്വഹിച്ചു. പുനർ അർപ്പണ ദിനത്തോട് അനുബന്ധിച്ച് വിവിധ വാർഡുകളിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടന്നു. നവംബർ 1 ന് 1,7 വാർഡുകളിലും അതിനുശേഷം 2, 4, 6 വാർഡുകളിലും പൂർണ്ണമായും സന്നദ്ധ പ്രവർത്തനത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടത്തി.

രണ്ടാം ഘട്ട ജില്ലാതല പരിശീലനം ഹരിപ്പാട് ഗവ: ഗേൾസ് ഹൈസ്കൂളിൽ വച്ച് നവംബർ 8, 9, 10 തീയതികളിൽ നടന്നു. പഞ്ചായത്തിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി ഉൾപ്പടെ 9 പേർ പങ്കെടുത്തു. പഞ്ചായത്തുതല പരിശീലനം 15-11-1996 ൽ ആയാപറമ്പ് ഗവ: ഹൈസ്കൂളിൽ വച്ച് നടന്നു. 18 വനിതകൾ ഉൾപ്പടെ 53 പേർ പരിശീലനത്തിൽ പങ്കെടുത്തു.

പഞ്ചായത്തു പൊതുവിവരണം

പമ്പയാറിന്റെയും അച്ചൻ കോവിലാറിന്റെയും തലോടലേറ്റ് പുളകച്ചാർത്ത് അണിയുന്ന നെൽപ്പാടങ്ങളാൽ സമൃദ്ധമാണ് നമ്മുടെ ചെറുതന ഗ്രാമം. നമ്മുടെ പഞ്ചായത്തിനെ മൂന്നായി വേർതിരിക്കുന്നത് പ്രകൃതി ദത്തമായ രണ്ട് ജലാശയങ്ങളും ഒരു മനുഷ്യ നിർമിത ജലാശയവുമാണ്. കാവുകളും, ക്ഷേത്രങ്ങളും, കുളങ്ങളും നിറഞ്ഞ ഗ്രാമാന്തരീക്ഷം ആദ്ധ്യാത്മിക പരിവേഷം നൽകുന്നു. വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ ആടി ഉലയുന്ന ചുണ്ടൻ വള്ളങ്ങൾ, അത് കണ്ട് ആനന്ദനൃത്തം ചവിട്ടുന്ന ഗ്രാമീണരാൽ പുളകിതമായ പുഴയോരം, ആരുടെയും മനസ്സുണർത്തുന്ന കൊയ്ത്ത്പ്പാട്ടിന്റെ ഈരടികൾ, കലപ്പയും അരിവാളും ഏന്തി തഴമ്പു മുറ്റിയ കൈകളുള്ള അദ്ധ്വാനശീലരായ ജനങ്ങൾ – ഇതത്രേ, ചെറുതന ഗ്രാമത്തിന്റെ പുറംച്ചട്ട.

1953 ആഗസ്റ്റ് മാസത്തിലാണ് ചെറുതന പഞ്ചായത്തിന്റെ രൂപീകരണം. ആഗസ്റ്റ് 28-ാം തീയതി ചെറുതന എസ്.ഡി.എൻ.എൻ. മെമ്മോറിയൽ വായനശാലയിൽ ചേർന്ന പ്രഥമയോഗം ബ്രഹ്മശ്രീ ഡി. നാരായണൻ നമ്പൂതിരിയെ പ്രസിഡന്റായും ശ്രീ. ജി. പരമേശ്വര പണിക്കരെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. ശ്രീ. എൻ. മാധവക്കുറുപ്പ്, ശ്രീ. കെ. വാസുദേവൻ നായർ, ശ്രീ. എൻ. കുട്ടപ്പൻ നായർ, ശ്രീ. എ. നാരായണൻ നായർ, ശ്രീ. കെ.തേവൻ, എന്നിവരായിരുന്നു മറ്റ് കമ്മിറ്റി അംഗങ്ങൾ. പ്രസ്തുത കമ്മിറ്റിയിലെ ശ്രീ. എൻ. കുട്ടപ്പൻ നായർ, ശ്രീ. എ നാരായണൻ നായർ, ശ്രീ. കെ. തേവൻ എന്നിവർ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു.

ആദ്യം എസ്.ഡി.എൻ.എൻ. മെമ്മോറിയൽ വായനശാലയായിരുന്നു പഞ്ചായത്തിന്റെ ആസ്ഥാനമായി പ്രവർത്തിച്ചിരുന്നത്. ആദ്യകമ്മിറ്റിയിൽ തന്നെ പഞ്ചായത്ത് ആഫീസിന് ആവശ്യമായ സ്ഥലവും കെട്ടിടവും പഞ്ചായത്ത് പ്രസിഡന്റ് വാഗ്ദാനം ചെയ്യുകയും പിന്നീട് വായനശാലയുടെ തെക്ക് വശമുള്ള പത്ത് സെന്റ് സ്ഥലവും അതിൽ നിർമ്മിച്ച കെട്ടിടവും പഞ്ചായത്ത് ആഫീസിനു ലഭ്യമാക്കുകയും ചെയ്തു. ചെറുതന പഞ്ചായത്തിന് സ്വന്തമായി ഒരു ആഫീസ് കെട്ടിടവും സ്ഥലവും വിട്ടു തന്ന പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായ ബ്രഹ്മശ്രീ. ഡി. നാരായണൻ നമ്പൂതിരിയെ നന്ദിയോടു കൂടി മാത്രമേ എന്നും നമുക്ക് ഓർമ്മിക്കാൻ കഴിയുകയുള്ളു നിർഭാഗ്യവശാൽ 1955 ൽ പ്രഥമ പ്രസിഡന്റ് അവിശ്വാസത്തിലൂടെ പുറത്തായി.

ചെറുതന പഞ്ചായത്തിന്റെ മുൻ പ്രസിഡന്റുമാർ

1953-55 ശ്രീ. ഡി. നാരായണൻ നമ്പൂതിരി

1955-62 ശ്രീ. എൻ. മാധവക്കുറുപ്പ്

1963-77 ശ്രീ. എൻ. ഗോപാലപിള്ള

1977-79 ശ്രീ. ജോൺ മാത്യു

1979-84 ശ്രീ. എം. രാമചന്ദ്രൻ പിള്ള

1988-95 ശ്രീ. വി. പത്മനാഭക്കുറുപ്പ്

ദേവലോകത്തിൽ നിന്നാരോ പൊഴിക്കുന്ന
പൂമഴയല്ല പുരോഗതി
മണ്ണും മനുഷ്യനും തമ്മിലിണങ്ങുന്ന
കണ്ണിയിൽ നിന്നേ പുരോഗതി

മുല്ലനേഴി



2 പഞ്ചായത്ത് പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	ചെറുതന
റവന്യൂ വില്ലേജ്	ചെറുതന
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	1. ചെറുതന (1, 2, 3, 4, 5 വാർഡുകൾ)
	2. വീയപുരം (6, 7, 8 വാർഡുകൾ)
ബ്ലോക്ക് പഞ്ചായത്ത്	ഹരിപ്പാട്
താലൂക്ക്	കാർത്തികപ്പള്ളി
ജില്ല	ആലപ്പുഴ
അസംബ്ലി മണ്ഡലം	ഹരിപ്പാട്
വിസ്തീർണ്ണം	14.25 ച. കി. മി.
ജനസംഖ്യ	12811 (1991)
വാർഡുകൾ	8
ജനസാന്ദ്രത	899 / ച. കി. മി.
പഞ്ചായത്തിന്റെ ഗ്രേഡ്	ഒന്നാം ഗ്രേഡ്
പഞ്ചായത്തിന്റെ അതിരുകൾ	വടക്ക് - പമ്പാനദി
	തെക്ക് - ഹരിപ്പാട് ഗ്രാമ പഞ്ചായത്ത്
	പടിഞ്ഞാറ് - കരുവാറ്റാ ഗ്രാമ പഞ്ചായത്ത്
	കിഴക്ക് - എടത്വ, വീയപുരം പഞ്ചായത്തുകൾ
സാക്ഷരത	94.58%
പ്രസിഡന്റ്	ശ്രീ. സി. പ്രസാദ്
വൈസ് പ്രസിഡന്റ്	ശ്രീ. അലക്സ് മാത്യു

ആഫീസുകൾ, സ്കൂളുകൾ

1. ചെറുതന ഗ്രാമ പഞ്ചായത്ത് ഓഫീസ്
2. ഗവ: ഹൈസ്കൂൾ, ആയാപറമ്പ്
3. ഗവ: എൽ.പി. സ്കൂൾ, പാണ്ടി
4. ഗവ: ന്യൂ. യു.പി. സ്കൂൾ, ആയാപറമ്പ്
5. പുതുശ്ശേരി എൽ.പി. സ്കൂൾ, ആനാരി
6. ബ്രഹ്മാനന്ദ വിലാസം L.P.സ്കൂൾ, ആനാരി
8. പി.എച്ച്. സെന്റർ, ചെറുതന.
9. ഗവ: ആയുർവ്വേദ ഡിസ്പെൻസറി, ആയാപറമ്പ്
10. ഗവ: വെറ്റിനറി ഡിസ്പ്ലൻസറി, ആയാപറമ്പ്
11. വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, ചെറുതന
12. വില്ലേജ് ആഫീസ്, ചെറുതന
13. കൃഷിഭവൻ, ചെറുതന

പോസ്റ്റോഫീസുകൾ

1. ചെറുതന E.D.S.P.
2. ആയാപറമ്പ് E.D.S.P.
3. പാണ്ടി E.D.S.P.

[illegible] സംഘങ്ങൾ

1. ചെറുതന [illegible] സഹകരണ സംഘം
   No. 1987.
2. ചെറുതന [illegible] സഹകരണ സംഘം
   No. A. 113 (I) APCOS



3 ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങൾ വരെ മുന്നിൽ രണ്ട്ഭാഗം കൃഷിഭൂമിയും ബാക്കി കരയുമായ ഒരു ഭൂപ്രദേശമായിരുന്നു പെരുതന. പമ്പാനദിയും അച്ചൻ കോവിൽ ആറിന്റെ കൈവഴിയും മറ്റ് ഒട്ടേറെ ഉപപുഴകളും ഈ പ്രദേശത്ത് കൂടി പടിഞ്ഞാറോട്ട് ഒഴുകുന്നത് കൊണ്ട് ഭൂമി വളരെ ഫലഭൂയിഷ്ടമായിരുന്നു. തേവേരി, തണ്ടപ്ര, പാണ്ടി, പോച്ച, മടയനാരി, കുട്ടൻകരി, കോഴിക്കുഴി, കോതേരി, പേരിയ്ക്കാട്ടേരി, തെക്കേ കണത്താരി തുടങ്ങിയ പാടശേഖരങ്ങളിൽ എക്കൽ മണ്ണ് തിങ്ങി കൂടുന്നത് നീക്കം ചെയ്ത് കൃഷിചെയ്തിരുന്ന സ്ഥിതിവരെ ഉണ്ടായിട്ടുണ്ട്. കൊച്ചു വിത്ത്, കുളപ്പാല, പെരുമലാറിയൻ, കുഞ്ഞതിക്കീര, കൊടുങ്ങല്ലൂർ, കുറുക, ചമ്പാവ്, ഞവര തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് പ്രധാനമായും കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ഏക്കറിന് 150 പറ വരെ ഉൽപ്പാദനം ലഭിച്ചിരുന്നു എന്ന് അനുഭവസ്ഥർ : ഇരുപ്പ് കൃഷി സംവിധാനമാണ് നിലനിന്നിരുന്നത്. വെള്ളപ്പൊക്ക കാലയളവിൽ പ്രധാനമായും വെള്ളത്തെ അതിജീവിക്കുന്ന കുളപ്പാലയാണ് കൃഷിചെയ്തിരുന്നത്. കൃഷി ഭൂമിയുടെ 80% പ്രദേശത്ത്ക്കാർ അല്ലാത്ത വൻകിട ഭൂ ഉടമകളുടെ കൈവശമായിരുന്നു. കൃഷി ആവശ്യങ്ങൾക്ക് വെള്ളം ചവിട്ടി കയറ്റിയിറക്കുന്നതിന് എട്ട് ഇല ചക്രം മുതൽ 24 ഇല ചക്രം വരെ ഉപയോഗിച്ചിരുന്നു. നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തോട് കൂടി കൃഷിരീതിയിൽ ചില മാറ്റങ്ങൾ ഉണ്ടായി. വെള്ളം ചവിട്ടി ഇറക്കാൻ ഉപയോഗിച്ചിരുന്ന ചക്രവും അറയും മാറി എൻജിനും പെട്ടിയും നിലവിൽ വന്നു. തന്മൂലം മനുഷ്യാധ്വാനത്തിന്റെ ആയാസത്തിന് കുറവുണ്ടായി. തുടർന്ന് വൈദ്യുതിയുടെ അവിർഭാവത്തോടെ ഏൻജിന്റെ സ്ഥാനം വൈദ്യുത മോട്ടോറുകൾ കൈയ്യടക്കി.

വികസന ബ്ലോക്കുകളുടെ ആവിർഭാവം കാർഷിക മേഖലയിൽ വൻ വിപ്ലവം സൃഷ്ടിച്ചു. അത്യുൽപ്പാദന ശേഷിയുള്ള നെല്ലിനങ്ങളും ആധുനിക കൃഷി രീതികളും കർഷകന്റെ കൈകളിൽ എത്തപ്പെട്ടു. തൽഫലമായി വിളവിന്റെ തോത് ഏക്കറിന് 450 പറ വരെ ഉയർന്നു.

മലയാള വർഷം 999 ൽ ഉണ്ടായ അതിഭായാനകമായ വെള്ളപ്പൊക്കം പെരുതന ഭൂവിഭാഗത്തെ പൂർണ്ണമായും വെള്ളത്തിൽ താഴ്ത്തി. വെള്ളം കയറാത്ത ഏക പ്രദേശം ഇന്നത്തെ ആയാപറമ്പ് ഗവ: ഹൈസ്കൂൾ മുതൽ തെക്കോട്ടുള്ള പുരയിടവും പകുതി കച്ചേരി എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ വില്ലേജ് ഓഫീസ് നിൽക്കുന്ന സ്ഥലവും മാത്രമായിരുന്നു എന്ന് മനസ്സിലാക്കാം.

സ്പിൽവേ നിർമ്മാണം കൃഷിയെ പ്രതീകൂലമായി ബാധിച്ചു. മനുഷ്യ നിർമ്മിതമായ സ്പിൽ വേകനാൽ പഞ്ചായത്തിലെ 1, 5, 6 വാർഡുകളിൽ കൂടെ കടന്ന് പോകുന്നു. ഇത് മല വെള്ളം കടലിൽ തള്ളുന്നതോടൊപ്പം പാടശേഖരങ്ങളിൽ അടിഞ്ഞ് കൊണ്ടിരുന്ന എക്കൽ മണ്ണിനെയും നഷ്ടപ്പെടുത്തുന്നു.

ഈ കാലഘട്ടത്തിലെ പ്രധാന ഗതാഗതം ജല മാർഗ്ഗമായിരുന്നു. വള്ളങ്ങളായിരുന്നു മുഖ്യമായും ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന ഡാണാപ്പടി കൊപ്പാറ തോട് തിരക്കേറിയ ഒരു ചരക്ക് ഗതാഗത പാതയായിരുന്നു. ആദ്യകാലങ്ങളിൽ കമ്പനി വള്ളങ്ങളായിരുന്നു യാത്ര ചെയ്തിരുന്നത്. പിന്നീട് 5-ാം വാർഡിലെ മാതിരംപ്പള്ളി ബോട്ട് ജെട്ടി വഴി ചെങ്ങനൂർ, ആലപ്പുഴ, എറണാകുളം എന്നീ സ്ഥലങ്ങളിലേക്കും തൈക്കൂട്ടം വഴി കൊല്ലത്തിനും ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു.

M.E. 999 ലെ വെള്ളപ്പൊക്കത്തിലൂടെ അച്ചൻ കോവിലാറിന്റെ കൈവരിതോടായിരുന്ന ഭാഗം വീതി





കൂടി മനുഷ്യാദ്ധ്വാനവും ചേർന്ന് പായിപ്പാട് ആറായി രൂപാന്തരം പ്രാപിച്ചു. വെള്ളപ്പൊക്ക കാലയളവിൽ മല വെള്ളം വേഗേന ഒഴുകി മാറുന്നതിന് പമ്പയാറിൽ നിന്ന് പടിഞ്ഞാറ് അറബിക്കടലിലേക്ക് പൂർണ്ണമായും മനുഷ്യദ്ധ്വാനത്താൽ ഒരു കനാൽ നിർമ്മിക്കുകയുണ്ടായി. ഇതിനെയാണ് സ്പിൽവേലിഡിംഗ് ചാനൽ എന്നറിയപ്പെടുന്നത്.

കായംകുളം രാജാവിന്റെ കീഴിലായിരുന്നു. ചെറുതന ഗ്രാമം. ചെമ്പകശ്ശേരി രാജാവുമായി യുദ്ധം ചെയ്ത കാലയളവിൽ കൊടിക്കുത്തിയിരുന്ന കളം പിന്നീട് കൊടുവത്തും കുളമായി. ഇത് പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു. വസ്തുക്കൾ ദേവസ്വം വകയായിരുന്ന കാലത്ത് ദേവന്റെ അധികാര ചിഹ്നമായ കുട സ്ഥാപിച്ചിരുന്ന സ്ഥലമാണിതെന്നും തിരണ്ട് കുളിക്ക് എത്തിയിരുന്ന കന്യകമാർ കൈവശം ഉപയോഗിച്ചിരുന്ന മറകുട കുത്തിയ സ്ഥലമാണിതെന്നും ഭിന്നാഭിപ്രായങ്ങൾ ഉണ്ട്.

ഹരിപ്പാട് ക്ഷേത്രത്തിലെ പുനപ്രതിഷ്ഠയ്ക്കുള്ള വിഗ്രഹം കായംകുളം കായലിൽ ഉണ്ടെന്ന തന്ത്രിമുഖ്യന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെടുത്ത വിഗ്രഹം ജലഘോഷയാത്രയോടെ അച്ചൻ കോവിലാറ്റിലൂടെ ഹരിപ്പാട്ടെത്തിച്ചതിനെ അനുസ്മരിച്ച് പ്രതിഷ്ഠാദിനത്തോട് അനുബന്ധിച്ച് ചെറുതന പായിപ്പാട് ആറ്റിൽ ഇന്നും വള്ളംകളി നടക്കുന്നു. ചെറുതന പഞ്ചായത്തിൽ നാല് ചുണ്ടൻ വള്ളങ്ങൾ നിലവിലുണ്ട്. ശ്രീ. രാജാകേശവദാസന്റെ പേരിലുള്ള വലിയ ദിവാൻജി ചുണ്ടനാണ് ഇതിൽ ഏറ്റവും പഴക്കം ചെന്നത്. ചെറുതന ചുണ്ടൻ, ആനാരി ചുണ്ടൻ, ആയാപറമ്പ് - പാണ്ടി ചുണ്ടൻ എന്നിവയാണ് പിൽക്കാലത്തുണ്ടായ മറ്റ് ചുണ്ടൻ വള്ളങ്ങൾ.

ഈ ഗ്രാമത്തിലെ പുരാതന ആരാധനാലയം കന്യാട്ടുകുളങ്ങര ക്ഷേത്രമായിരുന്നു എന്ന് കേട്ടറിവ് ചേരവംശം 32 ഇല്ലക്കാരായി മലയാളത്തിൽ ഭരിച്ചിരുന്നു. ജനകീയ ഭരണ സമ്പ്രദായം അവർ അവലംബിച്ചിരുന്നുവത്രേ. ചെറുതനയിലെ കൊട്ടാരം പെരുമാംങ്കരയിൽ ആയിരുന്നു. മാതിരംപ്പള്ളി കോട്ടയും കോട്ടയ്ക്കകവും ഈ സ്ഥലത്താണ്. അമ്പലപ്പുഴ രാജ്യത്തിന്റെ ഭീഷണി ഉണ്ടായിരുന്നതിനാൽ ചേരമ കുറുപ്പൻമാർ തണ്ടപ്രാ പ്രദേശത്ത് തമ്പടിച്ചിരുന്നു. ശക്തരായ ഇവരെ കീഴടക്കാൻ പ്രയാസം നേരിട്ട ചെമ്പകശ്ശേരി രാജവംശക്കാർ ഉപായത്തിൽ കാര്യസാദ്ധ്യത്തിന് കളമൊരുക്കി. ചേരവംശജർക്കിടയിലേക്ക് തന്ത്രശാലിയായ ഒരു യുവാവിനെ ചാരനായി നിയോഗിച്ചു. തണ്ടപ്രാ കുറുപ്പിന്റെ

മകളുമായി പ്രണയം നടിച്ച് ഇയാൾ രഹസ്യങ്ങൾ മനസ്സിലാക്കുകയും വർഷാരംഭത്തിലെ ചേരമരുടെ ആയുധ പൂജാസമയത്ത് ഇവർ ആയുധം കൈയിലെടുക്കാത്ത സമയം നോക്കി സന്നാഹവുമായെത്തി കിഴ്പ്പെടുത്തുകയും ചെയ്തുവത്രേ. യുവാവിന്റെ പ്രണയനിയെ ചെമ്പകശ്ശേരി ഭടൻമാർ ഈ അവസരത്തിൽ ചങ്ങലയ്ക്കിട്ടു. കുറ്റിയിൽ കെട്ടി. കെട്ടിയിട്ട കുറ്റിയിൽ കന്നി ആടിയപ്പോൾ രൂപപ്പെട്ട കുളമാണ് കന്യാട്ടുകുളമെന്നും സംഹാരരുദ്രയായ കന്നി പിന്നീട് തന്നെ ചതിച്ച യുവാവിനെ വധിച്ച ശേഷം കന്യാട്ടുകുളത്തിൽ മറഞ്ഞുവെന്നും അതാണ് പിൽക്കാലം ക്ഷേത്രമായി രൂപാന്തരപ്പെട്ടതെന്നും ഐതിഹ്യം.(കൊച്ചുകന്യാട്ടുകുളങ്ങര)

മഠത്തിൽ ഭഗവതി ക്ഷേത്രം വെട്ടുവേലിൽ ദേവീ ക്ഷേത്രം ആനാരി തേവരോടത്ത് ക്ഷേത്രം, പുതുക്കുളങ്ങര ക്ഷേത്രം, പുളിവേലിൽ വിഷ്ണുക്ഷേത്രം, കോവൻ കുളങ്ങര ദേവീ ക്ഷേത്രം, കൊച്ചുകൊടുന്താറ്റ് ദേവീ ക്ഷേത്രം, കാനകയിൽ ദേവീ ക്ഷേത്രം, മഠനാക്കുളങ്ങര ക്ഷേത്രം എന്നിവയാണ് മറ്റ് പ്രധാന ക്ഷേത്രങ്ങൾ.

ആനാരിയിൽ നിലനിൽക്കുന്ന മുസ്ലിം പള്ളിക്ക് ചരിത്ര പാരമ്പര്യമാണ് രേഖപ്പെടുത്താനുള്ളത്. ഈ ഗ്രാമത്തിലെ ഏക മുസ്ലിം പള്ളിയാണിത്. ഹരിപ്പാട് ക്ഷേത്രവും ഈ പള്ളിയുമായി ഒരു ബന്ധം അറിവായി ഹരിപ്പാട് ക്ഷേത്രത്തിലെ കൊടിമരത്തിന് തയ്യാറാക്കിയ തടിക്ക് ഗർഭമുണ്ടെന്നും ലക്ഷണക്കേടാണെന്നും ഭംഗ്യന്തരേണ പ്രഖ്യാപിച്ച് ബോധ്യപ്പെടുത്തിയതിന് പള്ളി മുസല്യിയാർ ആയിരുന്ന ആയാപറമ്പ് ആനസ്ഥാനത്ത് മാനാം മാപ്പിള്ള ആശാൻ കുടുംബത്തിന് പ്രതിഫലം നൽകിയതായി ഐതിഹ്യം.

ആയാപറമ്പ് മീനത്തേതിൽ പുരയിടത്തിൽ ഒരു നൂറ്റാണ്ടിനു മുമ്പ് ചർച്ച് മിഷൻ (1886) സൊസൈറ്റിയുടെ (C.M.S.) പള്ളിയും, പള്ളിക്കുടവും, ആശുപത്രിയും ചേർന്ന് സ്ഥാപനം നിലനിന്നിരുന്നു. പള്ളിയും പ്രസ്ഥാനങ്ങളും അരനൂറ്റാണ്ട് മുമ്പ് പ്രവർത്തനം നിലച്ചുവെങ്കിലും ശ്മശാനം ഇന്നും നിലനിൽക്കുന്നു. ഈ കാലഘട്ടത്തിൽ തന്നെ ആനാരി കളപ്പുരയ്ക്കൽ പുരയിടത്തിൽ ഒരു രക്ഷാസൈന്യപള്ളിയും നിലനിന്നിരുന്നു. 1916 ൽ സ്ഥാപിച്ച ആനാരി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയാണ് ഇന്നുള്ളതിൽ പഴക്കം ചെന്നത്. ചെറുതന സെന്റ് മേരീസ് കാത്തലിക്ക് ചർച്ച് മാതിരം പള്ളി സെന്റ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി, പാണ്ടി ഫാത്തിമ മാതാ പള്ളി എന്നിവയാണ് മറ്റ് ആരാധനാലയങ്ങൾ.

M.E. 1068 ൽ ഈ ഭൂപ്രദേശത്തെ ചെറുതന റവന്യൂ സെറ്റിൽമെന്റ് വില്ലേജായി രൂപീകരിച്ചു.



ചെറുതന പ്രദേശത്ത് ആദ്യത്തെ വെർണാക്കുലർ സ്കൂൾ ആയാപറമ്പ് പേടു കുളത്ത് എന്ന സ്ഥലത്ത് നാല് ക്ലാസ്സുകളോട് കൂടി ആരംഭിച്ചു. ഈ സ്കൂൾ 1948 ൽ വെർണാക്കുലർ സ്കൂൾ പദവിയിൽ നിന്ന് മാറി മിഡിൽ സ്കൂളായി രൂപാന്തരപ്പെട്ടു. പൂർണ്ണമായും ജനങ്ങളുടെ സംഭാവന കൊണ്ടും അദ്ധ്വാനം കൊണ്ടും ഇന്ന് നാം കാണുന്ന ആയാപറമ്പ് ഹൈസ്കൂളായി രൂപാന്തരപ്പെട്ടത്തത് 1966 ലാണ്. ഇതിനായി അക്ഷീണം പരിശ്രമിച്ച അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് പുന്നൂർ ശ്രീ. ഗോപാലപിള്ളയുടെ കർമ്മോത്സുകമായ പ്രവർത്തന ശൈലി സ്മരണീയമാണ്.

M.E. 1104 ൽ ചെറുതന പ്രദേശത്തെ ഒട്ടനവധി കർഷക തൊഴിലാളികൾക്ക് പാടശേഖരങ്ങളുടെ പുറംബണ്ടിൽ പട്ടയം അനുവദിച്ച് കൊടുത്തതായി മനസ്സിലാക്കുന്നു. ത്രിമുഖം കൗൺസിൽ മെമ്പറായി സേവനം അനുഷ്ഠിച്ചിരുന്ന അമ്പലപ്പാട് ശ്രീ ദാമോദരൻ ആശാന്റെ നേതൃത്വത്തിൽ മദ്യ വർജ്ജന സമിതിയുടെ ജില്ലാ സമ്മേളനം ആയാപറമ്പ് പുതുവന പുരയിടത്തിൽ സമ്മേളിച്ചിരുന്നുവത്രേ.

1920 വരെ ജന്മിമാരെ കൊള്ളയടിച്ച് വന്ന ഒരു സംഘം ചെറുതനയിലും അക്രമം നടത്തിയിരുന്നതായി പറയപ്പെടുന്നു. സംഘമായി ആയുധത്തോട് കൂടി വീടാക്രമിക്കുകയും സ്വത്തുക്കൾ കൊള്ളയടിച്ച് കൊണ്ടുപോകുകയും പതിവായിരുന്നു. ഈ സംഘത്തോട് ജനങ്ങൾക്കുണ്ടായിരുന്ന ഭീതിയെ പറപേടി എന്നു വിശേഷിപ്പിച്ചു വന്നു.

ശ്രീ. കെ.സി. കേശവപിള്ളയുടെ ഉറ്റ മിത്രമായിരുന്നു ചെറുതന തൈപറമ്പിൽ ശ്രീ. കിട്ടുപിള്ള. പോലീസ് ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം ഒരു മികച്ച നിരീക്ഷകനായിരുന്നു. പോലീസ് വകുപ്പിനെ സംബന്ധിച്ചും പഴയ നായർ തറവാടിത്തത്തെ സംബന്ധിച്ചുമുള്ള ഇദ്ദേഹത്തിന്റെ രസകരമായ അറിവുകൾ ദൗർഭാഗ്യവശാൽ രേഖകളിൽ നമുക്കിന്ന് ലഭ്യമല്ല. ഉദ്യോഗസ്ഥനായിരിക്കെ അകാരണമായി ശ്രീ. കിട്ടുപിള്ളയെ സസ്പെന്റ് ചെയ്തു എന്ന് ഓർഡർ കിട്ടിയപ്പോൾ കിട്ടുപിള്ള താഴെ വിവരിക്കുന്ന ശ്ലോകം ചൊല്ലിയെന്നും കവിഹൃദയനായിരുന്ന മേലുദ്യോഗസ്ഥൻ ഇത് കേട്ട് സസ്പെൻഷൻ പിൻവലിച്ചു എന്നും അറിയുന്നു.

വാമൊഴി

നേരിന്നാരറിയുന്നു ദൈവമൊഴികെ, പാരിങ്കൽ
വൈരം വളർന്ന് –

ഓരോദൂഷണമേഷണിക്ക് വിരുതന്മാരുണ്ടനേകം തരം

കാര്യത്തിന്റെ നിജം തിരക്കിയറിയാതിമ്മട്ടു ശിക്ഷിക്കുവാ

നാരോകാരണമായവന്റെ തലയിൽ വീഴ്ട്ടിടിത്തീജവാൽ.

1951-ൽ ആണ് ചെറുതനയിൽ പോസ്റ്റ് ഓഫീസ് ആരംഭിച്ചതെന്ന് അറിയുന്നു. അഞ്ചലോട്ടകാലത്ത് സ്ഥാപിച്ചിരുന്ന ഒരു ശംഖ്മുദ്രയോട് കൂടിയ തപാൽ പെട്ടി ഇവിടെ നിലനിൽക്കുന്നു. 1948 ൽ തിരുവിതാംകൂർ കർഷക തെഴിലാളി യൂണിയൻ കാർത്തികപ്പള്ളി താലൂക്ക് യൂണിയൻ രൂപീകരണ യോഗം കന്യാട്ട്കുളങ്ങര ക്ഷേത്ര മൈതാനിയിൽ നടന്നതായി അഭിപ്രായമുണ്ട്.

ഹരിപ്പാട് ഡിവിഷന്റെ കീഴിലുള്ള ലൈനിൽ നിന്നും 1950 ൽ ചെറുതനയിലേക്ക് ഉദ്ദേശം രണ്ട് കിലോമീറ്റർ ദൂരത്തിൽ ഇലക്ട്രിക്ക് കണക്ഷനുകൾ അനുവദിക്കപ്പെട്ടു. മങ്കുഴിയിൽ നിന്ന് ചെറുതന കടവ് വരെയായിരുന്നു ലൈൻ. പത്ത് ഭവനങ്ങൾക്ക് അക്കാലത്ത് ഇതിന്റെ പ്രയോജനമുണ്ടായി.

ബ്രിട്ടിഷ് മേൽക്കോയ്മയിൽ നിലനിന്നിരുന്ന രാജഭരണവും ദുഷ്പ്രഭുത്വവും അസ്തമിച്ച് ഇന്ത്യ സ്വതന്ത്രയായതോട് കൂടി നിലനിന്നിരുന്ന സാമൂഹ്യ പാശ്ചാത്തലത്തിന് മാറ്റം വരുകയും ജനാധിപത്യം ശക്തിപ്പെടുകയും ചെയ്തു. 1951 ൽ ചെറുതനയിലെ സാംസ്കാരിക നായകരും സ്വാതന്ത്ര്യ പ്രേമികളും ചേർന്ന് സ്ഥാപിച്ച കലാസാംസ്കാരിക കേന്ദ്രമത്രേ S.D.N.N.M. വായനശാല & ഗ്രന്ഥശാല യക്ഷികഥകളുടെ കേദാരമായിരുന്ന കുരണ്ടിക്കാടായിരുന്നു വായനശാല സ്ഥാപിക്കുന്നതിന് കണ്ടെത്തിയ സ്ഥാനം. ബ്രഹ്മശ്രീ. ഡി. നാരായണൻ നമ്പൂതിരി വായനശാലയ്ക്ക് സ്ഥലം സംഭാവന ചെയ്തു. പൊതുജനങ്ങൾക്കായി സേതു പാർവ്വതിഭായി സ്മരണയിൽ ഒരു പൊതുകിണറും നമ്പൂതിരി സംഭാവനയായി നൽകി.

1953 ആഗസ്റ്റ് 15 ന് തിരുകൊച്ചി പ്രദേശത്ത് പഞ്ചായത്തുകൾ നിലവിൽ വന്നു. ഇതോടനുബന്ധിച്ച് ചെറുതനയിൽ 1953 ആഗസ്റ്റ് 28 ന് ആദ്യത്തെ പഞ്ചായത്ത് സമിതി ചെറുതന S.D.N.N.M. വായനശാലയിൽ യോഗം ചേർന്നതായി രേഖകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി ശ്രീ. ഡി. നാരായണൻ നമ്പൂതിരിയെ തെരഞ്ഞെടുത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജി. പരമേശ്വര പണിക്കർ പ്രസ്തുത പഞ്ചായത്തിൽ ആറ് വാർഡുകളിൽ നിന്നായി ഏഴ് അംഗങ്ങൾ ഉണ്ടായിരുന്നു. SC/ST വിഭാഗത്തെ പ്രതിനിധീകരിച്ച് 5-ാം വാർഡിൽ നിന്നും (ദ്വയാംഗമണ്ഡലം) ശ്രീ. കെ. തേവൻ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. എൻ. മാധവ



ക്കുറുപ്പ്, ശ്രീ. കെ. വാസുദേവൻ നായർ, ശ്രീ. എ. നാരായണൻ നായർ, ശ്രീ. എൻ. കുട്ടപ്പൻ നായർ എന്നിവരായിരുന്നു മറ്റ് സമിതി അംഗങ്ങൾ.

പഞ്ചായത്തിന് ആസ്ഥാനം ഉണ്ടാക്കുന്നതിന് ശ്രീ. ഡി. നാരായണൻ നമ്പൂതിരി പത്ത് സെന്റ് സ്ഥലവും കെട്ടിടവും വാഗ്ദാനം ചെയ്തു. 1957-ൽ കെട്ടിടം നിർമ്മിച്ചു. പഞ്ചായത്ത് പ്രവർത്തനം നടക്കുന്നത് പ്രസ്തുത കെട്ടിടത്തിലാണ്.

1954-62 - ൽ നടന്ന ഗോവാ വിമോചന സമരത്തിൽ ചെറുതനയിൽ നിന്നും വെളിയം ശ്രീ. നാരായണപിള്ള കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിനിധിയായി പങ്കെടുത്തതായി മനസ്സിലാകുന്നു.

പഞ്ചായത്തിൽ ആദ്യമായി ഒരു റോഡ് ഗ്രാവൽ ചെയ്യുന്നത് 1957 ലാണ്. ചെറുതന കടവ് മുതൽ ഗണപതിയാകുളം വരെ പിന്നീട് ആയപറമ്പ് റോഡ് ഗ്രാവൽ ചെയ്യപ്പെട്ടു. ചെറുതനയെ കരുവാറ്റയുമായി ബന്ധപ്പെടുത്തുന്ന മങ്കുഴി റോഡ് ജനങ്ങളുടെ നിസ്വാർത്ഥ കഠിനാദ്ധ്വാനത്തിനാൽ രൂപപ്പെട്ടതാണ്. ഇവിടെ നിലനിന്നിരുന്ന തടി കോവേണിപാലം നീക്കി ഗതാഗതയോഗ്യമായ പാലം തീർത്തത് 1970 ലത്രേ.

നമ്മുടെ ഗ്രാമത്തിലേക്കുള്ള ആദ്യത്തെ മോട്ടോർ വാഹന സർവ്വീസ് 1961 ൽ കായംകുളത്ത് നിന്ന് ചെറുതനയിലേക്ക് ജയശങ്കർ ബസ്സിന്റെ അഗമനത്തോടെ ആരംഭിച്ചു. തുടർന്ന് ഇന്ദിരാ മോട്ടേഴ്സ് സർവ്വീസ് തുടങ്ങി.

ആയാപറമ്പിലാരംഭിച്ച A.N.M. സെന്ററാണ് ആദ്യത്തെ സർക്കാർ പൊതുജനാരോഗ്യകേന്ദ്രം. തുടർന്ന് ജനങ്ങൾ സ്ഥലവും സമ്പത്തും അദ്ധ്വാനവും സംഭാവന ചെയ്തതിന്റെ ഫലമായി ചെറുതനയിൽ പഞ്ചായത്ത് ഡിസ്പൻസറിയും പിന്നീട് 1980-ൽ പി.എച്ച്. സെന്ററുമായി വികസിച്ചു. പഞ്ചായത്തിന്റെ അവിർഭാവകാലത്ത് യാതൊരുവിധ സൗകര്യങ്ങളും ഇല്ലാത്ത ഒരു പ്രദേശമായിരുന്നു. ഈ അവസ്ഥയ്ക്ക് ഇന്ന് മാറ്റം വന്ന് തുടങ്ങിയിട്ടുണ്ട് ഭൂമിശാസ്ത്രപരമായി 6, 7 വാർഡുകൾ ഇന്നും വേർപ്പെട്ട് നിൽക്കുന്ന ഒരു അവസ്ഥയാണുള്ളത്.

വികസനത്തിന്റെ രംഗത്ത് ഒട്ടേറെ ഇനിയും നമ്മുടെ ഗ്രാമം മുന്നേറേണ്ടതായിട്ടുണ്ട്. സമ്പത്തും അദ്ധ്വാനവും കൂടി യോജിപ്പിച്ച് കൊണ്ട് ഒരു ജനകീയ ഇച്ഛാശക്തിക്ക് മാത്രമേ ഇക്കാര്യത്തിൽ ആത്മാർത്ഥമായ സംഭാവന ചെയ്യാൻ സാധിക്കുകയുള്ള എന്ന് പിന്നിട്ട നമ്മുടെ ചരിത്ര പാഠം ഓർമ്മിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ വൈരങ്ങളും വിഭാഗിയ ചിന്താഗതികളും മറന്ന് വികസന രാഷ്ട്രീയത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും ഉദാത്തമായ ചിന്തകളുമായി ശാസ്ത്രത്തിന്റെ നൂതന ശ്രേണികളെ സാമൂഹ്യ പരിഷ്കരണത്തിന് ഉതകുന്ന രീതിയിൽ പാകപ്പെടുത്തി പരിവർത്തനങ്ങളുടെതായ ഒരു നവ ലോകത്തിലേക്ക് നമുക്ക് ചുവടുറപ്പിക്കാം.



4 ഭൂപ്രകൃതി ജനപ്രകൃതി

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിന്റെ വടക്കേയറ്റത്തും അപ്പർകുട്ടനാടിന്റെ വടക്കേയറ്റത്തുമായി കിടക്കുന്ന ഒരു അവികസിത പഞ്ചായത്താണ് ചെറുതന. തെക്കേ അറ്റമായ ആലിൻ ചുവടുമുതൽ വടക്കേ അറ്റമായ ചെറുത്തുരുത്ത് വരെ ഏകദേശം 6 കി. മി. ഓളവും പടിഞ്ഞാറ് അച്ചൻകോവിൽ ആറ് മുതൽ കിഴക്ക് പുത്തൻ തുരുത്ത് വരെ ഏകദേശം 5 കി. മി. ഓളവും ആറുകളെയും തോടുകളെയും കൊണ്ട് വിഭജിച്ച് കിടക്കുന്ന തീരസമതലങ്ങളാണ് ഈ പഞ്ചായത്ത്. ഇതു വഴി ഒഴുകുന്ന പമ്പയാറ്റിലും സ്പിൽവേ ലീഡിംഗ് ചാനലിലും മറ്റും എപ്പോഴും വൻ മരങ്ങളുടെ അവിശിഷ്ടങ്ങൾ കാണാം. ഈ പഞ്ചായത്തിനെ രണ്ട് മേഖലകളായി തിരിക്കാം; അച്ചൻകോവിൽ ആറിന്റെ തെക്കും വടക്കും ഭാഗങ്ങളായി, തെക്കേക്കരയിൽ ചെളികലർന്ന മണൽതരികളുള്ള പൂരയിടങ്ങളായും, വിരിപ്പുകളായും – വടക്കേകരയിൽ എക്കലും ചെളിയുമുള്ള ഫലപുഷ്ടിയുള്ള പ്രദേശവുമായാണ് ഇതിന്റെ കിടപ്പ്. വെള്ളപ്പൊക്കകാലത്ത് ചെറുതന വടക്ക്, ആയാപറമ്പ് വടക്ക്, ആനാരി, പാണ്ടി, പോച്ച, വെങ്കിടച്ചിറ, പെരുമാങ്കര പ്രദേശങ്ങളിൽ 70% വെള്ളം കയറുന്നതാണ്. വടക്കൻ മേഖലകളിൽ കൃഷിക്ക് ധാരാളമായി ജലം ലഭിക്കും; പക്ഷെ കൂടി വെള്ളത്തിന് ഓര് കലർന്ന പുളിരസമാണ് മിക്ക കിണറ്റിലും.

ധാരാളം നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി എന്നിവ ഇവിടെ കൃഷി ചെയ്യുന്നു. എന്നാൽ തെക്കൻ മേഖലകളിൽ കൃഷിക്ക് വെള്ളം കുറച്ചേ ലഭിക്കാറുള്ളൂ പക്ഷെ കൂടിവെള്ളത്തിന് ഒരുവിധം നല്ല തെളിഞ്ഞ വെള്ളം കിണറുകളിൽ നിന്ന് ലഭിക്കാറുണ്ട്. പഞ്ചായത്തിലെ 70% ജനങ്ങളും ഈ കൃഷികൾ കൊണ്ട് മാത്രം ജീവിക്കുന്നു. 5, 6, 7 വാർഡുകളിൽ പാണ്ടി, പടിഞ്ഞാറെ പോച്ച, കാഞ്ഞിരംതുരുത്ത്, സ്വാമിപോച്ച, ചങ്ങാരപ്പള്ളിച്ചിറ, വെങ്കിടച്ചിറ, പെരുമാങ്കര, മുടിയിൽകുഴി, എൺപതിൽച്ചിറ തുടങ്ങിയ സ്ഥലങ്ങൾ തുരുത്തുകളായി കിടക്കുന്നതിനാൽ യാത്രാ സൗകര്യം നന്നേപ്രയാസമാണ്.

സാധാരണയായി ഈ പഞ്ചായത്തിൽ ഇടവപ്പാതി മേയ് അവസാന ആഴ്ചകളിൽ തുടങ്ങി സെപ്റ്റംബർ ആദ്യ ആഴ്ചകളിൽ അവസാനിക്കും. ഇടവിട്ടുള്ള വെയിലിനു ശേഷം ഒക്ടോബർ പകുതി മുതൽ ഇടിയോടു കൂടിയുള്ള തുലാവർഷം നവംബർ മാസം പകുതിവരെയും നീണ്ടുനിൽക്കും. പിന്നീട് തണുപ്പുകാലമാണ്. ഇത് ജനുവരിവരെയും തുടർന്ന് വേനൽക്കാലം മെയ് മാസം വരെയും നീണ്ട് നിൽക്കും. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടമഴ ലഭിക്കാറുണ്ട്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 12811 ആണ്. 6200 പുരുഷന്മാരും 6611 സ്ത്രീകളും 1000 പുരുഷന്മാർക്ക് 1066 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിന്റെത്. സ്ത്രീ പുരുഷ അനുപാതം സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. ജനസാന്ദ്രത ചതുരശ്ര കിലോമിറ്ററിന് 899 ആണ്. അതും സംസ്ഥാന ശരാശരിയായ 749 നെക്കാൾ കൂടുതലാണ്. ജനസംഖ്യയിൽ 2153 പേർ പട്ടിക ജാതിയിൽ പെട്ടവരാണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ട പത്ത് പേർ മാത്രമാണുള്ളത്. 1991 ലെ കനേഷുമാരി പ്രകാരം 94.58% പേർ സാക്ഷരരാണ്. അതായത് 5251 പുരുഷന്മാരും 5491 സ്ത്രീകളും. പുരുഷന്മാരുടെ സാക്ഷരത 96.77% വും സ്ത്രീകളുടേത് 92.56% വുമാണ്. സാക്ഷരതയുടെ സംസ്ഥാന ശരാശരി 89.81% ആണ്. സ്ത്രീ സാക്ഷരത 86.17% വും പുരുഷസാക്ഷരത 93.62% വുമാണ്. നമ്മൾ സംസ്ഥാന ശരാശരിയെക്കാൾ മുന്നിലാണ്.

1991 സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള ജനസംഖ്യ

വാർഡ്	ആൺ	പെൺ	ആകെ	പട്ടികജാതി		പട്ടികവർഗ്ഗം		സാക്ഷരത	
				ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	713	743	1456	172	167	ഇല്ല	ഇല്ല	612	601
2	769	703	1472	39	36	7	3	657	586
3	734	922	1656	26	32	ഇല്ല	ഇല്ല	605	747
4	776	846	1622	90	91	ഇല്ല	ഇല്ല	652	709
5	648	692	1340	134	129	ഇല്ല	ഇല്ല	532	570
6	1006	1005	2011	306	288	ഇല്ല	ഇല്ല	855	864
7	828	891	1719	317	311	ഇല്ല	ഇല്ല	723	732
8	726	809	1535	33	32	ഇല്ല	ഇല്ല	615	682
ആകെ	6200	6611	12811	1117	1036	7	3	5251	5491

നമ്മളീ മണ്ണിന്റെയുപ്പറിഞ്ഞോർ
നമ്മളീ നാടിൻ തുടിപ്പറിഞ്ഞോർ
നാളെ നാമെത്തേണ്ട ലക്ഷ്യവും പാതയും
ഇന്നു നാമൊന്നായ് തിരഞ്ഞെടുക്കും.

എം.എം. സചീന്ദ്രൻ

5 കൃഷിയും ജലസേചനവും

ചെറുതന ഗ്രാമം : വിശ്വസംസ്കാരം നദീതടങ്ങളുടെ സംഭാവനയാണ്. അതുപോലെ ചെറുതന പുണ്യനദിയായ പമ്പയുടെയും, അച്ചൻകോവിൽ ആറിന്റെയും (പായിപ്പാട്) തീരഭൂമിയാണ്. ധാരാളം പുഞ്ച പാടങ്ങളും, വിരിപ്പ് നിലങ്ങളും അവയോട് ചേർന്ന് പുരയിടങ്ങളും, നദീതീരങ്ങളിൽ സമൃദ്ധമായി തെങ്ങ് കൃഷിചെയ്യുന്ന ചിറകളും ചെറുതനയുടെ കാർഷിക പ്രാധാന്യം വിളിച്ചറിയിക്കുന്നു. പ്രധാന കൃഷി നെല്ലും, തെങ്ങുമാണ്. ഭൂരിപക്ഷം ജനങ്ങളുടെയും ജീവനോപാധി കൃഷിയാണ്. സമുദ്ര തീരത്ത് നിന്നും നാല് മീറ്റർ ഉയരമുള്ള സമതല പ്രദേശമാണ്. നദികളുടെ അടിസ്ഥാനത്തിൽ മൂന്ന് ഭാഗങ്ങളായി തരംതിരിക്കാം. അച്ചൻ കോവിൽ ആറിന്റെ തെക്കുവശം 6 ചെറിയ പുഞ്ചനിലങ്ങളും വിരിപ്പ് നിലങ്ങളും തുടർന്ന് കരപ്രദേശങ്ങളുമാണ്. പുഞ്ചനിലങ്ങളിൽ ഒരിപ്പു കൃഷിയും വിരിപ്പ് നിലങ്ങളിൽ ഇരിപ്പു കൃഷിയും, കരപ്രദേശത്ത് വാഴ, തെങ്ങ്, കിഴങ്ങവർഗ്ഗങ്ങൾ, പച്ചക്കറികൾ മുതലായവ കൃഷിചെയ്തുവരുന്നു.

അച്ചൻകോവിൽ ആറിന് വടക്കുവശം പമ്പയാറിനും സ്പിൽവേ കനാലിനും തെക്ക് വശമുള്ള മദ്ധ്യപ്രദേശത്ത് പന്ത്രണ്ട് പുഞ്ചപാടങ്ങളും കുറച്ച് വിരിപ്പ്നിലങ്ങളും കരപ്രദേശങ്ങളും. നെല്ലും തെങ്ങുമാണ് പ്രധാനകൃഷി. പച്ചക്കറി വാഴ തുടങ്ങിയ കൃഷികളുമുണ്ട്. മറ്റ് കിഴങ്ങ് വർഗ്ഗവിളകൾക്കും, കരകൃഷികൾക്കും വെള്ളപ്പൊക്കം നാശംവരുത്തുന്നതിനാൽ നടത്തുവാൻ ബുദ്ധിമുട്ടാണ്. പമ്പയാറിനും ലീഡിംഗ് ചാനലിനു വടക്കുവശവും, തണ്ടപ്രയാറിനും ചെക്കിടിക്കാടിനും എടത്വായ്ക്കും തെക്ക് വശവുമുള്ള പ്രദേശത്തെ ഏതാണ്ട് മുഴുവൻ ഭാഗങ്ങളും പുഞ്ചനിലങ്ങളും അതിനോട് ചേർന്നുള്ള ചിറകളും പുരയിടങ്ങളുമാണ്. ഈ ഭാഗത്ത് പന്ത്രണ്ട് പുഞ്ച നിലങ്ങൾ ഉണ്ട്. മുഴുവനായും ജലസമൃദ്ധിയുള്ള സ്ഥലമാണെങ്കിലും ഈ ജലം കൃഷിക്ക് ഭീക്ഷണിയായി നിൽക്കുന്നു.

ഈ പഞ്ചായത്തിലെ ഭൂമിയുടെ കണക്ക് ചുവടെചേർക്കുന്നു.

ആകെ വിസ്തീർണം	1534.6 Ht.
കൃഷിചെയ്യുന്ന സ്ഥലം	1425.5 Ht.
നിലം	740 Ht.
പുരയിടം	540 Ht.
തരിശ്	60 Ht.
പുറംപോക്ക്	194.6 Ht.

ആദ്യകാലങ്ങളിൽ നെൽകൃഷിക്കായിരുന്നു പ്രാധാന്യം കൊടുത്തിരുന്നത്. ഇപ്പോഴത്തെ വലിയ പുഞ്ചപാടങ്ങൾ വളരെ കുറച്ച് ജന്മിമാരുടെ കൈയിലായിരുന്നു. ഇത് കാരണം ചെറിയ കണ്ടങ്ങളായി ഭാഗിച്ച് വൃശ്ചികം ധനു മാസങ്ങളിൽ ചക്രം വച്ച് ചവിട്ടി വെള്ളം വറ്റിച്ച് ചാണകം, എക്കൽ തുടങ്ങിയ ജൈവവളങ്ങൾ ഉപയോഗിച്ച് കൊച്ച് വിത്ത്, മൈല, കുളപ്പാല, കൊടുങ്ങല്ലൂർ കുറുവ, ചെമ്പാവ് തുടങ്ങിയ വിത്തിനങ്ങൾ കൃഷിചെയ്തിരുന്നു. ഇത് കൂടാതെ പുഞ്ചകൃഷിക്ക് ശേഷം കന്നികുളപ്പാല, കൃഷിചെയ്തിരുന്നു. കീട നിയന്ത്രണം, പുഴക്കൊട്ടയ്ക്കടിച്ചും വെള്ളം മുക്കി ചൂല്കൊണ്ടും നായ്കുണഇലകൊണ്ടും അടിച്ച് നടത്തിയിരുന്നു. വിരിപ്പ് നിലങ്ങളിൽ മീനത്തിൽ വിത്തിട്ട് കർക്കിടകം ചിങ്ങ മാസങ്ങളിൽ കൊയ്യുന്ന വിരിപ്പ് കൃഷി ചിങ്ങത്തിൽ കൃഷിയിറക്കി മകരത്തിൽ കൊയ്യുന്ന മുണ്ടകനും, മറ്റ് വിരിപ്പ് കൃഷികളും. പിന്നീട് എള്ളു കൃഷി സാർവ്വർത്രികമായിരുന്നു കരപ്രദേശങ്ങളിൽ തെങ്ങ് കൂടാതെ കവുങ്ങ്, വാഴ, ചേമ്പ് കാച്ചിൽ, ചേന മരച്ചിനി, തുടങ്ങിയ കൃഷികളും വീടുകളിൽ ഇല വർഗ്ഗങ്ങൾക്ക് പ്രാധാന്യ കൊടുത്തു



കൊണ്ടുള്ള പച്ചക്കറി കൃഷികളും നടത്തിയിരുന്നു. 1970 കളിൽ ഹരിത വിപ്ലവത്തിന്റെ ഭാഗമായി പുതിയ തരം വിത്തിനങ്ങൾ കൃഷിയിറക്കി. ഉയർന്ന മൺ ബണ്ടുകൾ, വൈദ്യുത മോട്ടോറുകൾ, രാസവള കീട നാശിനികൾ എന്നിവയുടെ സഹായത്തോടെ ഉൽപ്പാ ദന പ്രക്രിയ പരമാവധി ആക്കി. സർക്കാരിന്റെ ഭാഗത്ത് നിന്നുമുള്ള അതീവ ശ്രദ്ധാ സമീപനം കൃഷിയെ ഉത്സാഹജനകമായ സംരംഭം ആക്കി തീർത്തു. പാട ശേഖരങ്ങൾക്ക് കൽ ബണ്ടുകൾ മുതലായവ രണ്ടാം കൃഷിയിറക്കുന്നതിന് പ്രോത്സാഹനം നൽകി എന്നാൽ കാലപഴക്കവും നിർമ്മാണ വൈകൃതവും ദുർബ്ബലമാ ക്കിയ ബണ്ടുകൾ വമ്പിച്ച നാശത്തിന് വഴിയൊരുക്കി. നദികളിൽ വർഷകാലത്തുണ്ടാകുന്ന ശക്തമായ ഒഴുക്കും, വെള്ളപ്പൊക്കവും, വെള്ളംകെട്ടിനിൽകുന്ന അവസ്ഥയും വമ്പിച്ച് കൃഷിനാശങ്ങൾക്ക് കാരണ മായി.

വൻകിട കർഷകരിൽ നിന്ന ചെറുകിട കർഷ കരിലേക്കുള്ള ഭൂമിയുടെ മാറ്റം പ്രോത്സാഹജനകമാ യിരുന്നു. ഇടക്കാലത്ത് വളരെ കൂടിപോയ ഉൽപ്പാദന ചിലവിനേക്കാൾ കുറഞ്ഞ ഉൽപ്പന വില കൃഷിയുടെ വികസനത്തിന് തടസ്സമായി. കാർഷിക രംഗത്തെ കുറഞ്ഞ കൂലിയും തൊഴിൽ ദിനങ്ങളുടെ കുറവും തൊഴിലാളികളുടെ ലഭ്യത കുറച്ചു. അവർ സാമ്പത്തിക ലാഭമുള്ള മെച്ചപ്പെട്ട തൊഴിലുകൾ തേടാൻ നിർബന്ധി തരായി.

കാർഷിക ബന്ധങ്ങൾ : ജന്മി-അടിയാൻ-കൂടി യാൻ ബന്ധത്തിന്റെ തകർച്ചയോട് കൂടി സ്വയം പണി യെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കൂടി കൊണ്ടിരി ക്കുന്നു. തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് കൊണ്ടി രിക്കുന്നു.

കൂലി :

ആണുങ്ങൾ	-	70 രൂപ ജോലി സമയം 6 മണിക്കൂർ
സ്ത്രീകൾ	-	44 രൂപ
കൈത്തു കൂലി	-	ഏഴിനൊന്ന് പതം, പതത്തിന്റെ നാലിൽ ഒന്ന് തീർപ്പ് (പുഞ്ച)
കീടനാശിനി തളിയ്ക്കൽ	-	ഒരു കൂറ്റി വെള്ളം തളിക്കുന്നതിന് ആറു രൂപ
തെങ്ങ് കയറ്റകൂലി	-	ഒരു തെങ്ങിന് രണ്ട് രൂപ വരെ

രാസവളത്തിന്റെ ഉപയോഗം :

രാസവളം	350 ടൺ
കീടനാശിനിദ്രവം	1500 ലി.
കീടനാശിനിഖരം	2030 കി. ഗ്രാം
ജൈവവളം	വളരെക്കുറവ്

പൊതുവായ പ്രശ്നങ്ങൾ

1. ബണ്ടുകൾ ഇല്ലാത്തത്.
2. ക്രമം തെറ്റി പ്രവർത്തിക്കുന്ന വൈദ്യുത ലൈനു കൾ
3. മണ്ണിന്റെ ജൈവ സമ്പത്ത് ഇല്ലാത്ത അവസ്ഥ.
4. അമ്ലത്തിന്റെ ആധിക്യം
5. കീടബാധയും പുതിയ രോഗങ്ങളും
6. മറ്റ് വിളകൾക്ക് ഉപയോഗിക്കുന്ന കീടനാശിനി കളുടെ ഉപയോഗം
7. രൂക്ഷമായ മണ്ണൊലിപ്പ്.
8. പാടം നികത്തുക.
9. തരിശ് ഇടീൽ
10. തൊഴിലാളികളുടെ കുറവ്
11. ശാസ്ത്രീയമായി ഉദ്പ്പാദിപ്പിച്ച വിത്ത് ഇനങ്ങ ളുടെ കുറവ്
12. ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാനില്ല.
13. വൃയ്പാ സൗകര്യം ഇല്ലായ്മ.
14. ഉൽപ്പന സംഭരണ വിപണന സൗകര്യകുറവ്.
15. ഉപ്പ് വെള്ള ഭീക്ഷണി.

പരിഹാര മാർഗ്ഗങ്ങൾ

1. ഭൂരിഭാഗം വരുന്ന പുഞ്ചപാടങ്ങൾക്ക് റോഡോട് കൂടിയ ബണ്ടാണ് അഭികാമ്യം. കാരണം റോഡ് സംരക്ഷണ പ്രവണത പൊതുജനങ്ങളിൽ കുടു തലായുണ്ട്. ഇതിനോടൊപ്പം പ്രകൃതി ജൈവ സമ്പത്ത്. (എക്കൽ വെള്ളം പോലുള്ളത്) പാടശേ ഖരത്തിൽ മുഴുവൻ വ്യാപിക്കാൻ തക്ക വിധ ത്തിൽ ഒഴുക്കിന്റെ ഗതി അനുസരിച്ച് ശാസ്ത്രീ യമായ രീതിയിൽ രൂപകൽപ്പന ചെയ്ത കലുങ്കു



കൾ ജല സേചന സൗകര്യത്തിനുതകുന്ന ചാലുകൾ മുതലായവ. ജനകീയ പങ്കാളിത്തത്തോടുകൂടി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഉദാഹരണത്തിന് വിശാലമായ വേര് പടലങ്ങളോട് കൂടിയ മരങ്ങൾ ശാസ്ത്രീയമായി വച്ച് പിടിപ്പിക്കലും പരിപാലനവും അത് പോലെ തന്നെ സമൃദ്ധമായ വേര് പടലങ്ങളോട് കൂടിയ പുല്ല് വർഗ്ഗങ്ങൾ ഔഷധ ചെടികൾ എന്നിവ വച്ച് പിടിപ്പിക്കുക.

2 ഈ പഞ്ചായത്തിലെ വൈദ്യുത ലൈനുകൾ 5 സെക്ഷനുകളിലായി പ്രവർത്തിക്കുന്നു. കരുവാറ്റാ, തകഴി, എടത്വ, കടപ്ര, ഹരിപ്പാട് ഇത് കാരണം, വൈദ്യുത ലൈനുകളുടെ പരിപാലനം ശരിക്കു നടക്കുന്നില്ല. തന്മൂലം പലപ്പോഴും കൃഷി നാശം സംഭവിക്കുന്ന അതിനാൽ ചെറുതന കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിച്ച് പഞ്ചായത്തിലെ വൈദ്യുത ലൈനുകളെല്ലാം ആ സെക്ഷന്റെ കീഴിലാക്കുക.

3. പരമ്പരാഗത രീതിയിൽ ജൈവവള സമ്പത്ത് വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്രീയ രീതി ആവിഷ്കരിക്കുക.

4. പുഞ്ചപാട ശേഖരങ്ങളുടെ പമ്പിംഗ് ലേലം കൃഷി ഭവൻ മുഖേന നടപ്പാക്കേണ്ടതാണ്.

5 പുഞ്ചപാടങ്ങളിൽ അമിതമായ അമ്ല സാന്ദ്രത നിയന്ത്രക്കുന്നതിന് സർക്കാർ സഹായത്തോടെ അമ്ല നിയന്ത്രണ പ്രക്രിയ നടപ്പിലാക്കുക (കുമ്മായം മുതലായവ). പുഞ്ചപാടങ്ങളിൽ ശാസ്ത്രീയമായ അമ്ല നിയന്ത്രണത്തിന് ഉതകുന്ന വിധത്തിലുള്ള കൈച്ചാലുകൾ സ്ഥാപിക്കുക.

6. അമിതമായ കീടനാശിനികളുടെ ഉപയോഗം കുറച്ച്, ശാസ്ത്രീയമായ ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

7. മറ്റ് വിളകൾക്ക് ഉപയോഗിക്കുന്ന കീടനാശിനികൾ നെല്ലിന് ഉപയോഗിക്കാതിരിക്കാൻ കൃഷി വകുപ്പ് ശക്തമായ നടപടികൾ നടപ്പിലാക്കുക.

8. മണ്ണൊലിപ്പ് തടയുന്നതിന് ശാസ്ത്രീയമായ രീതി സ്വീകരിക്കുക

9. പാടങ്ങൾ. കൃത്രിനികത്തി പാർപ്പിടങ്ങൾ വയ്ക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക. ഇതിനായി സർക്കാർ നേരിട്ട് ഗ്രൂപ്പ് ഹൗസിങ്ങ് പദ്ധതികൾ നടപ്പിലാക്കുക.

10. തരിശിടുന്നതിന് കാരണമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന വിധത്തിലുള്ള നിയമ നടപടികളും പരിഹാര മാർഗ്ഗങ്ങളും നടപ്പിലാക്കുക.

11. കാർഷിക മേഖലയോട് അനുബന്ധിച്ച് ആകർഷണീയമായ മറ്റ് കൈതൊഴിലുകൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ അവിഷ്കരിക്കുക.

12. കൃഷി വകുപ്പ് മുഖേന ശാസ്ത്രീയമായി തയ്യാറാക്കിയ വിത്തിനങ്ങൾ വിതരണം ചെയ്യുക. (സഹകരണ മേഖലയിലും ചെയ്യാം)

13. ഉഴവ് ഉപകരണങ്ങൾ, കൊയ്ത്ത് ഉപകരണങ്ങൾ, മെതിയന്ത്രങ്ങൾ എന്നിവ ലഭ്യമാക്കുക.

14. ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ഉദാരമായ വായ്പാ സൗകര്യങ്ങൾ നടപ്പിലാക്കുക.

15. സഹകരണ മേഖലയിൽ ഉൽപ്പന്ന സംഭരണ വിപണനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

16. കായംകുളം കായലിൽ നിന്ന് ഓരുവെള്ളം കയറാതിരിക്കുന്നതിന് വേണ്ടി തൃക്കുന്നപ്പുഴ, തോട്ടപ്പള്ളി എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ഷട്ടറുകൾ, വെസ്റ്റ് കോസ്റ്റ് കനാൽ (ദേശീയ പശ്ചിമ തീര കനാൽ) പ്രഖ്യാപനത്തെ തുടർന്ന് എണ്ണ ബാർജ്ജുകൾ കൊണ്ട് പോകാനുള്ള സൗകര്യത്തിനായി നീക്കം ചെയ്തതിനെ തുടർന്ന് ഉപ്പ് വെള്ളം കയറി നശിച്ചു കൊണ്ടിരിക്കുന്നു. ഇതിനു പരിഹാരമായി ബദൽ മാർഗ്ഗമായി തൃക്കുന്നപ്പുഴയിലും തോട്ടപ്പള്ളിയിലും വിപുലീകരിച്ച് ഷട്ടറുകൾ സ്ഥാപിക്കുക. അല്ലെങ്കിൽ കൊടുവെള്ളം കുളത്ത് ഇളക്കി മാറ്റാവുന്ന തരത്തിലുള്ള ഇരുമ്പ് കൊണ്ടുള്ള പാളങ്ങളിൽ ഷട്ടറുകൾ പിടിപ്പിക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുക.

കാലാകാലങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിതമായ രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവിൽ രാസവളങ്ങളുടെയും കിടനാശിനികളുടെയും പ്രതിരോധത്തെ തകർക്കുന്ന പുതിയ രോഗങ്ങളുടെയും കീടങ്ങളുടെയും രംഗ പ്രവേശനം മൂലം ഉണ്ടാകുന്ന വമ്പിച്ച നഷ്ടം കാർഷിക രംഗത്തെ തളർത്തി.

ജനസംഖ്യാ വർദ്ധനവ് മൂലം ഉണ്ടായ പാർപ്പിട പ്രശ്നം വിരിപ്പു കൃഷി നാമാവശേഷമാക്കി. വിരിപ്പു നിലങ്ങൾ കുഴിച്ച് നികത്തി വീടുകൾ വച്ചത് മൂലം ഭൂരിഭാഗം നിലങ്ങളും കുഴിയായി അവശേഷിച്ചു നീർവാഴ്ചയ്ക്കുള്ള സൗകര്യം ഇല്ലാതായി. പരമ്പരാഗത ജല സ്രോതസ്സുകളും ജലസേചന മാർഗ്ഗങ്ങളും അടച്ചു.



പുഞ്ചപാടങ്ങളെ സംബന്ധിച്ച് തീരദേശ റെയിൽവേ പുതിയ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വെള്ളപ്പൊക്കകാലത്ത് വെള്ളം ഒഴിഞ്ഞു പോകുന്നതിനുള്ള വഴി റെയിൽവേ റോഡ് അടച്ചു.

ഇത് കാരണം കൂടുതൽ നാൾ വെള്ളം കെട്ടി നിൽക്കുകയും വെള്ളപ്പൊക്ക തോത് ഉയർത്തുകയും ചെയ്തു. തന്മൂലം ബണ്ടുകൾ എല്ലാം നശിച്ചു. ചിറകൾ തെങ്ങുകളോട് കൂടി ഇടിഞ്ഞ് വീണു. ധനുമാസത്തിൽ പോലും കൃഷിയിറക്കാൻ പാകത്തിൽ അവശേഷിച്ചിട്ടുള്ള ബണ്ടുകൾ വളരെ കുറവാണ്. കൂടാതെ കാർത്തികപ്പള്ളിതോട് കരിപ്പുഴ തോട് എന്നിവിടങ്ങളിൽ ബണ്ടിട്ട് ഉപ്പ് വെള്ളം തടയേണ്ടതാണ്.

പഞ്ചായത്തിലെ മുഖ്യവിളകൾ

നെല്ല്	740 ഹെക്ടർ
തെങ്ങ്	540 ഹെക്ടർ
വാഴ	38.2 ഹെക്ടർ
എള്ള്	10 ഹെക്ടർ
പച്ചക്കറി	34 ഹെക്ടർ
മരച്ചീനി	48 ഹെക്ടർ

ഉൽപ്പാദന ക്ഷമത

നെല്ല് (പുഞ്ച)	2500 - 3000 Kg. (ഹെക്ടറിൽ)
നെല്ല്(വിരിപ്പ്)	1200 - 1500 Kg. (ഹെക്ടറിൽ)
തെങ്ങ്	17 മുതൽ 20 വരെ എണ്ണം
വാഴ	6 Kg.
മരച്ചീനി	3 Kg.
പച്ചക്കറി	10 Kg. (1 ആർ)

ജലസേചന സൗകര്യങ്ങൾ

പുഞ്ചനിലങ്ങൾ	ആറുകളും തോടുകളും
വിരിപ്പുനിലങ്ങൾ	മഴ, പരമ്പരാഗത ജലസ്രോതസ്
മറ്റുകൃഷികൾ	കുളങ്ങൾ, കിണറുകൾ

പ്രകൃതിയുടെ ജലസമ്പത്ത് ആവശ്യത്തിലധികം ഉണ്ട്. പക്ഷേ അശാസ്ത്രീയസംവിധാനങ്ങൾവരുത്തിവെയ്ക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ ബുദ്ധിമുട്ടുണ്ടാക്കുന്നു. നാരായണൻച്ചിറ, മുറിയോടി പള്ളിവാതുക്കൽ - ഇലവന്താനം തുടങ്ങിയ പാടശേഖരങ്ങൾ തോടുകൾ മുട്ടിട്ട് കൃഷിനടത്തുന്നതിനാൽ നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

മുറിയോടിതോട്, പള്ളിവാതുക്കൽതോട് എന്നിവകൾ ഹരിപ്പാട്ടുനിന്ന് ആരംഭിക്കുന്ന തോടുകളാണ്. ഈ തോടുകളിൽ കൂടി ഒരുകാലത്ത് ഹരിപ്പാടുവരെ ജലഗതാഗതം വരെ നടത്താമായിരുന്നു.

ഇപ്പോൾ ഈ തോടുകൾ കടന്നുവരുന്ന ഭാഗങ്ങളിലുള്ള വിരിപ്പുനിലങ്ങൾ നികത്തിയും മറ്റും ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു. പുഞ്ചഭാഗത്ത് വെള്ളം വറ്റിക്കുന്ന വാച്ചാൽ തോടുകളായി ഉപയോഗിക്കുന്നു. തോടുകളിലെ വെള്ളം വറ്റിക്കുന്നതുമൂലം പരിസരപ്രദേശങ്ങളിലെ ജലതുലനത (Water Balance) ഇല്ലാതാകുന്നു.

തന്മൂലം കരഭാഗത്തുള്ള കൃഷിക്കാർക്ക് വരൾച്ച അനുഭവപ്പെടുന്നു. കിണറുകളിൽപോലും വെള്ളമുണ്ടാകാത്ത അവസ്ഥയുണ്ടാകുന്നു. വിരിപ്പുഭാഗങ്ങളിലെ ജലസേചന മാർഗ്ഗങ്ങൾ അടഞ്ഞു. കരഭാഗങ്ങളിൽ മറ്റ് പ്രകൃതിദത്തജലസ്രോതസ്സുകളില്ല. ആയതിനാൽ താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കിയാൽ കൃഷിക്കും, ജലസന്തുലനത നേരേയാക്കുന്നതിനുകഴിയും.

പള്ളിപ്പാടുപഞ്ചായത്തിൽ നിന്ന് ആരംഭിച്ച് ഹരിപ്പാട്, കാർത്തികപ്പള്ളി പഞ്ചായത്തിന്റെ അതിർത്തികളിൽ കൂടി ഒഴുകി കാർത്തികപ്പള്ളി തോട്ടിൽ പതിക്കുന്ന പിള്ള തോട് ആഴത്തിലും വീതിയിലും വെട്ടി ആവശ്യമായ സംരക്ഷണ വേലകൾ ചെയ്ത് പതനസ്ഥലത്ത് സ്ലൂയിസ് കൾവർട്ട് നിർമ്മിക്കുക. ഈ തോട്ടിൽ നിന്ന് വടക്കോട്ടുള്ള ജലസേചന തോടുകൾ ആഴത്തിലും വീതിയിലും വെട്ടി ജലം ഒഴുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

നാരായണൻചിറ, മുറിയോടി, പള്ളിവാതുക്കൽ, പാടശേഖരങ്ങൾക്ക് ആവശ്യമായ മറ്റ് വാച്ചാലുകൾ നിർമ്മിച്ച് പമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയതിനു ശേഷം നിലവിലുള്ള തോടുകൾ പ്രകൃതിദത്ത ജലവിതാനത്തിന് അനുസരിച്ച് ഉപയുക്തമാക്കുക. ഇങ്ങനെ ചെയ്താൽ ജല സംതുലനത സംരക്ഷിക്കുന്നതിന് സാധിക്കും. മറ്റ് തോടുകൾ അനധികൃത കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് ആഴത്തിലും വീതിയിലും വെട്ടി കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കുക. നെടിയാറത്തോട്ടിലെ നിലവിലുള്ള മുട്ട് പൊളിച്ച് മാറ്റി തോടിന്റെ വലിപ്പത്തിനനുസരിച്ച് ജലഗതാഗതം തടസ്സപ്പെടാത്ത രീതിയിൽ പാലം നിർമ്മിച്ച്, തോടിന്റെ ഇരുകരകളിലും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക. വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഏറ്റവും



എളുപ്പമുള്ള ജലഗതാഗതത്തിനും ഇത് സഹായക മാകും.

ആറുകളിലും തോടുകളിലും മത്സ്യബന്ധന ത്തിന് വേണ്ടി തോട്ടയിടുക വിഷം കലക്കുക തുട ങ്ങിയ പ്രവർത്തികളെ നിയമ നടപടികൾ മൂലം നിയ ന്ത്രിക്കുക.

കരപ്രദേശങ്ങളിലെ കൃഷികൾക്ക് ഡ്രിപ്പ് ഇറി ഗേഷൻ രീതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുക.

കൃഷിഭവൻ

ഈ പഞ്ചായത്തിൽ ഇരുപത്തിയേഴ് പുഞ്ചപ്പാ ടങ്ങൾ ഉണ്ട്. കൃഷിഭവന്റെ കീഴിൽ 23 രജിസ്റ്റർ ചെയ്ത പുഞ്ചപ്പാട നെല്ലുൽപ്പാദക സമിതികളുണ്ട്. സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന എല്ലാ കൃഷിവികസന നടപടികളും ഈ ആഫീസ് മുഖേന നടപ്പാക്കുന്നു. കാർഷിക വികസന സമിതി, നെല്ലുൽപ്പാ ദക സമിതി, സെക്രട്ടറിമാരും, പ്രസിഡന്റുമാരും അട ങ്ങുന്ന നെൽകൃഷി വികസന സമിതി, കേരകർഷക സമിതി എന്നിവ ഇതിന്റെ കീഴിൽ പ്രവർത്തിക്കു ന്നുണ്ട്. കാർഷിക സെമിനാറുകൾ, രാസവളം കീടനി യന്ത്രണം, ബോധവൽക്കരണം എന്നിവ കൃഷിഭവ നിൽ നടത്താറുണ്ട് നെൽവിത്ത് വിതരണം, നല്ലയിനം തെങ്ങിൻതൈ വിതരണം, ഫലവൃക്ഷതൈകൾ, പഴ ഉൽപ്പാദന സസ്യതൈകൾ (Fruits Plants) എന്നിവ വിത രണം ചെയ്യാറുണ്ട്.

കൂടാതെ കേരകർഷകർക്കുള്ള വളവിതരണം കൃഷിഭവനിലൂടെ നടത്താറുണ്ട്. ഗവൺമെന്റിന്റെ വകു പ്പായത് കൊണ്ടുള്ള ബുദ്ധിമുട്ടൊഴിച്ചാൽ മറ്റെല്ലാ കാര്യ ങ്ങളും കൃത്യമായി നടക്കുന്നു.

വിപുലികരിക്കേണ്ട പ്രവർത്തനങ്ങൾ

ഉല്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തിൽ നാം എത്തേണ്ടതുണ്ടെങ്കിൽ താഴെ പറയുന്ന കാര്യ ങ്ങൾ സത്വരമായി നടപ്പാക്കേണ്ടതാണ്.

1. പ്രാദേശിക സ്ഥിതി ഗതികൾ സമഗ്രമായി വില യിരുത്തി കൊണ്ട് അടിയന്തിര പ്രവർത്തന ങ്ങൾ നടത്തുന്നതിനാവശ്യമായ സ്വാതന്ത്ര്യം.
2. പരമ്പരാഗത രീതികളും ശാസ്ത്രീയ രീതികളും സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം.
3. ശാസ്ത്ര, ഗവേഷണ പഠന വിവരങ്ങൾ പ്രച രിപ്പിക്കുന്നതിനുള്ള സൗകര്യം.
4. വിപണന സാദ്ധ്യതയാണ് ഉൽപ്പാദനത്തിന്റെ അടിസ്ഥാന പ്രമാണം. വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്ന തിനുമുള്ള മാർഗ്ഗങ്ങൾ.
5. കുടുംബം യൂണിറ്റാക്കി കൊണ്ടുള്ള കൃഷി സമ്പ്രദായം (ഉദാഹരണത്തിന്, ഒരു വീട്ടിൽ ചീരകൃഷി ചെയ്താൽ അടുത്ത വീട്ടിൽ പാവൽ കൃഷി എന്ന രീതിയിൽ.)
6. പാടശേഖരങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസൃ തമായി ഉണ്ടാകുന്ന കീടനിയന്ത്രണത്തിന് കീട നാശിനികളെക്കാൾ അഭികാമ്യമായ കീടനിയ ന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.
7. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി, സർവ്വസുഗന്ധി തുടങ്ങിയ സുഗന്ധ വിളക ളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗ ങ്ങൾ നടപ്പിലാക്കുക.
8. ഔഷധ കൃഷി വിപണി കൂടി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
9. തരിശ്ഭൂമിയിൽ കൃഷിയിറക്കുക.
10. മാറ്റകൃഷികൾ പ്രോത്സാഹിപ്പിക്കുക.
11. കൃഷി വകുപ്പിലെ പരിശോധനാ സൗകര്യങ്ങൾ എല്ലാ കൃഷിക്കും ലഭ്യമാക്കുക.
12. പ്രകൃതിക്കനുസൃതമായി കൃഷികൾ സംവി ധാനം ചെയ്യുക.

പുഞ്ചപ്പാട ശേഖര സംരക്ഷണം

ബണ്ടുപണി നടന്നുകൊണ്ടിരിക്കുന്ന പാടശേ ഖരങ്ങൾ

1. മടയനാരി
2. കോഴിക്കുഴി

ഭാഗികമായ പണിനടത്തേണ്ട പാട ശേഖരങ്ങൾ (അറ്റ കുറ്റ പണിക്കൾ)

1. തേവേരി – തണ്ടപ്രാ
2. വലിയവള്ളം
3. പാലേലിൽ കഴിക്കുവശം
4. നാരായണൻചിറ
5. കണ്ണഞ്ചേരി വല്യപറമ്പിൽ കിഴക്കുവശം
6. പോത്തനോടി, തൂലാച്ചൻകേറി
7. നന്ദ്യാട്ട് പടിഞ്ഞാറുവശം

ഇതുവരെ യാതൊരു വിധ ബണ്ടുസംരക്ഷണ പണികളും നടക്കാത്തതും അടിയന്തിരമായി നടത്തേ ണ്ടതുമായ പാടശേഖരങ്ങൾ

1. കോതേരി – പേരിക്കാട്ടേരി



2. മുറിയോടി
3. കല്ലുങ്കൽ
4. നടുവിലേ പോച്ച വടക്ക്, കാഞ്ഞിരം തുരുത്ത്
5. ചെറുതുരുത്ത്
6. നടവിലേ പോച്ച തെക്ക്
7. വേളൂർ പടിഞ്ഞാറ് വശം
8. ഒറ്റവേലി
9. പാലത്തിങ്കൽ കിഴക്കുവശം
10. പാണ്ടിപോച്ച
11. മങ്കൊമ്പിൽ പോച്ച - ആമ്പക്കാട്ട് പോച്ച
12. നാനൂറ്
13. നൂറ്റിഅറുപത്
14. പാണ്ടിവടക്കു വശം
15. ഇരേൽപുഞ്ച
16. പന്തപ്ലാവിൽ പടിഞ്ഞാറ് വശം
17. പടിപ്പുരയ്ക്കൽ പടിഞ്ഞാറുവശം
18. ചെമ്പകത്ത് പടിഞ്ഞാറ് വശം

1. പമ്പയാറ്റിലെ വെള്ളപ്പൊക്ക കാലത്തെ ശക്തമായ ഒഴുക്കും, ബോട്ട് സർവ്വീസിന്റെ ഓളവും, കോഴിക്കുഴി പാടശേഖരത്തിന്റെ കരിങ്കൽ ബണ്ടിൽ നിന്നുള്ള ഒഴുക്ക് തള്ളൽ കാരണം കോതേരി - പോരിയ്ക്കാട്ടേരി പാടശേഖരത്തിന്റെ വടക്ക് ഭാഗത്ത് ഉദ്ദേശം 10 ഏക്കറോളം ആറുകയറി നഷ്ടമായിട്ടുണ്ട്. തന്മൂലം ഈ ഭാഗത്ത് അടിയന്തിരമായി നഷ്ടപ്പെട്ട പുലിമുട്ടുകൾ പുനസ്ഥാപിക്കേണ്ടതും, കരിങ്കൽ ഭിത്തികെട്ടി ബണ്ട് നിർമ്മാണം നടത്തേണ്ടതും ശാസ്ത്രീയമായ മണ്ണ് സംരക്ഷണ രീതികൾ നടപ്പാക്കേണ്ടതുമാണ്.

2. തേവേരി തണ്ടപ്രാ പാടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള തോട്ടിൽ കൂടി എണ്ണ ബാർജ് സർവ്വീസ് നടത്തുന്നത് കൊണ്ട് ടി പാടത്തിന്റെ ബണ്ടിന് ഭീക്ഷണിയാണ്. തന്മൂലം മടവിഴ്ച വരെ ഉണ്ടായി. ആയതിനാൽ ടി ബാർജ്ജ് സർവ്വീസ് വേറെ വഴി തിരിച്ച് വിടാനുള്ള മാർഗ്ഗം സ്വീകരിക്കണം.

3. ബോട്ട് സർവ്വീസ് മൂലം ബണ്ട് നശിക്കുന്ന നടുവിലേപോച്ച, തെക്കും വടക്കും, പടിഞ്ഞാറെ പോച്ച എന്നീ ഭാഗങ്ങളിൽ അടിയന്തിരമായി കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

4. മോശപ്പെട്ടു കിടക്കുന്ന എല്ലാ ബണ്ഡുകളും ഉടൻതന്നെ അറ്റകുറ്റ പണികൾ ചെയ്ത് തീർക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

5. ഓജവ ഘടന നിലനിർത്തുന്നതിന് ശാസ്ത്രീയമായി സംവിധാനം ചെയ്ത കലുങ്കുകൾ.

6 (1) മുണ്ടാർ ആനാരി റോഡിൽ ഈരേൽ പുഞ്ചയിലേക്ക് വള്ളം കടന്ന് പോകത്തക്ക രീതിയിൽ കലുങ്ക് നിർമ്മിക്കുക.

2. ആനാരി കടവിൽ നിന്നുള്ള റോഡ് വന്ന് ചേരുന്ന ഭാഗത്ത് വള്ളം കയറത്തക്ക രീതിയിൽ കലുങ്ക് നിർമ്മിക്കുക.

3. നെടിയാറ കിഴക്കു വശത്തെ വെള്ളം വറ്റിക്കുന്നതിനും വള്ളം കയറ്റുന്നതിനുമുള്ള പാകത്തിൽ ഗുരുമന്ദിരത്തിന്റെ പടിഞ്ഞാറുവശം കലുങ്ക് നിർമ്മിക്കുക.

4. മീനത്തേരിൽ കടവ് മണലേൽ കടവ് റോഡിൽ വിരിയന പടിഞ്ഞാറു വശം കലുങ്ക് നിർമ്മിക്കുക.

5. കോതേരി പാടത്തിന്റെ മോട്ടോർതറ കരിങ്കൽ കെട്ടി വള്ളം കയറത്തക്ക വിധത്തിൽ മുകളിൽ റോഡിനു അനുയോജ്യമായ രീതിയിൽ കലുങ്ക് നിർമ്മിക്കുക.

6. പള്ളിവാതുക്കൽ ഇലവന്താനം പാടശേഖരത്തിന്റെ തകർന്നു പോയ സ്ലൂയിസ് കൾവർട് പുന:നിർമ്മാണം നടത്തുക.

7. ചെറിയ പുഞ്ച നിലങ്ങൾ കൂട്ടിയോജിപ്പിച്ച് ഒറ്റ പാടമാക്കി രജിസ്റ്റർ ചെയ്യുക. ബണ്ടിന്റെ വശങ്ങളിൽ നാലഞ്ച് മീറ്റർ അകലത്തിൽ തെങ്ങും ഫലവൃക്ഷങ്ങളും വച്ചു പിടിപ്പിക്കുക.

8. രണ്ടാം കൃഷിചെയ്യാൻ കഴിയുന്ന പാടങ്ങളിൽ അടുത്ത പുഞ്ചകൃഷിയുടെ വിത്തിന് വേണ്ടി രണ്ടാം കൃഷി ചെയ്യുക.

പാടശേഖരങ്ങളിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ പോജക്ടിന്റെ കരട് രൂപംതാഴെ ചേർക്കുന്നു.

1. കല്ലുങ്കൽ പാടശേഖര നെല്ലുൽപ്പാദക സമിതി

a. ഏകദേശം 800 മീറ്റർ വരുന്ന പുറം ബണ്ട് കരിങ്കൽകെട്ടി വീതിയും ഉയരവും കൂട്ടണം.

b. കരിങ്കലുകെട്ടിയ ഒരു സ്ഥിരം മോട്ടോർതറയും 20 HP ന്റെ ഒരു മോട്ടോറും പാടശേ



ഖരത്തിന് സ്വന്തമായി ഉണ്ടാകണം.

c. വാച്ചാൽ തോട് പുറംപോക്ക് തിട്ടപ്പെടുത്തി വീതിയും ആഴവും കൂട്ടണം.

2. നടുവിലേപൊച്ച വടക്ക്, കാഞ്ഞിരംതുരുത്ത് പോച്ച-നാനൂറ്, ആമ്പക്കാട്ട് പോച്ച പാടശേഖരം നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ പുറംബണ്ടുകൾ ഉദ്ദേശം 1500 മീറ്റർ സ്ഥലം കല്ലുകെട്ടിയും ബാക്കി സ്ഥലം 2 മീറ്റർ മുകൾ വീതിയിലും ജലനിരപ്പിൽ നിന്നും മൂന്ന് മീറ്റർ പൊക്കത്തിലും കട്ടയിറക്കി ബണ്ട് നിർമ്മിക്കുക.

b. പാടശേഖരത്തിന്റെ മൂന്ന് മോട്ടോർതറയും കല്ലുകെട്ടി ബലപ്പെടുത്തി മോട്ടോർ തറയുടെ പുറക് വശംമുതൽ 300 മീറ്റർ നീളം വരെ രണ്ടുവശം കല്ലുകെട്ടിയും ബാക്കി 4500 മീറ്റർ വാച്ചാലുകൾ ആവശ്യമായ വീതിയിലും താഴ്ചയിലും കുഴിച്ച് ബലപ്പെടുത്തുകയും വേണം.

c. വെള്ളം വറ്റിക്കുന്നതിന് 30, 15, 10 HP യുള്ള മോട്ടോർ കെട്ടിയും സൗജന്യമായി നൽകുക.

3. ചെരുതുരുത്ത് പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന് ചുറ്റും കരിങ്കൽ ബണ്ട് കെട്ടി ആറടി ഉയരവും അത്രതന്നെ വീതിയുമുള്ള ബണ്ട് നിർമ്മിക്കുക

b. പാടശേഖരത്തിന്റെ മോട്ടോർതറ പെട്ടിമട പറക്കുഴി അതിന്റെ രണ്ട് ഭാഗത്തേക്കുമുള്ള മെയിൻ ചാലുകൾ കരിങ്കൽ കെട്ടി ബലപ്പെടുത്തുക.

c. പാടശേഖരത്തിന് ആവശ്യമായ നാല് കലുങ്കുകൾ നിർമ്മിക്കുക.

d. സർക്കാരിൽ നിന്ന് പാടശേഖരത്തിന് നൽകിയിട്ടുള്ള 25 HP യുടെ മോട്ടോർ ഉപയോഗ ശൂന്യമായതിനാൽ ആയത് നീക്കം ചെയ്ത് പകരം മോട്ടോർ അനുവദിക്കുക.

4. മുറിയോടി പുഞ്ചപാട ശേഖര നെല്ലുൽപ്പാദക സമിതി

a. 525 മീറ്റർ നീളമുള്ള വടക്കേ ആറ്റ്പുറം വെലിയിൽ പിച്ചിംഗ് കെട്ടി ബലപ്പെടുത്തിയ ശേഷം രണ്ട് മീറ്റർ വീതിയിൽ ഒരു മീറ്റർ ഉയരത്തിൽ ബെൽറ്റ് ബണ്ട് നിർമ്മിക്കണം.

b. പാടശേഖരത്തിന്റെ നടുവിലൂടുള്ള മുറിയോടി തോടിന്റെ ഇരുവശവും (450 x 2 = 900 മീറ്റർ) പിച്ചിംഗ് കെട്ടി ബലപ്പെടുത്തി തോടിന്റെ ആഴം കൂട്ടണം.

c. ഈ തോട് ആറുമായി ചേരുന്ന ഭാഗത്ത് ഷട്ടറോടു കൂടിയ ഒരു സ്ലൂയിസ് കൾവർട് നിർമ്മിക്കണം. അതിനോട് ചേർന്ന് സ്ഥിരമായി മോട്ടോർതറ നിർമ്മിക്കണം.

d. 10 HP യുടെ ഒരു മോട്ടോർ സൗജന്യമായി നൽകണം.

5. പാലേലിൽ കിഴക്ക് വശം പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ പുറംബണ്ട് തെക്ക് വശവും കിഴക്ക് വശവും കരിങ്കൽ കെട്ടിയിട്ടുള്ളതും വടക്ക് വശം 250 മീറ്റർ നീളത്തിലും പടിഞ്ഞാറ് വശം 200 മീറ്റർ നീളത്തിലും കരിങ്കൽകെട്ടിയും കിഴക്ക് വശവും തെക്ക് വശവും കൽകെട്ടിന്റെ മുകളിൽ ഇപ്പോഴുള്ള ഉയരത്തിൽ നിന്നും ഒരു മീറ്റർ ഉയരത്തിൽ എർത്ത് വർക്ക് ചെയ്തും കൽകെട്ടിന്റെ ചില ഭാഗങ്ങൾ മെയിന്റനൻസും, മോട്ടോർ തറയുടെ മെയിന്റനൻസും ചെയ്ത് പുറംബണ്ട് ബലപ്പെടുത്തുക.

6. നടുവിലേപൊച്ച തെക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി

a. ഈ പാടശേഖരത്തിന്റെ 4 ഭാഗം കല്ലുകെട്ടുകയും അതിന്റെ മുകളിൽ മണ്ണിന്റെ പണി മൂന്ന് മീറ്റർ ചെയ്യുകയും 4 ഭാഗങ്ങളിൽ 4 കലുങ്കും വാച്ചാലുകൾക്ക് വീതികൂട്ടി മെയിൻചാലിന്റെ നടുഭാഗത്തായി ഒരു ഷട്ടറും ആത്യാവശ്യമാണ്.

b. മോട്ടോർതറപാടത്തിന്റെ വടക്ക് ഭാഗത്തേക്ക് ഏകദേശം 25 മീറ്റർ മാറ്റി കല്ലുകെട്ടി സ്ഥാപിക്കുക.

c. ഒരു മോട്ടോർ പാടശേഖരത്തിനായി അനുവദിക്കുക.

7. നാരായണൻചിറ പാടശേഖരം നെല്ലുൽപ്പാദക സമിതി

a. ഈ പാടശേഖരത്തിന്റെ പുറംബണ്ട് 231 മീറ്റർ നീളത്തിലും ഒരു മീറ്റർ ഉയരത്തിലും

നാലുമീറ്റർ വീതിയിലും പുതുക്കി പണിയുക.

b. മോട്ടോർ തറയുടെ കൽകെട്ട് 17.5 മീറ്റർ നീളവും 4 മീറ്റർ പൊക്കവുമുള്ള സ്ഥലം ഇടിഞ്ഞ് പോയത് പുതുക്കി പണിയുക.

c. മോട്ടോറിന്റെ പെട്ടി ഉറപ്പിക്കുന്നതിന് വേണ്ടി പണി ചെയ്തിട്ടുള്ള നാലുമീറ്റർ നീളം ഒരു മീറ്റർ വീതി 3 മീറ്റർ പൊക്കവുമുള്ള് കരിങ്കൽ ഭിത്തി പുതുക്കി പണിത് ബലപ്പെടുത്തുക.

d. 1 കി. മി. നീളമുള്ള മെയിൻ വാച്ചാൽ ഒരു മീറ്റർ ആഴംകൂട്ടി പണിയുക.

e. ഇപ്പോഴുള്ള 10 ന്റെ മോട്ടോർ മാറ്റി 15 ന്റെ മോട്ടോർ സ്ഥാപിച്ചു കിട്ടുക.

8. വേളൂർ പടിഞ്ഞാറുവശം പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ ചുറ്റു ബണ്ടുകൾ കരിങ്കൽകെട്ടി ബലപ്പെടുത്തുക.

b. പാടശേഖരത്തിലുള്ള താൽക്കാലിക മോട്ടോർതറ, പെട്ടിമട, മേൽപ്പുര എന്നിവ സ്ഥിരമായി ഉണ്ടാക്കി കിട്ടുക.

c. വെള്ളപ്പൊക്ക കാലത്ത് പാടത്ത് നിറയുന്ന വെള്ളം ഒഴുകി പോകുന്നതിന് മോട്ടോർ തറയുടെ തെക്ക് ഭാഗത്തെ ചിറയിൽ ഒരു ചീപ്പോട് കൂടിയ കലുങ്ക് തീർത്ത് കിട്ടുക.

9. ഒറുവേലി പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തുക

b. പാടശേഖരത്തിന്റെ സ്ഥിരമായ മോട്ടോർ തറ ഉണ്ടാക്കുക. മോട്ടോർ തറയും, പെട്ടിമടയും കരിങ്കലുകെട്ടി ബലപ്പെടുത്തുക.

c. പാടത്തിന്റെ തെക്കേ ബണ്ടിലും, വടക്കേബണ്ടിലും ഓരോ കലുങ്ക് സ്ഥാപിക്കുക.

d. വെള്ളം കയറ്റി ഇറക്കുന്നതിന് തെക്കേ ബണ്ടിലും വടക്കേ ബണ്ടിലും രണ്ട് കലങ്കുകൾ പണിയുക.

10. കണ്ണഞ്ചേരി – വലിയപറമ്പിൽ കിഴക്ക് നെല്ലുൽപ്പാദക സമിതി

a. പുറം ബണ്ഡിൽ ഉദ്ദേശം 1 കി. മി. കരിങ്കൽ കെട്ടുവാനുള്ള ഭാഗം കരിങ്കൽ കെട്ടി ബലപ്പെടുത്തുക.

b. കരിങ്കൽകെട്ടിയ ഭാഗത്ത് ചെളിബണ്ട് നിർമ്മിക്കുക

c. വാച്ചാലുകൾ നിലവിലുള്ള വീതിയിൽ നിന്നും 1 മീറ്റർ ആഴത്തിലും രണ്ട് മീറ്റർ വീതിയിലും വെട്ടി കല്ലു കെട്ടുക.

d. പായിപ്പാട് കണ്ണഞ്ചേരി റോഡിന്റെ തെക്ക് ഭാഗത്തെ കൃഷിക്കാർക്ക് ഉപയോഗപ്രദമായി കലുങ്ക് നിർമ്മിക്കുക.

e. സ്ഥിരം മോട്ടോർ തറയും പുരയും നിർമ്മിക്കുക.

11. പാലത്തിങ്കൽ കിഴക്കുവശം നെല്ലുൽപ്പാദക സമിതി.

a. 1500 മീറ്റർ പുറംബണ്ട് കരിങ്കൽ കെട്ടി ബലപ്പെടുത്തുക.

b. വാച്ചാൽ വീതി കൂട്ടുക

c. സ്ഥിരമായി മോട്ടോർ അനുവദിക്കുകയോ പാലേലിൽ കിഴക്കുവശം പാടശേഖരവുമായി ബന്ധിപ്പിക്കുകയോ ചെയ്യുക.

12. വലിയവള്ളം പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ വടക്കുവശമുള്ള ബണ്ട് ഉയരംകൂട്ടി ഗ്രാവൽ നിരത്തുക.

b. കിഴക്ക് വശത്തുള്ള ബണ്ടിന്റെ നെടിയാറമുട്ട് വരെയുള്ള ഭാഗം കൽഭിത്തി കെട്ടി സംരക്ഷിക്കുക.

c. പാടശേഖരത്ത് കൃഷി കഴിഞ്ഞുള്ള സമയം മത്സ്യകൃഷി ചെയ്യുന്നതിനുള്ള സജ്ജീകരണം ചെയ്യുക.

13. കോഴിക്കുഴി നെല്ലുൽപ്പാദക സമിതി

a. പാടശേഖരത്തിന്റെ വടക്ക് വശത്തുള്ള ബണ്ട് ഉയരവും വീതിയും കൂട്ടി ഗ്രാവൽ നിരത്തുക.

b. മോട്ടോർ തറയ്ക്ക് സ്ഥിരംകെട്ടിടം പണിയുക.

c. മോട്ടോർ തറയിലേക്കുള്ള വാച്ചാൽ ആഴം കൂട്ടി ഇരുവശവും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

d. തെക്ക് വശത്തും കിഴക്കുവശത്തുമുള്ള



ബണ്ടിന്റെ കൽക്കെട്ടില്ലാത്ത ഭാഗങ്ങൾ പൂർണ്ണമായും കരിങ്കൽഭിത്തി കെട്ടുക.

14. കോക്കേരി – പെരിക്കോട്ടേരി പാടശേഖര നെല്ലുൽപ്പാദക സമിതി

a. പാടത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് നശിച്ചു പോയ രണ്ട് പുലിമുട്ടുകൾ പുന:സ്ഥാപിക്കുക.

b. പാടത്തിന് ചുറ്റും കരിങ്കൽ ഭിത്തിയോട് കൂടിയ ട്രാക്ടർ ബണ്ട് നിർമ്മിക്കുക.

c. മോട്ടോർ തറ കരിങ്കൽ കെട്ടിബലപ്പെടുത്തുകയും മൂന്ന് മീറ്റർ നിളത്തിൽ സ്ലൂയിസ് കൾവർട് നിർമ്മിക്കുകയും ചെയ്യുക

d. വെള്ളം കയറ്റി ഇറക്കുന്നതിന് 2.5 മീറ്റർ നീളത്തിൽ 3 കലുങ്കുകൾ നിർമ്മിക്കുക.

e. മെയിൻ വാച്ചാൽ കരിങ്കൽ ഭിത്തികെട്ടുക. വാച്ചാൽ ഭാഗങ്ങളിൽ ബോക്സ് കൾവർട്ട് നിർമ്മിക്കുക. വെള്ളം കയറ്റുന്നതിന് കോൺക്രീറ്റുതൂമ്പുകൾ 10 എണ്ണം നിർമ്മിക്കുക. ആനാരി കടവിൽ 2.5 മീറ്റർ നീളത്തിലുള്ള സ്ലൂയിസ് കൾവർട് നിർമ്മിക്കുക.

15. തേവേരി തണ്ടപ്ര പാടശേഖര നെല്ലുല്പാദകസമതി.

a. ഒരു പൂവ് മത്സ്യകൃഷി കൂടി നടത്തുന്നതിന് സൗകര്യപ്പെടുത്താൻ പാടശേഖരത്തിന്റെ പടിഞ്ഞാറുവശത്തേയും വടക്കുവശത്തേയും കരിങ്കൽ ബണ്ട് പൊളിച്ച്ബലപ്പെടുത്തുക.

b. കലുങ്ക് മടകൾ 4 എണ്ണം ഇടിഞ്ഞുപൊളിഞ്ഞത് പുതുക്കി പണിയുക. c. നിലവിലുള്ള ബണ്ടിന്റെ മുകളിൽ 1 മീറ്റർ ഉയരത്തിൽ മൺബണ്ട് നിർമ്മിക്കുക.

d. വെള്ളം കയറ്റുന്നതിനാവശ്യമായ ചാലുകൾ വീതിയും ആഴവും കൂട്ടി കല്ലുകെട്ടി ബലപ്പെടുത്തുക.

മണ്ണുഘടന

പുഞ്ചപാടങ്ങളിൽ എക്കൽ മണ്ണും കരപ്രദേശങ്ങളിൽ ചെളികലർന്ന മണൽ മണ്ണും മണൽ കൂടുതലുള്ള മണ്ണും ആണ്. മണ്ണിന്റെ Ph 6 നും 6.01 നും ഇയ്ക്കായതിനാൽ കുമ്മായ പ്രയോഗം നടത്തി ന്യൂട്രിലൈസ് ചെയ്യണം

കേരകൃഷി

പഞ്ചായത്തിലെ തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ പറയുന്നു.

വാർഡ് - 1	5000
വാർഡ് - 2	4800
വാർഡ് - 3	3700
വാർഡ് - 4	4500
വാർഡ് - 5	3800
വാർഡ് - 6	13200
വാർഡ് - 7	12000
വാർഡ് - 8	3000
ആകെ	50000

(അവലംബം കേര സമിതിയുടെ റിപ്പോർട്ട്, തൊട്ടടുത്ത നൂറിൽ വച്ച് നിജപ്പെടുത്തിയിരിക്കുന്നു)

പ്രയാധിക്യവും കാറ്റ് വീഴ്ചയും മൂലം ഉൽപ്പാദനം കുറഞ്ഞ തെങ്ങുകൾ (ഒരു വർഷം 10 തേങ്ങയിൽ കുറഞ്ഞ) വെട്ടികളയണം. വെട്ടിമാറ്റുന്നതിൽ ധനസഹായം ലഭ്യമാക്കണം. അതിനുശേഷം പ്രത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ കൃഷിചെയ്യുക തെങ്ങിന്റെ മണ്ടചീയൽ, ഓലകരിച്ചിൽ മുതലായ രോഗങ്ങളും കീടശല്യങ്ങളും നിയന്ത്രിക്കുന്നതിന് ആണ്ടിൽ രണ്ട് പ്രാവശ്യം മരുന്ന് തളിക്കുന്നതിന് കൃഷിക്കാർക്ക് ധനസഹായം നൽകുക. തെങ്ങ് കൃഷിയുടെ പരമ്പരാഗത ശൈലികൾ പുന: സ്ഥാപിക്കുക. 1, 5, 6, 7 വാർഡുകളിൽ തെങ്ങ് നല്ലവണ്ണം കായ്ഫലം തരുന്നുണ്ട്. ധാരാളമായുള്ള ജലസമ്പത്ത് ആവശ്യത്തിനുപയോഗിക്കാം.

2, 3, 4, 8 വാർഡുകളിൽ ഉൽപ്പാദനം പൊതുവെ കുറവാണ്. വരൾച്ച ആണ് പ്രധാനകാരണം.

ശാസ്ത്രീയ രിതിയിലുള്ള ജലസേചന സൗകര്യങ്ങളും (ഡ്രിപ്പ് ഇറിഗേഷൻ) പരിപാലന മുറകളും കൊണ്ട് വിളവ് ഇരട്ടിയാക്കാം

വാഴ കൃഷി

നേന്ത്രൻ പൂവൻ, കദളി പാളേങ്കോടൻ, റോബസ്റ്റാ എന്നീ ഇനങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യത മുതലാക്കി ശാസ്ത്രീയ പരിചരണ മുറകൾ സ്വീകരിച്ചു കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക. പ്രകൃതി ക്ഷോഭം മൂലം ഉണ്ടാകുന്ന വിളവ് നാശത്തിൽ നിന്നും



കൃഷിക്കാർക്ക് ഇൻഷുറൻസ് സംരക്ഷണം ലഭ്യമാക്കുക.

കവുങ്ങ് കൃഷി

അത്യുൽപ്പാദന ശേഷിയുള്ള കമുകിൻ തൈകൾ വിതരണം ചെയ്തു ശാസ്ത്രീയമായി പരിപാലിക്കുക. കാറ്റ് വീഴ്ച തടയുന്നതിന് വേണ്ടി മരുന്ന് തളിക്കുക.

പച്ചക്കറി

നിലവിലുള്ള വിരിപ്പ് കൃഷി സ്ഥലത്ത് 3ാം വിളയായി പച്ചക്കറി കൃഷിചെയ്യാം. 1, 2, 3, 4, 5, 6, 7, 8 വരെ വാർഡുകളിൽ മുഴുവൻ വീട്ടിലും കൃഷി നടത്താം വിത്ത്, വളം, കീടനാശിനി, പമ്പ് സെറ്റ്, കിണർ, കുളം, കുഴൽകിണർ, കുറ്റി പമ്പ് എന്നിവ ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകുക.

പയർ, പാവൽ, പടവലം, ചീര, വെണ്ട, മത്ത, വെള്ളരി, കുമ്പളം തുടങ്ങിയ പച്ചക്കറികളും വൻപയർ, ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർ വർഗ്ഗങ്ങളും. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷിചെയ്യാം.

വിപണന സമ്പ്രദായം

പച്ചക്കറി കൃഷിക്ക് വിപണി പ്രധാനമാണ്. അതുകൊണ്ട് സഹകരണ അടിസ്ഥാനത്തിൽ സംഭരണ വിപണന മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

എള്ള്

20 ഹെക്ടർ സ്ഥലത്ത് കൂടി കൃഷിയിറക്കാനുള്ള സാദ്ധ്യതയുണ്ട്. വിത്ത്, വളം, നനയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, (സ്പ്രിങ്ങളർ, ട്യൂശിഴഹല്യ ട്യൂബോ) എന്നിവ സൗകര്യപ്പെടുത്തണം.

കിഴങ്ങ് വർഗ്ഗം

2, 3, 4, 8 വാർഡുകളിൽ അനുയോജ്യമായ കൃഷി മറ്റ് പ്രദേശങ്ങളിൽ ഇടവിളയായും തനിവിളയായും കൃഷിചെയ്യാം കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, കൂർക്ക കിഴങ്ങ് എന്നിവ കൃഷിച്ചെയ്യുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക. വിത്ത്, വളം മുതലായവ സൗജന്യ നിരക്കിൽ നൽകുക.

മരച്ചീനി

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും വിരിപ്പ് പാടശേഖരങ്ങളിൽ തനിവിളയായും കൃഷിച്ചെയ്യാം എലി നശീകരണത്തിനുള്ള മാർഗ്ഗങ്ങൾ, ധനസഹായം എന്നിവ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണം.

പുഷ്പ കൃഷി

സഹകരണ സംഘം രൂപീകരിച്ചും വിപണന സമ്പ്രദായം ഏർപ്പെടുത്തിയും താൽപര്യമുള്ള വ്യക്തികളെ മാർക്കറ്റുള്ള പുഷ്പങ്ങളായ ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല മുതലായ കൃഷികൾ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.

സുഗന്ധ വ്യഞ്ജനം

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി, സർവ്വസുഗന്ധി എന്നിവ കൃഷി ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

ഫലവൃക്ഷങ്ങൾ

മാവ്, കശുമാവ് ഇവയുടെ ഉൽപ്പാദനം നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി തളിർക്കുമ്പോഴും പൂക്കുമ്പോഴും രണ്ട് പ്രാവശ്യം മരുന്ന് തളിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

പച്ചില വർഗ്ഗചെടികളായ ചണമ്പ്, ഡ്യൈഞ്ച തുടങ്ങിയവ കൃഷിച്ചെയ്യുന്നതിനുള്ള വിത്ത് സബ്സിഡിയോട് കൂടി വിതരണം ചെയ്യുക. ഇവ കമ്പോസ്റ്റ്, ജീവാണുവളം, ജൈവവളം എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നല്ലതാണ്.

കൂൺകൃഷി

വിപണി ഉറപ്പുവരുത്തിയാൽ സ്ത്രീകൾക്ക് അധ്വാനവും മറ്റും ഇല്ലാതെ നടപ്പാക്കാൻ കഴിയുന്ന പദ്ധതി. താൽപര്യമുള്ളവരെ പങ്കെടുപ്പിച്ച് കൃഷിയിറക്കാനുള്ള സൗകര്യം.

വെറ്റില കൃഷി

വെറ്റിലകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈകൊള്ളുക.

പമ്പ് സെറ്റുകൾ ചെറിയ കുളങ്ങൾ തുടങ്ങിയ വയ്ക്ക് ധനസഹായം ചെയ്യണം.

കൈതച്ചക്ക

2, 3, 4, 8, 7 ന്റെ തെക്കേയറ്റം എന്നീ വാർഡുകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കൈതച്ചക്ക കൃഷി ചെയ്യുന്നതിനുള്ള ധനസഹായം ചെയ്യണം.

കൃഷിഭവൻ ആഫീസ്

കൃഷിഭവൻ ആഫീസ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൃഷിഭവനിൽ സ്വന്തമായി സ്ഥല സൗകര്യത്തോട് കൂടിയ ഒരാഫീസ് കെട്ടിടം ഉണ്ടാവണം.

6 മൃഗസംരക്ഷണവും മത്സ്യബന്ധനവും

ചെറുതന പഞ്ചായത്ത് പ്രദേശം പൂർണ്ണമായും കാർഷികമേഖലയാണ് കൃഷിയും കന്നുകാലി വളർത്തലും കൊണ്ട് 90% ആളുകളുടെയും ദൈനം ദിനജീവിതം നയിക്കുന്നു. കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകികൊണ്ടിരുന്ന കന്നുകാലി വളർത്തൽ കൂടുതൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്തേണ്ടത് വളരെ അനിവാര്യമാണ്. കാർഷിക ഭൂമിയിലെ ഉഴവുനടത്തിക്കൊണ്ടിരുന്നത് മാടുകളെ കൊണ്ടായിരുന്നു. കന്നുകളെയും, കാളകളെയും ഇതിനുപയോഗിച്ചിരുന്നു. എന്നാൽ അത്യാധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം സംജാതമായതോടു കൂടി കന്നുകളും കാളകളും ഈ രംഗത്ത് നിന്ന് അപ്രത്യക്ഷമാകുകയും പകരം ട്രാക്ടറുകളും, ട്രില്ലറുകളും സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്. നിലങ്ങളുടെ ശരിയായ ഒരുക്കിന് ഈ വക ഉപകരണങ്ങൾ സഹായിക്കുന്നു. എന്നാൽ മണ്ണിന്റെ ജൈവ സാദ്ധ്യതകൾതക്ക് കുറവ് വന്നുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം കാണുന്നതിന് മൃഗസമ്പത്ത് വളരെ കൂടുതൽ വർദ്ധിക്കേണ്ടിയിരിക്കുന്നു.

ഇന്നും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാല് ഇവിടുത്തെ ദൈനംദിനം ആവശ്യത്തിനു തന്നെ മതിയാകുന്നില്ല. നിലവിലുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇവിടെ നിലനിന്നു പോന്നതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ നാടൻ ഇനത്തിൽ പെട്ടപശുക്കൾ വളരെ കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. മൃഗസംരക്ഷണ വകുപ്പിൽ ഈ കൃത്രിമ ബീജ സങ്കലനം വഴി ഉൽപ്പാദന ക്ഷമതകൂടിയ പശുക്കളെ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു. തന്മൂലം ഈ രംഗത്ത് ഉൽപ്പാദന ക്ഷമതവർദ്ധിച്ചുവരുന്നുവെങ്കിലും ആയത് നിലനിർത്തി കൊണ്ടുപോകുന്നതിന് കൃഷിക്കാർക്ക് ധാരാളം പരാധീനതകൾ അവശേഷിക്കുന്നു.

കന്നുകാലി വളർത്തൽ കൊണ്ടുതന്നെ ജീവിക്കുന്ന കുടുംബങ്ങൾ ഇവിടെയുണ്ട്. എന്നാൽ ഈ തൊഴിൽ ആദായകരമാക്കുവാൻ കഴിയാത്തതു കൊണ്ട് ഈ രംഗത്തു നിന്നും വിട്ടുപോകുന്ന കൃഷിക്കാർ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കന്നുകാലി സംരക്ഷണം ആദായകരമാക്കുകയും അതിൽക്കൂടി കൃഷിക്കാരെ ആകർഷിക്കുകയും കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ സംജാതമാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ വളർത്തിവരുന്ന മൃഗങ്ങളിൽ പശു, കാള, എരുമ, പോത്ത്, ആട് എന്നിവയും വളർത്ത് പക്ഷിയുടെ കൂട്ടത്തിൽ താറാവ്, കോഴി എന്നിവയും പ്രധാനമായി ഉൾപ്പെടുന്നു. ഇതിൽ ഏറ്റവും കൂടുതൽ പശുക്കളും സങ്കരയിനത്തിൽപെടുന്നു. കാളകളെ വളരെ അപൂർവ്വമായി മാത്രം കാണുന്നു. കൃത്രിമ ബീജസങ്കലനം നടപ്പായതോടു കൂടി വിത്തുകാളകളെ ആരും തന്നെ സൂക്ഷിക്കുന്നില്ല.

എരുമയും പോത്തും വളരെക്കുറവാണ്. ആടുകളുടെ കൃഷിയും എല്ലാ ഭാഗത്തും അല്പാല്പം ഉണ്ട്.

താറാവു കൃഷിയും കോഴികൃഷിയും വ്യാപകമായുണ്ട്. എന്നാൽ താറാവുകൃഷി വിപുലമായി നടത്തുന്ന കൃഷികാർ ഉണ്ട്. കോഴി കൃഷി അവരവരുടെ പറമ്പുകളിൽ ചെറിയ തോതിൽ വളർത്തിവരുന്നു.



വളർത്തു മൃഗപട്ടിക വാർഡ്തിരിച്ച് അനുബന്ധം 4:1
അവലംബം ലൈവ് സ്റ്റോക്ക് സെൻസസ്

വാർഡ് നമ്പർ	കാളനാടൻ		കാള സങ്കരയിനം		പശുനാടൻ		പശുസങ്കരയിനം		എരുമ		പോത്ത്	ആട്	പട്ടി
	വംശ വർദ്ധനവ്	മറ്റ് ഉള്ളവ	വംശ വർദ്ധനവ്	മറ്റ് ഉള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്			
1				32	3	2	162	160	2		4	22	62
2				28	4	3	150	140			2	24	64
3				38	3	2	184	164	1	1		30	70
4				40	2	1	174	178			4	35	70
5				36	2	1	162	164	2	2	4	32	55
6				34	4	2	160	168	10		4	20	40
7				37	2	2	140	150	5		6	25	42
8				31	4	2	172	188	2	2	4	35	42
	ആകെ			266	24	15	1304	1312	22	4	28	223	453

ചെറുതന പഞ്ചായത്തിന്റെ കന്നുകാലി സമ്പത്തിന്റെ മുകളിൽ കാണുന്ന പട്ടിക സൂചിപ്പിക്കുന്നത് കാളയും കാളവണ്ടിയും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നതായും, പോത്തും എരുമയും മറ്റും നാമമാത്രമായി കൊണ്ടിരിക്കുന്നതായും, കറവമാടുകൾ വേണ്ടത്ര ഇല്ലെന്നും മറ്റുമാണ്. പൊതുവേപറഞ്ഞാൽ മൃഗസംരക്ഷണം കൊണ്ട് ലഭ്യമാകുന്ന ആദായം അത്രമികച്ചതായി കൃഷിക്കാർ കണക്കുകൂട്ടുന്നില്ലെന്നുള്ളതാണ് ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാക്കുകയും മൃഗസംരക്ഷണം അഭിവൃദ്ധിപെടുത്തുകയും ചെയ്യുന്നതിന് ഈ രംഗത്ത് ഇന്ന് നിലനിന്നു വരുന്ന പോരായ്മകൾക്ക് പരിഹാരം തേടേണ്ടിയിരിക്കുന്നു.

പോരായ്മകൾ

1. കന്നുകാലികൾക്ക് മേച്ചിൽ സ്ഥലം ഇന്ന് ലഭ്യമല്ല.
2. കാലിത്തീറ്റകൾക്ക് ദൈനംദിനം വിലവർദ്ധിച്ചുവരുന്നു.
3. മൃഗസംരക്ഷണത്തിന് അപര്യപ്തമായ ഔദ്യോഗിക സംവിധാനമാണുള്ളത്.
4. മാതൃകാ കാലി തൊഴുത്തുകളുടെ അഭാവം ഉണ്ട്.
5. ഉൽപ്പാദിപ്പിക്കുന്ന പാലിന് വിപണിയില്ലാത്തതിനാൽ വില വളരെ കുറച്ച് മാത്രം ലഭിക്കുന്നു.
6. ഉൽപ്പാദന ക്ഷമത കൂടിയ ജനുസുകൾ വേണ്ടവിധം പ്രചാരത്തിൽ എത്തുന്നില്ല.

ചെറുതന പഞ്ചായത്തിലെ വളർത്ത് പക്ഷികളുടെ പട്ടിക താഴെ ചേർക്കുന്നു.

അനുബന്ധം 4:2

വാർഡ്	പൂവൻ	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	658	1610	815	600	4000	10
2	774	1715	750	310	950	6
3	800	1520	655	210	740	10
4	810	1410	560	190	680	15
5	700	1610	715	420	2500	10
6	800	1520	620	410	5000	10
7	820	1420	520	450	3000	5
8	740	1320	490	130	230	5
ആകെ	6102	12025	5125	2770	17100	71



മുകളിൽ ചേർത്തിരിക്കുന്ന പട്ടിക അനുസരിച്ച് ഈ പഞ്ചായത്തു പ്രദേശത്ത് ഏകദേശം 25000 കോഴികളും 20000 താറാവുകളും വളരുന്നു എന്നത് കാണാവുന്നതാണ്. ഇതിൽ ഇവിടെയുള്ള 90% വീടുകളിലും അഞ്ചോ അതിൽക്കുറവോ കോഴികൾ ഉണ്ട്. അപൂർവ്വം ചില വീടുകളിൽ 25 ൽ താഴെ കോഴികൾ ഉള്ളതായും കാണുന്നു. എന്നാൽ താറാവ് വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിച്ചിരിക്കുന്ന 25 നും 30 നും ഇടയിൽ താറാവു കൃഷിക്കാരിലായി പട്ടികയിൽ കാണുന്ന 20000 താറാവിൽ ഭൂരിഭാഗവും വളർത്തിവരുന്നു. നിലവിൽ തൊഴിൽ മേഖല വളരെ പരിമിതമായിരിക്കുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് കോഴികൃഷിയും താറാവ് കൃഷിയും കൂടെകൂടി മെച്ചപ്പെടുത്തുവാനുള്ള സാദ്ധ്യകൾ വളരെയുണ്ട്.

ഈ രംഗത്ത് പ്രധാനമായി നിലനിൽക്കുന്ന പരാധീനതകൾ ഇവയാണ്.

1. കോഴികളെ വീടിന് ചുറ്റും സ്വതന്ത്രമായി വളർത്തുന്നതു കൊണ്ട് വീടിന് ചുറ്റും വളർത്താവുന്ന പച്ചക്കറികൾ മറ്റ് കരകൃഷികൾ എന്നിവയ്ക്കും നെൽകൃഷിക്കും ഒക്കെ തന്നെ വിളവിന് നാശം വരുത്തുകയും, ഉൽപ്പാദനക്ഷമതയ്ക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്നു.
2. താറാവിന് കൂട്ടതോടെ പകർച്ച വ്യാധിപിടിപ്പെട്ട് ചത്തുപോകുന്നു.
3. കോഴിക്കും താറാവിനും തീറ്റയുടെ ദൗർലഭ്യം അനുഭവപ്പെടുന്നു.
4. തക്കസമയത്ത് ചികിത്സയും പരിചരണവും ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്.
5. കോഴികൃഷിക്കും താറാവ് കൃഷിയ്ക്കും ഉദാരമായ ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭ്യമല്ല.

വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കും ഉണ്ടായികൊണ്ടിരിക്കുന്ന രോഗ വിവിര പട്ടിക താഴെചേർക്കുന്നു

അനുബന്ധം 4:3

ക്ര ന	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്
1	ദഹനസംബന്ധമായവ (Digestive dirsorder)	480	42	120		36	700	1500
2	ശ്വാസകോശസംബന്ധം (Resperative diseases)	360	28	140		40	800	1600
3	ഉപാപചയ സംബന്ധം (Metabolic diseases)	72	5	50				
4	തൊക്ക് രോഗങ്ങൾ (Skin diseases)	160	10	130		60		
5	ധാതുലവണങ്ങളുടെ അഭാവം (Defficiency diseases)	300	30	170		20	100	200
6	പരാദര രോഗങ്ങൾ (Parasitic diseases)	700	50	250		100	200	500
7	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ (Gynaccological disorder)	60	-5	10				
8	വന്ധ്യത (Infertility)	35	2	20				
9	അകിടുവീക്കം (Mastitis)	72	5	60				
10	മുടന്തൻ പനി (Ephemeral Fever)	120	10					
11	പകർച്ച വ്യാധികൾ (Contageous diseases)	100	10	40		20	1000	5000



അനുബന്ധം 4:3 ൽ രോഗങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്ന മൃഗങ്ങൾക്കും പട്ടികൾക്കും പലവിധമായ രോഗങ്ങൾ പിടിപ്പെട്ടിട്ടുള്ളതായി ചേർത്തിരിക്കുന്നു. രോഗബാധിതമായ വളർത്ത് മൃഗങ്ങൾക്കും പക്ഷികൾക്കും യഥാസമയം ചികിത്സ നൽകി ജീവൻ രക്ഷിക്കുന്നതിനും കൃത്രിമ ബീജസങ്കലനം നടത്തുന്നതിനും മറ്റ് ക്ഷേമ പ്രവർത്തനത്തിനുമായി ആകെ കൂടി ഈ പഞ്ചായത്തു പ്രദേശത്ത് ഒരേയൊരു മൃഗശുപത്രി മാത്രമാണ് ഉള്ളത്. പേവിഷബാധയ്ക്ക് ഏതിരെയുള്ള കുത്തിവയ്പ്പും ഈ സ്ഥാപനത്തിൽ കൂടി ചെയ്തു വരുന്നു.

കൃത്രിമ ബീജസങ്കലനം മാത്രമാണ് പുതിയ ജനുസുകളുടെ ഉത്ഭവത്തിന് നിദാനം. അത്യുൽപ്പാദനശേഷിയുള്ള ജനുസുകൾ ഇനിയും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ വളരെ കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണ മേഖലയുടെ സാധ്യതകളും. നിർദ്ദേശങ്ങളും

1. പോഷക പ്രധാനമായ പാൽ മുട്ട മാംസം എന്നിവയുടെ ഉൽപ്പാദനം.

പേവിഷബാധ പ്രതിരോധവും ചികിത്സയും

അനുബന്ധം 4:4 പട്ടിക

വിവരം	പശു	എരുമ	ആട്	പൂച്ച	പട്ടി	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ നൽകിയവയുടെ എണ്ണം					195	
കടിയേറ്റതിന് കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	1		1			

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

അനുബന്ധം 4:5

പട്ടിക

വളർത്തു മൃഗങ്ങളുടെ ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് കൂടുതലധികം പ്രാവശ്യം ബീജസങ്കലനം വേണ്ടിവന്നവ
പശു	1304	450	80
കിടാരി	1312	394	74
എരുമ	25	15	2

വളർത്ത് മൃഗങ്ങളുടെ കൂട്ടത്തിൽ 500 പട്ടികൾ ഉള്ളതായി സർവ്വേ കാണിക്കുന്നു എന്നാൽ ഇതിൽ 195 പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുള്ളതായി അനുബന്ധം 4:4 പട്ടിക പ്രകാരം കാണുന്നു. 50% ത്തിനുമേൽ പട്ടികൾക്ക് ഇനിയും കുത്തിവയ്പ്പുകൾ നടത്തിയിട്ടില്ലെന്ന് ഇത് കൊണ്ട് കാണാവുന്നതാണ്. ഇവിടെയുള്ള എല്ലാ പട്ടികളെയും പ്രതിരോധ കുത്തിവയ്പ് നടത്തി പട്ടികളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധിതമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

2. വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ കൊഴുപ്പ് എന്നിവയുടെ ലഭ്യത.
3. ഔഷധ വ്യവസായം, ഹോർമോൺ, വാക്സിൻ, എൻസൈമുകൾ.
4. പരീക്ഷണശാലകൾക്കുള്ള മൃഗങ്ങൾ.
5. കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, നിലമൊരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി.



6. ഊർജ്ജ ശ്രോതസ്സ്. (Biogas)

7. പേവിഷബാധ നിയന്ത്രണം, മാംസ പരിശോധന യിലൂടെ ശുദ്ധമായ മാംസം ഉൽപ്പാദനം തുട ങ്ങിയ പൊതുജന ആരോഗ്യ സംബന്ധിയായ സേവനങ്ങൾ.

8. തൊഴിൽ സാദ്ധ്യതകളും വരുമാന വർദ്ധനവും.

9. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമ പ്രദേശങ്ങ ളിൽ. ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കും.

10. ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

ചെറുതന ഗ്രാമ സഭകളിൽ ഉയർന്നുവന്ന നിർദ്ദേശ ങ്ങൾ

1. മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ വികസനം.

പഞ്ചായത്തിലെ മൃഗാശുപത്രി 5ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സർക്കാർ വക കെട്ടിടം പണിയുവാനുള്ള നടപടികൾ സ്വീകരിക്കണം. ആശുപത്രിയിൽ ലാബറട്ടറി സൗകര്യങ്ങൾ മൈക്രോ സ്കോപ്പ്, ഫോൺ, കർഷക പരിശീലന ഹാൾ എന്നിവ നടപ്പാക്കണം. 6ാം വാർഡിലും ആയാപറമ്പ് തെക്കേ കരയിലും ഓരോ സബ് സെന്ററുകൾ സ്ഥാപിക്കണം, മൃഗാശുപത്രി ഒഴിവുള്ള പോസ്റ്റുകളിൽ ജീവനക്കാരെ നിയമിക്കണം.

2. പാൽ ഉൽപ്പാദന രംഗം :

പഞ്ചായത്തിലെ 5, 6, 7 എന്നീ വാർഡുകളിലെ ജനങ്ങൾ പാലിന് വിപണന സാദ്ധ്യതയില്ലാതെ കഷ്ട പ്പെടുകയാണ്. ആയതിനാൽ ഒരു ക്ഷീര സംഘം ഈ വാർഡുകളെ സംഘടിപ്പിച്ച് കൊണ്ട് 5ാം വാർഡിൽ സ്ഥാപിക്കണം.

പദ്ധതികൾ

a. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക

മൂന്ന് പശുക്കൾ അടങ്ങുന്ന യൂണിറ്റ് പദ്ധതിയുടെ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസ ഹായം ബാക്കി ഗുണഭോക്തൃവിന്റെ വിഹിതം.

b. വനിത സംരംഭകർക്കുള്ള പശു വളർത്തൽ.

പതിനഞ്ച് വനിതകളുടെ ഒരു സംഘമാണ് ഗുണ ഭോക്താക്കൾ ഒരാൾ കൺവീനർ. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാ വുന്നതാണ്. ധനകാര്യസ്ഥാപനങ്ങളുമായി ബന്ധ പ്പെട്ട് പ്രവർത്തനം നടത്താവുന്നതാണ്.

c. കിടാരി വളർത്തൽ യൂണിറ്റ് സ്ഥാപിക്കുക

d. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന പദ്ധതി തുടരേണ്ടതാണ്.

f. കാലിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം - പഞ്ചായത്തിലെ എല്ലാ താഴ്ന്ന വരുമാനമുള്ള കർഷകർക്കും സൗജന്യ നിരക്കിൽ കാലിത്തീറ്റ റേഷൻ കടകളുടെ മാതൃകയിൽ ലഭ്യമാക്കണം.

3. മാംസോൽപ്പാദന രംഗം

പഞ്ചായത്തിലെ അനധികൃതവും വൃത്തിഹീ നവുമായ സാഹചര്യങ്ങളിൽ നടത്തുന്ന അറവ് നിരു ത്സാഹപ്പെടുത്തണം. ആധുനിക രീതിയിലുള്ള ഒരു ചെറിയ അറവ് ശാല സ്ഥാപിക്കണം. അറവ് ശാലയിൽ മൃഗങ്ങളുടെ പരിശോധന നിർബന്ധമാക്കുകയും പഞ്ചായത്ത് തലത്തിൽ മാംസോൽപ്പാദന സഹകരണ സംഘം രൂപീകരിക്കുകയും അങ്ങനെ പഞ്ചായത്തിലെ ജനങ്ങൾക്ക് ശുദ്ധമായ മാംസം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

4. ആട് വളർത്തൽ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്ക് 5 ആടിനെ വീതം സൗജന്യ നിരക്കിൽ വിത രണം ചെയ്യണം. പഞ്ചായത്തിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണി റ്റുകൾ സ്ഥാപിക്കണം.

5. പന്നി വളർത്തൽ പദ്ധതി

പഞ്ചായത്തിൽ ഹോട്ടൽ ഉള്ളവർക്ക് രണ്ട് പന്നി കുഞ്ഞുങ്ങളടങ്ങിയ ഒരു യൂണിറ്റ് വീതം നൽകാ വുന്നതാണ്.

6. കാളകുട്ടി പരിപാലനം

മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കാള കുട്ടികളെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യ ത്തിനായി 5 എണ്ണം വീതമുള്ള യൂണിറ്റുകൾ സ്ഥാപി ക്കേണ്ടതാണ്.

7. മുയൽ വളർത്തൽ യൂണിറ്റുകൾ

എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 50 കുട്ടികളെ വീതം ഓരോ വർഷവും തെരഞ്ഞെടുത്ത് ഒരാൺമുയലും രണ്ട് പെൺമുയലുകളും അടങ്ങുന്ന ഓരോ യൂണിറ്റ് നൽകുന്നു. ഒമ്പതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും എത്തുമ്പോൾ അവർ ഒരു ജോഡി മുയൽ കുഞ്ഞു ങ്ങളെ വീതം പഞ്ചായത്തിൽ തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്യണം.

8. കാലിത്തീറ്റ ഉൽപ്പാദനം

പഞ്ചായത്ത് തലത്തിൽ ഒരു മിനി കാലിത്തീറ്റ പ്ലാന്റ് സ്ഥാപിക്കുകയും തീറ്റ സൊസൈറ്റി വഴി വിത രണം ചെയ്യുകയും ചെയ്യണം. പുൽ കൃഷി വ്യാപക



മാക്കുന്നതിന് പുൽ വിത്ത്, വളം എന്നിവ സൗജന്യ മായി വിതരണം നടത്തണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റയ്ക്ക് ഗുണനിലവാര നിയന്ത്രണ സംവി ധാനം ഏർപ്പെടുത്തണം.

9. ബ്രോയിലർ കോഴി വളർത്തൽ

പഞ്ചായത്തിലെ 20 വനിതകളെ സംഘടിപ്പിച്ച് ബ്രോയിലർ കോഴി വളർത്തൽ യൂണിറ്റ് തുടങ്ങാവു ന്നതാണ്. ബാങ്കുകൾ വഴിയായി ധനസഹായം ലഭ്യ മാക്കണം.

10. മുട്ട ഉൽപ്പാദനമംഗം

a. വീട്ടുമുറ്റത്തെ കോഴിവളർത്തൽ - 45 ദിവസം പ്രായമുള്ള 6 മുട്ടകോഴികളെ പഞ്ചായത്തിലെ 1000 കുടുംബങ്ങൾക്ക് നൽകാവുന്നതാണ്.

b. എഗ്ഗർ നഴ്സറി - തൊഴിൽ രഹിതരായ മൂന്ന് യുവാക്കൾക്ക് 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റ് തുടങ്ങാം. ഒരു വർഷം 5 തവണയെങ്കിലും കോഴി കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം. ഈ കോഴികളെ വീട്ടു മുറ്റത്തെ കോഴിവളർത്തൽ പദ്ധ തിക്ക് ഉപയുക്തമാക്കാം.

c. സ്കൂൾ പൗൾട്ടറി ക്ലബ്ബ് - കുട്ടികളിൽ പഠനത്തോ ടൊപ്പം സമ്പാദ്യ ശീലവും കോഴി വളർത്തൽ താൽപ്പര്യവും ഉണ്ടാക്കുന്നതിൽ ലക്ഷ്യം. 5 രൂപ അംഗത്വഫീസ് നൽകി സ്കൂൾ പൗൾടറി ക്ലബ്ബിൽ അംഗമാക്കാം. ഒരു വർഷം 200 കുട്ടികളെങ്കിലും 60 ദിവസം പ്രായമായ 30 മുട്ട കോഴിക്കുഞ്ഞു ങ്ങളെ സൗജന്യമായി വിതരണം നടത്തണം.

d. താറാവിൻ കുഞ്ഞുങ്ങളുടെ നഴ്സറി സ്ഥാപി ക്കുക.

e. വീടുകളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പി ക്കുന്നതിനായി ഒരു മാസം പ്രായമുള്ള 20 താറാ വുകളെ ഒരു കർഷകന് വിതരണം നടത്തണം.

11. ബയോഗ്യാസ് പ്ലാന്റുകൾ - കൂടുതൽ പശു ക്കളുള്ള വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപി ക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

12. കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ നൽകുന്നതിന് കന്നുകാലി ഇൻഷ്വറൻസ് - മാസ്റ്റർ പോളിസി ഏർപ്പെടുത്തുക.

13. മൃഗസംരക്ഷണ വിഷയങ്ങളിൽ കർഷ കർക്ക് പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തല ത്തിൽ സൗകര്യം ഏർപ്പെടുത്തുക. മൃഗസംരക്ഷണ വിഷയങ്ങളെ സംബന്ധിച്ച് സർക്കാർ അനുകാലിക പ്രസിദ്ധീകരണങ്ങൾ മൃഗാശുപത്രിയിൽ യഥാസമയം ലഭ്യമാക്കുക.

14. പേവിഷബാധ നിർമാർജ്ജനം

വളർത്ത് നായ്ക്കളെ പ്രതിരോധ കുത്തിവ യ്പിന് വിധേയമാക്കുക സൗജന്യ നിരക്കിൽ വാക്സിൻ ലഭ്യമാക്കുക. അലഞ്ഞ് തിരിഞ്ഞ് നട ക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്ത് നായ്ക്കൾക്ക് ലൈസൻസ് കർശനമായി നടപ്പാക്കു കയും ചെയ്യുക.

15. രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ ഊർജ്ജിത മാക്കുക

കുളമ്പ് രോഗം, താറാവ് വസന്ത, കോഴി വസന്ത എന്നിവയ്ക്ക് വാർഡ് തലത്തിൽ പ്രതിരോധ കുത്തി വയ്പ്പിന് സൗകര്യമുണ്ടാക്കണം.

16. രജിസ്റ്റേഡ് താറാവ് വളർത്തൽ കർഷ കർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും എല്ലാ താറാ വുകൾക്കും സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് പരി രക്ഷ ഉറപ്പാക്കുകയും ചെയ്യുക.

17. മൃഗ സംരക്ഷണ മേഖലയിലെ കർഷകരെ പഞ്ചായത്ത് തലത്തിൽ ആദരിക്കാൻ പ്രത്യേക അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടു ത്തുക.

18. ഇറച്ചി കോഴികളെ വളർത്തുന്നതിന് താൽപ ര്യമുള്ള തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ ഒരു സഹകരണ സംഘം സ്ഥാപിക്കുകയും കോഴിവ ളർത്തൽ തുടങ്ങുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുക.

19. ഇപ്പോൾ നിലവിലുള്ള കോഴികൃഷി സമ്പ്ര ദായം മൂലം കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടി രിക്കുന്ന നഷ്ടവും അയൽ ബന്ധങ്ങളിൽ ഉണ്ടായി ക്കൊണ്ടിരിക്കുന്ന സൗഹാർദക്കുറവും ഒഴിവാക്ക ത്തക്ക രീതിയിൽ കോഴി കൃഷി മെച്ചപ്പെടുത്തുന്ന തിനും അതിലേക്ക് വലയും കൂടും നിർമ്മിക്കുന്നതിന് സബ്സിഡിയോടു കൂടിയ വായ്പ അനുവദിക്കുന്ന തിനും ഈ കാര്യത്തിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുകയും മേൽനോട്ടം വഹിക്കു കയും ചെയ്യുക.

6:2 മത്സ്യബന്ധനം

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന ഏകദേശം 5 കിലോമീറ്ററോളം പമ്പാനദി യുടെ രണ്ടരകിലോമീറ്ററോളം അച്ചൻ കോവിൽ ആറും 2 കി. മി. ലീഡിംഗ് ചാനലും 4 കിലോമീറ്ററോളം തോടു കളും 12 പൊതുകുളങ്ങളും 20 ഓളം വരുന്ന സ്വകാ ര്യകുളങ്ങളുമാണ് ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യ ബന്ധന സാദ്ധ്യതകൾ കൂടുതലും ഈ ജലസ്രോത



സ്സുകളുമായി ബന്ധപ്പെട്ടാണുള്ളത്. കൂടാതെ ചെമ്മീൻ കൃഷിനടക്കുന്ന തരിശുനിലങ്ങളും കുറവല്ല.

മത്സ്യ ബന്ധനം മുഖ്യതൊഴിലാക്കിയ മൂപ്പത്തിയേഴോളം ഓളം പേരും,മത്സ്യവിപണനം തൊഴിലാക്കിയ ഇരുപത്തിആറോളം പേരും ഈ പഞ്ചായത്തിൽ ഉണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട സർവ്വേ റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ഇവരിൽ സ്വന്തമായി വള്ളവും വലയുമുള്ളവർ കുറവാണ്. വരാൽ,കരിമീൻ,കുറുവ,ചെമ്പല്ലി,കൊഞ്ച് തുടങ്ങിയവയാണ് കൂടുതലായിലഭിക്കാറുള്ള മീനുകൾ. ഇവയുടെ വിപണനം പ്രാദേശികമായിത്തന്നെ നടത്തുന്നു.

ഈ പഞ്ചായത്തിൽ ശാസ്ത്രീയമായ ചെമ്മീൻ കൃഷിക്കും, ശുദ്ധജല മത്സ്യകൃഷിയ്ക്കും ഏറെ സാധ്യതകൾ ഉണ്ട്. ഉൾനാടൻ മത്സ്യബന്ധന രംഗത്ത് സാധ്യതകൾ ഏറെയെങ്കിലും താഴെ പറയുന്ന പ്രശ്നങ്ങൾ ഇതിനെ പ്രതികൂലമായി ബാധിക്കുന്നു.

1. പാടശേഖരങ്ങളിൽ മടവലകെട്ടി മത്സ്യബന്ധനം നടത്തുത്.
2. തോട്ട, വിഷം, വൈദ്യുതി ഇവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം
3. മത്സ്യ വിപണനത്തിന് പൊതുസംവിധാനമില്ലാത്തതിനാൽ മത്സ്യത്തിന് ന്യായമായ വില ലഭിക്കുന്നില്ല.
4. മത്സ്യകൃഷിനടത്തുവാൻ താൽപര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. മത്സ്യ തൊഴിലാളി സഹകരണ സംഘടന ഇല്ലാത്തത്

മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് ഉൾനാടൻ മത്സ്യബന്ധന സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. പാടശേഖരങ്ങളിൽ മടവലകെട്ടി മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കുക.
2. തോട്ട, വിഷം, വൈദ്യുതി ഇവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.
3. മത്സ്യ വിപണനത്തിനായി 6, 7 വാർഡുകൾ കേന്ദ്രീകരിച്ച് കോൾഡ് സ്റ്റോറേജ് അടക്കമുള്ള പൊതുമാർക്കറ്റ് സ്ഥാപിക്കുക.
4. മത്സ്യകൃഷി നടത്തുവാൻ താൽപര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെയും, വിദഗ്ധഉപദേശവും പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക
5. ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് വലയും, വള്ളവും വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. മത്സ്യ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പാടുചെയ്യുക.
7. മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് മത്സ്യ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
8. മത്സ്യക്ഷാമം പരിഹരിക്കുന്നതിനായി ഹാച്ചറിയിൽ നിന്ന് മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ വിടുക.
9. പഞ്ചായത്ത് കുളങ്ങളിൽ ചെമ്മീൻ കൃഷി നടത്തുക.
10. സ്വകാര്യ മേഖലയിൽ കുളങ്ങളിലും വെള്ളക്കെട്ടുകളിലും മത്സ്യകൃഷി നടപ്പിലാക്കുക.
11. മത്സ്യഭവന്റെ ഓഫീസ് പഞ്ചായത്തിൽ അനുവദിക്കുക.
12. കൃഷിചെയ്യുവാൻ കഴിയാത്ത തരിശിട്ടിരിക്കുന്ന പാടശേഖരം സഹകരണ സംഘം സംഘടിപ്പിച്ച് മത്സ്യകൃഷി ചെയ്യുക.

മണ്ണിൽ നിന്നു മഴയിൽ നിന്നു
വെയിലിൽ നിന്നു മോചനം
നല്കിടുന്ന വൃത്തിയുള്ള വീടുകൾ ചമയ്ക്കുക
നല്ല വഴി, നല്ല തൊഴിൽ നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക

മുല്ലനേഴി



7 വ്യവസായം

നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി വളരെപിന്നോക്കവസ്ഥയിലാണ്. പരമ്പരാഗതവും ആധുനികവുമായ യാതൊരുവ്യവസായസ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. എന്നിരുന്നാലും പരമ്പരാഗത വ്യവസായങ്ങളായ കുട്ടനെയത്ത്, ചുണ്ണാമ്പ് നിർമ്മാണം, പർപ്പിടക നിർമ്മാണം, ബീഡി തെറുപ്പ് മുതലായവ ഉപജീവനത്തിന് വേണ്ടി അപൂർവ്വ ചില വ്യക്തികൾ ചെയ്തു വരുന്നുണ്ട്. ഈ പഞ്ചായത്തിൽ പന്ത്രണ്ട് നെല്ലു കുത്ത് മില്ലുകളും അതിനോടനുബന്ധിച്ചുള്ള ഫ്ളവർ മില്ലും 4 കൊപ്രാ ആട്ടുന്ന മില്ലുകളും, ഒരു സോ മില്ലും സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ടി മില്ലുകളിൽ ആകെ 15 ഓളം പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ആധുനിക വ്യവസായമായ ഇഷ്ടിക വ്യവസായത്തിൽ സ്വകാര്യ വ്യക്തികളുടെതായ 12 യൂണിറ്റുകൾ നിലവിലുണ്ട്. ഇതും ഭാഗികമായി 60 പേർക്ക് ജോലി നൽകുന്നുണ്ട്. വ്യവസായ തൊഴിലാളികളുടെ ഇനം തിരിച്ചുള്ള കണക്കുകൾ പട്ടിക 7 ലും വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 8 ലും കൊടുത്തിരിക്കുന്നു.

പരമ്പരാഗത വ്യവസായത്തിൽ പ്രമുഖമായിട്ടുള്ള നെയ്ത്തുവ്യവസായം(കൈത്തറി) ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ആധുനിക വസ്ത്രങ്ങളുടെ വരവും സാമ്പത്തികപരാധീനതയും ഈ വ്യവസായത്തെ പൂർണ്ണമായും തളച്ചു. ഇപ്പോഴും ഈ മേഖലയിൽ തൊഴിൽ വിദഗ്ധർ(ഉദ്ദേശം 30 പേർ) പഞ്ചായത്തിനു വെളിയിൽ പോയി ജോലി ചെയ്യുന്നുണ്ട്. വനിതാ സംഘടനകളും മഹിളാസമാജങ്ങളും നിലവിലുണ്ടെങ്കിലും ഈ മേഖലയിൽ അവരുടേതായ പ്രവർത്തനങ്ങൾ തീരെയില്ല. പഞ്ചായത്തിൽ ആകെയുള്ള ഒരു തടി മില്ലിൽ ആകെ 3 പേരാണ് ജോലി ചെയ്യുന്നത്. അവരും നേരിടുന്ന ഒരു പ്രശ്നമാണ് ഗുണനിലവാരമുള്ള തടിയുടെ ദൗർലഭ്യം. ഇതു കൂടാതെ തടികൊണ്ടുള്ള ഫർണീച്ചർ ഉണ്ടാക്കി വിൽക്കുന്ന നാലു സ്വകാര്യ വ്യക്തികളുണ്ട് സാമ്പത്തിക പരാധീനത മൂലം കടച്ചില്ൽ മെഷീൻ മുതലായ ആധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്.

പട്ടിക 7

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	തൊഴിലാളികളുടെ എണ്ണം
ബീഡി	32
പരമ്പരാഗത വ്യവസായങ്ങൾ	
1. പപ്പടം	25
2. ചുണ്ണാമ്പ്	04
3. കുട്ടനെയ്ത്ത്	02
മറ്റ് വ്യവസായങ്ങൾ	
1. ഇഷ്ടിക	18
2. ഫ്ളവർ മിൽ	06
3. റൈസ് മിൽ	15
4. സോമിൽ	03



പട്ടിക 8

വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

വ്യവസായത്തിന്റെ തരം	തൊഴിലാളികളുടെ എണ്ണം			മൊത്തം	മൊത്തം
	20 -ൽ കുറവ്	20-50	50 നു മേൽ	യൂണിറ്റുകൾ	തൊഴിലാളികൾ
തടി (Saw Mill)	3			1	3
ഭക്ഷ്യസംസ്ക്കരണം നെല്ല്	15			12	15
എൻജിനീയറിംഗ്					
എസ്.എസ്.ഐ. യൂണിറ്റ്	04			02	04
ഇലക്ട്രോണിക്സ്	02			02	02
മറ്റുള്ളവ (കേബിൾ ടി.വി.)	01			01	01
	25			18	25

കാർഷിക വിളയായ നെല്ല്, നാളികേരം, അടയ്ക്ക കൂടതെ ഇഷ്ടിക ഉണ്ടാക്കുവാൻ ആവശ്യമായ ചെളി മുതലായവ ഇവിടെ സുലഭമാണ്. ഇവയുണ്ടെങ്കിലും ബാങ്കുകളുടെ വിവേചനപരമായ ഇടപെടൽ മൂലം ഗവൺമെന്റിൽ നിന്ന് കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ലോൺ സൗകര്യങ്ങൾ ഈ പ്രദേശത്ത് ഒട്ടുംതന്നെ ലഭിക്കുന്നില്ല. ഇതും ഈ പ്രദേശത്തെ വ്യവസായ പുരോഗതിയെ സാരമായി ബാധിക്കുന്നു. ഈ പഞ്ചായത്തിന്റെ നാലാം വാർഡ്, ആറാം വാർഡ്, രണ്ടാം വാർഡ് തുടങ്ങിയ മേഖലകളിൽ ചമ്പൻ സുലഭമായി ലഭിക്കുകയും കൂടാതെ ഇതിൽ ജോലി പരിചയമുള്ള ഏകദേശം 200 തൊഴിലാളികൾ ഉപജീവനമായി ഈ തൊഴിലിനെ ആശ്രയിക്കുകയും ചെയ്യുന്നു. ചമ്പൻ സംസ്കരണ സംവിധാനം ഈ പഞ്ചായത്തിൽ നിലവിൽ വന്നാൽ ഉദ്ദേശം 500 പേർക്കെങ്കിലും തൊഴിൽ സാദ്ധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സഹകരണ മേഖലയിൽ സംഭരിച്ച് സംസ്കരിക്കാനുള്ള സാദ്ധ്യതകൾ ഏറെയാണ്. കർഷകന് തന്റെ ഉൽപ്പന്നത്തിന്റെ വില ലഭിക്കുന്നതിനും തന്മൂലം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് ഉപകരിക്കും.

ഇവിടെ സുലഭമായി ലഭിക്കുന്ന പച്ചതേങ്ങയിൽ നിന്ന് വെളിച്ചെണ്ണ നേരിട്ട് ഉണ്ടാക്കാനുള്ള സംരഭം തുടങ്ങുകയാണെങ്കിൽ അതിന്റെ ഉപ ഉൽപ്പന്നമായ പിണ്ണാക്കിൽ നിന്നും ബിസ്ക്കറ്റ് ഉണ്ടാക്കാനുള്ള സാദ്ധ്യതയുമുണ്ട് ഇതിൽ പ്രവർത്തി പരിചയമുള്ള ആൾക്കാരും ലഭ്യമാണ്.

മണൽ, ചെളി മുതലായ അസംസ്കൃത പദാർത്ഥങ്ങൾ ഇഷ്ടിക നിർമ്മാണത്തിന് ആവശ്യമുള്ളതാണ്. അവ ഇവിടെ സുലഭമാണ്. ഒരു വൻകിട വ്യവസായത്തിനു പോലും സാദ്ധ്യതയുള്ള ഈ മേഖല സഹകരണ അടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ കൂടുതൽ ആൾക്കാർക്ക് തൊഴിലും ലാഭവും ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.

കൊയ്ത്ത് സമയത്ത് ഉണ്ടാകുന്ന വൈക്കോൽ നഷ്ടം വളരെ രൂക്ഷമാണ്. അതിന് പ്രായോഗികമായ ഒരു പരിഹാരം എന്ന നിലയിൽ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കുവാനും അതിനെ മൂളാസിസ് യൂനിയ മുതലായവ ചേർത്ത് പോഷക മൂല്യമുള്ള താക്കി വിപണന സാദ്ധ്യമാക്കിയാൽ വളരെ പ്രയോജനമാണ്.

ആധുനിക വ്യവസായങ്ങളായി ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഇവ ആരംഭിക്കുന്നതിന് ആവശ്യമായി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും കൂടാതെ ഈ പഞ്ചായത്തിൽ ലഭ്യമായ 400 ഓളം എക്സ്. സർവ്വീസ്കാരുടെ സഹകരണം കൂടി ഉറപ്പുവരുത്തിയാൽ ആധുനിക വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ആവശ്യമായ മൂലധന നിക്ഷേപവും തൊഴിലാളികളേയും ലഭ്യമാക്കാൻ സാധിക്കും.

അതുപോലെ സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ചെറുകിട വ്യവസായങ്ങളായ മെഴുകുതിരി, ചന്ദനത്തിരി, കൂട നിർമ്മാണം, തീപ്പെട്ടി വ്യവസായം, ഇലക്ട്രോണിക്സ് സ്പെയർ പാർട്സുകൾ, ഓട്ടോമൊബൈൽ പാർട്സുകൾ മുതലായവ തുടങ്ങുവാൻ സാദ്ധ്യതയുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ്സ് നടത്തുന്നതിനാവശ്യമായ പരിശീലനം ലഭിച്ചിട്ടുള്ള അനേകം

ആളുകൾ ഈ പ്രദേശത്തുണ്ട്.

പ്രശ്നങ്ങൾ

1. കാർഷികോൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നില്ല. ഉൽപ്പന്നങ്ങളായ നെല്ല്, നാളീകേരം, അടയ്ക്കാ മുതലായവ വ്യവസായ രംഗത്ത് തീരെ പ്രയോജനപ്പെടുത്തുന്നില്ല.
2. വ്യവസായങ്ങൾ തുടങ്ങുവാൻ ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തണം.
3. പരമ്പരാഗത വ്യവസായം ഉദ്ധരിക്കുന്നതിന് ആവശ്യമായ പരിശീലനത്തിന്റെ അഭാവം.
4. കൈത്തറി മേഖലയിലും മറ്റുമുള്ള വേതനക്കുറവ്.
5. എസ്.എസ്.ഐ. യൂണിറ്റുകൾ തുടങ്ങുവാനാവശ്യമായ സാമ്പത്തിക സഹായത്തിന്റെ ലഭ്യതക്കുറവ് (ബാങ്കിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ).

നിർദ്ദേശങ്ങൾ

1. വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങളായ നെല്ല്, നാളീകേരം, അടയ്ക്കാ എന്നിവ സംഭരിക്കുകയും സംസ്കരണം നടത്തുന്നതിനുള്ള വ്യവസായ സംരഭങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്.
2. വിദഗ്ധ തൊഴിലാളികളെ സംഘടിപ്പിച്ച് ഇഷ്ടിക വ്യവസായം വിപുലപ്പെടുത്തുക.
3. 400 ഓളം വരുന്ന വിമുക്തഭടന്മാരെ ഉൾക്കൊള്ളിച്ച് പരിശീലനം നൽകി പച്ച തേങ്ങയിൽ നിന്ന് വെളിച്ചെണ്ണ ഉണ്ടാക്കുന്നതിനും ബിസ്ക്കറ്റ് ഉണ്ടാക്കുന്നതിനും ഉള്ള വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
4. ഫെബ്രുവരി മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഈ പ്രദേശത്ത് ലഭ്യമാകുന്ന വൈക്കോൽ സംഭരിച്ച് യൂറിയ, മൂളാസസ്, മുതലായവ ചേർത്ത് പോഷകാഹാരങ്ങളാക്കി മാറ്റാനുള്ള സഹകരണ യൂണിറ്റ് സ്ഥാപിക്കുക.
5. ചെറുകിട വ്യവസായങ്ങൾ മുതലായവയിൽ വനിതകളുടെ സഹകരണത്തോടെ സംരംഭങ്ങൾ തുടങ്ങുക.
6. വൈക്കോൽ, കാഡ്ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുക.



"മണ്ണിൽ പണിയും കരങ്ങളുണ്ട്
മണ്ണുപോലൊട്ടുന്ന സ്നേഹമുണ്ട്
നാടൻ മനസ്സിന്റെ നേരുമുണ്ട്
നാട്ടറിവിന്റെ വെളിച്ചമുണ്ട്
നാടൻ കരുത്തിന്റെ വീറുമുണ്ട്
നാമൊന്നുണർന്നാൽ കുതിച്ചു പായാം."

8 വിദ്യാഭ്യാസം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിന്റെ ആസ്ഥാനമായ ഹരിപ്പാട്ട് നിന്നും ഏക ദേശം 4 കി. മി. വടക്ക് മാറി സ്ഥിതി ചെയ്യുന്ന പ്രദേശ മാണ് ചെറുതന ഗ്രാമം കാർഷിക വൃത്തിക്ക് മുൻതൂ ക്കമുള്ള ഈ പ്രദേശത്ത് ജനങ്ങൾ കൂടുതലും കാർഷിക മേഖലയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. തന്മൂലം വിദ്യാഭ്യാസ രംഗത്ത് ജനങ്ങൾ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എങ്കിലും ചെറു പ്രായത്തിൽ തന്നെ ഗ്രാമ പ്രദേശങ്ങളിലെ കുടിപള്ളിക്കൂടം ആശാൻമാരുടെ കീഴിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി സാമാന്യം എഴുത്തും വായനയും അഭ്യസി ച്ചിരുന്നു. ഈ സമ്പ്രദായം ഗുരുകുല വിദ്യാഭ്യാസ ത്തിന്റെ പ്രതീതി ഉളവാക്കുന്ന ഒരു രീതിയായിരുന്നു. സാമ്പത്തികമായി ഉയർന്ന കുടുംബങ്ങളിലെ കുട്ടികൾ മറ്റ് സ്ഥലങ്ങളിലെ വിദ്യാകേന്ദ്രങ്ങളിൽ പോയി പഠിച്ചു വന്നു.

ഏകദേശം ഒരു നൂറ്റാണ്ടിനും വളരെ മുമ്പ് ആയാപറമ്പ് ചേടോളത്ത് സ്ഥാപിച്ച പള്ളിക്കൂടമാണ് ആദ്യ വിദ്യാഭ്യാസ സ്ഥാപനം. വിദ്യാഭ്യാസ തൽപര രായ കുറെ ജനങ്ങളുടെ ശ്രമഫലമായി കാലാന്തര ത്തിൽ നാലാം ക്ലാസ്സും ഏഴാം ക്ലാസ്സും ആരംഭിച്ചു. അതിന് ശേഷം 1966 ൽ പ്രസ്തുത വിദ്യാകേന്ദ്രം ഗവ : ഹൈസ്കൂളായി രൂപാന്തരപ്പെട്ടു. പഞ്ചായത്തിലെ ഏക ഹൈസ്കൂളത്രേ ഇത്. വിദ്യാഭ്യാസ സാംസ്കാ രിക വളർച്ചയ്ക്ക് ഈ സ്കൂളിന്റെ സംഭാവന വളരെ വിലപ്പെട്ടതാണ്.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് നാല് എൽ.പി. സ്കൂളും ഒരു യു.പി. സ്കൂളും ഒരു ഹൈസ്കൂളുമാണ് പ്രവർത്തിച്ച് വരുന്നത്. ഇവിടെ 1903 വിദ്യാർത്ഥികളും 80 അദ്ധ്യാപകരുമുണ്ട്. പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഒരു അൺ എയിഡഡ് സ്കൂളും പ്രവർത്തിക്കുന്നു.

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വളരെ പിന്നിലാണ് പ്രധാനമായും കുടിവെള്ളം മൂത്ര പ്പുര, കെട്ടിടം, ചുറ്റുമതിൽ എന്നിവയുടെ അപര്യാപ്തത വളരെ രൂക്ഷമാണ് യാത്രാ സൗകര്യവും വളരെയേറെ സങ്കീർണ്ണമാണ്.

അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യതയും തീരെ ഇല്ലാത്ത നിലയാണുള്ളത് വിദ്യാർത്ഥികൾക്ക് അനിവാര്യമായ പുസ്തകശാല, സ്പോർട്സ് സാമഗ്രി കൾ ലബോറട്ടറി സൗകര്യങ്ങൾ എന്നിവ തികച്ചും അപര്യാപ്തമാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തി ക്കുന്ന ഏക സർക്കാർ സ്ഥാപനം ഗവ: ഹൈസ്കൂളി നോട് അനുബന്ധിച്ച് പൊതുജന സംഭാവനകൾ സമാ ഹരിച്ചു തുടങ്ങിയ കമ്പ്യൂട്ടർ സെന്റർ മാത്രമാണ്. ഇതി നുള്ള കെട്ടിടം ഒരു വ്യക്തിയുടെ സംഭാവനയാണ്. ഇത് കൂടാതെ സ്വകാര്യ മേഖലയിൽ നാല് ടൈപ്പ് റൈറ്റിംഗ് കോമേഴ്സ്യൽ ഇൻസ്റ്റിട്ട്യൂട്ടുകളും ഒരു തയ്യൽ പരിശീലന കേന്ദ്രവും പഞ്ചായത്തിൽ നില നിൽക്കുന്നു.

സ്കൂൾ കോളേജ് തലങ്ങളിൽ സമാന്തര വിദ്യാ ഭ്യാസം നടത്തുന്ന നാല് കേന്ദ്രങ്ങൾ പഞ്ചായത്തി ലുണ്ട് നൂറ് കണക്കിന് വിദ്യാർത്ഥികൾ ഇവിടെയും വിദ്യ അഭ്യസിക്കുന്നു. ഭേദപ്പെട്ട നിലവാരം പുലർത്തു ന്നവയാണിവ.

SC/ST വിഭാഗങ്ങളിലെ കുട്ടികളുടെ പഠന നില വാരം പലകാരണങ്ങളാലും പിന്നോക്കാവസ്ഥയി ലാണ്.

പഞ്ചായത്തിലെ എല്ലാ സ്കൂളികളിലും പി.റ്റി.എ. സമിതികൾ സജീവമായി പ്രവർത്തിച്ച് വരുന്നു. ഉച്ചക്കഞ്ഞി വിതരണം എല്ലായിടത്തും ഭംഗി യായി നടക്കുന്നു.



പട്ടിക I

അദ്ധ്യാപകർ വിദ്യാർത്ഥികൾ

ക്രമ നമ്പർ	സ്കൂളുകൾ	മാനേജ്മെന്റ്	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ഗവ. ഹൈസ്കൂൾ, ആയാപറമ്പ്							
(a)	ഹൈസ്കൂൾ	ഗവ:	10	15	25	324	261	585
(b)	യു.പി. സ്കൂൾ		7	6	13	202	161	343
(c)	എൽ.പി. സ്കൂൾ		1	7	8	143	136	279
2.	ഗവ: ന്യൂ യു.പി. സ്കൂൾ, ആയാപറമ്പ്							
(a)	യു. പി.	ഗവ:	5	1	6	80	67	147
(b)	എൽ.പി.എസ്.		1	3	4	45	50	95
3.	ഗവ: എൽ.പി. സ്കൂൾ, പാണ്ടി	ഗവ:	2	2	4	25	26	51
4.	പുതുശ്ശേരി എൽ. പി. സ്കൂൾ, ആനാരി	എയിഡഡ്	0	4	4	54	47	101
5.	സെന്റ് മേരീസ് എൽ.പി. സ്കൂൾ ചെറുതന	എയിഡഡ്	1	4	5	47	54	101
6	ബി.വി.എൽ.പി. സ്കൂൾ ആനാരി	എയിഡഡ്	1	4	5	80	77	157
7	മിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ ആയാപറമ്പ്	അൺ എയിഡഡ്	2	4	6	15	09	24
	ആകെ		30	50	80	1015	888	1903

അവലംബം - സെക്കൻഡറി ഡാറ്റാ

പഞ്ചായത്തിലെ എട്ട് വാർഡുകളിലുമായി പതിനഞ്ച് ആശാൻ കുടിപള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 9 പള്ളിക്കൂടങ്ങൾ പഞ്ചായത്ത് അംഗീകരിച്ചതും 15 വർഷങ്ങൾക്ക് മേൽ പഴക്കമുള്ളതുമാണ്. ഈ കേന്ദ്രങ്ങളിലെ ആശാൻമാർക്ക് പഞ്ചായത്ത് ഗ്രാന്റ് നൽകിവരുന്നു. കുട്ടികളുടെ മാതൃഭാഷാ പഠനത്തിന് കുടിപള്ളിക്കൂടങ്ങൾ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ 11 അംഗനവാടികൾ പ്രവർത്തിക്കുന്നു. 5 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ബാക്കിയുള്ളവ നാട്ടുകാർ സൗജന്യമായി നൽകിയിട്ടുള്ള താൽക്കാലിക കെട്ടിടങ്ങളിലും പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ യാത്രാ സൗകര്യം കുറവായതിനാൽ അംഗനവാടികളിൽ കുട്ടികളുടെ എണ്ണം കുറവാണ്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിലെ ജനങ്ങളുടെ സാക്ഷരതാ നിലവാരം 60 വയസിനു താഴെ 90% വും സ്ത്രീകളുടേത് 85% വുമാണ്. പഞ്ചായത്തിൽ രണ്ട് ജനവിദ്യാ കേന്ദ്രങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. തുടർ വിദ്യാഭ്യാസ പരിപാടികളും നടന്ന് വരുന്നു.

രണ്ട് ഗ്രന്ഥശാലകളാണ് പഞ്ചായത്തിലുള്ളത് ഇതിൽ ഒരെണ്ണം പഞ്ചായത്ത് ഗ്രന്ഥശാലയാണ്. ധാരാളം നവസാക്ഷരർ ഈ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തുന്നു.

പട്ടിക 2 സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	കെട്ടിടങ്ങളുടെ എണ്ണം				മുറികളുടെ എണ്ണം			ഉണ്ടോ ഇല്ലയോ എന്നും ആവശ്യങ്ങൾ എന്തെല്ലാം	ആവശ്യമുള്ള കെട്ടിടം നിർമിക്കാൻ ഭൂമി ഉണ്ടോ / ഇല്ലയോ	നിലവിലുള്ള മുറികളുടെ എണ്ണം	മുറികൾ കൂട്ടിച്ചേർക്കേണ്ട മുറികളുടെ എണ്ണം	ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകൾ	കുടിവെള്ള സംവിധാനം ഉണ്ട് / ഇല്ല കിണർ പൈപ്പ്	വൈദ്യുതീകരണം ഉണ്ട് / ഇല്ല	റാമ്പുകൾ	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചർ മതിയോ / ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
	ആകെ വിസ്തൃതി കളുടെ എണ്ണം	സ്ഥിരം	അർധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർധസ്ഥിരം	താൽക്കാലികം												മേശ	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
പുതുശ്ശേരി എൽ.പി.എസ്.	4	1	1		7			ഇല്ല	ഉണ്ട്	1		2	ഇല്ല	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	2	10	4	4	2
പാണ്ടി എൽ.പി.എസ്.	4	1	1		2				ഉണ്ട്	2	10	ഇല്ല	2		ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	20	10	2	6	3
ബി.വി. എൽ.പി.എസ്.	5	3			6			ഇല്ല	ഉണ്ട്	ഇല്ല		2	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	2	5		ചെയർ മേശ
സെന്റ് മേരീസ് എൽ.പി.എസ്.	4	2			9			ഇല്ല	ഉണ്ട്	1	ഇല്ല	2	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	20	4	5	അലമാര മേശ ചെയർ
ഗവ: യു.പി.എസ്. ആയാപറമ്പ്	7	1	1		2			2	ഉണ്ട്	2	10	1	1	1	കിണർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	10	12	5	5	10
എച്ച്.എസ്. ആയപറമ്പ്	32	5	ഇല്ല		38			7	ഉണ്ട്	ഇല്ല		4	2	2	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	100	100	25	25	മേശ 2 കസേര 5 റാക്ക് 2 ആയൺ സേഫ് 1 സ്റ്റീൽ അലമാര1
ലിറ്റിൽ ഫ്ളവർ	5	2	1		5	2		ഇല്ല	ഉണ്ട്	1	5		1		ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്			2	2	

അവലംബം - സെക്കൻഡറി ഡാറ്റാ

പട്ടിക 3 അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട് / ഇല്ല (പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല)	ലബോറട്ടറി / സയൻസ് കോർണർ ഉണ്ട് / ഇല്ല (പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല)	പഠനോപകരണങ്ങൾ ഫർണിച്ചർ തുടങ്ങിയവ ഉണ്ട് / ഇല്ല	ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം							ബ്ലാക്ക് ബോർഡ്		95% ൽ കൂടിയ ഹാജർ നിലയുള്ള ദിവസം	സ്കൂളിലൂടെ നടപ്പാക്കപ്പെടുന്ന അധ്യയന ദിനം	പ്രവൃത്തി പൊതു അവധികളിലൂടെ നഷ്ടം വന്ന അധ്യയന ദിനങ്ങൾ	മാതൃസംഗം സജീവം / സജീവമല്ല	കുറവുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ / ഇല്ല
				റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി സെറ്റ്	വിസിക്കുർ / വിസിപി	സിനിമ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18
പുതുശ്ശേരി എൽ.പി.എസ്.	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	192	0	3	സജീവം	പ്രവർത്തിക്കുന്നു
പാണ്ടി എൽ.പി.എസ്.	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	4	193	0	3	സജീവം	പ്രവർത്തിക്കുന്നു
ബി.വി.എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	5	191	0	9	സജീവം	പ്രവർത്തിക്കുന്നു
സെന്റ് മേരീസ് എൽ.പി.എസ്.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	191	0	9	സജീവം	പ്രവർത്തിക്കുന്നു
ഗവ : യു.പി.എസ്. ആയാപറമ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	7	191	1	6	സജീവം	പ്രവർത്തിക്കുന്നു.
എച്ച്. എസ്. ആയാപറമ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	20	10	186	1	3	സജീവം	പ്രവർത്തിക്കുന്നു.
ലിറ്റിൽ ഫ്ളവർ എൽ.പി.എസ്.	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	5	197	1	5	സജീവം	പ്രവർത്തിക്കുന്നു.

പട്ടിക 4

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	L.P.			U.P.			H.S.		
	ആകെ	SC / ST	%	ആകെ	SC / ST	%	ആകെ	SC / ST	%
	808	91	11.26	510	67	13.14	585	87	14.87
							ആകെ 12.87%		

പട്ടിക 5

പഠനം നിർത്തിയവരുടെ കണക്ക്

SC / ST			മറ്റുള്ളവർ			ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
11	10	21	6	5	11	32

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഹൈസ്കൂൾ ഉൾപ്പടെയുള്ള ഒരു പൊതു വിദ്യാഭ്യാസ സ്ഥാപനത്തിലും മെച്ചപ്പെട്ട അക്കാഡമിക്ക് സാഹചര്യവും ഭൗതിക സാഹചര്യവും നിലനിൽക്കുന്നില്ല. ഇത് നിലവാര തകർച്ചയ്ക്ക് കാരണമാകുന്നു.

ഉൽപ്പാദന രംഗത്ത് പ്രകടമായ മാറ്റം പ്രതീക്ഷിക്കുന്നവരും വരും കാലഘട്ടങ്ങളിലേക്ക് യുവശക്തിയെ പങ്കുപ്പെടുത്തുന്നതിന് ഉതകുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ പഞ്ചായത്തിൽ ഇല്ല.

പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല

SC / ST വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യസമയങ്ങളിൽ ലഭിക്കാറില്ല.

ആയാപറമ്പ് ഗവ: ഹൈസ്കൂളിനോട് അനുബന്ധിച്ച് എൽ.പി. സ്കൂളും പ്രവർത്തിക്കുന്നു.

ഉപരിപഠനത്തിന് മറ്റ് പ്രദേശങ്ങളിലേക്ക് പോകേണ്ടിവരുന്നു.

പരിഹാരം

പഞ്ചായത്തിൽ ഒരു ഹയർ സെക്കൻഡറി വിദ്യാലയം സ്ഥാപിക്കുക.

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അടിയന്തിരമായി ആവശ്യമുള്ള പഠനോപകരണങ്ങളും സ്പോർട്സ് സാമഗ്രികൾ, ലബോറട്ടറി സാമഗ്രികൾ, ഫർണിച്ചറുകൾ എന്നിവ വകുപ്പുമായി ബന്ധപ്പെട്ടോ, പഞ്ചായത്തിൽ നിന്നോ ലഭ്യമാക്കുക.

വിദ്യാലയങ്ങൾക്കാവശ്യമായ കുടിവെള്ളം, മൂത്രപ്പുര കെട്ടിടം, ചുറ്റുമതിൽ എന്നിവ പഞ്ചായത്ത് മുൻകൈയെടുത്ത് സംഘടിപ്പിക്കുക.

പഞ്ചായത്തിന്റെ 1, 5, 7 വാർഡുകൾ കേന്ദ്രീകരിച്ചും 6-ാം വാർഡിൽ പ്രത്യേകിച്ചും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ ഗവൺമെന്റും പഞ്ചായത്തും തയ്യാറാകുക.

പ്രീ-പ്രൈമറി വിദ്യാലയങ്ങൾ മുന്നെണ്ണമെങ്കിലും പഞ്ചായത്തിൽ സ്ഥാപിക്കുക.

അംഗനവാടികളിലെ കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.

SC/ST വിദ്യാർത്ഥികൾക്കുള്ള അനുകൂല്യങ്ങൾ യഥാവഴി വിതരണം നടത്തുവാൻ മേൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുക.

ആയാപറമ്പ് എച്ച്.എസ്. നോട് അനുബന്ധിച്ച് ഇപ്പോൾ പ്രവർത്തിക്കുന്ന എൽ.പി. വിഭാഗം അവിടെ നിന്നും വേർപ്പെടുത്തി പ്രത്യേക സ്കൂളായി രൂപാന്തരപ്പെടുത്തി അദ്ധ്യയന സൗകര്യം മെച്ചപ്പെടുത്തുക

ഹൈസ്കൂളിൽ ഒരു ലൈബ്രേറിയനേയും, ലാബ് അസിസ്റ്റന്റിനെയും നിയോഗിക്കുക.

പഞ്ചായത്തിലെ മൊത്തം പഠന നിലവാരം അവലോകനം ചെയ്ത് മെച്ചപ്പെടുത്താൻ സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക.

ബ്രഹ്മാനന്ദവിലാസം സ്കൂളിനോട് ചേർന്ന് പോകുന്നു റെയിൽവേ ലൈനിൽ പ്രത്യേകം കാവൽകാരനെ നിയോഗിച്ച് കുട്ടികളുടെ സുരക്ഷി

തത്വം ഉറപ്പാക്കുക.

അദ്ധ്യാപകർക്കുള്ള പഠനകോഴ്സുകൾ അവധിക്കാലങ്ങളിൽ ക്രമീകരിച്ച് സാദ്ധ്യായ ദിവസങ്ങൾ കാര്യക്ഷമമാക്കുക.

പി.റ്റി.എ. കളുടെ ഏകോപന സമിതി പഞ്ചായത്ത് നേതൃത്വത്തിൽ വിളിച്ചുകൂട്ടി പാഠ പുസ്തകങ്ങളുടെയും ഉച്ചകഞ്ഞിയുടെയും വിതരണം കാര്യക്ഷമമാക്കുക.

നവ സാക്ഷരർക്ക് വെറിയ പാരിതോഷികങ്ങൾ നൽകി തുടർന്നും സഹകരണം തേടുകയും ചെയ്യുക. കൂടാതെ 1, 5, 7 വാർഡുകൾ കേന്ദ്രീകരിച്ചും 6-ാം വാർഡിൽ പ്രത്യേകമായും വായനശാലകൾ ആരംഭിക്കാൻ മുൻകൈ പഞ്ചായത്ത് നേതൃത്വത്തിൽ എടുക്കുക.

ജാതിമതങ്ങളും ഭാഷവേഷാദിയും
ഓതി വഴക്കടിക്കാതെ,
നാടിന്റെ പൊതുവായ ധാരയിൽ നമ്മുടെ
നാഡിതൻ സ്പന്ദനം ചേർക്കൂ

മുല്ലനേഴി



9 കുടിവെള്ളവും പൊതുജന ആരോഗ്യവും

കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഇവയാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഏതാണ്ട് 55% ജനങ്ങളും കിണറുകളെ ആശ്രയിക്കുന്നു 7% പൈപ്പ് ജലത്തെയും ബാക്കി നദീ ജലവുമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ 1396 കിണറുകളുണ്ട് കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണ പദ്ധതി ആറാം വാർഡിലെ പാണ്ടി പ്രദേശത്തുണ്ട്. ഇതിന്റെ പ്രയോജനം പാണ്ടി കാഞ്ഞിരം തുരുത്ത് ദേവസ്വം തുരുത്ത് അംബേദ്ക്കർ കോളനി, കന്നുച്ചാൽ പുതുവൽ എന്നിവടങ്ങളിൽ മാത്രം ലഭിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ 37 പൊതു ടാപ്പുകളും 38 വീടുകളിലും പൈപ്പ് വെള്ള കണ്ക്ഷനുണ്ട്. അഞ്ച് കുഴൽ കിണറുകളുണ്ടെങ്കിലും ഒന്നും പ്രവർത്തന യോഗ്യമല്ല.

പമ്പാനദി, അച്ചൻ കോവിൽ ആറ്, ഫീഡിംങ്ങ് ചാനൽ കൂടാതെ ഒമ്പത് പ്രധാന കൈതോടുകളുണ്ടെങ്കിലും വിശാലമായ പുഞ്ചപാട ശേഖരങ്ങളിൽ നിന്നും പുറത്തേക്ക് പമ്പ് ചെയ്ത് വിടുന്ന വിഷമിനമായ ജലം നദികളെയും തോടുകളെയും അശുദ്ധമാക്കുന്നു

വേനൽ കാലത്ത് ജലനിരപ്പ് താഴുകയും കായംകുളം കായലിൽ നിന്നും ഉപ്പ് വെള്ളം നദികളിലും തോടുകളിലും എത്തുന്നതോടെ കിണറുകളിലും ഉപ്പ് രസം ഉണ്ടാകുകയും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാകുകയും ചെയ്യുന്നു.

ശുദ്ധജലസ്രോതസ്സുകൾ
പട്ടിക 1

കിണറുകൾ	കുഴൽകിണറുകൾ	ആകെ കിണറുകൾ
1396	128	1524

പട്ടിക 2
K.W.A. പദ്ധതികൾ

പദ്ധതിയുടെ പേര്	പൊതുടാപ്പുകൾ	സ്വകാര്യ കണക്ഷൻ
പാണ്ടി എസ്.സി.പി. പദ്ധതി	37	38

ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ കുടവെള്ളവുമായി ബന്ധപ്പെട്ടതാണ്.



ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ ശുദ്ധജലക്ഷാമം പരിഹരിക്കുക എന്നുള്ളതാണ് വിശേഷാൽ ഗ്രാമ സഭയിൽ നിന്ന് ഉയർന്ന് വന്നതും പ്രശ്ന പരിഹാരത്തിന് പഞ്ചായത്ത് തലത്തിൽ ആകെ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ട് വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങൾ സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർക്കുന്നു.

പട്ടിക III

കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
I	സ്കൂൾ, ലക്ഷം വീട്, കടിയം കാട്ടിൽ വടക്ക് ഭാഗം	K.W.A. യുടെ ആഭിമുഖ്യത്തിൽ പദ്ധതി തയ്യാറാക്കി പെപ്പ് വെള്ളം എത്തിക്കുക. കിണറുകൾ സ്ഥാപിക്കുക.
II	കണ്ണോലി കോളനിയും പരിസര പ്രദേശങ്ങളും റെയിൽവേ ട്രാക്കിന് പടിഞ്ഞാറെ വശം മങ്കുഴി പാലത്തിന് കിഴക്ക് വശം	പൈപ്പ് വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. പുതിയ കിണറുകൾ സ്ഥാപിക്കുക
III	വാർഡിന്റെ പടിഞ്ഞാറ് ഭാഗം പഞ്ചായത്ത് കേളനി ഭാഗം.	-do-
IV	ലക്ഷം വീട് കേളനി, വേലംപറമ്പ് ചാലുംതലയ്ക്കൽ ഭാഗം	-do-
V	പെരുമാങ്കര ഭാഗം, മാതിരംപ്പള്ളി, പള്ളിക്ക് വടക്ക് ഭാഗം, U.P. സ്കൂൾ ഭാഗം, വേലൂർ കോളനി, വേലിയിൽ ഭാഗം, നെടിയാറ പടിഞ്ഞാറ് ഭാഗം	പൈപ്പ് ലൈൻ വാർഡിൽ എല്ലായിടത്തും വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക. പുതിയ കിണറുകൾ സ്ഥാപിക്കുക.
VI	പടിഞ്ഞാറെ പോച്ച, ചെങ്ങളത്തു പോച്ച സ്വാമി പോച്ച, വാര്യത്ത് പോച്ച, തുണ്ടി പോച്ച, പാണ്ടി	പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. കുഴൽ കിണറ് സ്ഥാപിച്ച് മഴവെള്ള ശേഖരണ രീതി മെച്ചപ്പെടുത്തുക.
VII	ആനാരി വടക്കേകര പെരുമാങ്കര I.H.D.P. കോളനി വെങ്കിടച്ചിറ പുത്തൻ തുരുത്ത് പ്രദേശം	പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക, കിണർ കുഴിക്കുക
VIII	പുതുശ്ശേരി ബ്രഹ്മാനന്ദ വിലാസം സ്കൂൾ	പൈപ്പ് വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ടാപ്പ് സ്ഥാപിക്കുക പുതിയ കിണറുകൾ സ്ഥാപിക്കുക

കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1. I, II, III, IV, V വാർഡിൽ പമ്പാനദിയുടെ ഇടതുവശം VII-ാം വാർഡിൽ പമ്പാ നദിയുടെ തെക്കേക്കര എട്ടാം വാർഡ് എന്നിവടങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ പെറുതന ഗ്രാമ പഞ്ചായത്തിൽ നാലാം വാർഡിൽ വില്ലേജ് ആഫീസിന് മുൻവശം സ്ഥാപിച്ചിട്ടുള്ള ട്യൂബൻ പ്രവർത്തന ക്ഷമമാക്കി ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ ഉദ്ദേശം 24 കി. മി. വലിച്ച് പൊതു ടാപ്പുകൾ സ്ഥാപിച്ച് ഈ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

2. 6-ാം വാർഡിൽ പാണ്ടിയിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് 6-ാം വാർഡിൽ താഴെ പറയുന്ന സ്ഥങ്ങളിൽ പൈപ്പ് ലൈൻ വലിച്ച് ടാപ്പ് സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

a. ആറാം വാർഡിൽ പാണ്ടി എൽ.പി. സ്കൂളിന്റെ കിഴക്കു വശമുള്ള പാലത്തിന്റെ കിഴക്കേകരകൂടി തെക്കോട്ട് വെട്ടുകുളഞ്ഞിവരെയും പടിഞ്ഞാറെ പോച്ച കിഴക്കേ ബണ്ട് വഴി തെക്കോട്ടും പടിഞ്ഞാറേ



പോച്ച പിടഞ്ഞാറെ ബണ്ടിന്റെ തെക്കേ അറ്റം മുതൽ വടക്കേയറ്റം വരെയും ചെങ്ങളത്തു പോച്ച സ്വാമീ പോച്ച വാര്യത്ത് പോച്ച. മുപ്പത്തിനാലിൻചിറ തുടങ്ങി പോച്ച എന്നീ സ്ഥലങ്ങളിൽ

b. അംബേദ്ക്കർ കോളനിയിലേക്ക് പാണ്ടിയിൽ നിന്നും വലിച്ചിരിക്കുന്ന പൈപ്പ് ലൈൻ പടിഞ്ഞാറെ പോച്ചയുടെ കിഴക്കേ ബണ്ട് വഴി തെക്കോട്ട് ഉദ്ദേശം 2.25 കി. മി. ലൈൻ വലിച്ച് പൊതു ടാപ്പുകൾ സ്ഥാപിച്ച് മൂടിക്കുഴി പൊരുമാങ്കര I.H.D.P. കോളനിയിലേയും വെള്ളക്ഷാമം പരിഹരിക്കുക.

3 a. വീയപുരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്കിൽ നിന്നും പുത്തൻ തുരുത്ത് ജംഗ്ഷൻ വരെ വലിച്ചിരിക്കുന്ന പൈപ്പ് ലൈൻ ചില്ലാക്കേരി വരെ 750 മീറ്റർ ദൂരവും 6-ാം വാർഡിലേക്ക് 600 മീറ്റർ വടക്കോട്ട് ലൈൻ വലിച്ച് പൊതുടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുക.

b. എടത്വായിലുള്ള വാട്ടർ ടാങ്കിൽ നിന്നും വലിച്ചിരിക്കുന്ന പൈപ്പ് ലൈനിൽ നിന്നും ഉദ്ദേശം 200 മീറ്റർ പൈപ്പ് ലൈൻ വലിച്ച് ചെങ്ങളത്തു പോച്ച മൺകൊമ്പിൽ പോച്ച പ്രദേശങ്ങളിൽ വെള്ളം എത്തിക്കുക.

c. വീയപുരം ടാങ്കിൽ നിന്നുള്ള പൈപ്പ് ലൈൻ വീയപുരം എച്ച്. എസ്സ്. ജംഗ്ഷന്റെ തെക്ക് വശത്തു നിന്നും പടിഞ്ഞാറോട്ട് പൊരുമാങ്കര ഐ.എച്ച്.ഡി.പി. കോളനിക്കും വെങ്കിടച്ചിറ ഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക

2. പഞ്ചായത്ത്തല പദ്ധതി

പെറുതന പഞ്ചായത്തിൽ 6-ാം വാർഡിൽ പമ്പാനദിയുടെ കിഴക്ക് ഭാഗത്തും 7-ാം വാർഡിൽ പെരുമാങ്കര ഐ.എച്ച്.ഡി.പി. കോളനി വെങ്കിടച്ചിറ പ്രദേശത്തും ശുദ്ധജലം എത്തിക്കുന്നതിന് 6, 7, വാർഡുകൾ സംഗമിക്കുന്ന പമ്പാനദിയുടെ കരയിൽ പഞ്ചായത്ത് തലത്തിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് പമ്പാനദിയിലെ ജലം പമ്പ് ചെയ്ത് ടാങ്കിൽ വച്ച് ശുദ്ധീകരിച്ച് 6, 7 വാർഡുകളിലെ ശുദ്ധജല പ്രശ്നം പരിഹരിക്കുക.

3. K.W.A. പദ്ധതി

K.W.A. യുടെ ആഭിമുഖ്യത്തിൽ പെറുതന വില്ലേജ് ആഫീസിന്റെ മുൻവശം പുതിയ ടാങ്ക് നിർമ്മിച്ച് ഉദ്ദേശം 24.5 കി. മി. പൈപ്പ് ലൈൻ വലിച്ച് പൊതുടാപ്പുകൾ സ്ഥാപിച്ച് ഒരു ക്ലിപ്ത സമയത്തിനുള്ളിൽ 1, 2, 3, 4, 5, 7, 8 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

4. പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

a. കിണറുകൾ കുഴിക്കുക, നിലവിലുള്ളത് സംരക്ഷിക്കുക, കുളങ്ങൾ വൃത്തിയാക്കുക, ഭൂഗർഭ ജലസേചനം വർദ്ധിപ്പിക്കുക.

b. ഇതിനുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

c. നിലവിലുള്ള തോടുകൾ സംരക്ഷിക്കുക

d. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടകിണറുകളും ഉപയോഗിക്കുക.

e. പൈപ്പ് ലൈനുള്ള സ്ഥലങ്ങളിൽ ടാപ്പുകൾ സംരക്ഷിക്കുവാൻ ടാപ്പ് കമ്മറ്റികൾ സംഘടിപ്പിച്ച് ഇന്നുള്ള പ്രശ്നങ്ങൾ പരഹരിക്കുക.

പൊതുജനാരോഗ്യം

1967 വരെ പഞ്ചായത്തിലെ ആരോഗ്യരംഗത്ത് സർക്കാർ ഉടമസ്ഥതയിൽ സ്ഥാപനം ഒന്നും തന്നെ ഇല്ലായിരുന്നു. ജനങ്ങൾ ആരോഗ്യരംഗത്ത് ചരടുജപിക്കുക, അമ്പലങ്ങളിലേക്കും കാവുകളിലേക്കും വഴിപാടുകൾ കഴിക്കുക തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സയേയും വൈദ്യകുടുംബങ്ങളെയുമാണ് അശ്രയിച്ചു വന്നത്. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ അനുവർത്തിക്കുന്നുണ്ട് 1967 ൽ ആയാപറമ്പത്ത് സ്ഥാപിച്ച എ.എൻഎം. മാതൃ ശിശു സംരക്ഷണ കേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം. ഇന്ന് ഒരു ബ്ലോക്ക് പി.എച്ച്.സി യും ഒരു ആയുർവ്വേദ ഹോസ്പിറ്റലും മൂന്ന് ഉപസബ് സെന്ററുകളും ഇവിടെ പ്രവർത്തിക്കുന്നു. ഇതിൽ ആയുർവ്വേദ ഹോസ്പിറ്റലിനും രണ്ട് ഉപകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. ഇവയ്ക്ക് പുറമെ സ്വകാര്യ ചികിത്സ നടത്തുന്ന മൂന്ന് അലോപ്പതി, മൂന്ന് ഹോമിയോ ക്ലിനിക്കുകളും, മൂന്ന് പാരമ്പര്യ വൈദ്യന്മാരും, ഒരു ആയുർവ്വേദ ക്ലിനിക്കും, ഒരു പാരമ്പര്യ വിഷചികിത്സാ കേന്ദ്രവും പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.

ഈ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഇതിന് അനുസ്യൂതമായി ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത്. 95-96 വർഷത്തിൽ 324 ജലജന്യ രോഗങ്ങളും ഒരു വായുജന്യരോഗവും 43 പ്രാണിജന്യരോഗങ്ങളും 322 തക്ക് രോഗങ്ങളും 26392 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു.

പഞ്ചായത്തിലെ ജനനനിരക്ക് 10.6 ഉം മരണനിരക്ക് 4.6 ഉം ആണ്. പഞ്ചായത്തിൽ കിടത്തി



ചികിത്സ നടത്തുന്ന ആശുപത്രികൾ ഇല്ല ഇതിനായി പരമാവധി എട്ട് കിലോമീറ്ററും വിദഗ്ധ ചികിത്സയ്ക്കായി 27 കിലോമീറ്ററും സഞ്ചരിക്കേണ്ടതായി ഉണ്ട്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കി ആരോഗ്യ പൂർണ്ണമായ ഒരു മാതൃകാ പഞ്ചായത്ത് എന്നതാണ് നമ്മുടെ വിഷയം.

സ്ഥാപനങ്ങളും, സേവനങ്ങളും

1. പ്രാഥമിക ആരോഗ്യകേന്ദ്രം - 1
2. ആയുർവേദ ആശുപത്രി - 1
3. I.P.D. ഉപകേന്ദ്രം - 3

ഇവയിലെല്ലാം കൂടി 22 ജീവനക്കാർ ആണുള്ളത്.

പട്ടിക - I

ആരോഗ്യം - പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	I	1984	18 (1972 ൽ റൂറൽ ഡിസ്പ്പൻസറി)
2.	മാതൃ-ശിശു സംരക്ഷണ കേന്ദ്രം ആയാപറമ്പ്	V	1967	1
3.	ഗവ: ആയുർവ്വേദ ഡിസ്പ്പൻസറി	IV	1990	4

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും പ്രവർത്തനം ലഭിക്കുന്നില്ല. ആരോഗ്യ സംരക്ഷണ രംഗത്ത് മരുന്നുകളോളമോ ഒരുവേള അതിലധികമോ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. ഫീൽഡ് വർക്കർമാരുടെ പ്രവർത്തകന്മാരോടൊപ്പം സന്നദ്ധ സേവനം ചെയ്യുവാൻ കഴിയുന്ന ആളുകളെ പങ്കെടുപ്പിച്ച് ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തണം. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ജനങ്ങൾക്കുള്ള വിമുഖത എടുത്ത് പറയേണ്ടതാണ്. ഡോക്ടർമാരുടെ എണ്ണത്തിന് അനുസൃതമായി യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കണം.

കക്കൂസ്

കൂടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുക. ഈ ശുചീകരണ പ്രവർത്തനത്തിൽ പ്രധാനമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 1636 വീടുകളിൽ നിലവിൽ കക്കൂസുകൾ ഇല്ല. ഇതിനാൽ വിരശല്യം, വയറിളക്കം, തുടങ്ങിയ രോഗങ്ങൾ താരതമ്യേന കൂടുന്നതായി കണ്ടു വരുന്നു. 1995-96 വർഷത്തെ കണക്ക് പ്രകാരം പഞ്ചായത്തിൽ 324 ജലജന്യ രോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ആരോഗ്യ സ്ഥാപന സർവ്വേ

പട്ടിക II. A പകർച്ചവ്യാധി വിവരങ്ങൾ

നമ്പർ	വർഷം	ജലജന്യരോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1.	1993-94	259	5812	48
2.	1994-95	204	9346	30
3	1995-96	324	11644	43



പട്ടിക II. B

വർഷം	ഔട്ട് പേഷ്യന്റ്	വാത രോഗം	പകർച്ചവ്യാധി	തൊക്ക് രോഗം	മറ്റുള്ളവ	ആകെ
1992-93	12782	586	298	102	11796	12782
1993-94	18436	482	99	115	17530	18436
1994-95	20175	382	237	85	19575	20175
1995-96	26392	732	368	322	24972	26392

ഗ്രാമ സഭകളുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ കണുന്നവിധം സംഗ്രഹിക്കാം.

	തടസ്സകാരണം	പരിഹാരം
1	സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താം.
2	കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലും	പൊതുവായി സേഫ്റ്റി ടാങ്ക്, കക്കൂസ് ഇവ നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
3	ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ	ആരോഗ്യ ബോധവൽക്കരണത്തിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യപ്രവർത്തകരെ ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ചർച്ചാ ക്ലാസ്സുകൾ ഫീൽഡ് പബ്ലിസ്റ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ വീഡിയോ പ്രദർശനങ്ങൾ ഇവ സംഘടിപ്പിക്കുക.

ഭൂപ്രകൃതി അനുസരിച്ച് തീര സമതലമായതിനാൽ E.S.P. ടൈപ്പ് കക്കൂസുകൾ ഉപയോഗപ്രദമല്ല. ഇത് ഉപേക്ഷിച്ച് ബന്ധവസായ കക്കൂസുകൾ പണിയാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.

പരിസര ശുചിത്വം

വ്യവസായ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പരിസര മലിനീകരണം ഗുരുതരമായ പ്രശ്നമല്ല. പരിസര മലിനീകരണത്തെ കുറിച്ച് ഗൗരവപരമായ ചർച്ച ഗ്രാമസഭയിൽ ഉയർന്നു വന്നു. ശുചീകരണ രംഗത്ത് ഇന്നുള്ള പോരായ്മകളെകുറിച്ച് ഗ്രാമസഭകളിൽ ഉയർന്ന് വന്ന ആഭിപ്രായങ്ങളും പരിഹാര ക്രമങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താം.

പ്രശ്നങ്ങൾ

വിരിപ്പു നിലങ്ങൾ വെട്ടി കുഴിയാക്കുന്നതിനാലും, തൈകൂനയും ചിറയും പിടിക്കുന്നതിനാലും ജലം ഒഴുകി പോകുവാൻ സംവിധാനം ഇല്ലാത്തതിന്റെ ഫലമായും പാടശേഖരങ്ങൾ തരിശിടുന്നതിന്റെ ഫലമായും പായൽ വളരുകയും മലിനജലങ്ങൾ കെട്ടികിടക്കുന്നതിന് ഇടവരുകയും ചെയ്യുന്നു. കുളങ്ങളിൽ പായൽ വളർന്ന് ജലം മലിനപ്പെടുന്നു. 2,4.വാർഡിന്റെ വടക്കേ അതിരിൽ കൂടിയുള്ള റോഡ് സൈഡിലും അംബേദ്കർ കോളനിയിലെ പഞ്ചായത്ത് പുറംപോക്ക് ഭൂമിയിലും മലമൂത്ര വിസർജനം ചെയ്യുന്നത് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു തോടുകളുടെ തീരങ്ങളിൽ വൃക്ഷങ്ങളുടെ ശിഖരങ്ങൾ ആറ്റിലേക്ക് വളർന്ന് നീരൊഴുക്ക് തടസ്സപ്പെടുന്നത് മൂലം നദീജലം മലിനപ്പെടുന്നു.

പരിഹാരങ്ങൾ

വിരിപ്പ് നിലങ്ങൾ നികത്തുന്നത് നിയമപരമായി തടസ്സപ്പെടുത്തിയും ജലം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഒരുക്കിയും പാടശേഖരങ്ങൾ കൃഷി ഇറക്കിയും കുളങ്ങൾ കാലാകാലങ്ങളിൽ സംരക്ഷിച്ചും നദീ ജലം നിരൊഴുക്ക് സംരക്ഷിച്ചും തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നത് നിയമപരമായി തടഞ്ഞും ഇതിനുള്ള പൊതു സംവിധാനം ഒരുക്കിയും കൊതുക് നിവാരണ പ്രവർത്തനം ശക്തിപ്പെ



ടുത്തിയും പ്രശ്നങ്ങൾ പരിഹരിക്കാം.

എട്ട് വാർഡുകളിലും ചപ്പ് ചവറുകൾ കൂനകൂട്ടി ഇടുന്ന സംവിധാനം ഉണ്ട്. ഇത് മലിനീകരണത്തിന് ഇടവരുത്തുന്നു. ചപ്പ് ചവറുകൾ കത്തിച്ച് കളയുന്ന പ്രവർത്തനം സംഘടിപ്പിക്കുക.

വർഷകാലത്തും വരൾച്ചകാലത്തും പഞ്ചായത്തിൽ പകർച്ച വ്യാധികൾ മൂലം ഉള്ള രോഗങ്ങൾ പിടിപ്പെടുക സാധാരണമാണ്. ഇതിനെതിരായി കിണറുകളിൽ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുക് നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം. ആരോഗ്യ ശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സംഘടിപ്പിച്ച് പ്രശ്ന പരിഹാരത്തിന് ശ്രമിക്കണം. ഈച്ചകളും കൊതുകുകളും വളരുന്നതിനുള്ള സൗകര്യം ഉണ്ടാകുന്ന രീതിയിൽ ചപ്പ് ചവറുകൾ കൂട്ടിയിടുന്ന നടപടി അവസാനിപ്പിച്ച് ഇതിനെ ഫലപ്രദമായി തടയുവാൻ കഴിയണം അടുക്കള അവശിഷ്ടങ്ങളും ചപ്പ് ചവറുകളും കമ്പോസ്റ്റ് ആക്കി മാറ്റിയാൽ അടുക്കള തോട്ടത്തിന് വളമായി ഉപയോഗിക്കാം. ഒപ്പം പരിസരം ശുചിയായി സൂക്ഷിക്കുവാനും മലിനജലം കെട്ടികിടക്കുന്നത് ഒഴിവാക്കുവാനും പദ്ധതി തയ്യാറാക്കുക. കൊതുകിന്റെ കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിക്കുക, ഫോഗിംഗ് നടത്തുക തുടങ്ങിയ കൊതുക് നശീകരണ പദ്ധതി ഫലപ്രദമാക്കുക. സന്നദ്ധ പ്രവർത്തനത്തിന് ആളുകളെ സംഘടിപ്പിച്ച് ഉദ്യോഗസ്ഥന്മാരുമായി സഹകരിച്ച് പ്രവർത്തനം സംഘടിപ്പിക്കുക.

പഞ്ചായത്ത് തലത്തിൽ തുടർന്ന് നടത്തേണ്ട പ്രധാന നിർദ്ദേശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1. പി.എച്ച്.സി. ഒരു കമ്മ്യൂണിറ്റി സെന്ററായി ഉയർത്തുക.
2. പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനവും വ്യായാമവും വർദ്ധിപ്പിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. പഞ്ചായത്തിലെ ഭൂപ്രകൃതിയും സ്ഥിതിയും പരിശോധിച്ച് ആധുനിക സംവിധാനത്തോട് കൂടിയ ഒരു ശ്മശാനം നിർമ്മിക്കുക.
4. പഞ്ചായത്ത് അതിർത്തിയിലെ രക്തദാനം ചെയ്യുവാൻ സന്നദ്ധയുള്ളവരുടെ നേതൃത്വത്തിൽ രക്ത പരിശോധന നടത്തി മറ്റ് ജനങ്ങൾക്ക് രക്തം കൊടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി വയ്ക്കുക. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക.
5. പ്രായമുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
6. ചികിത്സാ രംഗത്ത് ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സാരംഗത്ത് രോഗികളുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരം ലഭിക്കുവാൻ രോഗം വേഗം നിർണ്ണയിച്ച് രോഗ നിർണ്ണയം വേഗത്തിൽ പരിഹരിക്കുവാൻ കഴിയും ഇതിനുവേണ്ടി സന്നദ്ധ പ്രവർത്തകരെയും ഉദ്യോഗസ്ഥന്മാരെയും ഉപയോഗിച്ച് പ്രവർത്തനം സംഘടിപ്പിക്കുക.
7. പി.എച്ച്.സി. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
8. ആരോഗ്യ ഉപകേന്ദ്രത്തിൽ കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം പണിയുക. 5-ാം വാർഡ് സബ് സെന്റർ പുതുക്കി പണിയുക.
9. നിയമങ്ങളിലെ ഇന്നുള്ള പോരായ്മകൾ പരിഹരിക്കുക.
10. പാരമ്പര്യ വൈദ്യശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
11. ലഹരിയുള്ള വസ്തുക്കൾക്ക് എതിരായുള്ള കൃാമ്പേനുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം ശക്തിപ്പെടുത്തുക.
12. കൊതുക് നിവാരണ പ്രവർത്തനം ശക്തിപ്പെടുത്തുക.

പഞ്ചായത്തിലെ ആരോഗ്യവും സ്ഥിതി വിശേഷവും

സ്ഥാപനങ്ങൾ

1-ാം വാർഡിൽ ഒരു പി.എച്ച്.സി., 3-ാം വാർഡിൽ അംഗനവാടിയിൽ ബന്ധപ്പെടുത്തി പ്രവർത്തിക്കുന്ന ഒരു സബ് സെന്റർ, 4-ാം വാർഡിൽ ഒരു ആയുർവ്വേദ ഹോസ്പിറ്റൽ, 5-ാം വാർഡിൽ ഒരു സബ് സെന്റർ എന്നിവ പൊതുമേഖലയിലും, 4-ാം വാർഡിൽ ഒരു അലോപ്പതി ക്ലിനിക്കും ഒരു ആയുർവ്വേദ മരുന്ന് വിൽപ്പന കേന്ദ്രവും ഒരു ഹോമിയോ ക്ലിനിക്കും, ഒരു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രവും, 5-ാം വാർഡിൽ ഒരു ഹോമിയോ ക്ലിനിക്ക്, 7-ാം വാർഡിൽ അലോപ്പതി ക്ലിനിക്കും, ഒരു ഹോമിയോ ക്ലിനിക്കും, 8-ാം വാർഡിൽ ഒരു ഹോമിയോ ക്ലിനിക്കും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു.

കാണപ്പെടുന്ന രോഗങ്ങൾ

പനി, വയറിളക്കം, ദന്തരോഗം, ചൊറി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ചെങ്കണ്ണ്, ചർദ്ദി, ഹൃദ്രോഗങ്ങൾ, ക്യാൻസർ, വാതരോഗങ്ങൾ എന്നീ രോഗങ്ങൾ കാണപ്പെടുന്നു.

പ്രവർത്തനം വിലയിരുത്തൽ

ഇന്നുള്ള ജീവനക്കാരുടെ പ്രവർത്തനം പൊതുവെ തൃപ്തികരം. 24 മണിക്കൂറും പി.എച്ച്.സി. യിൽ സേവനം ലഭ്യമാക്കണം. ആവശ്യത്തിന് മരുന്നു ലഭ്യമല്ല. സബ്സെന്ററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. പ്രതിരോധ കുത്തിവയ്പ് നടത്താറുണ്ട്. ആരോഗ്യക്ലാസ്സ് നടക്കുന്നുണ്ടെങ്കിലും എല്ലാ ജനങ്ങളും അറിയുന്നില്ല.

മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. മരുന്നുകൾ ലഭ്യമാക്കുക. ആവശ്യത്തിനു വേണ്ട പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുക. ആശുപത്രി വികസന സമിതി കാര്യക്ഷമമാക്കുക. പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക. പ്രൈമറി ഹെൽത്ത് സെന്ററിൽ പണി തീർത്ത വാർഡിന് വേണ്ടിയുള്ള കെട്ടിടത്തിൽ ഉപകരണങ്ങളും സ്റ്റാഫിനെയും അനുവദിച്ച് പ്രവർത്തനക്ഷമം ആക്കുക. 5-ാം വാർഡിലെ സബ് സെന്ററിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക. 3, 6 വാർഡുകളിലെ സബ് സെന്റർ പ്രവർത്തനം സ്വന്തമായി കെട്ടിടം പണിത് അവിടേക്ക് മാറ്റുക. ആയുർവ്വേദ ഹോസ്പിറ്റലിന് സ്വന്തമായി കെട്ടിടം പണിത് പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തുക. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയും ഒരു ദന്ത ഹോസ്പിറ്റലും ആരംഭിക്കുക. പുകവലി, മദ്യപാനം ഇവയ്ക്ക് എതിരായി ഹെൽത്ത് ക്ലബ്ബുകൾ സംഘടിപ്പിച്ച് ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കി വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുക. ഗൃഹ സന്ദർശനം ശക്തിപ്പെടുത്തുക. 2, 6, 8 വാർഡുകളിൽ സബ് സെന്ററിന്റെ പ്രവർത്തനം ലഭ്യമാക്കുക. ആരോഗ്യ സ്ഥാപനങ്ങൾ നിർമ്മിക്കുവാൻ 3, 6 വാർഡുകളിൽ സ്ഥലം സൗജന്യമായി നൽകാം എന്ന് അഭിപ്രായം ഉയർന്ന് വന്നിട്ടുണ്ട്.

10 ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

ആവലംബം - ഗ്രാമ സഭാ റിപ്പോട്ടുകളും, പഞ്ചായത്തിൽ നിന്നും മറ്റും ലഭ്യമായ അനുബന്ധ രേഖകളും

ചെറുതന പഞ്ചയത്ത് പ്രദേശം തികച്ചും അവികസിത മേഖലയാണ്. ഇതിന് എട്ടു വാർഡുകളും 14.25 ച കി. മി. വിസ്തീർണ്ണവുമാണുള്ളത്. കർഷകരും കർഷക തൊഴിലാളികളും അധിവസിക്കുന്ന ഈ പഞ്ചായത്തിലെ മുഖ്യ ഉപജീവന മാർഗ്ഗം കൃഷിതന്നെ

ആറുകളാലും തോടുകളാലും സ്പിൽവേ ലീഡിംഗ് ചാനൽ കൊണ്ടും ഈ പഞ്ചായത്ത് പ്രദേശം പല ഭാഗങ്ങളായി വേർതിരിക്കപ്പെടുന്നു. ഇങ്ങനെ വേർതിരിക്കപ്പെടുന്നവെങ്കിലും വാർഡുകളെ തമ്മിൽ കൂട്ടിയിണക്കുന്ന യാത്രാ സൗകര്യം കടത്തുവള്ളങ്ങളാണ്. ഒരു പാലം പോലും ഈ പഞ്ചായത്തിലെ മെയിൻ റോഡുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് ഈ പ്രദേശത്ത് ഇല്ല എന്നുള്ളത് ഈ പഞ്ചായത്തിന്റെ വികസനത്തെ പൂർണ്ണമായും മങ്ങൽ ഏൽപ്പിച്ചിരിക്കുകയാണ്.

പൂർണ്ണമായും ആറുകളാലും തോടുകളാലും സ്പിൽ വേ ലീഡിംഗ് ചാനൽ ഹേതുവായും ഈ പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ആറാം വാർഡ് അഞ്ച് ഭാഗങ്ങളായി വേർതിരിഞ്ഞ് പ്രത്യേകം പ്രത്യേകമായി നിലകൊള്ളുന്നു. മോട്ടോർ വാഹനങ്ങൾ ഇന്നുവരെ ഈ വാർഡിൽ കടന്ന് ചെന്നിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നു. പ്രായമായ മുത്തശ്ശിമാരിൽ മോട്ടോർ വാഹനം കണ്ടിട്ടില്ലാത്തവരായി ആരൊക്കെയോ ഉണ്ടെന്ന് അറിയുമ്പോൾ ഭൂമി ശാസ്ത്ര പരമായി ഈ പ്രദേശത്തിന്റെ കിടപ്പ് വ്യക്തമാകുമല്ലോ.

ഈ പഞ്ചായത്തിലെ 2, 3, 4, 8, 7 ന്റെ ഒരു ചെറിയ ഭാഗം എന്നിവ അച്ചൻകോവിൽ ആറിന്റെ തെക്കേകരയിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്ത് ടാർ ചെയ്ത റോഡും വാഹന ഗതാഗതവും നിലവിലുണ്ട്. 19 ബസ്സുകൾ ഇതു വഴി സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിന്റെ 1, 5, 6, 7 എന്നീ വാർഡുകളിൽ ഈ സർവ്വീസുകൾ സ്പർശിക്കുന്നില്ലാത്തമൂലം ടി വാർഡിലുള്ള ആളുകൾക്ക് വളരെ ക്ലേശങ്ങൾ ദൈനംദിനം ജീവിതത്തിൻ അനുഭവപ്പെടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

ഈ പഞ്ചായത്തിന്റെ 1, 5, 7 എന്നീ വാർഡുകളെ പരസ്പരം ബന്ധിപ്പിച്ചു കൊണ്ട് പായിപ്പാട് കണ്ണഞ്ചേരി റോഡ് 8 മീറ്റർ വീതിയിൽ പഞ്ചായത്തിൽ നിന്നും നിർമ്മിക്കുകയും മാടശ്ശേരി ഭാഗം വരെ ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്ണ്ട് ഇതിനിടയിൽ മാലിയിൽ കടവിൽ പാലം നിർമ്മിച്ചാൽ ചെയ്താൽ ടി വാർഡുകളിൽ കൂടി വാഹനങ്ങളും ബസ്സുകളും സർവ്വീസ് ആരംഭിക്കുവാൻ കഴിയും. ആറാം വാർഡിൽ ഗതാഗതം ആതീവ ദുഷ്കരമാണ്. പാടശേഖരങ്ങളുടെ ബണ്ടിൽ കൂടിയും മറ്റും നടന്ന് ദൈനംദിന ആവ്ശ്യങ്ങൾക്കുള്ള ഗതാഗതം നടത്തുന്നു. ഈ ഭാഗത്ത് നിന്നും ബസ് യാത്ര നടത്തുന്നതിന് മൂന്ന് നാല് കി. മി. കാൽനടയായി യാത്ര ചെയ്തുവെങ്കിൽ മാത്രമെ ബസ്റൂട്ടിൽ എത്തുകയുള്ളു. ചെക്കിടിക്കാട് - ഹരിപ്പാട് എന്ന ഒരു റോഡ് രൂപപ്പെട്ട് വരുന്നുണ്ട്. ഈ റോഡിന്റെ ഭാഗമായി പാണ്ടിയിൽ കിഴക്ക് വശത്തുകൂടി സ്പിൽവേ ലീഡിംഗ് പാനലിന്റെ വടക്ക് വശത്ത് നിന്നും വടക്കോട്ട് ചെറുതന പഞ്ചായത്തിന്റെ അതിർത്തി വരെ 8 മീറ്റർ വീതിയിൽ റോഡ് തീർന്നിട്ടുണ്ട്. ടി റോഡ് കിളത്തി ടാർ ചെയ്യുകയും സ്പിൽവേ, വെട്ടുകുളഞ്ഞികടവ്, ഓനന്താട്ടുമാലികടവ് ആയാഹറമ്പ് കടവ് എന്നിവിടങ്ങളിൽ പാലം പണി പൂർത്തിയാക്കുകയും ചെയ്തിട്ടില്ല ഇതിന്റെ പൂർത്തീകരണം കൊണ്ട് ഈ പഞ്ചായത്തിൽ ഗതാഗതത്തിൽ ഒരു നവോത്ഥാനം

തന്നെയുണ്ടാകുമെന്നും പാണ്ടി നിവാസികളുടെ ചിര കാല സ്വപ്നം സാക്ഷാത്കരിക്കുമെന്നും പ്രതീക്ഷിക്കാ വുന്നതാണ്.

ചെറുതന കടവിലും ആയാപറമ്പ് കടവിലും സർവ്വീസുകൾ ആരംഭിക്കുകയും അവസാനിക്കു കയും ചെയ്യുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യുന്ന തിനോ യഥേഷ്ടം തിരിക്കുന്നതിനോ മതിയായ സൗക ര്യമില്ല എന്നുള്ളത് ഈ രംഗത്തെ പരാധീനതയായി അവശേഷിക്കുന്നു. 5, 6, 7 എന്നീ വാർഡുകളിൽ പമ്പ യാറ്റിൽ കൂടെ ബോട്ടുകൾ സർവ്വീസുകൾ നിലവിലു ണ്ടായിരുന്നത്. ഭാഗികമായി മാത്രമേ ഓടുന്നുള്ളൂ. ഉള്ള ബോട്ട് ജെട്ടികൾ തകരാറിലാണ്.

ഗതാഗതത്തിന്റെ ഭാഗമായി തീരദേശ റെയിൽവേയും ഈ പഞ്ചായത്തിന്റെ 2, 3, 4, 8, എന്നീ വാർഡുകളിൽ കൂടെ കടന്ന് പോകുന്നു. പ്രധാനമായി ട്ടുള്ള നാല് റെയിൽവേ ക്രോസ്സുകളിൽ ഒന്നിനും ഗേറ്റില്ല. ഇങ്ങനെ അനേകം പ്രശ്നങ്ങൾ അവശേഷി ക്കുന്നു.

ചെറുതന പഞ്ചായത്തിൽ നിലവിലുള്ള ഗതാ ഗത സൗകര്യത്തെ അവലോകനം ചെയ്യുമ്പോൾ P.W.D. യുടെ അധീനതയിലുള്ള 6.610 കി. മി. ഉൾപ്പടെ 10.95 കി. മി. ടാർചെയ്ത റോഡും എം.എൽഎ. യുടെ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടിയായിട്ടുള്ള ആയാപറമ്പ് കടവ് വെട്ട്കുളഞ്ഞി റോഡ് 1.800 കി. മി. മീറ്റർ ഉൾപ്പടെ 22.918 + 1.800 = 24, 718 കി. മി. ഗ്രാവൽ റോഡും 8.135 കി. മി. മൺറോഡും ഉൾപ്പടെ 43.803 കി. മി. റോഡുണ്ട്.

ടാർ ചെയ്തിട്ടുള്ള റോഡുകളുടെ പട്ടിക 1

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥാ വകാശം	നീളം	വീതി	ബസ് യാത്രാ സൗകര്യം
1.	ശാസ്താമുറി മങ്കുഴി റോഡ്	P.W.D.	2.800	8 മീ.	ഉണ്ട്
2.	അഖിൻചുവട് – ആയാപറമ്പ് കടവ് റോഡ്	P.W.D.	1.250	8 മീ.	ഉണ്ട്.
3.	പരുവയിൽ മുക്ക് – ചെറുതനകടവ്	P.W.D.	1.560	8 മീ	ഉണ്ട്
4.	ആനാരി പള്ളി മുക്ക് മുതൽ കടവ് വരെ	പഞ്ചായത്ത്	1.700	8 മീ	ഇല്ല
5.	മംഗലശ്ശേരി മുക്ക് മുതൽ തെക്കോട്ട്	പഞ്ചായത്ത്	.500	8 മീ	ഇല്ല
6.	മീനത്തേൽ മുക്ക് മാലിയിൽ കടവ്	പഞ്ചായത്ത്	0.400	8 മീ	ഇല്ല
7.	മാലിയിൽ കടവ് മുതൽ കണ്ണഞ്ചേരി വരെ	പഞ്ചായത്ത്	1.350	8 മീ.	ഇല്ല
8.	കുറ്റിയിൽമുക്ക് മുതൽ കിഴക്കോട്ട്	പഞ്ചായത്ത്	.390	8 മീ.	ഇല്ല

പട്ടികയിൽ കാണുന്ന റോഡുകളിൽ PWD റോഡുകളിൽ കൂടി ബസ് സർവ്വീസുകൾ നടക്കു ന്നുണ്ട്. ബസ് സർവ്വീസുള്ള റോഡുകളുടെ മെയിന്റ്നൻസ് യഥാസമയം നടക്കാത്തത് കൊണ്ട് റോഡുകൾ കുണ്ടും കുഴിയുമായി തീരുന്നുണ്ട്. റോഡു കളുടെ സൈഡിൽ ഓടയ്ക്കുള്ള ഏർപ്പാടുകൾ ഇല്ലെ ന്നുള്ളതു വെള്ളം കെട്ടിനിൽക്കാനും റോഡ് പൊളിഞ്ഞു പോകുവാനും ഇടയാക്കുന്നുണ്ട്. വാഹന ഗതാഗതമുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ യഥാ സമയം തന്നെ നടത്തുന്നതിന് കഴിയണം.

വളരെ പരിമിതമായി മാത്രം റോഡു സൗകര്യം ഉണ്ടായിരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് പൊതു ജന സൗകര്യത്തെ മാനിച്ച് കൊണ്ട് കുറെ റോഡുകൾ ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞ ടാർ ചെയ്ത റോഡുകൾ കഴിഞ്ഞാൽ മെറ്റൽ ചെയ്ത് കിടക്കുന്ന റോഡുകൾ ഇപ്പോഴില്ല. നിലവിലുള്ള ഗ്രാവൽ റോഡുകളിൽ മെറ്റൽ ചെയ്ത് ടാർ ഇടേണ്ട റോഡുകൾ ഉണ്ട്. എർത്തേൺ റോഡുകളിൽ പലതും ഗ്രാവൽ ചെയ്തു സഞ്ചാരമാ ക്കേണ്ടവയും കച്ചാറോഡുകൾ ആവശ്യത്തിനു വീതിയും കിളരവും വരുത്തി ഗ്രാവൽ ചെയ്യുകയും, ഇനിയും യാത്രാ സൗകര്യങ്ങളില്ലാത്ത ഭാഗങ്ങളിൽ



പുതിയ കച്ചാറോഡുകൾ ഉണ്ടാകേണ്ടതായും ഇരിക്കുന്നു. ഇതിനെല്ലാം ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽ കൂടി ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക 2

നിലവിലുള്ള റോഡുകളെ പറ്റി അവലോകനം ചെയ്യുമ്പോൾ പഞ്ചായത്തിന്റെ മുഖമായ്ക്കു തന്നെ പുതിയ പരിവേഷം ഉണ്ടാകുവാൻ കഴിയുന്നതും പല പഞ്ചായത്തുകളിൽ കൂടി കടന്ന് പോകുന്നതും അടിയന്തിര വികസനം അർഹിക്കുന്നതുമായ റോഡുകൾ താഴെ ചേർക്കുന്നു. ഈ റോഡുകളുടെ വികസനം സംസ്ഥാന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 9-ാം പദ്ധതി കാലത്ത് ചെയ്തു തീർക്കുവാൻ കഴിയണം.

1. ചെറുതന പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടി കിടക്കുന്ന ഹരിപ്പാട് ചെക്കിടിക്കാട് റോഡ്. ഈ റോഡിന്റെ ഭാഗമായി 6-ാം വാർഡിൽ പാണ്ടി കിഴക്കുവശത്ത് സ്പിൽവേ ലിഡിംഗ് ചാനൽ മുതൽ നന്നാട്ടുമാലി കടവുവരെ 8 മീറ്റർ വീതിയിൽ പഞ്ചായത്ത് റോഡ് നിർമ്മിച്ചിട്ടുണ്ട്. ഈ റോഡിന് ആവശ്യമായ വികസനവും, പ്രധാനമായുണ്ടാകേണ്ട 3 പാലങ്ങളും സ്ഥാപിച്ച് തകഴി - എടത്വാ പഞ്ചായത്തുകളുമായി കൂട്ടിയിണക്കുക.

2. പായിപ്പാട് - കണ്ണങ്കേരി റോഡ്. ഈ റോഡും പഞ്ചായത്തിൽ നിന്നും ടാർ ചെയ്തു സഞ്ചാര സൗകര്യമാക്കിയിരിക്കുന്നു. ഈ റോഡിൽ മാലിയിൽ കടവിൽ പാലവും ചെറുതന കരുവാറ്റാ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കണ്ണങ്കേരിക്കടവിൽ ഒരു പാലവും നിർമ്മിച്ച് 47-ാം നമ്പർ ദേശീയ പാതയിൽ മുട്ടിക്കുന്ന തോടുകൂടി വളരെ കുറഞ്ഞ ദൂരത്തിൽ ആലപ്പുഴ ചെങ്ങന്നൂർ മുതലായ അനേകം പട്ടണങ്ങളുമായി ബന്ധപ്പെടുവാനും ബസ്സു സർവ്വീസുകൾ നടത്തുവാനും സാധിക്കുന്നതാണ്.

പട്ടിക 2 യിൽ ചേർത്തിട്ടുള്ള ടാർ ചെയ്ത് റോഡുകൾക്കു പുറമെ ആയാപറമ്പ് മുതൽ വെട്ടുകുളഞ്ഞിവരെ എത്തുന്ന 1.800 കി. മീറ്റർ നീളമുള്ള റോഡ് P.W.D. യ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതും ആയത് എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തി വികസനവും ടാർ ഇടിൽ ഉൾപ്പടെ നടപടിയിൽ ആയിട്ടുണ്ട്.

ഇതു കൂടതെ നിലവിലുള്ള റോഡുകളിൽ താഴെ പറയുന്ന റോഡുകൾക്ക് വീതിയും കിളരവും വരുത്തി ടാറിംഗ് നടത്തേണ്ടതാണ്.

പട്ടിക 3

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട നീളം കി. മി.	വീതി മീറ്റർ
1	1	ചെറുതന കടവ് കൂടകുത്തുംകുളം റോഡ്	1.800	4 മീറ്റർ
2	2, 4	രണ്ടും നാലും വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് വള്ളിയിൽമുക്ക് മുതൽ കിഴക്കോട്ട് ആയാപറമ്പ് വരെ	0.500	4 മീ.
3	2,4	വെള്ളാശ്ശേരി മുക്ക് മുതൽ കിഴക്കോട്ട് പുതുമനമുക്കുവരെ	0. 0.204	3
4	3	ചക്കുരേത്ത് മണച്ചിറകടവു വരെ	0.700	6
5	3, 4	ആലുംചുവട് പഞ്ചായത്താഫീസ് റോഡ്	0.300	6
6	5	കൊച്ചു കന്യാട്ടുകുളങ്ങര മാതിരമ്പള്ളി ജട്ടി	0.173	4
7	6	വെട്ടുകുളഞ്ഞി നന്നാട്ട്മാലി റോഡ്	1.800	8
8	7	ചുക്രത്തിൽ പടിഞ്ഞാറുവശം മുതൽ ആനാരി കടവുവരെ	0.450	8
9	6	പുത്തൻ തുരുത്തു കാഞ്ഞിരം തുരുത്ത് റോഡ്		



വിപുലീകരണം ഉൾപ്പടെ ആവശ്യമായ മെയിന്റ നൻസ് നടത്തിയാത്രാസൗകര്യം വർദ്ധിപ്പിക്കേണ്ട റോഡുകളുടെ പട്ടികയാണ് താഴെ നാലാമതു ചേർക്കു ന്നത്. ഈ വിഭാഗത്തിൽ ധാരാളം റോഡുകൾ ഉൾപ്പെ ടുന്നുണ്ട്. 6 വാർഡുകളിലെയും ഗ്രാമസഭകൾ ഇക്കാ ര്യത്തിൽ ചർച്ച ചെയ്ത് രൂപീകരിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാവൽ റോഡുകൾ അത്യാവശ്യമായി വീതി കൂട്ടുകയും. ആവശ്യമെങ്കിൽ കിളരം വരുത്തുകയും അത്യാവശ്യമുള്ള സ്ഥാനത്ത് കലുങ്കുകൾ സ്ഥാപിക്കുകയും ചെയ്തു വിപുലീകരി ക്കുകയുമാണ് നിർദ്ദേശം.

പട്ടിക 4

വിപുലികരണവും മെയിന്റനൻസും വേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1.	1	പാലത്തിങ്കൽ കിഴക്കുവശത്ത് നിന്നും കിഴക്കോട്ട് തോട് വരെ	300 മീ.	4 മീ.
2.	1	ലക്ഷംവീട് കോളനിയിലുള്ള റോഡ്	400 മീ.	5 മീ.
3	1	ചെമ്പകത്ത് വടക്കുവശം മുതൽ ആറു വരെ	75	3
4	1	പാലത്തിങ്കൽ തെക്കുവശം മുതൽ കോടുകുളഞ്ഞി പടിഞ്ഞാറു വശം വരെ	700	2.5
5	1	മാടശ്ശേരി മുക്ക് മുതൽ കൊപ്പാറ ആറു വരെ	300	3.5
6	1	കുടിയങ്കാട് മുക്ക് മുതൽ പാലത്തറ വരെ	350	3.0
7	1	മുളങ്കാട്ടിൽ മുക്ക് മുതൽ കൊപ്പാറ ആറു വരെ	300	3.0
8	1	ഇല്ലത്തു ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കുന്നേൽ മുക്ക് വരെ	250	3.0
9	2	പൂരവഴിഞ്ഞിയിൽ മുക്ക് മുതൽ കക്കാട്ട് മുക്ക് വരെ	1280	4.0
10	2	നെല്ലിപറമ്പ് തെക്കുവശം മുതൽ പടിഞ്ഞാറോട്ട് നല്ലൂർ കിഴക്ക് വശത്തു കൂടി കാനകയിൽ വരെ	1 Km	5.0
11	2	കാനകയിൽ കിഴക്കുവശം മുതൽ കിഴക്ക് റോഡ് വരെ	150	4.0
12	2	ആമ്പക്കാട്ട് കോളനി റോഡ്	138	2.0
13	3	തോട്ടങ്കര മുക്ക് മുതൽ തെക്കോട്ടുള്ള റോഡ് വരെ	300	4.0
14	3	പഞ്ചായത്ത് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് മാണികശ്ശേരി കടവ് വരെ	1 Km	4.0
15	3	ചക്കുരേത്ത് മുക്ക് മുതൽ പടിഞ്ഞാറോട്ട് തിരുനെല്ലിൽ കിഴക്കു വശം വരെ	750	4.0
16	3	ടി റോഡിൽ നിന്നും പടിഞ്ഞാട്ട് കോളനിയിലേക്കുള്ള റോഡ്	300	-
17	3	കണ്ണോത്ത് തെക്കുവശം മുതൽ തെക്കോട്ട് കണ്ടശ്ശാംമൂട് വരെ	350	3.5
18	3	വെള്ളൂർ കിഴക്കുവശത്തു നിന്നും കിഴക്കോട്ടുള്ള റോഡ്	300	3.0
19	3	പുത്തൻപുരയിൽ തെക്കുവശത്ത് നിന്നും തെക്കോട്ട് പരുവയിൽ മുക്ക് വരെ	300	3.0
20	3	കളത്ര പടിഞ്ഞാറ് വശത്തു നിന്നും കാവനാട്ടു കിഴക്കുവശം വരെ	300	3.0
21	4	ആയാപറമ്പ് റോഡിൽ നിന്നും പടിഞ്ഞാട്ട് മഠത്തിൽ ഭഗവതി ക്ഷേത്രം വഴി വെള്ളൂർ കിഴക്കുവശം വരെ 204 3.0		

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
22	4	ആയാപറമ്പ് റോഡിൽ നിന്നും പുതുക്കുളങ്ങര ക്ഷേത്രം വഴി വള്ളിയിൽ തെക്കുവശം വരെ		
23	4	തളിയിൽ തെക്കുവശത്തു കൂടി കിഴക്കോട്ട് കുണ്ടുത്ത് പടിഞ്ഞാറു വശം വരെ	300	3.0
24	4	വട്ടപറമ്പിൽ വടക്കുവശത്തു കൂടി പടിഞ്ഞാറോട്ടുള്ള റോഡ്	80	2.0
25	4	ആലംപുള്ളിൽ തെക്കുവശത്തു കൂടി കിഴക്കോട്ട് തോടുവരെ	400	3.0
26	4	ലക്ഷംവീട് കോളനിയിലെ റോഡ്	160	3.0
27	4	ആയാപറമ്പ് കടവിൽ നിന്ന് ചെറുതന കടവിലേക്കുള്ള റോഡ്	500	4.0
28	5	വേളൂർ മുക്ക് മുതൽ പടിഞ്ഞാട്ട് പാലത്തിങ്കൽ കിഴക്കു വശം വരെ	400	2.0
29	5	കൊച്ചുകന്യാട്ടു കുളങ്ങര - മാതിരംപ്പള്ളി വല്യപ്പള്ളം റോഡ്	173	4.0
30	5	മുണ്ടറ്റിങ്കൽ പെരുമാങ്കര റോഡ്	250	3.0
31	5	മുടീക്കുഴി റോഡ്	400	3.0
32	5	വേളൂർ കോളനി റോഡ്	200	2.5
33	5	കളരിയ്ക്കൽ വടക്കുവശത്തു കൂടി പെരുമാങ്കരവരെ	70	2.0
34	6	പുത്തൻ തുരുത്ത് മുതൽ പോച്ച വരെയുള്ള റോഡ്	200	3.0
35	6	കാഞ്ഞിരം തുരുത്ത് ദേവസ്വം തുരുത്ത് റോഡ് (അംഗനവാടി വരെ)	500	4.0
36	7	ആനാരി പ്രതിഭാ ജംഗ്ഷൻ മുതൽ തെക്കോട്ട് അംഗൻവാടി വഴി ആനാരി കടവ് റോഡ്	400	3.0
37	7	ചുക്രത്തിൽ പടിഞ്ഞാറ് വശം മുതൽ തെക്കോട്ട് ആറ്റുകടവ് വരെയുള്ള റോഡ്	450	8.0
38	7	പുത്തൻതുരുത്ത് ചില്ലാകേരി റോഡ്	100	3
39	7	വെങ്കിട ചിറ റോഡ്	228	3.0
40	7	പൂവപ്പള്ളി താമരച്ചാലിൽ റോഡ്	150	3.0
41	7	കൊട്ടിപ്പാട്ട് മുക്ക് മുതൽ കിഴക്കോട്ട്	400	3.0
42	7	പാണുരേത്ത് മുക്ക് മുതൽ ആറ്റുകരവരെ	500	3.0
43	7	കടിയമ്പള്ളിമുക്ക് മുതൽ ചെറുകര വരെ	400	4
44	7	തിരവനശ്ശേരിൽ പടിഞ്ഞാറുവശം മുതൽ മണക്കാടം പള്ളിവരെ	100	2.5
45	7	കോഴിക്കുഴി മുതൽ വട്ടടിചിറവരെ	100	3.0
46	7	ആനാരികടവ് മുതൽ വാരോലിൽ വരെ	250	3.0
47	8	പടനിലത്ത് പടിഞ്ഞാറ് വശത്തുകൂടി വടക്കോട്ട് ഹരിജൻ കോളനി വരെ		
48	8	കുറ്റിശ്ശേരിൽ വടക്കുവശത്തുള്ള ഇടവഴി		
49	8	ബ്രഹ്മാനന്ദവിലാസം സ്കൂളിന് തെക്കുവശം കിഴക്കോട്ട് കരീങ്ങമൺ വാക്കയിൽ വരെ	350	3.0

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
50	8	പള്ളിമുക്ക് മുതൽ കിഴക്കോട്ടുള്ള വഴി	330	3.0
51	8	പടനിലത്ത് മുക്ക് മുതൽ തൃപ്പക്കുടം ക്ഷേത്രം വരെ	450	5.0
52	8	മഠനാക്കുളങ്ങര തെക്കുവശത്തു കൂടി കിഴക്കേ തോടു വരെ	248	3.0
53	8	വാലുപറമ്പിൽ തെക്കുവശത്തുകൂടി മൂപ്പിൽ വടക്കുവശം വരെ	300	3.0
54	8	കുറ്റിശ്ശേരി മുക്ക് മുതൽ കാഞ്ഞിരംപറമ്പ് കിഴക്കുവശം	450	4.0
55	1	മീനത്തേൽ ജംഗ്ഷൻ മുതൽ പായിപ്പാട് കണ്ണഞ്ചേരി റോഡ് വരെ	200	3.0

പുതിയതായി യാത്രാ സൗകര്യം ഉണ്ടാകേണ്ടതും എന്നാൽ ഇപ്പോൾ നടവഴിയായി ഉപയോഗിച്ചു കൊണ്ടിരുക്കുന്നതുമായ നടപ്പാതകളുടെ നിർമ്മാണം സംബന്ധിക്കുന്ന വാർഡ് തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു

പട്ടിക 5

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്
1.	1	കടിയങ്കാട്ടു പുതുവലിൽ നിന്നും ചെറുതന റോഡിലെത്തുന്നതിന്
2.	1	പടിപ്പുരയ്ക്കൽ വടക്കുവശത്തു കൂടി പടിഞ്ഞാറെ ആറ്റു തീരം വരെ
3.	1	ചെമ്പകത്ത് വടക്കുവശം മുതൽ പടിഞ്ഞാറോട്ട് ആറു വരെ
4.	1	കണ്ണഞ്ചേരി ഭാഗത്തു നിന്നും ആറ്റുതീരത്ത് കൂടി ചെറുതന കടവ് വരെ
5.	1	മുളങ്കാട്ടിൽ മുക്ക് മുതൽ തെക്കോട്ട് ആറ്റുതീരം വരെ
6.	1	ചെറുതന മെയിൻ റോഡിൽ നിന്ന് കുന്നേൽ വടക്കുവശത്തു കൂടി പടിഞ്ഞാട്ട്
7.	2	പറത്തറ കോളനിയിലേക്കുള്ള വഴി
8.	2	ചെമ്പകശ്ശേരിൽ വടക്കുവശത്തു കൂടി പോത്തനോടി വരെയുള്ള റോഡ്
9.	3	വെട്ടുവേലി ക്ഷേത്രത്തിനു കിഴക്കുവശത്തുകൂടി തെക്കോട്ടുള്ള നടപാത
10.	3	പനന്തിട്ട ഭാഗത്തു നിന്നും തെക്കോട്ട് മുട്ടാണശ്ശേരിൽ തെക്കുവശം വരെ
11.	4	ആയാപറമ്പ് പറത്തറ കോളനിയിലേക്ക് ഒരു പൊതു വഴി
12.	4	വെളിയത്ത് തെക്കുവശത്ത് കൂടിയുള്ള വഴി
13.	5	മുണ്ടാറ്റുങ്കൽ പെരുമാങ്കര റോഡ്
14.	5	മാതിരംപ്പള്ളി വലിയപ്പള്ളം നടപാത
15.	5	മാലിയിൽ കടവ് മുതൽ വടക്കോട്ട് ബണ്ട് വഴി ബോട്ട് ജെട്ടി വരെ
16.	5	കുമ്പളം ചിറ ഇടക്കൊച്ചി വഴി
17.	5	ആയാപറമ്പ് ഹെൽത്ത് സബ് സെന്ററിന്റെ വടക്കുവശത്തു കൂടി കിഴക്കോട്ട്
18.	6	പാണ്ടി കാട്ടാംക്കോട്ട് തോടിനു പടഞ്ഞാറു വശത്തുകൂടി ബോട്ട് ജെട്ടിയിൽ എത്തുന്ന വഴി
19.	6	ചെറുതുരുത്തിൽ കൂടി കിഴക്കോട്ട് അറ്റുവക്കിൽ കൂടിയുള്ള വഴി
20.	6	പാണ്ടി L.P. സ്കൂളിന് കിഴക്കുവശം മുതൽ പാണ്ടിപള്ളി വരെയുള്ള റോഡ് വീതി കൂട്ടുക

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്
21.	6	പുത്തൻ തുരുത്ത് അംബേദ്കർ കോളനി റോഡ് നിർമ്മിക്കുക
22.	6	പുത്തൻ തുരുത്ത് മുതൽ കന്നുചാലിൽ പുതുവൽ അംഗൻവാടി വരെ
23.	6	മണ്ണാംതുരുത്ത് മുതൽ കിഴക്കേപോച്ച വരെ നിലവിലുള്ള യാത്രാ സൗകര്യം മെച്ചമാക്കുക
24.	6	പടിഞ്ഞാറെ പോച്ച തെക്കേയറ്റം മുതൽ വടക്കോട്ട് പാടശേഖരത്തിന് ചുറ്റും
25	6	നാലുചിറയിൽ പടിഞ്ഞാറ് വശം മുതൽ കാഞ്ഞിരംപറമ്പ് വരെയും തോട്ടുവേലി മുക്ക് മുതൽ തണ്ടപ്ര വരെയും യാത്രാസൗകര്യം ഉണ്ടാക്കുക
26.	6	എഴുപത്തഞ്ചിൽ ചിറ മുതൽ വെട്ടുകുളഞ്ഞിവരെ സഞ്ചാര സൗകര്യമാക്കുക
27.	6	ചെങ്ങാരപ്പള്ളി ചിറ അംബേദ്ക്കാർ കോളനി യാത്രാ സൗകര്യം മെച്ചപ്പെടുത്തുക
28.	6	നിലവിൽ വഴിയായി ഉപയോഗിക്കുന്ന ഈ വാർഡിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ഗ്രാവൽ ചെയ്ത് യാത്രാ സൗകര്യമുണ്ടാക്കുക
29.	7	വീയപുരം ഹൈസ്കൂൾ മുക്ക് മുതൽ വെങ്കിടചിറ വഴി നെയ്യത്തേരി വരെ റോഡ് രൂപപ്പെടുത്തുക (വീയപുരം പഞ്ചായത്ത് സഹകരിച്ച്)
30.	7	പാത്തോടി ചിറ - എൻപതിൽചിറ വഴി സൗകര്യമാക്കുക
31.	8	പടനിലത്ത് മുക്കിൽ നിന്നും ഹരിജൻ കോളനിയിലേക്ക് വഴി നിർമ്മിക്കുക
32.	8	ചാങ്ങയിൽ പറമ്പിൽ കിഴക്കേവശത്തുള്ള 15 വീട്ടുകാർക്ക് ഒരു വഴി ഉണ്ടാക്കുക
33.	7	ആനാരി കടവുമുതൽ നെടിയാറേ കിഴക്കുവശം വരെ
34.	7	മാലിക്കടവ് മുതൽ നെടിയാറ കിഴക്കുവശം വരെ
35.	7	മാലിക്കടവ് മുതൽ ഓറ്റതെങ്ങിൽചിറ വരെ
36.	7	മീനത്തേതൽ കിഴക്കുവശം മുതൽ ലക്ഷം വീട് വരെ
37.	7	പാലത്തറ കോളനിയിലേക്കുള്ള റോഡ്
38.	3	ചിന്നാട്ട് കിഴക്കുവശം മുതൽ കുട്ടാറ ജംഗ്ഷൻ വരെ
39.	5	കുറ്റിയിൽ ഭാഗത്തു നിന്നും തെക്കോട്ടും വടക്കോട്ടും ഉള്ള വഴി
40.	5	ആയാപറമ്പ് ന്യൂ U.P.S. ന്റെ വടക്ക് വശത്തുകൂടി കിഴക്കോട്ടുള്ള വഴി
41.	6	തോട്ടുവേലിൽ കടവ് മുതൽ പടിഞ്ഞാട്ട് പുത്തൻ പറമ്പ് വരെ
42.	2	ചെറുതന കടവ് മുതൽ പടിഞ്ഞാറോട്ട് മണലേൽ പടിഞ്ഞാറുവശം വരെ

റോഡ് വികസനത്തോട് അനുബന്ധിച്ച് അത്യാവശ്യമായി ഉണ്ടാകേണ്ട പാലങ്ങൾ കലുങ്കുകൾ എന്നിവയും താഴെ പട്ടികയിൽ പെടുത്തുന്നു.

പട്ടിക 6

ഒന്നാം വാർഡിൽ പെറുതന കുടകുത്തും കളം

1. റോഡിന്റെ മദ്ധ്യത്തിൽ പാലത്തിങ്കൽ ഭാഗത്തുള്ള കലുങ്ക് വിപുലമാക്കുക.

രണ്ടാം വാർഡിൽ കുളഞ്ഞിയിൽ മുക്ക് മുതൽ കക്കാട്ട് മുക്ക് വരെയുള്ള റോഡിൽ കോമല്ലി വയലിൽ നിന്നും

2. പടിഞ്ഞാട്ട് വെള്ളമൊഴുകുന്ന കലുങ്ക് സ്ഥാപിക്കുക
3. വള്ളിയിൽ ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുള്ള റോഡിൽ പുതുകുളങ്ങര വടക്കു വശത്തും, കിഴക്കു വശത്തും ഓരോ കലുങ്കുകൾ പണിയുക.
4. മൂന്നാം വാർഡിൽ വെള്ളൂർ കിഴക്കുവശം മുതൽ കിഴക്കോട്ട് ആയാപറമ്പ് വരെയുള്ള റോഡിൽ മഠത്തിൽ ഭഗവതി ക്ഷേത്രത്തിന്റെ കിഴക്കുംഭാഗത്ത്

ഒരു കലുങ്കും റോഡില്ലാത്ത ഭാഗത്ത് റോഡും തയ്യാറാക്കുക.

5. ചെറുതന പഞ്ചായത്ത് ആഫീസ് ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് മുട്ടാണ്ണിശ്ശേരി തെക്കുവശം വരെയുള്ള റോഡിൽ ഒരു കലുങ്ക് സ്ഥാപിക്കുക.

6. തളിയിൽ തെക്കുവശത്തു കൂടി കിഴക്കോട്ടുള്ള റോഡിൽ വിരിപ്പ് നിലങ്ങളുടെ മദ്ധ്യത്തിൽ നിലവിലുള്ള കുഴലിനു പകരം കലുങ്ക് സ്ഥാപിക്കുക.

7. ആലംമ്പള്ളിൽ തെക്കുവശത്തുകൂടി കിഴക്കോട്ടുള്ള റോഡിൽ ആവശ്യമായ സ്ഥാനത്ത് കലുങ്ക് സ്ഥാപിക്കുക.

8. 7-ാം വാർഡിൽ പാഞ്ഞുരേത്ത് തെക്കുവശത്തു കൂടിയുള്ള റോഡിൽ പാഞ്ഞുരേത്ത് കിഴക്ക് വശത്ത് ഒരു കലുങ്ക് സ്ഥാപിക്കുക.

9. കടിയപ്പള്ളി ചെറുകര റോഡിൽ ഒരു കലുങ്ക് സ്ഥാപിക്കുക.

10. ആനാരി കടവിൽ നിന്നും വടക്കോട്ട് പായിപ്പാട് കണ്ണഞ്ചേരി റോഡിൽ എത്തുന്ന റോഡിൽ ആവശ്യമായ സ്ഥാനത്ത് കലുങ്ക് സ്ഥാപിക്കുക.

11. 6-ാം വാർഡിൽ പുത്തൻ തുരുത്തു ഭാഗത്ത് 6, 7 വാർഡുകൾ ബന്ധിപ്പിക്കുന്ന ഒരു പാലം.

12. ചെങ്ങരപ്പള്ളി ചിറ - ചില്ലാക്കേരി ഭാഗത്ത് 6, 7 വാർഡുകളെ ബന്ധിപ്പിക്കുന്ന ഒരു പാലം.

13. ചെങ്ങളത്തുപോച്ച - അംബേദ്ക്കർ കോളനി റോഡിൽ ഒരു പാലം

14. സ്വാമിപോച്ച ഭാഗത്ത് ഇടത്വ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഒരു പാലം.

15. കാഞ്ഞിരംതുരുത്ത് ഭാഗത്ത് തകഴി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഒരു പാലം

16. പോച്ചയിൽ അംഗനവാസിയുമായി ബന്ധിപ്പിക്കുന്ന ഒരു ചെറിയ ഫുട്ട് ബ്രീഡ്ജ്

17. പടിഞ്ഞാറെ പോച്ച ഭാഗത്തുള്ള വഴിയിലേക്ക് പാണ്ടിപള്ളിയും വടക്ക് വശത്തുകൂടി ഒരു പാലം

18. പാണ്ടി കാട്ടാര കോട്ടത്തോട്ടിൽ വെട്ടുകുളഞ്ഞി ഭാഗത്ത് ഒരു പാലം

19. തങ്ങാപ്ര ഭാഗത്തു നിന്നും പടിഞ്ഞാട്ട് തകഴി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഒരു പാലം

20. 8-ാം വാർഡിൽ ബ്രഹ്മാനന്ദ വിലാസം സ്കൂളിന് തെക്കുവശത്തുള്ള റോഡിൽ വെച്ചോലിൽ ഭാഗത്ത് ഒരു കലുങ്ക്

21. 7, 4, എന്നീ വാർഡുകളെ ബന്ധിപ്പിച്ച് കൊണ്ട് മുറിയോടി തോട്ടിൽ കലുങ്ക്

22. ഇലവുനാദം പള്ളിവാതുക്കൽ തോട്ടിൽ ചെട്ടിയാവള്ളം തുല വൃന്ദാതം ഭാഗത്ത് കലുങ്ക്

23. കൊടകുത്തും കുളത്തിലേക്കുള്ള വഴിയിൽ ഫുട്ട് ബ്രിഡ്ജുകൾ സ്ഥാപിക്കുക.

24. 1-ാം വാർഡ് പാലത്തിങ്കൽ കിഴക്ക് വശം മുതൽ കിഴക്കോട്ട് ആയാപറമ്പ് വേളൂർ തെക്കുവശം വരെയുള്ള റോഡിൽ കലുങ്ക്

25. 6-ാം വാർഡിൽ ദേവസ്വം തുരുത്ത് കാഞ്ഞിരം തുരുത്ത് ഭാഗങ്ങളെ കൂട്ടിയിണക്കുന്ന ഒരു കലുങ്കും

പായിപ്പാട് കണ്ണഞ്ചേരി റോഡിലെ പാലങ്ങളും ഹരിപ്പാട് ചെകിടിക്കാട് റോഡിൽ ഉണ്ടാകേണ്ട പാലങ്ങളും പട്ടികരങ്ങിൽ പെടുത്തിയിട്ടുള്ളതു കൊണ്ട് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പട്ടികയിൽ ക്രമ നമ്പർ 14, 15, 19 എന്നിവ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് തലത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്.

നിലിവലുള്ള റോഡുകൾക്ക് ഓടയില്ലാത്തത് കൊണ്ട് വെള്ളം കെട്ടി നിന്ന് എല്ലാവിധത്തിലുള്ള റോഡുകൾക്കും നാശ നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ട് ഇത് പരിഹരിക്കുവാൻ പ്രധാന റോഡുകൾക്ക് ഇരുവശവും ഓടകെട്ടി ജലനിർഗമന സൗകര്യം ഉണ്ടാക്കേണ്ടതാണെന്നുള്ള ഗ്രാമസഭാ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശവും പരിഹാരത്തിനായി ചേർത്തിരിക്കുന്നു മേലിൽ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുമ്പോൾ ഓടയുടെ സൗകര്യം പ്രത്യേകം പരിഗണിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

ഗ്രാമ സഭയിൽ ഉയർന്നു വന്ന മറ്റ് അടിയന്തിര ആവശ്യങ്ങൾ

തീരദേശ റയിൽവേ കടന്നു പോകുന്ന ചെറുതന പഞ്ചായത്തിന്റെ 2, 3, 4, 8 എന്നീ വാർഡുകളിൽ പ്രധാനമായുള്ള ഗണപതിയാകുളങ്ങര വെണ്ടൂർ കിഴക്കുവശം ആലുചുവടിനു തെക്കുവശം, ബ്രഹ്മാനന്ദ വിലാസം സ്കൂളിന് സമീപം എന്നിങ്ങനെ 4 റയിൽവേ ക്രോസുകൾ ഗേറ്റു സ്ഥാപിച്ച് അതു വഴിയുള്ള എല്ലാവിധ ഗതാഗതവും സുരക്ഷിതമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ജലഗതാഗതത്തെ സംബന്ധിച്ച്

ഈ പഞ്ചായത്തു പ്രദേശത്തുകൂടി കോട്ടയം മാന്നാർ ബോട്ടുസർവീസുകൾ ഉണ്ടായിരുന്നത് നിർത്തിവെച്ചിരിക്കുകയാണ്. ഇത് പുന:സ്ഥാപിക്കുന്നതിനും പായിപ്പാട് നെടുമുടി ഇടത്വാ റൂട്ടിൽ ഷട്ടിൽ

സർവ്വീസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

നിലവിലുള്ള പാണ്ടിജട്ടി അംബേദ്കർ ജട്ടി പടിഞ്ഞാറെ പോച്ച ജട്ടി എന്നിവ പുതിക്കി പണിയുന്നതിനും പടപടിയുണ്ടാക്കണം.

കൂടാതെ പെരുമങ്കര മാടശ്ശേരി ഭാഗം പാണുകേരി ഭാഗത്തും ഓരോ പുതിയ ബോട്ടു ജെട്ടികൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ജലഗതാഗതത്തിന് തടസ്സമായി ഈ പഞ്ചായത്തിൽ പെട്ട കാഞ്ഞിരംതുരുത്തിന് തെക്കുവശം എഴുപത്തി അഞ്ചിൽ ഭാഗത്തും 7-ാം വാർഡിൽ കോഴിക്കുഴി ഭാഗത്തും അടിഞ്ഞ് കൂടി കൊണ്ടിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ജലഗതാഗതം സുഗമമാക്കുകയും ചെയ്യുക.

ചെങ്ങാട സർവ്വീസും കടത്തുവള്ളവും

ഇപ്പോൾ പഞ്ചായത്തിൽ നിന്നും അനുവദിച്ച് നടത്തി കൊണ്ടിരിക്കുന്ന കടത്തുവള്ളങ്ങളുടെ സേവനം വളരെ ശോചനീയമാണ്. ഈ താൽക്കാലിക കടത്തുകൾക്ക് പകരം സ്ഥിരമായി കടത്തു സർവ്വീസുകൾ സ്ഥാപിച്ച് കൃഷിക്കാർക്കും മറ്റ് യാത്രക്കാർക്കും യാത്രാ സൗകര്യം ഉറപ്പു വരുത്തേണ്ടതാണ്.

വെട്ടുകുളഞ്ഞിയിലും പെരുതുരുത്ത് ഭാഗത്തും കടത്തുവള്ളങ്ങൾക്ക് പകരം ചങ്ങാടം സ്ഥാപിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ സഭാ റിപ്പോർട്ടുകളും പഞ്ചായത്ത് തലത്തിലുള്ള അനുബന്ധ രേഖകളും അവലംബമാക്കി തയ്യാറാക്കിയ ഈ റിപ്പോർട്ട് 9-ാം പഞ്ചവത്സര പദ്ധതിയിൽ മുൻ ഗണനാക്രമം അനുസരിച്ച് നടപ്പാക്കുവാനായി തയ്യാറാക്കിയിട്ടുള്ളതാകുന്നു.

പുതിയ റോഡുകളുടെ നിർമ്മാണത്തിനും മറ്റ് റോഡുകളുടെ മെയിന്റനൻസിനും ഗ്രാമ വാസികളുടെ ശ്രമദാനവും സാമ്പത്തിക സഹായവും ഗ്രാമസഭ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

ചെറുതന പഞ്ചായത്തിൽ നിലവിലുള്ള റോഡിന്റെ വിവരങ്ങൾ വാർഡ് തിരിച്ച് പട്ടികയായി ഇതിൽ ചേർത്തിട്ടുള്ളതാകുന്നു.

പട്ടിക 7

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ. അവലംബം – പഞ്ചായത്ത് റോഡ് രജിസ്റ്റർ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി	ഇനം
1.	1	ചെറുതന കടവു മുതൽ കുടക്കുത്തം കളം വരെ	1800 മീ.	4 മീ.	ഗ്രവൽഡ്
2.	1	ലക്ഷംവീട് കോളനിയ്ക്കുള്ള റോഡ്	400 മീ.	5 മീ.	ഗ്രാവൽഡ്
3	1	പുത്തൻപുരയ്ക്കൽ പടിഞ്ഞാറ് വശം മുതൽ ചെമ്പകത്തു മുക്കു വരെ	75	3	ഗ്രാവൽഡ്
4	1	കടിയങ്കാട്ടിൽ മുക്ക് മുതൽ പാലത്തറ വരെ	350 മീ.	3 മീ.	ഗ്രാവൽഡ്
5	1	മുളങ്കാട്ടിൽ മുക്കു മുതൽ കൊപ്പാറ വരെ	300 മീ.	3 മീ.	ഗ്രാവൽഡ്
6	1	മാടശ്ശേരി മുക്ക് മുതൽ കൊപ്പാറ ആറു വരെ	300 മീ.	3.5 മീ.	ഗ്രാവൽഡ്
7	1	പാലത്തിങ്കൽ തെക്ക് വശം മുതൽ കോടുകുളഞ്ഞി പടിഞ്ഞാറ് വശം വരെ	700 മീ.	2.5 മീ.	ഗ്രാവൽഡ്
8	1	ഇല്ലത്തു ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കുന്നേൽ മുക്ക് വരെ	250	3.0	ഗ്രാവൽഡ്
9	1	എർത്തേൻ റോഡ് പാലത്തിങ്കൽ കിഴക്ക് വശം മുതൽ മീനത്തേ തോടുകൾ	300 മീ.	4.0 മീ.	എർത്തേൻ
10	1	മീനത്തേൽ മുക്ക് മുതൽ കൈനിക്കേരി പടിഞ്ഞാറ് വശം വരെ	300 മീ.	3.0 മീ.	എർത്തേൻ



ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി	ഇനം
11	1	പടിപ്പുരയ്ക്കൽ വടക്കുവശം മുതൽ കട്ടകുഴി പടിഞ്ഞാറ് വശം വരെ	300 മീ.	2.0 മീ.	എർത്തേൺ
12	1	വേണാട്ടു വടക്കുവശം മുതൽ പടിഞ്ഞാറോട്ട് മംഗലത്തു വടക്കുവരെ	450 മീ.	2.5 മീ.	എർത്തേൺ
		ഗ്രാവൽഡ്			
13	2	മങ്കുഴി പാലത്തിന് തെക്കുവശമുള്ള അപ്രോച്ച് റോഡ്	153 മീ.	4.0	ഗ്രാവൽഡ്
14	2	പുരവഴത്തി മുക്ക് മുതൽ റെയിൽ വേ ക്രോസ് വരെ	1200 മീ.	4.0 മീ.	ഗ്രാവൽഡ്
15	2	കക്കാട്ടുമുക്ക് മുതൽ റെയിൽവേക്രോസ് വരെ	80 മീ.	4 മീ.	ഗ്രാവൽഡ്
16.	2	വെള്ളാശ്ശേരി മുക്ക് മുതൽ പുതുവന വരെ	204 മീ.	3.0 മീ	ഗ്രാവൽഡ്
17.	2	വള്ളിയിൽ മുക്ക് മുതൽ വള്ളിപറമ്പ് വരെ	500 മീ.	2 മീ.	ഗ്രാവൽഡ്
18	2	ആമ്പക്കാട്ട് കോളനിയിലേക്കുള്ള വഴി	138 മീ.		
19	2	കാനകയിൽ മുക്ക് മുതൽ നല്ലൂർ വഴി നെല്ലിപറമ്പിൽ മുക്ക് വരെ	1000 മീ.	5.0 മീ.	ഗ്രാവൽഡ്
20	2	മങ്കുഴി പാലത്തിന് വടക്കുവശമുള്ള അപ്പ്രോച്ച് റോഡ്	150 മീ.	3.0 മീ.	ഗ്രാവൽഡ്
		എർത്തേൺ			
21.	2	ചക്കാല കിഴക്കതിൽ മുക്ക് മുതൽ തെക്കോട്ട്	120 മീ.	2.5 മീ.	എർത്തേൺ
22.	2	നമ്പി പറമ്പ്മുക്ക് മുതൽ മങ്ങാട്ട് വടക്കുവശം വരെ	125 മീ.	2.0 മീ.	
23.	2	കണ്ണോലിൽ കോളനിയിലെ റോഡ്	120 മീ.	2.5 മീ.	
		ഗ്രാവൽഡ്			
24.	3	ചക്കുരേത്തു മുക്ക് മുതൽ മണച്ചിറ കടവ് വരെ	700 മീ.	6.0 മീ.	ഗ്രാവൽഡ്
25.	3	വെള്ളൂർ മുക്ക് മുതൽ ആയാപറമ്പ് റോഡ് വരെ	300 മീ.	3.0 മീ	ഗ്രാവൽഡ്
26.	3	കണ്ണോത്ത് മുക്ക് മുതൽ കുളങ്ങര മഠം വരെ	250 മീ.	3.0 മീ	ഗ്രാവൽഡ്
27.	3	പുത്തൻപുരയിൽ മുക്ക് മുതൽ തെക്കോട്ടുള്ള റോഡ്	300 മീ.	3 മീ.	ഗ്രാവൽഡ്
28.	3	ആയിക്കാട്ട് മുക്ക് മുതൽ മുല്ലോത്ത് വരെ	70 മീ.	3 മീ.	ഗ്രാവൽഡ്
29.	3	തോട്ടങ്കര മുക്ക് മുതൽ തണ്ടാശ്ശേരി വരെ	300 മീ.	4.0 മീ.	
30.	3	പഞ്ചായത്ത് ആഫീസ് മുതൽ മരണിക്കാശ്ശേരി വരെയുള്ള റോഡ്	1.0 മീ.	4 മീ.	ഗ്രാവൽഡ്
31.	3	ചക്കുരേത്ത് മുക്ക് മുതൽ തിരുനെല്ലിൽ കിഴക്കു വശം വരെ	750	4.0	ഗ്രാവൽഡ്
32.	3	പള്ളിക്കോട്ടിൽ മുതൽ പുളിയിൽ കുന്നേൽ വരെയുള്ള റോഡ്	300 മീ.	4.0 മീ.	ഗ്രാവൽഡ്
		എർത്തേൺ റോഡ്			
33.	3	കളത്രപടിഞ്ഞാറുവശം മുതൽ കാവനാടു വരെ	300 മീ.	3 മീ.	എർത്തേൺ.



ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി	ഇനം
34.	4	കുറ്റിയിൽമുക്കു മുതൽ തേവരോടത്തുവരെ	390 മീ.	4 മീ.	ഗ്രാവൽഡ്
35.	4	പഞ്ചായത്താഫീസ് ജംഗ്ഷൻ മുതൽ ആലും ചുവടുവരെ	300 മീ.	4 മീ.	ഗ്രാവൽഡ്.
36.	4	മാമ്പഴക്കാടുമുതൽ കിഴക്കോട്ട്	290 മീ.	4 മീ.	ഗ്രാവൽഡ്.
37.	4	തളിയിൽ മുക്കുമുതൽ കുഞ്ഞേത്തു മുക്കുവരെ	300 മീ.	3 മീ.	ഗ്രാവൽഡ്.
38.	4	ആയാപറമ്പ്ലക്ഷംവീടുകോളനി റോഡ്	160 മീ.	3 മീ.	ഗ്രാവൽഡ്.
39.	4	കന്യേപ്പുഴക്കൽ മുതൽ തണ്ടാശ്ശേരിവരെ	245 മീ.	3.5 മീ.	ഗ്രാവൽഡ്.
40.	4	ആലമ്പള്ളിൽ മുക്കുമുതൽ ചാഞ്ചുംതയ്യ്ക്കൽ വരെ	400 മീ.	3 മീ.	ഗ്രാവൽഡ്.
41.	4	വട്ടപ്പറമ്പ്മുക്കുമുതൽ പുത്തൂർ വരെ	80 മീ.	2 മീ.	ഗ്രാവൽഡ്.
42.	4	ആയാപറമ്പു കടവുമുതൽ ചെറുതനകടവുവരെ	500 മീ.	4 മീ.	ഗ്രാവൽഡ്.
43.	4	വെളിയത്തുതെക്കുവശംമുതൽ പടിഞ്ഞാട്ട് നേത്യാപറമ്പിൽ കിഴക്കുവശം വശം വരെ	150 മീ.	3 മീ.	ഗ്രാവൽഡ്.
44.	4	ചാങ്ങയിൽ തെക്കുവശം മുതൽ കിഴക്കോട്ട് പുത്തൻപുരയി മുക്കുവരെ 120 മീ. 3 മീ. ഗ്രവൽഡ്.			
45.	5	വേളൂർ കോളനി മുതൽ നെടുൻതാനത്തുവരെ	90 മീ.	2.5 മീ.	ഗ്രാവൽഡ്
46.	5	കൊച്ചുകന്യാട്ടുകുളങ്ങര മുതൽ മാതിരം പള്ളി വഴിയപഞ്ചായത്തു കോളനി വരെയുള്ള റോഡ്	173 മീ.	4 മീ.	ഗ്രാവൽഡ്
47.	5	കന്യാട്ടുകുളങ്ങരമുതൽ നെറിയാറത്തോടുവരെ	324 മീ.	3.5 മീ.	ഗ്രാവൽഡ്
48.	5	വട്ടപറമ്പിൽ മുതൽ പടിഞ്ഞാട്ട് ചുടലയിൽ വരെയുള്ള ഭാഗം	80 മീ.	2.5 മീ.	ഗ്രാവൽഡ്
49.	5	വെട്ടുകുളഞ്ഞിമുതൽ കിഴക്കോട്ട് മുടിക്കുഴി വരെ	400 മീ.	3 മീ.	എർത്തേൺ
50.	5	മുണ്ടാറ്റിങ്കൽ മുതൽ ലീഡിംഗ് ചാനൽ വരെ	250 മീ.	3 മീ.	എർത്തേൺ
51.	5	മാതിരം പള്ളിമുതൽ ചിറയിൽ പടിഞ്ഞാറുവശം വരെ	50 മീ.	2 മീ.	എർത്തേൺ
52.	5	കൊച്ചുപുരയ്ക്കൽ മുതൽ നടുവിലേത്തറ വരെ	70 മീ.	2 മീ.	എർത്തേൺ
53.	5	കുമ്പിളഞ്ചിറമുതൽ ഇടക്കൊച്ചിവരെ	100 മീ.	2 മീ.	എർത്തേൺ
54.	5	തൈപ്പറമ്പിൽ തെക്കുവശം മുതൽ പടിഞ്ഞാട്ട് കണ്ണുക്കാട്ടു വരെ	150 മീ.	2 മീ.	എർത്തേൺ
55.	5	വേളൂർ ജംഗ്ഷൻ മുതൽ പാലത്തിങ്കിൽ വരെ	400 മീ.	3 മീ.	എർത്തേൺ
56.	6	വെട്ടുകുളത്തിമുതൽ നന്നാട്ടുമാലി വരെയുള്ള റോഡ്	1.8 മീ.	8 മീ.	എർത്തേൺ
57.	6.	പുത്തൻതുരുത്തുമുതൽ പോച്ച വരെ ജട്ടി	200 മീ.	3 മീ.	എർത്തേൺ
58.	6	കാഞ്ഞിരംതുരുത്തു ജട്ടി മുതൽ അംഗൻവാടിവരെ	500 മീ.	4 മീ.	എർത്തേൺ
59.	7	തിരുമനശ്ശേരി മുതൽ മണക്കാടമ്പിളി വരെ	100 മീ.	2.5 മീ.	
		ഗ്രാവൽഡ്			
60.	7	വെളിയത്തുമുക്കുമുതൽ ലക്ഷം വീടുവരെ	120 മീ.	3 മീ.	ഗ്രാവൽഡ്



ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി	ഇനം
61.	7	വെങ്കിടച്ചിറ റോഡ്	228 മീ.	3 മീ.	ഗ്രാവൽഡ്
62.	7	പുത്തൻ തുരുത്ത് ചില്ലാക്കേരി റോഡ്	1 കി.മി.	3 മീ.	ഗ്രാവൽഡ്
63.	7	ചക്രത്തിൽ മുക്കുമുതൽ ആനാരിക്കടവു വരെ	450 മീ.	8മീ.	ഗ്രാവൽഡ്
64.	7	പാണൂരേത്തുമുക്കുമുതൽ മാന്പുവരെ	400 മീ.	3 മീ.	ഗ്രാവൽഡ്
65.	7	വെങ്കിടച്ചിറയും നെയ്യത്തേരി റോഡ്	700 മീ.	3 മീ.	ഗ്രാവൽഡ്
66.	7	പൂവപ്പള്ളിതാമരച്ചാൽ റോഡ്	150 മീ.	3 മീ.	ഗ്രാവൽഡ്
67.	7	കടിയപ്പള്ളിമുതൽ ചെറുകരവരെയുള്ള റോഡ്	400 മീ.	4 മീ.	ഗ്രാവൽഡ്
68.	7	കൊട്ടിപ്പാട്ടുമുക്കുമുതൽ കിഴക്കോട്ടുള്ളറോഡ്	300 മീ.	3 മീ.	ഗ്രാവൽഡ്
69.	7	നെയ്യത്തേരിമുതൽ ചില്ലാക്കേരിവരെയുള്ള റോഡ്	1.5 മീ.	3 മീ.	എർത്തേൺ
70.	7	കോഴിക്കുഴി മുതൽ വട്ടടിച്ചിറവരെയുള്ള റോഡ്	2 കി.മി.	3 മീ.	എർത്തേൺ
71.	7	പ്രാറ്റേരിമുതൽ എൺപതിൽ ചിറവരെയുള്ള റേഡ്	250 മീ.	3.0 മീ.	എർത്തേൺ
72.	7	ആനാരി കടവ് മുതൽ കിഴക്കോട്ട് വാരോലിൽ കടവ് വരെയുള്ള റോഡ്	250. മീ.	3.0 മീ.	എർത്തേൺ
73	8	മഠനായർ കുളങ്ങര മുതൽമുതൽ			
74	8	ഗ്രാവൽഡ് ആനാരി പള്ളിമുക്ക് മുതൽ കിഴക്കോട്ട് പള്ളിപറമ്പ് വരെയുള്ള റോഡ്	330 മീ.	3.0 മീ.	ഗ്രാവൽഡ്
75	8	വാലുപറമ്പു തെക്കുവശം മുതൽ കിഴക്കോട്ടുള്ള റോഡ്	300 മീ.	3.0 മീ.	ഗ്രാവൽഡ്
76	8	കാക്കകോടിക്കൽ മുതൽ കുണ്ഭത്ത് വരെയുള്ള റോഡ്	310 മീ.	2.5 മീ.	ഗ്രാവൽഡ്
77	8	പടനിലത്തു മുക്ക് മുതൽ തൃപ്പക്കുടം വരെയുള്ള റോഡ്	450 മീ.	5.0 മീ.	ഗ്രാവൽഡ്
78	8	ബ്രഹ്മാനന്ദ വിലാസം എൽ.പി.എസ്. മുതൽ കിഴക്കോട്ട് വാക്കയിൽ മുക്ക് വരെ	350 മീ.	3.0 മീ.	ഗ്രാവൽഡ്
79	8	തേവരോടത്ത് മുതൽ ഇലവുന്താനം വരെയുള്ള റോഡ്	350 മീ.	6.0 മീ.	ഗ്രാവൽഡ്
80	8	കുറ്റിശ്ശേരി മുക്ക് മുതൽ കാഞ്ഞിരം പറമ്പ് വരെയുള്ള റോഡ്	450 മീ.	4.0 മീ.	ഗ്രാവൽഡ്

പഞ്ചായത്ത് വകയും മറ്റ് റോഡുകളും കൃത്യമായി അളന്നു തിട്ടപ്പെടുത്തി കൃത്യമായ നീളം വീതി തുടങ്ങിയ വിവരങ്ങളോട് കൂടിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പല ഭാഗങ്ങളിലും കടന്നു കയറ്റം നടത്തുന്നതായി ഗ്രാമ സഭയിൽ അഭിപ്രായം ഉരുത്തിരിഞ്ഞിട്ടുണ്ട്. റോഡുകൾ സംരക്ഷിക്കുന്നതോടൊപ്പം എവിടെയെങ്കിലും കടന്നു കയറിയതായി ബോദ്ധ്യപ്പെട്ടാൽ അതിന്റെ പേരിൽ നടപടി എടുക്കുവാൻ തക്ക വിധത്തിൽ റോഡുകളുടെ അതിർത്തികൾ അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഊർജ്ജം

അവലംബം-ഗ്രാമസഭാറിപ്പോർട്ടുകളും ദ്വിതീയ വിവരണശേഖരണവും

ചെറുതനപഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി യെത്തിയിട്ട് ഏതാണ്ട് 40 വർഷം തികയുന്നു. രണ്ടു വീടുകളുടെ വൈദ്യുതീകരണവുമായി ചെറുതനപഞ്ചാ



യത്തിൽ പ്രവേശിച്ച വൈദ്യുതിലൈൻ ഇപ്പോൾ ചെറുതനപഞ്ചായത്തിന്റെ എല്ലാവാർഡുകളിലും എത്തിയിരിക്കുന്നു എന്നുള്ളത് നേട്ടങ്ങളുടെപട്ടികയിൽ വരുന്നുവെങ്കിലും 40 വർഷം പിന്നിട്ടിട്ടും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മുഴുവൻ ഗ്രാമവീഥിയിലും വൈദ്യുതിയുടെ പ്രകാശം എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു പോരായ്മയാണ്.

1955-56 വർഷത്തിൽ വൈദ്യുതിയുടെ സഹായത്താൽ റിസാ എന്ന കമ്യൂണിറ്റി ലിസനിംഗ് സെറ്റ് 3 ബാൻഡുകളിൽ മീഡിയം സ്റ്റേഷൻ മാത്രം ക്രമീകരിച്ച് തയ്യാറാക്കി തിരുവനന്തപുരത്തുള്ള പഞ്ചായത്തുഡയറക്ടറുടെ ആഫീസിൽ നിന്ന് കൊൺടുവന്ന് ചെറുതനപഞ്ചായത്താഫീസിന്റെ മുറിയിൽ സ്ഥാപിച്ച് ഉച്ച ഭാഷിണിയിൽ കൂടി മനോഹരവും ഹൃദ്യവുമായ ഗാനശകലങ്ങളും വാർത്താശകലങ്ങളും അലയടിച്ചപ്പോൾ അനുഭവപ്പെട്ട് അനുഭൂതി ഈ പഞ്ചായത്ത് നിവാസികളിൽ ഒരു വിഭാഗമെങ്കിലും ഇന്നും സ്മരിക്കുന്നുണ്ടെന്ന് അനുമാനിക്കാം.

ഇന്ന് വൈദ്യുതിയും അതിന്റെ ഉപയോഗവും നമുക്ക് സുപരിചിതമാണ്. കുറുടോമ്പിലിന്റെയും കുറെകൂടി നേർത്ത ചുവന്ന മണ്ണെണ്ണയുടെയും അതിന്റെ തിരി നാളങ്ങളിൽ നിന്നുയരുന്ന വണ്ണം കുടിയ പുകപടലത്തിൽ നിന്നും ഒരു പരിധി വരെ ജനസമൂഹം മുക്തമായിട്ടുണ്ട്. വൈദ്യുതി നിത്യ ജീവിതത്തിന്റെ പ്രധാന ഘടകമായി മാറിയിരിക്കുന്നു. വൈദ്യുതിയുടെ ക്രമാതീതമായ ഉപയോഗത്തിനനുസരിച്ച് വൈദ്യുതി ഉൽപ്പാദനം ഉയരുന്നില്ലെന്ന് പറയുന്നതോടൊപ്പം ഉപയോഗത്തിൽ മിതത്വം പാലിക്കാനും ഉപഭോക്താക്കൾ തയ്യാറാകുമെങ്കിൽ വൈദ്യുതി ദൗർലഭ്യം ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. ഉപഭോക്താക്കൾ ഈ വഴിക്ക് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇല്ക്ട്രോണിക്ക് ഉപകരണങ്ങളുടെ അമിതമായ വർദ്ധനവും ആധുനിക ഗൃഹോപകരണങ്ങളുടെ ഉപയോഗവും വൈദ്യുതിയുടെ ഉപയോഗത്തെ വർദ്ധിപ്പിക്കുന്നു. ആധുനിക സമൂഹത്തിന് ഇതൊന്നും ഒഴിച്ചുകൂടുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ വളരെ കൂടുതൽ വൈദ്യുതി വേണ്ടിവരുന്ന ഹീറ്റർ, തേപ്പുപെട്ടി എന്നിവയുടെ ഉപയോഗം കുറയ്ക്കുകയും ആവശ്യമില്ലാതെ ഫാനുകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുക ബൾബുകൾ തെളിഞ്ഞു കിടക്കുക തുടങ്ങിയ കാര്യങ്ങളിൽ കുറച്ച് ജാഗ്രത പുലർത്തിയാൽ വൈദ്യുതിയുടെ ഉപയോഗത്തിൽ കുറവ് വരുത്താൻ കഴിയും.

പകൽ സമയത്ത് തെരുവ് വിളക്കുകൾ പ്രകാശിച്ചു കൊണ്ടിരിക്കുന്നതും യാത്രയ്ക്കിടയിൽ കാണുന്നത് അപൂർവ്വമല്ല. ഔദ്യോഗിക മേഖലയിലെ കൃത്യവിലോപത്തിന്റെ ഭാഗമാണിത്. ആഫീസുകൾ അടച്ചിട്ട് പോകുമ്പോൾ ഫാനിന്റെയും ബൾബുകളുടെയും സ്വിച്ചുകൾ ഒന്നു ശ്രദ്ധിച്ചിട്ട് പോയാൽ അങ്ങനെയും വൈദ്യുതി സമൂഹത്തിനു വേണ്ടി ലാഭിക്കുവാനും ദേശിയ നഷ്ടം ഒഴിവാക്കുവാനും സഹായിക്കും.

പഞ്ചായത്തിൽ കത്തുന്ന തെരുവിളക്കിന്റെ കറന്റ് ചാർജ്ജ് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും അടച്ചു കൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ ധനശേഷിയെ ആശ്രയിച്ച് മാത്രമേ തെരുവിളക്കുകൾ അനുവദിക്കുകയുള്ളു. എന്നിരുന്നാലും വരുമാനത്തിൽ പിന്നിലായ നമ്മുടെ പഞ്ചായത്ത് 25 ട്യൂബ് ലൈറ്റുകൾ ഉൾപ്പടെ 237 തെരുവിളക്കുകൾ കത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി കണക്ഷനുകൾ പട്ടിക

1	ഗാർഹികം	-	1382
2	വ്യവസായം	-	20
3	വ്യാപാരം	-	45
4	കാർഷികം	-	40

തെരുവിളക്കുകൾ

1	ട്യൂബ് ലൈറ്റുകൾ	-	25
2	40 വോൾട്ട് ബൾബുകൾ	-	212

ഈ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നതിനായി 11 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 4 എണ്ണം ഹരിപ്പാട്, കരുവാറ്റ, സെക്ഷനുകളുടെ കീഴിലും 7 എണ്ണം തകഴി, എടത്വ, കടപ്ര എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലുമാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ ട്രാൻസ്ഫോർമറുകളുടെ വിതരണ ശേഷിയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ലാത്തത് കൊണ്ട് രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥാനം താഴെ ചേർക്കുന്നു.

1.	ആയാപറമ്പ് വടക്ക്	-	1
2.	ആയാപറമ്പ് തെക്ക്	-	1
3.	ആനാരി കടവിന് തെക്കുവശം	-	1
4.	തുക്കയിൽ ക്ഷേത്രത്തിന് സമീപം	-	1
5.	വലിയപ്പള്ളം ഭാഗത്ത്	-	1
6.	പ്രാറ്റേറി ഭാഗത്ത്	-	1
7.	മടയനാരി ഭാഗത്ത്	-	1
8.	ദേവസ്വം തുരുത്ത് ഭാഗത്ത്	-	1
9.	പാണ്ടിഭാഗത്ത്	-	1
10.	മുടികുഴി ഭാഗത്ത്	-	1
11.	തേവേരി തണ്ടപ്രാ ഭാഗത്ത്	-	1



ഇതിൽ നാലാമത് ചേർത്തതും തൃക്കയിൽ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ളതുമായ ട്രാൻസ്ഫോർമർ ഹരിപ്പാട് പഞ്ചായത്ത് അതിർത്തിയിൽ ആകുന്നു. ഈ ട്രാൻസ്ഫോർമറിൽ നിന്നും ഭാഗികമായി മാത്രമേ ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നുള്ളൂ.

5 മുതൽ 11 വരെയുള്ള ട്രൻസ്ഫോർമറുകൾ പൂർണ്ണമായും പുഞ്ചപാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനും ഭാഗികമായി ഗാർഹിക ആവശ്യങ്ങൾക്കും വൈദ്യുതി വിതരണം ചെയ്യുന്നു.

ഈ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലും എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട് എന്നാൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഉണ്ടെന്നുള്ള വസ്തുത നിലനിൽക്കുന്നു. എന്നിരുന്നാലും ഈ പഞ്ചായത്തിലുള്ള താഴെ പറയുന്ന പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ടെന്നുള്ളതും ആശ്വാസകരമായി നില നിൽക്കുന്നു.

പഞ്ചായത്തിന്റെ എല്ലാ മുക്കിലും മൂലയിലും വൈദ്യുതി എത്തിക്കുവാനുള്ള പരിശ്രമം അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിവരം

ക്രമ നമ്പർ	കോളനികളുടെ പേര്	വാർഡ്
1.	കണ്ണാമ്പി കോളനി	2
2.	പെരുമാങ്കര കോളനി	7
3.	മാതിരംപ്പള്ളി കോളനി	5
4.	മൂന്നാം വാർഡിലുള്ള പഞ്ചായത്ത് കോളനി	3
5.	പനംത്തിട്ട കോളനി	3
6.	പാലത്തറ കോളനി	7
7.	വലിയവള്ളം കോളനി	5
8.	മാടശ്ശേരി കോളനി	1
9.	വേലംപറമ്പ് കോളനി	4
10.	ചാലുംതലയ്ക്കൽ കോളനി	4
11.	പെരുതന ഹരിജൻ സെറ്റിൽമെന്റ് കോളനി	1
12.	വെങ്കിടച്ചിറ കോളനി	77
13	അംബേദ്ക്കർ കോളനി	6

നമ്മുടെ പഞ്ചായത്തിന്റെ എട്ടു വാർഡുകളിൽ നിന്നും ഗ്രാമ സഭയിൽ ഊർജ്ജത്തെ പറ്റി വിശദമായ ചർച്ച നടത്തുകയും അതിൽ കൂടെ രൂപപ്പെട്ടു വന്നതും നിലനിൽക്കുന്നതുമായ ഒട്ടനവധി പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഉണ്ട്
2. വൈദ്യുതീകരിക്കാത്ത വീടുകളും ഗ്രാമ വീഥികളും ഉണ്ട്
3. വൈദ്യുതി ലഭിച്ചിട്ടുണ്ടെങ്കിലും വോൾട്ടേജ് ലഭ്യമല്ല
4. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനേകം വിളക്കുകളും കത്തുന്നില്ല
5. വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തകരാറുകൾ തക്കസമയത്ത് പരിഹരിച്ച് കിട്ടുവാൻ വളരെ കൂടുതൽ ക്ലേശം അനുഭവപ്പെടുന്നു.
6. വൈദ്യുതിയുടെ തകരാറ് ബന്ധപ്പെട്ട് സെക്ഷനുകളിൽ അറിയിക്കാനും പരിഹാരം തേടാനും അനേകം കിലോമീറ്റർ സഞ്ചരിക്കേണ്ടി വരുന്നു.
7. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന 6, 7 എന്നീ വാർഡുകളിലെ വൈദ്യുതി വിതരണ രംഗത്ത്



ബന്ധപ്പെട്ട കടപ്ര, എടത്വ, തകഴി എന്നീ സെക്ഷനുകളിലെ ജീവനക്കാരുടെ സേവനം തക്കസമയത്ത് ലഭിക്കുന്നില്ല. ഈ വക കാര്യങ്ങൾക്കെല്ലാം ശാശ്വതമായ പരിഹാരം ലഭ്യമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു.

1. ഇനിയും വൈദ്യുതി വിതരണം എത്തിയിട്ടില്ലാത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും സമയബന്ധിതമായി ഈ പഞ്ചായത്തിലുള്ള എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ അവിഷ്കരിക്കുകയും ചെയ്യുക.

2. സമയബന്ധിതമായി ഈ പഞ്ചായത്തിലുള്ള എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

3. എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

4. നിലവിലുള്ള തെരുവു വിളക്കുകൾ കൃത്യമായും തെളിയിക്കുന്നതിന് അടയന്തിര നടപടി സ്വീകരിക്കുക.

5. നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ വൈദ്യുതി വിതരണ ശേഷി കുറഞ്ഞവ നീക്കം ചെയ്ത് വിതരണശേഷി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സ്ഥിരമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കുക.

6. ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിന്റെ ചുമതല കരുവാറ്റാ, തകഴി, എടത്വ, കടപ്ര, ഹരിപ്പാട് എന്നിങ്ങനെ 5 ഇലക്ട്രിക്ക് സെക്ഷനുകളാണ് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്.

തന്മൂലം കാർഷിക മേഖലയിലും ഗാർഹിക ഉപഭോക്താക്കൾക്കും ഉണ്ടായികൊണ്ടിരിക്കുന്ന കഷ്ടനഷ്ട്ടങ്ങൾ പരിഹരിക്കുവാനായി ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം ഏതെങ്കിലും ഒരു ഇലക്ട്രിക്ക് സെക്ഷന്റെ കീഴിലാക്കി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി ഉണ്ടാകേണ്ടതാണ്.

7. ചെറുതന പഞ്ചായത്തിന്റെ പ്രത്യേകതകളും തന്മൂലമുള്ള പ്രയോഗിക ബുദ്ധിമുട്ടികളും കണക്കിലെടുത്ത് ഈ പഞ്ചായത്തിന് മാത്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ഉൾപ്പടെ വേണ്ടതായ എല്ലാ സഹായങ്ങളും നാട്ടുകാരിൽ നിന്ന് ലഭ്യമാണ്. ഈ സഹായ സഹകരണം സ്വീകരിച്ച് കൊണ്ട് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിക്കുക.

8. സംസ്ഥാന തല പ്ലാനിംഗ് നടത്തി വൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും വൈദ്യുതിയുടെ ദുർവിനിയോഗം കുറയ്ക്കാൻ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ഗ്രാമ പഞ്ചായത്തിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും സംയുക്ത അഭിമുഖ്യത്തിൽ ആവഷ്കരിക്കുക.

9. ചെറുതന പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറകും വൈദ്യുതിയുമാണ്. പാചകത്തിനും വെളിച്ചത്തിനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കുമായി പ്രധാന ഭാഗവും വിനിയോഗിച്ചിരിക്കുന്നു. ആകെയുള്ള 3173 വീടുകളിൽ ഉയർന്ന സാമ്പത്തിക ശേഷിയുള്ള 11% വീടുകളിൽ മാത്രമേ എൽ.പി.ജി. കണക്ഷൻ നിലവിലുള്ള. പാചക ആവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ % എഴുപത്തഞ്ചാണ് വേണ്ടത്ര മണ്ണെണ്ണ ലഭ്യമല്ലാത്തതിനാൽ അമിതമായ വില നൽകിയും മണ്ണെണ്ണ മേടിക്കുന്ന ചില നാമമാത്ര കുടുംബങ്ങളുമുണ്ട്. മറ്റ് ജൈവ വസ്തുകൾ ഉപയോഗിക്കുന്നവരുടെ ശതമാനം 0.5 ആണ്. തെങ്ങിൽ നിന്നുള്ള വസ്തുക്കൾ ഏകദേശം 30% വരും. പൊതുവിൽ നമ്മുടെ പഞ്ചായത്തിലെ 53% വീടുകളിലും പാചക ആവശ്യത്തിന് വിറക് ഉപയോഗിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ആവശ്യത്തിനുള്ള വിറക് നമ്മുടെ നാട്ടിൽ ലഭിച്ചിരുന്നെങ്കിലും ഇന്ന് വിറകുകളിൽ നല്ലൊരു ശതമാനവും വലിയ വിലനൽകി പുറത്ത് നിന്നും കൊണ്ടുവരുന്നവ ആണ്.

അതുപോലെ തന്നെ നമ്മുടെ മിക്ക വീടുകളിലും പ്രാചീനമായ രീതിയിൽ ഉള്ള കല്ലടുപ്പുകൾ ആണ് നിലവിലുള്ളത്. ഇത് മൂലം ഇന്ധന ചിലവ് വർദ്ധിക്കുകയും ദക്ഷത കുറയുകയും ചെയ്യുന്നു. ഇത് ഉപയോഗിക്കുന്നത് കൊണ്ട് സ്ത്രീകളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. ബഹുഭൂരിപക്ഷം വീടുകളിലും പാചകാവശ്യത്തിന് വിറകാണുപയോഗിക്കുന്നത്.

2. മുൻ കാലങ്ങളിൽ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത് പോലെ വിറകുകൾ സുലഭമായി ലഭിക്കാത്തതിനാൽ വൻവില നൽകി പുറത്ത് നിന്ന് കൊണ്ടുവരുന്നു.

3. പ്രാചീന രീതിയിലുള്ള കല്ലടുപ്പുകൾ ഉപയോഗിക്കുന്നത് കൊണ്ട് സ്ത്രീകൾക്ക് പുകയിൽ നിന്നും



രോചനം ലഭിക്കുന്നില്ല.

സാധ്യതകൾ

1. പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണം നടത്തുക.
2. ദക്ഷത കൂടിയ പരിഷ്കരിച്ച അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുക.
3. പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണ പരിപാടി ആരംഭിക്കുക.

ഗ്രാമസഭയുടെ ചർച്ചകളിൽ കൂടി രൂപപ്പെട്ട ചില വൈദ്യുതീകരണ നിർദ്ദേശങ്ങൾ അടിയിൽ ചേർത്തിരിക്കുന്നു.

1. നിലവിലുള്ള ഗ്രാമ വീഥികളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഭാഗങ്ങളിൽ അടിയന്തിരമായി തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
2. പ്രധാന ജംഗ്ഷനുകളിൽ രാത്രിയിൽ മുഴുവൻ ട്യൂബ് ലൈറ്റുകൾ തെളിയിക്കേണ്ടതാണ്.

ഇതിനുപുറമെ താഴെ പറയുന്ന ഭാഗങ്ങളിൽ പുതിയതായി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ഗാർഹിക കണക്ഷനുകൾക്കുള്ള സൗകര്യം നൽകുകയും ചെയ്യുക.

വാർഡ് 1

കുന്നേൽ കിഴക്കുവശത്തു നിന്നും വടക്കോട്ട് ബണ്ടുവരെ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകളും ആറ്റുകടവിൽ ഒരു ട്യൂബ് ലൈറ്റും സ്ഥാപിക്കുക.

2. നിലവിലുള്ള എല്ലാ റോഡുകളിലും ലൈൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 2

1. കാനകയിൽ കിഴക്കുവശം റോഡിൽ 200 മീറ്ററോളം ലൈൻ വലിച്ച് നിലവിലുള്ള ലൈനുകളെ തമ്മിൽ കൂട്ടിയിണക്കുക.
2. വെള്ളാശ്ശേരി റോഡിൽ ലൈൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുക.
3. നിലവിലുള്ള വള്ളിയിൽ തെക്ക് വശം റോഡിലും പന്തപ്ലാവ് കാനകയിൽ റോഡിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 3

1. ചെറുതന പുതുശ്ശേരി പടിഞ്ഞാറ് വശത്തുകൂടി തെക്കോട്ടുള്ള റോഡിൽ ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക.
2. നിലവിലുള്ളതും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാതതുമായ റോഡുകൾ വൈദ്യുതീകരിക്കുക.

വാർഡ് 4

1. നിലവിലുള്ള വൈദ്യുതീകരിക്കാത്ത റോഡുകൾ വൈദ്യുതീകരിക്കുക.

വാർഡ് 5

1. മുണ്ടാറ്റിങ്കൽ മുതൽ ലീഡിംഗ് ചാനൽ വരെയും
2. ആയാപറമ്പ് കുറ്റിയിൽ മുക്ക് മുതൽ പടിഞ്ഞാട്ടും
3. മാലിയിൽ കടവ് മുതൽ വലിയപള്ളം കോളനിവരെയും
4. മുടിക്കുഴി ഭാഗത്ത് ഉദ്ദേശം 150 മീ. കിഴക്കോട്ടും.
5. മുടികുഴിയിൽ നിന്നും പെരുമാങ്കര കോളനി വരെയും പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ഗാർഹിക കണക്ഷൻ സാധ്യമാക്കുകയും ചെയ്യുക. കൂടാതെ കണ്ണുക്കാട്ട് പടിഞ്ഞാറുവശം ആയാപറമ്പ് ന്യൂ U.P. സ്കൂളിന് കിഴക്കുവശം ഇടകൊച്ചി എന്നിവിടങ്ങളിലും മുണ്ടാറ്റിങ്കൽ നിന്ന് വെട്ടുകുളത്തി കടവു വരെയും ലൈൻ നീട്ടണം.

വാർഡ് 6

ഈ വാർഡിൽ സ്വാമി പോച്ച, ചെങ്ങളത്തു പോച്ച, പാണ്ടി ബോട്ടു ജെട്ടിയുടെ ഭാഗം, പാണ്ടി എൽ.പി. സ്കൂളിന് പടിഞ്ഞാറ് വശം എന്നിവിടങ്ങളിൽ പുതിയ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുകയും സൗകര്യമായ സ്ഥാനങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് 7

1. ആനാരി വടക്കേകരയിൽ നിലവിലുള്ള പോസ്റ്റിൽ നിന്നും 50 മീ. ലൈൻ നീട്ടി ഒരു തെരുവുവിളക്ക് സ്ഥാപിക്കുക.
2. ആനാരി മീനത്തേരി കിഴക്കുവശം മുതൽ ലക്ഷം വീട് വരെയും
3. കടയപ്പള്ളി മുക്ക് മുതൽ ചെറുകര റോഡ് വരെയും
4. പാണൂരേത്ത് മുക്ക് മുതൽ ചെറുകര മുക്ക് വരെയും
5. കുട്ടങ്കേരി ചിറ മുതൽ വട്ടച്ചിറവരെയും ലൈറ്റ് സർദ്ധിപ്പിക്കുക. ലൈൻ വലിച്ച് വിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതികരിക്കുന്നതിനും ഏർപ്പാടുണ്ടാകുക.

വാർഡ് 8

1. ആനാരി വാലുപറമ്പിൽ മുക്ക് മുതൽ കിഴക്കോട്ടും

2. ആനാരി ചാപ്രകുന്നേൽ കോളനിയിലേക്കും

3. ആനാരി പള്ളിയുടെ വടക്കുവശത്തു കൂടി കിഴക്കോട്ടും ലൈൻവലിച്ച് തെരുവിളക്കുകൾ സ്ഥാപിക്കുകയും ഗാർഹിക കണക്ഷനുകൾക്ക് സഹായിക്കുകയും ചെയ്യുക.

മാർക്കറ്റ്

എല്ലാ ഗ്രാമസഭകളിൽ നിന്നും മാർക്കറ്റിന്റെ ചർച്ച സജീവമായി ഉയർന്നു. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഒരു അന്തിച്ചന്ത പോലും നിലവിലില്ല എന്നുള്ളത് ഉൽപ്പന്നങ്ങളുടെ ക്രയവിക്രയ സാദ്ധ്യതയെ തളർത്തുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാനും അർഹമായ വില ലഭ്യമാക്കാനും കഴിയുന്നില്ല.

ഇതിലേക്ക് ചെറുതന പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ഒരു പബ്ലിക്ക് മാർക്കറ്റും വാഹനങ്ങളിൽ സൗകര്യമായ സ്ഥലത്ത് അന്തിച്ചന്തകളും തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളിൽ ഒന്നാംപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവ മുൻഗണനാ ക്രമം നിശ്ചയിച്ച് രൂപപ്പെടുത്തുകയും പ്രാദേശികമായി പഞ്ചായത്ത് നിർവ്വഹിക്കുവാനുള്ളവ പഞ്ചായത്ത് തലത്തിൽ പരിഹരിക്കുവാനുമായി ഊർജ്ജവും മാർക്കറ്റും എന്ന വിഷയത്തിൽ ഗ്രാമ സഭാ ചർച്ചകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാരവും ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു.



11 പാർപ്പിടവും സാമൂഹ്യക്ഷേമവും

കർഷക തൊഴിലാളികളും ഇടത്തരം കർഷകരും അധിവസിക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശം പെറുതന വില്ലേജും ഇക്കഴിഞ്ഞ റിസർവ്വേ പ്രകാരം വീയപുരം വില്ലേജിലേക്ക് മാറ്റപ്പെട്ട 80 ൽ ചിറ ഭാഗവും ചേർന്നതാണ്.

ഇടത്തരം കർഷകരും കർഷക തൊഴിലാളികളും ഭൂരിപക്ഷം അധിവസിക്കുന്ന ഈ പഞ്ചായത്തിൽ അതു കൊണ്ടു തന്നെ കൂടുതൽ കുടിലുകളും ഇടത്തരം വീടുകളും ആണ്. പഞ്ചായത്തിൽ 3173 വീടുകളിൽ 18 ഇരുനില-വീടുകളും, 1711 ഓടിട്ട വീടുകളും ആണ്, 1267 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്.

പട്ടിക

വാർഡ്	ഓട്	വാർപ്പ്	കുടിൽ	ഇരുനില	ആകെ
1	153	28	180	ഇല്ല	361
2	214	17	160	3	394
3	226	22	115	1	364
4	312	27	90	5	434
5	166	32	178	ഇല്ല	376
6	198	4	247	ഇല്ല	449
7	226	15	189	2	432
8	216	32	108	7	363
ആകെ	1711	177	1267	18	3173

കഴിഞ്ഞ അഞ്ച് വർഷത്തെ സ്ഥിതി പരിശോധിച്ചാൽ ദുർബ്ബല വിഭാഗങ്ങളുടെ വീടുകളുടെ നിർമ്മാണത്തിൽ തുല്യത പുലർത്തുന്നത് കാണാം. കോൺക്രീറ്റ് വീടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നു. വീടുകളുടെ നിർമ്മാണ ചെലവ് വളരെയധികം വർദ്ധിച്ചതായി മനസ്സിലാക്കാം. കഴിഞ്ഞ അഞ്ചു വർഷത്തിനകം ആർഭാടകരമായ ചില വീടുകൾ നിർമ്മിച്ചത് കാണുവാൻ കഴിയും. റോഡ് സൈഡിൽ ചേർന്ന് വീടുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും വിരിപ്പു നിലവും പുഞ്ചപ്പാട ശേഖരവും നികത്തി വീട് വയ്ക്കുന്ന പ്രവണത ഏറി വരുന്നു. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ സ്ഥാപനം ഒന്നും തന്നെ ഇല്ല എന്നാൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഹൗസിംഗ് ബോർഡ്, താലൂക്ക്

ഭൂപണയ ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഹരിപ്പാട് ശാഖ എന്നിവ വീട് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നു. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കുന്നതിനും വായ്പ എടുക്കുന്ന സാധാരണക്കാരെ ലോൺ എടുക്കുന്നതിൽ നിന്നും പിൻതിരിക്കാനും ലഭ്യമാകത്തക്ക കാരണമാക്കുന്നു. ഭവന വായ്പ സാധാരണക്കാരന് ലഭ്യമാകത്തക വിധത്തിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട് ഇതിനായി ചില നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് കുറയ്ക്കുക.
3. സബ്സിഡി തുക 40% ആക്കുക.
4. പ്രദേശത്തിന്റെ സാഹചര്യത്തിന് അനുസരിച്ചുള്ള പ്ലാനിൽ വീട് വയ്ക്കാനുള്ള സൗകര്യം ചെയ്യുക.
5. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ 1267 കുടുംബങ്ങളും സ്വന്തമായി ഓലമേഞ്ഞ വീടുകളിൽ കഴിയുന്നവർ ആണെന്നിരിക്കേ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത ഒരു ചെറിയ വിഭാഗം ജനങ്ങളും ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിവിധ ഏജൻസികൾ മുഖേന പഞ്ചായത്തിന് ലഭ്യമാക്കിയ വീടുകളുടെ എണ്ണം വളരെ പരിമിതമാണെന്ന് കാണുവാൻ കഴിയും.

സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കി കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബ്ബല വിഭാഗക്കാർക്ക് മാത്രമാണ്. അത് വിരലിൽ എണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ദുർബ്ബല വിഭാഗക്കാർക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും വീട് വയ്ക്കുവാൻ നൽകുന്ന തുക വളരെക്കുറവായതിനാൽ പഞ്ചായത്തിൽ വീട് പണികൾ പൂർത്തിയാകാതെ കിടക്കുന്നു.

അംബേദ്ക്കർ, IHDP തുടങ്ങിയ കോളനികൾ തെരെഞ്ഞെടുത്ത് ആ കോളനികളിലും ചില കേന്ദ്രങ്ങളിലും ഒരു വിഭാഗത്തിന് മാത്രം വീട് നൽകുമ്പോൾ അവിടെ തന്നെ താമസ്സമുള്ള മറ്റു ദുർബ്ബല വിഭാഗക്കാർക്ക് വീട് വയ്ക്കുവാനോ വീട്പുതുക്കിപണിയുവാനോ സഹായങ്ങളോ വായ്പകളോ നൽകാതിരിക്കുന്നത് അവിടെയുള്ള ഈ വിഭാഗക്കാർക്ക് പൊതുവെ അസംതൃപ്തിക്ക് ഇടവരുത്തകയും പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുകയും ചെയ്യുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അത് വഴി നാടിന്റെ വികസനമേഖലകളിൽ ജനകീയ ശക്തി സമാഹരിക്കുവാൻ കഴിയേണ്ടതുമാണ്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.
പട്ടിക 2, ഭവനലഭ്യതാ പട്ടിക

വർഷം	R.L.E.G.P.	N.R.E.P.	I.A.Y.	J.R.Y.	സന്നദ്ധ സംഘടന	ആകെ
85-86	20	27			ലഭ്യമല്ല	47
86-87	21	15				36
87-88	14					14
88-89	7	4				11
89-90				11		11
90-91				7		7
91-92				11		11
92-93				7		7
93-94				12		12
94-95			13	ഇല്ല	1	14
95-96			9	10	23	42



വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കിയ വീടുകൾ 1990 മുതൽ 96 വരെ 8 വാർഡുകളിലായി 93 വീടുകളാണ്. ഭവന നിർമ്മാണ ബോർഡുവഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കണം. ഭവന നിർമ്മാണ സാമഗ്രികളുടെ അധികമായ വിലക്കയറ്റവും കൂലിനിരക്കിലെ വർദ്ധനവും പാവപ്പെട്ടവന്റെ സ്വന്തമായി വീട് നിർമ്മിക്കാമെന്ന ആഗ്രഹം, സ്വപ്നം മാത്രമായി ശേഷിക്കവേ കിട്ടിയ അനുകൂല്യം കൊണ്ട് വീട് നിർമ്മിക്കുവാനും പണിപൂർത്തിയാക്കുവാനും കഴിയാത്ത അവസ്ഥയാണുള്ളത്. 1970 ൽ വിദഗ്ധ തൊഴിലാളികൾക്ക് 50 രൂപ കൂലിയുണ്ടായിരുന്നപ്പോൾ അവിദഗ്ധ തൊഴിലാളികൾക്ക് 25 രൂപയായിരുന്നു കൂലിനിരക്ക് 1990 ൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 100 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 80 രൂപയും കൂലി നിരക്ക് വർദ്ധിച്ചതായി കാണാം. എന്നാൽ ഈ രംഗങ്ങളിൽ സ്ത്രീ തൊഴിലാളികൾ വിദഗ്ദ്ധ തൊഴിലാളികളായി അംഗീകരിക്കപ്പെടുന്നില്ല. സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് പുരുഷ തൊഴിലാളികളേക്കാൾ കുറവാണ്. കെട്ടിട നിർമ്മാണ സാമഗ്രിയായ സിമന്റിന് 1980 ൽ 80 രൂപയും 1996 ആയപ്പോൾ 184 രൂപയായും വർദ്ധിച്ചു ഇഷ്ടിക ആയിരത്തിന് 1990 ൽ 900 രൂപയായിരുന്നു. 96 ആയപ്പോൾ 2000 രൂപയായി വർദ്ധിച്ചു ഒരു ലോഡ് കരിങ്കല്ലിന് 1990 ൽ 1000 രൂപയായിരുന്നു. 96 ആയപ്പോൾ 1500 രൂപയായി വർദ്ധിച്ചു. 1987-88 ൽ ഒരു കിലോഗ്രാം കമ്പിക്ക് 9 രൂപയായിരുന്നു. 1995-96 ൽ പതിനഞ്ച് രൂപയായി വർദ്ധിച്ചു. 1985 ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് ഒന്നിന് 1.50 രൂപ ആയിരുന്നെങ്കിൽ 1996 ൽ 4 രൂപയിൽ എത്തി നിൽക്കുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്ക് വഴി നൽകുന്ന R.L.E.G.P., N.R.E.P., I.A.Y., J.R.Y. M.W.S., എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷ പാർപ്പിട് പദ്ധതികളുടെ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകളും ഒഴിവാക്കപ്പെടേണ്ടതുമാണ്. പ്രകൃതി ക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്കു നൽകുന്ന ധനസഹായം വളരെ പരിമിതമാണ്. ഈ തുക വർദ്ധിപ്പിച്ച് ഉറപ്പുള്ള വീട് വച്ച് കൊടുക്കുവാൻ കഴിയുന്ന സഹായം ചെയ്തു കൊടുക്കണം. പഞ്ചായത്തിലെ പട്ടികജാതി / പട്ടികവർഗ്ഗകോളനികളിലായും ലക്ഷം വീട് കോളനികളിലായും 463 വീടുകൾ നിലവിലുള്ളതായി കണക്കുകൾ കാണിക്കുന്നു. 1973-74 കാലഘട്ടത്തിൽ പഞ്ചായത്തിൽ പണിതുകൊടുത്ത ലക്ഷം വീടുകൾ (ഇരട്ട വീടുകൾ) ഇന്ന് പലതും തകർന്നുകൊണ്ടിരിക്കുകയാണ്. ഈ വീടുകൾ ഒറ്റവീടുകളാക്കി പണിതുനൽകേണ്ടതാണ്. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകലും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയുകയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ബൃഹത്തായ ഒരു പദ്ധതിക്ക് ഇത് മാറ്റിയെടുക്കുവാൻ കഴിയുകയുള്ളു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും യോഗം വിളിച്ച് ചേർത്ത് ഗുണഭോക്തക്കൾക്ക് എത്ര രൂപ സമാഹരിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവനകളും സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നം പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹരിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.
2. സർക്കാർ പദ്ധതികളും സന്നദ്ധ സംഘടന പദ്ധതികളും എത്തിക്കുന്നതിന് ഒരു ഏജൻസി സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുക.
3. നിർമ്മാണ ചിലവ് 200000 രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

a. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

b. രജിസ്റ്റർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

c. കാലതാമസം ഒഴിവാക്കുക.

d. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിലെ മെമ്പറന്മാർക്ക് നൽകുക.

5. സർക്കാർ ഏജൻസികളിലൂടെ വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ എത്തിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
6. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.



a. J.R.Y., M.W.S., I.A.Y. എന്നീ പദ്ധതികളുടെ തുക 30000 രൂപയായി വർദ്ധിപ്പിക്കുക.

b. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 24000 രൂപയിൽ നിന്ന് 40000 രൂപയായി ഉയർത്തുക.

c. പ്രകൃതിക്ഷോഭ പുനർ അധിവാസ പദ്ധതി 10000 രൂപയിൽ നിന്ന് 20000 രൂപയായി വർദ്ധിപ്പിക്കുക.

8. പല പ്രദേശങ്ങളിൽ പല കൂലിനിരക്കുകളാണ് നില വിലുള്ളത് കൂലി നിരക്കുകൾ ഏകീകരിക്കാനുള്ള നടപടി ഉണ്ടാക്കണം.

ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ കഴിയുന്നുണ്ട്. ഇവരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വീട് വയ്ക്കുവാൻ കഴിയുന്ന ഭൂമികൾ വിലയ്ക്കെടുത്ത് ഭൂരഹിതർക്ക് 5 സെന്റ് ഭൂമി വീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽ L.I.C. ഹഡ്കോ തുടങ്ങിയ കേന്ദ്ര പൊതുസ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയ്ക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളെയും സന്നദ്ധ യുവജന സംഘടനകളെയും പരമാവധി ഉപയോഗപ്പെടുത്തുവാനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും വേണം.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ചെറിയ വീടുകളുടെ ജനബാഹുല്യമാണ് വീടുകൾ തൊട്ട് തൊട്ട് കിടക്കുന്നതും ഇതിന് കാരണമാകുന്നു. ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഇന്ദിരാ ആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ കേന്ദ്ര ഏജൻസികളെ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് എല്ലാവർക്കും വാസയോഗ്യമായ വീട് നൽകുകയാവട്ടെ. അതിനുള്ള പരിശ്രമത്തിൽ നമ്മുക്ക് ഒത്ത് ചേരാം.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമാർജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി രണ്ടായി തരംതിരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ ക്ഷേമത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നു. ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. മറ്റ് പദ്ധതികളുടെ ഗുണവും ചെറിയ തോതിൽ ലഭിക്കുന്നു. ദാരിദ്ര്യ നിർമ്മാർജനം പൂർണ്ണമാകണമെങ്കിൽ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിക്കുകയും വ്യാവസായിക മേഖല അഭിവൃദ്ധിപ്പെടുകയും ചെയ്താലേ കഴിയൂ. അതിന് കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം.

സാമൂഹ്യരംഗം ചർച്ച് ചെയ്യുമ്പോൾ ബോധ്യപ്പെടുന്ന ചിലകാര്യങ്ങൾ.

1. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്.

2. പദ്ധതിയെക്കുറിച്ച് അറിവില്ലായ്മ.

3. പദ്ധതിയുടെ ഗുണം. അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക.

4. ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്.

5. പദ്ധതി പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ തയ്യാറാകുമ്പോൾ അതിന് അനുഭവപ്പെട്ട സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയുവാൻ കഴിയുന്നതാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ മറ്റ് ഇതര രംഗത്ത് പണിയെടുക്കുന്നവർ ഉണ്ടെങ്കിലും അവർക്കെല്ലാം ഗുണം ലഭ്യമാക്കേണ്ട ക്ഷേമനിധികളിൽ നല്ലയൊരു വിഭാഗവും അംഗങ്ങൾ ആയിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ ആഫീസ് നേരത്തെ കോട്ടയത്തും ഇപ്പോൾ പത്തളത്തുമായതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ ഈ രംഗത്ത് അനുഭവപ്പെടുന്നു.

വനിതാവികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ പഞ്ചായത്തിലെ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യം ലഭിച്ചിട്ടില്ല



എന്നു തന്നെ പറയാം. സത്യം പറഞ്ഞാൽ ജനപ്രതിനിധികൾക്കോ പൊതുരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയില്ല എന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്ന് നമ്മുടെ പഞ്ചായത്തിലെ വനിതകൾക്ക് പറയുവാൻ കഴിയും.

സാമൂഹ്യ ക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിക്കുന്നത് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസും താഴെയുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും വഴിയാണ്. ഇതിനെക്കുറിച്ച് വിലയിരുത്തണം എങ്കിൽ ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

ചെറുതന വി.ഇ.ഓ. സർക്കിളുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് താഴെ പ്രതിപാദിക്കുന്നു

പട്ടിക 1

I.R.D.P. സർവ്വേ സഹായ ലഭ്യതാകണക്ക്

വർഷം	എണ്ണം	സബ്സിഡി (ലക്ഷം)	വായ്പ (ലക്ഷം)
92-93	37	1.19	1.54
93-94	20	0.79	1.02
94-95	31	1.75	2.16
95-96	17 0.	93	1.62

ചെറുതന വി.ഇ.ഓ. യിൽ I.R.D.P. യുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള 92 സർവ്വേയിലും തുടർന്ന് 95 ൽ എടുത്ത അഡീഷണൽ സർവ്വേയിൽ അടക്കം SC/ST യുടെ 105 കുടുംബങ്ങളടക്കം 813 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തി. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 105 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയുമായി രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ നിന്നും 95-96 ൽ I.R.D.P. സഹായം കിട്ടയവരുടെ എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം. ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യ രേഖയുടെ പരിധി 2500 രൂപയെങ്കിലും ആക്കി ഉയർത്തണം.

I.R.D.P. ആനുകൂല്യം ലഭിക്കുമ്പോൾ അത് എന്തിന് വേണ്ടിയാണോ ലഭിക്കുന്നത് അതിനുപയോഗിക്കുവാൻ കഴിയുകയും അതിന്റെ നേട്ടങ്ങളുടെ ഫലമായി ലോൺ അടയ്ക്കുവാൻ കഴിയുകയും വേണം. I.R.D.P. ലോൺ കൊടുക്കുന്നത് ജനകീയ സമിതിയുടെ അറിവോടെ ആയിരിക്കണം ഇതിന്റെ പ്രവർത്തനം പരിശോധിക്കുവാൻ ബാങ്ക് ഉദ്യോഗസ്ഥരും ബി.ഡി.ഒ., വി.ഇ.ഓ. ഗ്രാമപഞ്ചായത്ത് ഭരണാധികാരികളും അടങ്ങുന്ന ഒരു മോണട്ടറിംഗ് കമ്മറ്റി സംഘടിപ്പിക്കുവാനും പരിശോധന നടത്തുവാനും കഴിയണം.

സ്റ്റേറ്റ് ബാങ്ക്, ധനലക്ഷ്മി ബാങ്ക് ഇവയുടെ പായിപ്പാട്, ഹരിപ്പാട് ശാഖകളാണ് വായ്പാ സഹായം ലഭ്യമാക്കുന്നത്. കൂടുതൽ ജനങ്ങൾക്ക് വായ്പ ലഭിക്കുവാൻ സൊസൈറ്റികൾ, ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ പരമാവധി സഹായം ചെയ്ത് കൊടുത്ത് ഗുണഭോക്താക്കളെ സഹായിക്കുവാൻ കഴിയണം. ഗുണഭോക്താക്കളെ കണ്ടെത്തുവാൻ വർഷംതോറും സർവ്വേ നടത്തണം.

D.W.C.R.A. സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A.

1992-93 ൽ ടെയ്ലറിംഗ് യൂണിറ്റ് തുടങ്ങുവാൻ D.W.C.R.A. സഹായ ലഭ്യമായി പ്രവർത്തനം തുടങ്ങിയിരുന്നവെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ യൂണിറ്റ് പുന:സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നിയമോപദേശവും സഹായവും ലഭ്യമാക്കണം. എല്ലാ വാർഡിലും ഉൽപ്പാദന ക്ഷമതയ്ക്ക് കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് D.W.C.R.A. യിൽ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങണം.

ട്രൈസം

പതിനെട്ട് മുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

92-93 ൽ 1, 94-95 ൽ 1, 95-96 ൽ 2 എന്നീ ക്രമത്തിൽ ആകെ നാലുപേർക്ക് തൊഴിൽ പരിശീലനം



നൽകിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. പരിശീലനം ലഭിച്ചാൽ അവർക്ക് ചെയ്യുവാൻ കഴിയുന്ന സ്വയം തൊഴിൽ പദ്ധതിക്ക് പണം ലോണായി കൊടുത്ത് പുതിയ തൊഴിൽ സംരഭം ആരംഭിക്കുവാൻ കഴിയണം. ഇതിനുള്ള പോരായ്മ പ്രധാനമായും ചുരുക്കം ചിലർക്ക് ഇതിന്റെ പരിശീലനം ലഭിക്കുന്നുള്ളു. പരിശീലകരുടെ എണ്ണം വർദ്ധിപ്പിക്കുകയും. അവർക്ക് നൽകുന്ന സ്റ്റൈഫന്റ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്ത് തിരഞ്ഞെടുക്കണം.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിൽകാർക്ക് നവീന ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. നമ്മുടെ പഞ്ചായത്തിലെ കൈത്തൊഴിൽ എടുത്ത് ജീവിക്കുന്നവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ അന്വേഷണം നടത്തി തയ്യാറാക്കുകയും അവർക്ക് വരുന്ന മൂന്ന് വർഷം കൊണ്ട് ലഘു തൊഴിൽ ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യണം.

കക്കൂസ്

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. 91-92 മുതൽ 95-96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ —— പേർക്ക് സഹായം അനുവദിച്ച് കൊടുത്തിട്ടുണ്ട്. സമതലവും വെള്ളകെട്ടോട് കൂടിയതുമായ ഈ പഞ്ചായത്തിൽ സി.ആർ.എസ്.പി. കക്കൂസ് യോജിക്കുകയുമില്ല. കോളനികളിൽ വർഷങ്ങൾക്ക് മുമ്പ് കൊടുത്ത എല്ലാ കക്കൂസുകളും ഇന്ന് ഉപയോഗശൂന്യമായി കഴിഞ്ഞിരിക്കുന്നു. അതിനാൽ കക്കൂസിന്റെ തുക വർദ്ധിപ്പിച്ച് ബന്ധവസായ കക്കൂസ് നിർമ്മിച്ച് കൊടുക്കുവാൻ കഴിയണം.

പട്ടിക C.R.S.P. കക്കൂസുകൾ

C.R.S.P. കക്കൂസുകൾ അനുവദിച്ചത്

1992-93	21
1993-94	30
1994-95	25
1995-96	59

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതി

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായ്ത്തുകളിൽ ലഭ്യമാകുന്നത്. ആർഹതയുള്ള എല്ലാവർക്കും ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ല എന്ന പരാതി അവശേഷിക്കുന്നു ആ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനുള്ള ചുമതല പഞ്ചായത്തിന് ഏൽപ്പിക്കേണ്ടതാണ്.

പെൻഷനുകളെ സംബന്ധിച്ച്

പ്രായപൂർത്തിയായ ആൺക്കുട്ടികളുണ്ടെങ്കിലോ കൂട്ടുകുടുംബമായി കഴിയുന്ന സ്ഥിതിയുണ്ടെങ്കിലോ ഇന്ന് പെൻഷൻ ലഭിക്കില്ല. വിധവ പെൻഷൻ ലഭിക്കുന്നത് പരിഗണിക്കുമ്പോൾ വിധവയായവരുടെ വ്യക്തി വരുമാനം മാത്രം മാനദണ്ഡമെടുത്ത് പെൻഷൻ ലഭ്യമാക്കുന്ന നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 83 പേർക്ക് പെൻഷൻ ലഭിക്കുന്നു.

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് ലഭ്യമാക്കണമെങ്കിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ പോവുക ബുദ്ധിമുട്ടാണ്. സർട്ടിഫിക്കേറ്റ് നൽകുന്ന അധികാരം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒരു മെഡിക്കൽ ബോർഡ് സംഘടിപ്പിച്ച് ഈ ബോർഡ് നൽകുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം. 85 പേർക്ക് പെൻഷൻ ലഭിക്കുന്നു.

കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളികളിൽ അർഹതയുള്ള എല്ലാപേർക്കും പെൻഷൻ ലഭ്യമാക്കണം. പെൻഷൻ ലഭിക്കുന്നതിന് കുടുംബ വരുമാനം എന്ന സ്ഥിതി മാറ്റി വ്യക്തിവരുമാനം ആക്കണം. പെൻഷന്റെ അപേക്ഷ സ്വീകരിച്ച് അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകണം. പെൻഷൻ വിതരണ ചുമതല ഗ്രാമത്തിനെ ഏൽപ്പിക്കണം. 718 പേർക്ക് കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നു.

നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാന്റ്

കുട്ടികളെ അക്ഷരം പറഞ്ഞുകൊടുക്കുന്ന നിലത്തെഴുത്ത് ആശാൻമാർക്ക് 8 വാർഡുകളിലായി ഒമ്പതുപേർക്ക് 4500 രൂപ 95-96 ൽ ഗ്രാന്റ് നൽകുകയുണ്ടായി

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലെ അർഹതയുള്ള എല്ലാവർക്കും തൊഴില്ലിലായ്മ വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം ഗ്രാമ സഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്. ചെറുതന വില്ലേജിൽ 33 പേർക്ക് തൊഴില്ലിലായ്മ വേദനം ലഭിക്കുന്നു. തൊഴില്ലിലായ്മ വേതനം ലഭ്യമാകുന്നവരെ സംഘടിപ്പിച്ച് കൊണ്ട് സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ നൽകുന്നതിനെക്കുറിച്ച് പരിശോധിക്കണം.

പഞ്ചായത്തിൽ 29 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നു



പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

വർഷം	വാർദ്ധക്യ കാല പെൻഷൻ	അഗതി പെൻഷൻ	വിധവ പെൻഷൻ	വികലാംഗ പെൻഷൻ	സാഹിത്യ കാര - അവശകലാ കാര പെൻഷൻ	അവശകാ യികമാര പെൻഷൻ	ക്ഷയരോഗ പെൻഷൻ	കുാൻസർ രോഗ പെൻഷൻ	കർഷക തൊഴി ലാളി പെൻഷൻ	തൊഴിലി ലായ്മ പെൻഷൻ
95-96	29	ഇല്ല	83	85	3	ഇല്ല	2	3	718	33

വിവിധ ഇനങ്ങളിലായി ആകെ 956 പേർക്ക് പെൻഷൻ ലഭിക്കുന്നു

അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ എട്ട് വാർഡുകളിലായി 11 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് I.C.D.S. ന്റെ ലക്ഷ്യമെങ്കിലും പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല. നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതി പരിശോധിച്ച് അംഗനവാടി അനുവദിക്കുന്ന സ്ഥിതി ഉണ്ടാവണം. പുത്തൻ വിദ്യാഭ്യാസത്തിന്റെ കടന്ന് കയറ്റം ഈ പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗനവാടികളുടെ സ്ഥിതി കുട്ടികൾക്കും ജീവനക്കാരിലും പ്രയാസം സൃഷ്ടിക്കുന്നു ഇത് രക്ഷിതാക്കളിൽ അസംതൃപ്തിക്ക് ഇടനൽകുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. സ്വന്തമായിട്ടി കെട്ടിടം, സ്ഥലം, കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. രാവിലെ 9.30 മുതൽ 8.30 വരെ ജോലിചെയ്യുന്ന അംഗനവാടി ജീവനക്കാർ കുട്ടികളുടെ പരിരക്ഷയും വിദ്യാഭ്യാസവും നൽകുകയും ചെയ്യുന്നതിനോടൊപ്പം ആരോഗ്യ സാമൂഹ്യ രംഗത്തും പ്രവർത്തിക്കുന്നു. പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഇതിന് പരിഹാരം കാണണം.

അംഗനവാടികളുടെ വിവരം

ക്രമ നമ്പർ	വാർഡ്	എണ്ണം	അംഗന വാടി നമ്പർ	കുട്ടിക ളുടെ എണ്ണം	കെട്ടിട മുള്ളത്	കെട്ടിടം ഇല്ലത്തത്	സ്ഥലമുള്ളത്	സ്ഥലമി ല്ലാത്തത്	
1	I	1	10			ഇല്ല		ഇല്ല	
2	II	1	107			ഇല്ല		ഇല്ല	
3	III	1	12			ഇല്ല		ഇല്ല	
4	IV	2	13,16		13	16	13	16	
5	V	1	14			ഇല്ല		ഇല്ല	
6	VI	3	15 109, 112			15,109 112	15,109 112		112 പുതുക്കി നിർമ്മി ക്കണം
7	VII	1	108		108		108		
8	VIII	1	17			ഇല്ല		ഇല്ല	

നിർദ്ദേശങ്ങൾ

1. എതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ J.R.Y. ഫണ്ടോ, അൺടൈഡ് ഫണ്ടോ ഉപയോഗിച്ച് അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണി നടത്തിക്കുകയും ചെയ്യുക.

2. പഞ്ചായത്ത് പുറംപോക്ക് ഭൂമി ഇല്ലാത്ത സ്ഥലങ്ങളിൽ വ്യക്തികളുടെയോ സംഘടനകളുടെയോ ഭൂമി സംഭാവനയായി സ്വീകരിച്ച് കെട്ടിടം പണിയുവാൻ നൽകുക.

3. ഒന്നാം വാർഡിൽ മാടശ്ശേരിയിലും, മൂന്നാം വാർഡിൽ തെക്കൻ പ്രദേശത്തും 5, 7 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പെരുമാങ്കര I.H.D.P. കോളനിയിലും 7-ാം വാർഡിന്റെ തെക്കൻ പ്രദേശവും 8-ാം വാർഡിന്റെ വടക്കൻ പ്രദേശവും ചേർത്ത് പുതിയ അംഗനവാടികൾ അനുവദിക്കുക.

4. D.W.C.R.A. യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക.

5. ശുചിത്വപരിപാലനത്തിന് ആവശ്യമായ സംവിധാനം ഒരുക്കുക.

6. പുകയില്ലാത്ത അടുപ്പുകൾ അംഗനവാടികളിൽ സ്ഥാപിക്കുക.

7. കുട്ടികളുടെ പോഷക ആഹാരത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കുക.

8. അംഗനവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവനവേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

9. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

10. പൊതു പ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജ്ജീവമാക്കുവാൻ ബോധവൽക്കരണം നടത്തുക.

11. അംഗനവാടികളോടനുബന്ധിച്ച് രക്ഷകർത്താക്കളുടെ ഒരു കമ്മിറ്റി അംഗനവാടി നിൽക്കുന്ന പ്രദേശത്ത് സംഘടിപ്പിക്കണം.

12. പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും അംഗനവാടി വർക്കർമാർ അംഗനവാടിയോട് ചേർന്ന് സംഘടിപ്പിക്കുന്ന മാതൃസംഘ കമ്മറ്റിയുടെ സെക്രട്ടറിയെയും പ്രസിഡന്റിനെയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി സംഘടിപ്പിച്ച് പ്രവർത്തനം തുടങ്ങുക.

ക്ഷേമനിധികളെ സംബന്ധിച്ച്

കർഷക തൊഴിലാളി

നമ്മുടെ പഞ്ചായത്തിലെ കർഷക തൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകൾ മുൻകൈ എടുത്താണ് തൊഴിലാളികളെ അംഗങ്ങളാക്കുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകളുണ്ട്. തൊഴിലാളി വിഹിതമേ പിരിക്കുന്നുള്ളു അതും കൃത്യമായി പിരിക്കുവാൻ സംവിധാനമില്ല. കൃഷിക്കാരന്റെ വിഹിതം പിരിക്കുന്നില്ല ക്ഷേമനിധിയിൽ പറയുന്ന ആനുകൂല്യം ലഭ്യമാകുന്നില്ല. 57 വയസ്സിൽ ചേർന്ന് 60 വയസ്സ് കഴിഞ്ഞവരുടെ അനുകൂല്യം ലഭ്യമായിട്ടില്ല. മരണാനന്തര സഹായം ക്ഷേമനിധിയിൽ ചേർന്ന എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കണം. ഈ പദ്ധതിയുടെ നിയമത്തിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ കഴിയണം. ക്ഷേമനിധിയുടെ ഓഫീസ് പ്രവർത്തനം പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി.

വളരെക്കുറച്ച് തൊഴിലാളികൾ മാത്രമാണ് ക്ഷേമനിധികളിൽ അംഗമായിട്ടുള്ളത്. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അതിനാൽ 55 വയസ്സിൽ പെൻഷൻ ലഭ്യമാക്കണം.

കൈത്തൊഴിലാളി - വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ ബാർബർ കൊല്ലപ്പണിക്കാർ, മരംകയറ്റുകാർ, ബീഡി തൊഴിലാളികൾ സൈക്കിൾ റിപ്പയറന്മാർ തുടങ്ങിയ വിവിധ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധിയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള എല്ലാ തൊഴിലാളികളും അംഗങ്ങളല്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുവാനും അർഹരായവർക്ക് ലഭ്യമാക്കുവാനും പഞ്ചായത്ത് തലത്തിൽ വിവിധ തൊഴിലാളി സംഘടനകൾ അടങ്ങുന്ന ഒരു സംവിധാനം സംഘടിപ്പിക്കുകയും വേണം. അതാത് വാർഡ് ഗ്രാമ സഭകൾക്ക് കീഴിൽ 80 വീടുകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ട കമ്മിറ്റികൾ സംഘടിപ്പിച്ച് പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ട വർക്ക് ആനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ എട്ട് റേഷൻ കടകൾ പ്രവർത്തിക്കുന്നു ഇതിൽ —— കാർഡുകൾ ഉണ്ട്. പഞ്ചായത്തിൽ പൊതുവിതരണ രംഗത്തെ മാവേലി സ്റ്റോറുകൾ ഒന്നുതന്നെയില്ല പഞ്ചായത്തിന്റെ തെക്കും വടക്കും പ്രദേശങ്ങളിൽ രണ്ട് മാവേലി സ്റ്റോറുകൾ

തുടങ്ങണം. കൂടാതെ 6, 7 വാർഡുകളിൽ ഗുണംലഭിക്കുന്നതിന് ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോർ (ബോട്ടിലോ, ഹൗസ് ബോട്ടിലോ വള്ളങ്ങളിലോ) ഇതിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിയേണ്ടിയിരിക്കുന്നു. ഒരു ഉപഭോക്തൃ സഹകരണ സംഘം സംഘടിപ്പിച്ച് പ്രവർത്തനം തുടങ്ങുക ഇക്കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം തടഞ്ഞ്നിർത്തുവാൻ സ്വീകരിച്ച നടപടി പ്രശംസനീയമാണ്.

റേഷൻ കടകൾ

റേഷൻ കടകൾ പൊതുവിതരണ കേന്ദ്രമായതോടു കൂടി പ്രവർത്തന രംഗത്ത് അനുദിനം പരാതിയുള്ള മേഖലയായി മാറിയിരിക്കുന്നു. റേഷൻ കടകളുടെ അധികാരം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുകയും കടകൾ പരിശോധന നടത്തി ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണണം. റേഷൻ കടയുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് സിവിൽ സപ്ലൈസ് ഓഫീസുമായി സഹകരിച്ച് പരിഹാരം കാണുവാൻ കഴിയണം.

പഞ്ചായത്തിലെ 6-ാം വാർഡിന്റെ കിഴക്കൻ പ്രദേശത്തുള്ളവർക്കും 7-ാം വാർഡിന്റെ വടക്ക് പ്രദേശത്തുള്ളവർക്കുമായി പോച്ചയിൽ 6, 7 വാർഡുകൾ തമ്മിൽ വേർതിരിയുന്ന ഭാഗത്ത് റേഷൻകട അനുവദിക്കണം. ഈ മേഖല കാര്യക്ഷമമാക്കുവാനും കുറ്റമറ്റതാക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തണം.

12 സംസ്കാരം കായികരംഗം, ടൂറിസം

സംസ്ക്കാരം

സംസ്ക്കാരമുള്ള ജനത നാടിന്റെ പുരോഗതിയുടെ സുപ്രധാനഘടകമാണ്. ആധുനികപരിഷ്കൃത ജനത സംസ്ക്കാരികമായി ഉയർന്നിട്ടുണ്ടെങ്കിലും പട്ടണങ്ങളെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങൾ പിന്നിലാണ്. ഇതിന്റെ പ്രധാന കാരണം ജനസമ്പർക്കത്തിന്റെ അഭാവവും, വിജ്ഞാന സമ്പാദന മാർഗ്ഗമില്ലായ്മയും ആണ്.

ചെറുതന ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പായിപ്പാട്ട് ജലോത്സവം മുഖ്യപങ്ക് വഹിക്കുന്നു. ദേശീയ ഐക്യം നിലനിർത്തുന്ന ഈ ജലമേള ഹരിപ്പാട്ട് ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ പ്രതിഷ്ഠാസ്മാരകമാണ്.

പഞ്ചായത്തിലെ ആദ്യ ഗ്രന്ഥശാല S.D.N.N. ലൈബ്രറിയാണ്. ഇത് പഞ്ചായത്ത് ആഫീസ് അങ്കണത്തിൽ ഇന്ന് പ്രവർത്തന ശൂന്യമായി നിലകൊള്ളുന്നു. വളരെപഴക്കമുള്ള ഇതിന്റെ നിർമ്മാണത്തിന് സ്ഥലവും, കെട്ടിടവും നൽകിയത് കുളങ്ങര മഠത്തിൽ ശ്രീ. നാരായണൻ നമ്പൂതിരിയാണ്. കൂടാതെ ഒരു പറ്റം ചെറുപ്പക്കാരുടെ സേവന സന്നദ്ധതയിൽ ഏതാണ്ട് 28 വർഷകാലം സാംസ്കാരിക സമ്മേളനവും മറ്റ് കലകായിക പരിപാടികളും നടന്നിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ പുസ്തകങ്ങൾ വീടുകൾ തോറും കൊണ്ടുനടന്ന് വിതരണം നടത്തിയിരുന്നു. ശ്രീ. എൻ. ദാമോദര- പണിക്കർ, ശ്രീ. വി. കുട്ടപ്പൻ എന്നിവർ ശ്രദ്ധേയരാണ്. ആയാപറമ്പ് കടവിന് സമീപം സ്ഥാപിച്ച പഞ്ചായത്ത് സാംസ്കാരിക നിലയം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടെ സാംസ്കാരിക രംഗത്ത് ഒരു ചുവട് വയ്പ് നടത്താം.

ബൈലാ അംഗീകാരം സർക്കാരിൽ നിന്നും കിട്ടിയാലുടൻ തന്നെ അത് പ്രവർത്തിച്ച് തുടങ്ങും. ഇപ്പോൾ മൂന്ന് പത്രങ്ങൾ സാംസ്കാരിക നിലയത്തിലുണ്ട്. ആവശ്യമായ പുസ്തകങ്ങൾ എടുത്തു കഴിഞ്ഞു.

കലാ-സാഹിത്യ - സാംസ്കാരിക രംഗങ്ങളിൽ തങ്ങളുടേതായ കഴിവ് കാഴ്ചവച്ചിട്ടുള്ള വടക്കേ തൈപ്പറമ്പിൽ കിട്ടുപിള്ള, ഇടയനത്ത് ഇല്ലത്തിൽ ഇ.എസ്. നാരായണൻ നമ്പൂതിരി, മലയാള - സംസ്കൃത ഗ്രന്ഥങ്ങൾ രചിച്ച തളിയിൽ വിദ്വാൻ രാമപ്പണിക്കർ കൂടാതെ കാൽനൂറ്റാണ്ടിനു മുമ്പ് കഥാപ്രസംഗ ലോകത്ത് ഇതിഹാസം സൃഷ്ടിച്ച ആർ.കെ. കൊട്ടാരത്തിൽ, പരേതനായ ജി.എൻ. ചെറുതന, വടക്കൻ പാട്ടുകളിൽ നിന്നും പുരാണങ്ങളിൽ നിന്നും നല്ല കഥകൾ മാത്രം അവതരിപ്പിച്ചിരുന്ന വിൽപ്പാട്ടുകാരായ പൂനേരിൽ ചെല്ലപ്പൻ, മങ്ങാട്ട്തറയിൽ നാരായണൻ, ആയാപറമ്പ് സിസ്റ്റേഴ്സ് എന്നറിയപ്പെട്ടിരുന്ന കാഥികമാർ എന്നിവർ ഈ ഗ്രാമത്തിന്റെ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നു.

കളമെഴുത്ത് പാട്ട്, കുത്തിയോട്ടം, ഓട്ടൻതുള്ളൽ, തിരുവാതിര, കമ്പഡി, ഓലപന്തുകളി, തുമ്പിതുള്ളൽ, മാർഗ്ഗംകളി തുടങ്ങിയ നാടൻ കലകൾ പ്രതികൂല സാഹചര്യങ്ങളാൽ ഇന്ന് നാമമാത്രമാണ്.

ഇന്ന് പഞ്ചായത്തിൽ 4-ാം വാർഡിൽ പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയവും 3-ാം വാർഡിൽ S.D.N.N. ലൈബ്രറിയും മാത്രമേയുള്ളൂ. മറ്റ് വാർഡുകളിൽ കലാസമിതികളും ക്ലബ്ബുകളും ഉണ്ടെങ്കിലും സൗഹാർദമില്ലായ്മ കൊണ്ടോ, സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടോ മിക്കതും പ്രവർത്തനരഹിതമാണ്. പ്രവർത്തിക്കുന്നവ തന്നെ കലാ-സാംസ്കാരിക-സാഹിത്യ-വിദ്യാഭ്യാസ രംഗങ്ങളിൽ നിന്നും വേണ്ടത്ര ശ്രദ്ധയില്ലാതെ പേരിന് മാത്രമാണ്. പ്രതികൂല സാഹചര്യങ്ങൾ നീക്കി, ഇവ പ്രവർത്തനയോഗ്യമാക്കേണ്ടതുണ്ട്. സാംസ്കാരിക



പ്രസിദ്ധീകരണങ്ങളും കലാഭ്യസന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഏതാണ്ട് 13 ൽ പരം ക്ഷേത്രങ്ങളുണ്ടെങ്കിലും 8 ക്ഷേത്രങ്ങളിൽ മാത്രമേ നിശ്ചിത തീയതികളിൽ ഉത്സവം നടക്കുന്നുള്ളു. നിലവിലുള്ള നാല് പള്ളികളിലും മതപരമായ ആഘോഷങ്ങൾ മാത്രം നടക്കുന്നു. ഒരു മുസ്ലീം പള്ളിയും ഈ പഞ്ചായത്തിലുണ്ട്.

സിനിമാശാലകളോ എടുത്ത് പറയത്തക്ക പ്രാദേശിക ആചാരങ്ങളോ ഇല്ല. വീടുകളിൽ ഏതാണ്ട് 400 വീടുകളിൽ മാത്രമേ പത്രമാധ്യമങ്ങൾ സ്വീകരിക്കുന്നുള്ളു. ഏതാണ്ട് 150 ഓളം കുടുംബങ്ങളിൽ മാത്രമെ ടെലിവിഷനുള്ളു. കേബിൾ ടി.വി. സെറ്റുകളുടെ പ്രവർത്തനം വ്യാപകമായി കൊണ്ടിരിക്കുകയാണ്.

7-ാം വാർഡിൽ പ്രതിഭ ആർട്സ് & സ്പോർട്സ ക്ലബ്ബ് തുടങ്ങിവച്ച പ്രൊഫഷണൽ നാടക സംഘം സാമ്പത്തിക തകരാറ് മൂലം നിലച്ചു പോയി. പഞ്ചായത്തിന്റെ എട്ടു വാർഡുകളിലും അമച്വർ നാടക സംഘങ്ങൾ ഉണ്ടായിരുന്നെങ്കിലും സാമ്പത്തികമായും, നല്ല നാടക ഗ്രന്ഥങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കൊണ്ടും തുടരാൻ ആരും മുതിരുന്നില്ല.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ, പരിഹാരങ്ങൾ

1. വാർഡ്തോറും പ്രവർത്തിക്കുന്നതോ, പ്രവർത്തനം നിന്നു പോയതോ ആയ സാമൂഹ്യ സാംസ്കാരിക സംഘടനകളും മഹിളാ സമാജങ്ങളും, ഊർജ്ജിതമായി പ്രവർത്തിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകുകയും ദേശീയ ഐക്യം നിലനിർത്തി പ്രവർത്തിക്കുന്നതിന് വേണ്ട ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും ചെയ്യുക.

2. സാംസ്കാരിക സ്ഥാപനങ്ങളും ഗ്രന്ഥശാലയും വായനശാലയും ഇല്ലാത്ത പ്രദേശങ്ങളിൽ ഉടനടി നിർമ്മിക്കുവാൻ നടപടി എടുക്കുക.

3. നാടൻ കലാരൂപങ്ങൾ എല്ലാ വാർഡുകളിലും പരിശീലിപ്പിക്കുകയും അവതരിപ്പിച്ച് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹന സമ്മാനം നൽകി നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക പൈതൃകം കാത്ത് സൂക്ഷിക്കുകയും ചെയ്യുക.

4. പായിപ്പാട്ട് ജലോത്സവത്തിന് തിരുവോണ നാളിൽ വെട്ടു കുളഞ്ഞി നദിയിൽ നടക്കുന്ന ചെറുവള്ളം കളി മത്സരത്തിലും പങ്കെടുക്കുന്ന കളി വള്ളങ്ങൾക്ക് ഗ്രാന്റ് കൂട്ടുകയും സംരക്ഷണം നൽകുകയും ചെയ്യുക.

5. 4, 5 എന്നീ വർഡുകളിൽ കുട്ടികൾക്കും യുവാക്കൾക്കും കലാകായിക സാഹിത്യരംഗങ്ങളിൽ പരിശീലനം നൽകുവാൻ കളിസ്ഥലവും ഉപകരണവും നല്കുക. 4-ാം വാർഡിലെ സാംസ്കരിക നിലയത്തിന് അതിരുകൾ നിശ്ചയിച്ച് മതിലുകെട്ടുക. ഗ്രന്ഥശാല തുടങ്ങുകയും വാർഡ് 5 ലെ പ്രവർത്തനം നിലച്ച രജിസ്റ്റേഡ് ക്ളബുകൾ വീണ്ടും പ്രവർത്തിപ്പിക്കാൻ വേണ്ട സാമ്പത്തിക നടപടികൾ ഉണ്ടാകേണ്ടതാണ്. ഈ വാർഡിൽ മുൻപ് പ്രവർത്തിച്ചിരുന്ന വായനശാല വീണ്ടും തുടങ്ങുക.

6. എല്ലാ വാർഡിലും ഓരോ ടെലിവിഷൻ സെറ്റ് പൊതുദർശനത്തിനായി ക്ളിപ്തസമയത്ത് പ്രവർത്തിപ്പിക്കുക.

7. ഒന്നാം വാർഡിൽ പഞ്ചായത്തു കളിസ്ഥലസൗകര്യം മെച്ചപ്പെടുത്തുക.

കായികരംഗം

അഖിലേന്ത്യാതലത്തിൽ കേരളം കായികരംഗത്തു മുന്നോക്കമാണെങ്കിലും അന്തർദേശീയനിലവരാത്തിൽ ഇൻഡ്യ എത്രത്തോളം പിന്നിലാണ്. അന്തർദേശീയ മൽസരമായ ഒളിമ്പിക്സിലും മറ്റും നാം ബഹുദൂരം പിന്നിലാണ്. ഒരു മിൽഖാസിങ്ങിനേയോ ഒരു പി.ടി.ഉഷയെയോ സൃഷ്ടിച്ചതൊഴിച്ചാൽ കായികഭൂപടത്തിൽ ഇൻഡ്യയുടെ സ്ഥാനം എവിടെയാണ്. പ്രതിഭകളെ ചെറുപ്പത്തിലെ പിടികൂടി അവരുടെ കഴിവിനെ വളർത്തിയെടുക്കാൻ നമുക്ക് കഴിയുന്നില്ല. ചെറുപ്പത്തിലെ കണ്ടെത്തി പരിശീലിപ്പിക്കാൻ കഴിഞ്ഞാൽ കായികരംഗത്ത് നമുക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. അതിന്റെ ചെറിയഉദാഹരണമാണെല്ലോ കോരുതോട് സ്കൂളും, ജോസഫ്സാറും, സാറിന്റെ കുട്ടികളും. അതുപോലെയുള്ള കായിക അദ്ധ്യാപകർ നമുക്കുണ്ടാകണം. വിദ്യാഭ്യാസപാഠ്യപദ്ധതിയിൽ നിർബന്ധമായും കായികാദ്ധ്യാപനം നിലവിലുള്ളതിനെക്കാൾ കൂടുതൽ ഉൾപ്പെടുത്തണം. കായികാദ്ധ്യാപന സമയത്ത് കുട്ടികളെ കളിക്കാൻ വിട്ടിട്ട് അദ്ധ്യാപകർ മറ്റ് ജോലികൾ നോക്കുന്ന ഇന്നത്തെ സമ്പ്രദായം നിർബന്ധമായും മാറണം, മാറ്റിയേപറ്റു.

1. എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപനം നിർബന്ധമാക്കുക. കായികാദ്ധ്യാപനസമയത്ത് പരിശീലനം ചെയ്യേണ്ടസമയങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കുക.

2. സ്പോട്സ് ക്ളബ്ബുകൾ രൂപീകരിക്കുകയും അവ നിർബന്ധമായും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും ചെയ്യുക. അങ്ങനെയുള്ള ക്ളബ്ബുകൾക്ക് സ്പോട്സ് ഉപകരണങ്ങളോ അതുവാങ്ങിക്കുവാനുള്ള സാമ്പത്തിക ശേഷിയോ പഞ്ചായത്ത് നൽകുക.



3. കേരളോത്സവം പോലുള്ള മത്സരങ്ങൾ അതിന്റെ അന്തസത്തയുൾക്കൊണ്ട് സംഘടിപ്പിക്കുക.

4. ഓരോ സ്പോർട്സ് ഐറ്റത്തിന്റെയും ഗെയിംസിന്റെയും കളിക്കാർ പഞ്ചായത്തിൽ നിർബന്ധമായും രജിസ്റ്റർചെയ്യുക. അങ്ങനെയായാൽ ആ പഞ്ചായത്തിലുള്ള കളിക്കാരെ പെട്ടന്ന് കണ്ടെത്തുവാൻ കഴിയും.

ടൂറിസം

ചെറുതനഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ടൂറിസം പദ്ധതികൾ ഈ ഏറ്റവും കൂടുതൽ വികസിപ്പിച്ചെടുക്കാവുന്ന ഒരു പഞ്ചായത്താണ്. ലോകത്തിൽ എവിടെയുള്ളതിനെക്കാളും ഒരു പ്രത്യേകതയാണ് കുട്ടനാട് അപ്പർകുട്ടനാട് മേഖലകളിലെ നൂറ് മുതൽ 110 വരെ ആളുകൾ കയറുന്ന മത്സരചുണ്ടൻ വള്ളങ്ങൾ. ആയാപറമ്പ് പാണ്ടി, ചെറുതന, ആനാരി, വലിയദിവാൻജി മുടങ്ങിയ നാലുചുണ്ടൻ വള്ളങ്ങളാൽ അനുഗ്രഹീതമായതും മറ്റേതൊരു പഞ്ചായത്തിനെക്കാളും കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്നതും ഏറ്റവും കൂടുതൽ ചുണ്ടൻ വള്ളങ്ങൾ ഉള്ളതുമായ ഒരു പഞ്ചായത്താണ് ചെറുതനഗ്രാമ പഞ്ചായത്ത്. ആയതിനാൽ ചുണ്ടൻവള്ള സമതികളും പഞ്ചായത്ത്സമതിയും ചേർന്ന് കോ-ഓർഡിനേഷൻ സംഘടിപ്പിച്ച് മത്സരടൂറിസം വള്ളംകളിക്ക് വേദിഒരുക്കാവുന്നതാണ്. കൂടാതെ ടൂറിസ്റ്റുകൾക്ക് വേണ്ടി 50പേർ വരെ കയറാവുന്ന ചെറിയചുണ്ടൻ വള്ളങ്ങൾ ഉണ്ടാക്കി ടൂറിസ്റ്റുകൾക്ക് തുഴഞ്ഞ് കളിക്കാവുന്നതാണ്. ഡി.ടി.പി.സി. യുടെയും (ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ) സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെയും സഹായം ലഭ്യമാക്കുക.

പുൽത്തകിടികളെയും, കൈതോടുകളെയും, നദികളെയും മോടിപിടിപ്പിച്ച് ചെറിയതും അത്യാധുനികവും ഓല, പനയോല, വൈക്കോൽ എന്നിവ കൊണ്ട് നിർമ്മിച്ച കോട്ടേജുകൾ, ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് കോട്ടേജുകൾ റസ്റ്റോറന്റുകൾ എന്നിവ ഭാവനാപൂർണ്ണമായി നിർമ്മിച്ച് ആകർഷണീയമാക്കാവുന്നതാണ്. ഉദ്യാന തോട്ടങ്ങളോട് കൂടിയ വിശ്രമ കേന്ദ്രങ്ങളും താമസ ഭക്ഷണ സൗകര്യങ്ങളും സജ്ജീകരിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിടിക്കാവുന്നതാണ്. കൂടാതെ നദികളും തോടുകളും ചുറ്റപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിന് ഹൗസ് ബോട്ടുകൾ, ടൂറിസ്റ്റ് ബോട്ടുകൾ, സ്പീഡ് ബോഞ്ച്, സ്കേറ്റിംങ്ങിനുള്ള സൗകര്യം അലങ്കരിച്ചിട്ടുള്ള നാടൻ വള്ളങ്ങൾ ഇവ ആകർഷണീയമായ രീതിയിൽ നടത്താവുന്നതാണ്. ഇതിനോടൊപ്പം കാനോയിംഗ് & കയാറ്റിംഗിനുള്ള സൗകര്യവും ഉണ്ടാക്കണം. ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായ ടൂറിസം പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെങ്കിൽ മാത്രമേ സാമ്പത്തിക നേട്ടങ്ങൾ ലഭ്യമാകുകയുള്ളു.

കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ടൂറിസത്തിന്റെ സ്ഥാനം അനുദിനം വർദ്ധിച്ചു വരുകയാണ്. ഭാരതത്തിനകത്തും വിദേശ രാജ്യങ്ങളിലും കേരളമിന്ന് മികച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 2000 മാണ്ടോടുകൂടി ഏകദേശം 500000 വിദേശ ടൂറിസ്റ്റുകളും 5000000 സ്വദേശിയരായ ടൂറിസ്റ്റുകളും കേരളം സന്ദർശിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. വിവിധ സാംസ്കാരിക പാശ്ചാത്തലങ്ങളിൽ നിന്ന് വരുന്ന സന്ദർശകരുടെ അഭിരുചിക്ക് ഇണങ്ങും വിധം പരാമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക നേട്ടം കൈവരിക്കാവുന്നതാണ്. ഹരിപ്പാട് - ചെക്കിടിക്കാട് റോഡ് പൂർത്തീകരിച്ചാൽ വിശ്വപ്രഖ്യാതമായ ഇടത്വപള്ളി, കരുമാടി കുട്ടൻ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് പോകുവാനും എളുപ്പമാണ്. വിനോദത്തോടൊപ്പം വിജ്ഞാനവും സമ്പാദിക്കാൻ ടൂറിസം കൊണ്ട് സാധിക്കും ആയതിനാൽ ടൂറിസവുമായി ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളും ബഹുജന പങ്കാളിത്തത്തോട് കൂടി മാത്രമേ നടപ്പാക്കാൻ കഴിയൂ.





13 വനിതാക്ഷേമം

കേരളപ്പിറവിക്ക് ശേഷം ഈ കൊച്ചു കേരളത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളിൽ എല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ സ്ത്രീകൾ ഒരു നല്ല പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ കേരളം ഇന്ന് നേരിടുന്ന വെല്ലുവിളികളിൽ പുരുഷന്മാരേക്കാൾ കൂടുതലായി പങ്കാളികളാകേണ്ടത് സ്ത്രീകളാണ്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും രാഷ്ട്രീയമായും സാംസ്കാരികമായും നല്ല പ്രകടനം കാഴ്ചവയ്ക്കുവാൻ വനിതകൾക്കു കഴിയുമെങ്കിലും അബലകൾ എന്ന് മുദ്രകുത്തി എല്ലാരംഗത്തു നിന്നും അകറ്റുവാൻ ഒരുപറ്റം ബുദ്ധിജീവികൾ ശ്രമിക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമങ്ങൾ വനിതകളെ രംഗത്ത് കൊണ്ടുവരുവാൻ സഹായിക്കുന്നു. കേരള 9-ാം പദ്ധതിയിലൂടെ നേടുവാൻ പോകുന്ന നേട്ടങ്ങളുടെ പട്ടികയിൽ വനിതാക്ഷേമം തലയുയർത്തി നിൽക്കുന്നു.

ചെറുതന പഞ്ചായത്തിലെ കാനേഷുമാരി കണക്കനുസരിച്ച് 1991 ൽ 6200 പുരുഷന്മാരും 6611 സ്ത്രീകളുമാണുള്ളത്. ഇതിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെക്കാൾ കൂടുതലാണ്. വിദ്യാഭ്യാസ പരമായി സ്ത്രീകൾ പുരുഷന്മാരോടൊപ്പം തന്നെയാണ്. ഇതിനുദാഹരണമാണ്. (സ്ത്രീകളുടെ സാക്ഷരതാ നിലവാരം 92.55% ഉം പുരുഷന്മാരുടേത് 96.77% മാണ്.) തൊഴിൽ രഹിത വേതന രംഗം. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഇന്ന് സ്ത്രീകൾക്ക് പ്രാതിനിധ്യമുണ്ടെങ്കിലും തൊഴിൽ രംഗത്ത് അവരെ അവഗണിക്കുകയോ തഴയുകയോ ചെയ്യുന്നതായാണ് അനുഭവപ്പെടുന്നത്. സാങ്കേതിക രംഗം വനിതകൾ കയ്യടക്കുന്ന കാഴ്ച അത്ര വിദൂരമല്ല. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം നടത്തുകയും തൊഴിൽ രംഗത്ത് അയിത്തം കൽപ്പിക്കുകയും ചെയ്യുന്നത് നിത്യ സംഭവവുമാണ്. കാർഷിക രംഗത്തിലൂടെ കുടുംബംപോറ്റുന്ന ഒരുപറ്റം കർഷകതൊഴിലാളി വനിതകൾ പഞ്ചായത്തിന്റെ വടക്കൻ മേഖലകളിൽ ഇവരാണ് അധികവും. സമ്പൂർണ്ണ സാക്ഷരത കൈവരിച്ചെങ്കിലും ആരംഗത്ത് എത്രപേർ നേട്ടംകൊയ്തു എന്നുള്ളത് ശ്രദ്ധേയമാണ്. കാർഷിക മേഖലയിലായാലും നിർമ്മാണ പ്രവർത്തന രംഗങ്ങളിലായാലും പുരുഷൻമാർക്ക് ലഭിക്കുന്ന കൂലിയേക്കാൾ കുറവാണ് സ്ത്രീക്ക് ലഭിക്കുന്നത്. തൊഴിൽ രംഗം ഒന്നാണെങ്കിലും വേതന നിരക്ക് രണ്ടാണ്. ഇതിന് സമൂലമായ മാറ്റം അനിവാര്യമാണ്. രജസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുണ്ടെങ്കിലും പ്രവർത്തനം ശരിയല്ല. വനിത സഹകരണ സംഘങ്ങളോ സൊസൈറ്റികളോ ഇല്ല. ആസൂത്രണ പ്രക്രിയ ശരിയല്ലാത്തതാണ് ഇതിനു കാരണം. അയൽ കൂട്ടങ്ങളുടെ പ്രവർത്തനത്തിൽ വനിതകളുടെ പങ്ക് നിർണ്ണായകമാണ്. സാമൂഹ്യ ബന്ധം വളർത്തിയെടുത്ത് സംഘടനയും ശക്തിയും ആർജ്ജിക്കുകയാണ് വേണ്ടത്. സംഘടനയ്ക്ക് രൂപം നൽകിയാൽ മുതൽ മുടക്കിനു ധനം ഇല്ല ഇതും ശ്രദ്ധേയമാണ്. തയ്യൽ രംഗത്ത് ഒറ്റയ്ക്കും പെട്ടയ്ക്കും പ്രവർത്തിക്കുന്ന കുറെ പേർ ഉണ്ടെങ്കിലും വനിതകളുടെ ക്ഷേമം എന്നുദ്ദേശിക്കുന്നത് ഇവിടെ പ്രാവർത്തികമാകുന്നില്ല.

സ്വയം തൊഴിലിന് വനിതകൾക്ക് കാര്യമായി വായ്പ കിട്ടുന്നില്ല. സാദ്ധ്യമാക്കാവുന്ന വ്യാവസായിക രംഗങ്ങളിൽ ആവശ്യത്തിനുള്ള പരിശീലനം സിദ്ധിക്കുന്നതിന് ഈ രംഗത്തേക്ക് വരുവാൻ പലരും മടിക്കുന്നു. സ്ത്രീ പീഡനം സ്ത്രീധന പീഡനം ഇവ അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണം അത്യാന്താപേക്ഷിതമാണ്. ആഡംബര വിവാഹത്തിന് കടിഞ്ഞാണിടേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ് നിർദ്ധനരും നിരാലംബരുമായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം തുടങ്ങിയ കാര്യങ്ങളിലേക്ക് സഹായ ഹസ്തങ്ങൾ നീട്ടുവാൻ എത്രപേരുണ്ട്. ഒരു കുട്ടിയെ വിവാഹം ചെയ്തയക്കുവാൻ കഴിവില്ലാത്തവർക്ക് വേണ്ട ചിലവുവഹിക്കുന്നതിന് ആഡംബര



വിവാഹ ചിലവ് നടത്തുന്നവരെ കണ്ടെത്തി ധനസഹായം ലഭ്യമാക്കേണ്ടതാണ്. ഇതാനായി പ്രത്യേക ബോധവൽക്കരണ സെമിനാറുകൾ ഉണ്ടായേ മതിയാകൂ. 9-ാം പദ്ധതിയിൽ വനിതകളുടെ ക്ഷേമ ഐശ്വര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെടുന്നതും ഗ്രാമ സഭകളിൽ നിന്നും ഉരുത്തിരിഞ്ഞതുമായ സംഗതികൾ പ്രത്യേകം ശ്രദ്ധേയമാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. എട്ടു വാർഡുകളിലും പുരഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. കൂടുതലും തൊഴിൽ രഹിതരാണ്. കുറെ പേർ കാർഷിക മേഖലയിൽ പങ്കെടുക്കുന്നു. തൊഴിൽ രഹിതർക്ക് അനുയോജ്യമായ അഭിരുചിക്കൊത്ത ജോലികൾ കണ്ടെത്തി പരിശീലനം നൽകി വരുമാനം ഉറപ്പു വരുത്തുക. ഇത് പഞ്ചായത്ത് നേതൃത്വം നൽകി നടപ്പിലാക്കുന്നതിന് സർക്കാർ ശ്രദ്ധിക്കണം.

2. വ്യവസായ യൂണിറ്റുകൾ കറിമസാലകൾ ഇലക് ട്രോണിക്ക് വസ്തുക്കൾ, റെഡിമെയ്ഡ് ഗാർമെന്റ്സ് എന്നിവകൾ നടത്തുന്നതിന് സാമ്പത്തികവും ശാസ്ത്രീയവുമായ സഹായങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

3. സർക്കാർ മേഖലകളിൽ പണിയെടുക്കുന്ന ചുരുങ്ങിയ ശതമാനം സ്ത്രീകളെ ഉള്ളുവെങ്കിലും. ഇവരുടെ അറിവും പ്രവർത്തന ശൈലിയും തൊഴിൽ രഹിതരിൽ പ്രചോദനം നൽകി അവരെ കർമ്മോന്മുഖരാക്കുന്നതിന് കഴിയത്തക്ക വിധത്തിലുള്ള പ്രവർത്തനം ഉണ്ടാകണം. ഇത് പൊതു പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാകൂ. പൊതുപ്രവർത്തന രംഗത്ത് സ്ത്രീകൾക്കുള്ള അപവാദ പ്രചരണങ്ങളാൽ ഒതുക്കപ്പെടാതെ സൂക്ഷിക്കുന്നതിന് സന്നദ്ധ സംഘടനകൾ തയ്യാറാകണം.

4. അയൽ കൂട്ടങ്ങൾ ശക്തിപ്പെടുത്തി സ്ത്രീകളുടെ ഇടയിലുള്ള അസമത്വങ്ങളും ഉച്ചനീചത്വങ്ങളും തുടച്ചു മാറ്റി സംഘടനാ ബോധവൽക്കരണം നടത്തി കെട്ടുറപ്പുള്ളതും കർമ്മനിരതയുള്ളതും ആയ സംഘടനകളാക്കി മാറ്റി വ്യാവസായിക മേഖലയിലേക്ക് കൈ പിടിച്ചുയർത്തുന്നതിന് പഞ്ചായത്ത് വികസ സമിതി തയ്യാറാകണം.

5. മഹിളാ സമാജങ്ങൾക്ക് രൂപം നൽകി അതിലൂടെ മഹിളകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കർമ്മ സമതികളുണ്ടാക്കുക.

6. കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പ്രശ്നങ്ങൾ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉത്തരവാദിത്വപ്പെട്ടവർ സന്ദർശിച്ച് ആരോഗ്യ കാര്യങ്ങളും മറ്റും ചർച്ച് ചെയ്ത് പ്രതിവിധിയും ബോധവൽക്കരണവും നടത്തേണ്ടതും ഇത് നീരിക്ഷിക്കുന്നതിൽ മഹിളാ സംഘടനകൾ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

7. സ്ത്രീ പിഡനവും സ്ത്രീധന പീഡനവും തടയുന്നതിന് കർമ്മ സമിതി രൂപീകരിച്ച് പഞ്ചായത്ത് തലത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതുണ്ട്.

8. ചാരായ വിൽപനയും അനധികൃത വാറ്റും കണ്ടു പിടിച്ച് വിൽപ്പന തടയുന്നതിനും സാധുകുടുംബങ്ങളെ രക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടിയുണ്ടാകണം.

9. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ചെറുകിട വ്യവസായങ്ങൾ സർക്കാർ തലത്തിൽ സർക്കാർ ധനസഹായത്തോട് കൂടി നടപ്പാക്കുന്നതിന് ക്രമീകരണങ്ങളുണ്ടാകണം.

10. DWCRA യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുവാനുള്ള നടപടി ക്രമങ്ങൾ ഉണ്ടാകണം.

11. സ്ത്രീകളുടെ നേരം സാമൂഹ്യ വിരുദ്ധരുടെ കടന്നാക്രമണങ്ങൾ ഉണ്ടാവാതിരിക്കുവാൻ അധികാരികളുടെ ശക്തമായ ഇടപെടൽ ഉണ്ടാകണം.

12. മാധ്യമങ്ങളിലൂടെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നത് ശക്തമായി തടയണം.

13. സ്വന്തമായി 14.5 സെന്റ് സ്ഥലമുള്ള മഹിളാ സമാജത്തിന്റെ സ്ഥലവും വീടും സർക്കാർ ഏറ്റെടുത്ത് തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം ഇവയിൽ ഏതെങ്കിലും നടത്തുന്നതിനുള്ള വ്യവസായ യൂണിറ്റ് അനുവദിച്ച് പ്രാവർത്തികമാക്കണം.

14. എല്ലാ വാർഡുകളിലും മാവേലി സ്റ്റോർ മാർക്കറ്റ് എന്നിവ അനുവദിക്കണം.

15. നിത്യോപയോഗ സാധനങ്ങൾ റേഷൻ കടവഴി വിലക്കുറച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകണം

16. വിധവാ പെൻഷൻ ലഭിക്കുന്നവരുടെ കുടുംബ ക്ഷേമ പരിപാടികൾക്ക് കൂടി സഹായം നൽകുക.

17. പ്രവർത്തന നിരതരായ മഹിളാ സംഘടനകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് സർക്കാർ സഹായം നൽകണം.

18. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രാഥമിക ആവശ്യങ്ങൾ നടത്തുവാനുള്ള സജ്ജീകരണങ്ങൾ ഉണ്ടാക്കി തരണം.

14 സഹകരണം

ആയിരത്തിതൊള്ളായിരത്തി നാലിലാണ് സഹകരണ മേഖല നിലവിൽ വന്നത്. കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. അന്ന് സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കുകയും സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തു. മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ പുരോഗതി പ്രാപിക്കണം.

1956 ൽ ചെറുതന പഞ്ചായത്തിൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പരസ്പര സഹായ സഹകരണ സംഘം എന്ന പേരിലാണ് ഇത് ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. (മൾട്ടി പർപ്പസ് കോഓപ്പറേറ്റീവ് സൊസൈറ്റി) അന്നത്തെ പ്രസിഡന്റ് കൊപ്പാറ നാരായണപിള്ളയും, സെക്രട്ടറി പൂവക്കാട്ട് ശിവരാമപിള്ളയും ആയിരുന്നു. ഗോവിന്ദകുറുപ്പ്, കൃഷ്ണപിള്ള, ജോൺ മാത്യു, പരമേശ്വരൻ നായർ, വാസുദേവൻ പിള്ള, മുരളീധരൻ നായർ എന്നിവരായിരുന്നു സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ. സംഘത്തിന്റെ പ്രവർത്തനം വേണ്ടത്ര രീതിയിൽ പുരോഗതിയിൽ എത്തിക്കുവാൻ അന്നത്തെ ഭരണസമിതിക്ക് കഴിഞ്ഞില്ല. വളരെയധികം കടബാദ്ധ്യത കാരണം ടി സംഘത്തിന് പ്രവർത്തനരംഗത്ത് പുരോഗതി ഉണ്ടാക്കുവാൻ കഴിയാതെ പോയി. തുടർന്ന് അടുത്ത ഭരണസമിതി നിലവിൽ വരുകയും ചെയ്തു. എൻ.സോമൻ പ്രസിഡന്റും, സെക്രട്ടറി മുരളീധരൻ നായരും ആയിരുന്നു. അതിനു ശേഷം സംഘപ്രവർത്തനങ്ങൾ കാര്യക്ഷമമാകുകയും ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പകൾ ലഭ്യമാക്കുകയും പൊതുജനങ്ങൾക്കു ഹ്രസ്വകാല ദീർഘകാല വായ്പകൾ നൽകുകയും ചെയ്തു.

IV സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

നമ്പർ	സ്ഥാപനം	സ്വഭാവം	തുക
1	ജില്ലാ സഹകരണ ബാങ്ക്	പുഞ്ചകൃഷി	7,81,500.00
2	ജില്ലാ സഹകരണ ബാങ്ക്	തെങ്ങ്കൃഷി	4,68,359.00

V നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

നമ്പർ	വായ്പാ സ്വഭാവം	തുക
1.	പുഞ്ചകൃഷി	1,24,862.00
2.	തെങ്ങ് കൃഷി	3,09,946.00
3.	സാധാരണ വായ്പ	12,000.00
4.	IRDP വായ്പ	23,438.00



VI സ്ഥാപനത്തിന്റെ ചെലവുകൾ

1. Establishments Charges
2. Contingencies

} 1,02,139.00

കാർഷിക മേഖലയുടെ വികസനത്തിന് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആണ് സഹകരണ സംഘങ്ങൾ. കാർഷിക പുരോഗതി ലക്ഷ്യമാക്കി ഈ സംഘത്തിൽ നിന്ന് വായ്പകൾ നൽകുന്നുണ്ടെങ്കിലും സംഘത്തിന്റെ ബാദ്ധ്യതകൾ പരിമിതകൾക്കപുറമാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഏറ്റവും കൂടുതൽ കർഷകരും കർഷക തൊഴിലാളികളും താമസിക്കുന്ന ഈ പഞ്ചായത്തിൽ സഹകരണ സംഘം വഴി വസ്തു ജാമ്യത്തിലും ആൾ ജാമ്യത്തിലും വായ്പകൾ വിതരണം ചെയ്യുന്നു. എന്നാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തികൊണ്ട് കൂടുതൽ തുക അനുവദിക്കാനുള്ള നിയമാവലി ഉണ്ടാകണമെന്ന് നിർദ്ദേശിക്കപ്പെടുന്നു. ഈ പഞ്ചായത്തിലെ മൂന്ന് സഹകരണ സംഘങ്ങളിൽ ഒരെണ്ണം ക്ഷീരോൽപ്പാദക സഹകരണ സംഘമാണ്. എന്നാൽ 1364-ാം നമ്പർ സഹകരണ സംഘം അടച്ചു പൂട്ടിയിട്ട് കാലങ്ങളേറേയായി നിലവിൽ ഒരു സഹകരണ സംഘം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇതിന്റെ പ്രവർത്തന പരിധി ഈ പഞ്ചായത്തിലെ 1, 2, 3, 4, 6 എന്നീ വാർഡുകളും ആയപറമ്പ് റോഡിന് പടിഞ്ഞാറ് വശം സ്പിൽ വേ ചാനൽ വരെ മാത്രമാണ്. ഇതിന്റെ പ്രവർത്തന പരിധി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേക്കും വ്യാപിപ്പിക്കണമെന്ന് നിർദ്ദേശിക്കപ്പെടുന്നു. കൂടാതെ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് സ്വന്തമായിട്ട് സ്ഥലമോ കെട്ടിടമോ ഇല്ല. അതിനുള്ള മേൽ നടപടികൾ ഉണ്ടാകണമെന്ന് നിർദ്ദേശിക്കപ്പെടുന്നു.

ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്ന് കർഷകർക്ക് ആവശ്യമായ പുൽവിത്തുകളോ, കാലിത്തീറ്റകളോ മതിയായ രീതിയിൽ ലഭ്യമല്ല. ഈ പഞ്ചായത്തിലെ 2, 3, 4, 1 വാർഡുകളിൽ മാത്രമാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി. ഈ സംഘത്തിൽ നിന്ന് പുറത്തേക്ക് പാൽ വിറ്റഴിക്കുന്നത് മൂലം പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ല. കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം.

ക്ഷീര സഹകരണ സംഘം (ആപ്കോസ് ഉൾപ്പടെ)

	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്
	ലിറ്റർ	ലിറ്റർ	ലിറ്റർ
	1	2	3
1993-94	78,136.5	9,219.4	68,917.1
1994-95	44,418.9	4,893.0	39,525.9
1995-96	48,163.6	2225.8	45937.8

ഈ പഞ്ചായത്തിൽ നടത്തേണ്ട പദ്ധതികൾ

1. ചെറുതന സഹകരണ സംഘം വഴി കൊയ്ത്ത് കാലത്ത് നെല്ല സംഭരിക്കുകയും ന്യായമായ വില കൃഷിക്കാർക്ക് ലഭ്യമാക്കുകയും ചെയ്യണം.
2. കൃഷിവകുപ്പിന്റെ സഹായത്തോടെ സൗജന്യമായി പച്ചക്കറി വിത്ത് നടീൽ വസ്തുക്കൾ ഇവ ലഭ്യമാക്കുകയും. വിറ്റഴിക്കുന്നതിനുള്ള വിപണി സഹകരണ മേഖലയിൽ സ്ഥാപിക്കണം.
3. കാർഷികേതര വായ്പകൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കായി യഥാസമയങ്ങളിൽ സഹകരണ സംഘം വഴി ലഭ്യമാക്കുക.
4. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
5. വളം, കാർഷികോപകരണങ്ങൾ വിതരണം ചെയ്യുവാനും കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുവാനും ഈ സംഘങ്ങളിൽ സംവിധാനം ഉണ്ടാകണം.
6. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലക്കുറവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങികൊണ്ട്

'കി - ലോൺ' അനുവദിച്ച് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

7. വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

8. കോഴി വളർത്തൽ, ആട് വളർത്തൽ, തയ്യൽ, റെഡി മെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനവും നിർമ്മാണവും കന്നുകാലി വളർത്തൽ ഇതിലൂടെ തൊഴിലില്ലായ്മ പരിഹരിക്കണം.

9. സഹകരണ സംഘങ്ങളിൽ ചിട്ടിയും സ്വർണ്ണപണയ ബാങ്കും ആരംഭിക്കുക.

10. ഈ പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കണം.

11. സർക്കാർ സഹായത്തോട് കൂടി ഒരു വനിതാ സഹകരണ സംഘം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

12. മുൻ കാലങ്ങളിൽ നില നിന്നിരുന്ന കയർ പിരി തുടർന്ന് സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുക.

13. നെയ്ത്ത് പരിശീലനം, തയ്യൽ പരിശീലനം എന്നിവ നടത്തുന്നതിന് സഹകരണ സംഘ അടിസ്ഥാനത്തിൽ നെയ്ത്ത് തറികളും, തയ്യൽ മെഷീനുകളും സർക്കാർ ചെലവിൽ ലഭ്യമാക്കണം.

14. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുക.

15. തൊഴിൽപരമായും മറ്റും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ വികസന സാദ്ധ്യതയുള്ള ഇഷ്ടിക വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ നടപടി സഹകരണ സംഘം വഴി ഉണ്ടാകണം.

16. ഈ പഞ്ചായത്തിൽ ഒരു നാളീകേര സംഭരണ കേന്ദ്രവും ഒരു വളം ഡിപ്പോയും സ്ഥാപിക്കണം.

17. ഈ പഞ്ചായത്തിൽ സ്ഥിരമായി പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോർ സ്ഥാപിക്കുക.

18. ഈ പഞ്ചായത്തിലെ 1, 5, 6, 7 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘം സ്ഥാപിക്കുക. ഇതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകാൻ സന്നദ്ധരായവരുണ്ട്.

19. ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ സെക്രട്ടറി ഇല്ലാതിരിക്കുകയും, സെക്രട്ടറിയുടെ ജോലി പ്രസിഡന്റ് ചെയ്യുകയും സംഘാംഗങ്ങളുടെ പേരിൽ വൗച്ചർ എഴുതി ഒപ്പിട്ടു കൊടുക്കുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ ഉള്ളത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തി പുതിയ സെക്രട്ടറിയെ നിയമിക്കുക. (ക്ഷീരോൽപ്പാദക സഹകരണ സംഘം നമ്പർ - A 119 D)

20. ക്ഷീര സഹകരണ സംഘം വഴി ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലോൺ കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

21. ക്ഷീരോൽപ്പാദക സഹകരണ സംഘം വഴി കാലിത്തീറ്റ, പുൽവിത്ത് എന്നിവ വിതരണം ചെയ്യുകയും കൃത്രിമ ബീജസങ്കലനത്തിനാവശ്യമായ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

22. ഈ സംഘം വഴി ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

സഹകരണ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ ഒരു പ്രദേശമാണ് ചെറുതന പഞ്ചായത്ത് ഈ സംഘത്തിന് സർക്കാരിൽ നിന്നും കിട്ടുന്ന മൂലധനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ പുരോഗതി പ്രാപിക്കുവാൻ കഴിയുകയുള്ളൂ. കാരണം കാർഷിക മേഖലയുമായി ബന്ധപ്പെട്ടവരും അല്ലാത്തവരും ഈ സംഘത്തിനെയാണ് കൂടുതൽ ആശ്രയിക്കുന്നത്. വളരെ കുറച്ചാളുകൾക്ക് മാത്രമാണ്. ഈ സംഘത്തിൽ നിന്നും വായ്പകൾ ലഭിക്കുന്നത്. ഈ രീതി മാറ്റുന്നതിനുള്ള നടപടിയുണ്ടാകണം.

നിത്യോപയോഗ സാധനങ്ങളുടെ വിപണനത്തിന്റെ കാര്യത്തിലും ഇതേ അവസ്ഥ തന്നെയാണ്. ഇത്തരം സാധനങ്ങളുടെ വിപണനം ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്ന ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ്. ഏറ്റവും വലിയ അപര്യാപ്തത. പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് കാര്യമായ പരിഗണന ചെറുതന പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നതയേറെ ശ്രദ്ധേയമായ കാര്യമാണ്.

15 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 16.81% പട്ടികജാതി വിഭാഗക്കാർ ആണ്. 2153 പട്ടികജാതിയിൽ പെട്ടവരും, 10 പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവരും ഇവിടെ താമസിച്ചു വരുന്നു.

ചരിത്ര പശ്ചാത്തലത്തിൽ ഇവരുടെ (പട്ടികജാതി) പ്രതാപ ഐശ്വര്യങ്ങൾ വളർന്നുനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു വെന്ന് പെരുവാങ്കര, തണ്ടപ്രാ, കൈയാലം തുടങ്ങിയ കുടുംബങ്ങളിലുണ്ടായിരുന്ന അറയും പുരയും അവശിഷ്ടങ്ങളും മറ്റും നിലനിന്നിരുന്ന ആചാരങ്ങളും അനുസരിച്ച് തെളിയിക്കപ്പെടാവുന്ന വസ്തുതകളാണ്. (ഇതിന് അവലംബമായ കഥകളും മറ്റും ആമുഖത്തിൽ ചേർത്തിട്ടുണ്ട്).

ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ അനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലത്തെ ചൂഷണത്തിന് വിധേയരായിട്ടുള്ള ഈ വിഭാഗത്തിന് സംവരണ ലഭ്യതയും കുടികിടപ്പവകാശവും മിച്ച ഭൂമി ലഭ്യതയും മറ്റ് പല ക്ഷേമ പ്രവർത്തനങ്ങളും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാ ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും പ്രധാന പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അത്ര വ്യക്തമല്ലാത്ത് രീതിയിൽ അസ്പർശ്യത നിലനിൽക്കുന്നു.

ആ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ പല പദ്ധതികളും അവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിനെക്കുറിച്ച് അറിവില്ലാത്തതു കൊണ്ടും. പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ ഏർപ്പെടുത്തിയ ഒട്ടനവധി പദ്ധതികൾ ഈ വിഭാഗത്തിന് ഭാഗികമായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോളനി നിവാസികൾക്ക് ഗവൺമെന്റ് ഏർപ്പെടുത്തിയ പല പദ്ധതികളും ഫലപ്രദമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസം

നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി. ക്ക് ശേഷം ഒരു ചെറിയ വിഭാഗം കോളേജ് വിദ്യാഭ്യാസത്തിനു വേണ്ടി പോകുന്നു. പ്രീഡിഗ്രി കഴിയുമ്പോൾ പരാജയപ്പെട്ട് വിദ്യാഭ്യാസം നിർത്തുന്ന പ്രവണത കൂടിവരുന്നു. ചില കുട്ടികൾ തൊഴിലെടുക്കുകയും വിദ്യാഭ്യാസം നിർത്തുകയും ചെയ്യുന്നു. ഭൂരിപക്ഷം ആൾക്കാരും കാർഷിക രംഗത്ത് പണിയെടുക്കുന്നവരായത് കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. വിദ്യാഭ്യാസത്തിന്റെ അവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരേയും പൊതു പ്രവർത്തകരെയും ഏർപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉപരി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരും എൻജിനീയറന്മാരും ഉണ്ടെന്നുള്ളത് കാണാതിരുന്നുകൂടാ. പഠിക്കുവാൻ കഴിയുന്നവരെ പ്രത്യേകം പ്രോത്സാഹനം നൽകി പഠിപ്പിക്കുവാൻ കഴിയണം.

തൊഴിൽ

പട്ടികജാതിയിൽപ്പെട്ടവർ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്തു ഉപജീവനം കഴിക്കുന്നവരാണ്. എന്നാൽ അടുത്തകാലത്ത് കാർഷിക മേഖലയിൽ തൊഴിൽ കുറയുന്നു. പട്ടികജാതിക്കാരിൽ ഒരു ചെറിയ ന്യൂനപക്ഷം കൈതൊഴിലുകൾ ചെയ്ത് ആ ഉൽപ്പന്നം പുറത്ത് കൊണ്ടുപോയി



വിറ്റ് ഉപജീവനം കഴിയുന്നു. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്നതും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതുമായ പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. തൊഴിലി ല്ലാത്ത സമയങ്ങളിൽ തഴപ്പായ് നെയ്യുന്ന പണിയുണ്ടാ യിരുന്നു. എന്നാൽ ഇപ്പോൾ തഴ കിട്ടാത്തതിനാൽ ഈ തൊഴിലിന് മാന്ദ്യം സംഭവിച്ചിട്ടുണ്ട്. ഇതിനായി പുതിയ - ടിൽ വ്യവസായ സംരംഭങ്ങൾ സഹകരണ അടി സ്ഥാനത്തിൽ ആരംഭിക്കണം. തൃപ്തികരമല്ലാത്ത തൊഴിൽ ലഭിക്കാത്തതിനാൽ പുതിയ തലമുറ അല സരായി വളരുന്നു.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നടപ്പി ലാക്കി വരുന്ന പദ്ധതികൾ പ്രശ്ന പരിഹാരത്തിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി മിക്ക കോളനികളിലും ചെറ്റകുടിൽ ഒരു പരിധിവരെ ഒഴിവാ ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വർഷങ്ങളായി താമസിക്കു ന്നുണ്ടെങ്കിലും സ്വന്തം പേരിൽ ഭൂമി ഇല്ലാത്തതു കൊണ്ട് ഇവർക്ക് വീട് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാ കുന്നു. വീടിന് അനുവദിക്കുന്ന തുക ദേശീയ ശരാ ശരി അടിസ്ഥാനത്തിൽ കണക്കാക്കുന്നതു കൊണ്ട് ലഭ്യമായ തുക പര്യാപ്തമല്ലാത്തതിനാൽ പല വീടു കളും പൂർത്തിയാകാതെ കിടക്കുന്നു. ഇത് പരിഹരി ക്കുവാൻ സർക്കാർ ഏജൻസികൾ നേരിട്ട് വീടുകൾ പണിത് കൊടുക്കുന്ന പദ്ധതികൾ നിലവിൽ വരണം. ലക്ഷംവീട് കോളനികൾ ഒരു കെട്ടിടം രണ്ടുപേരുടെ പേരിലാണ് നൽകിയിരുന്നത്. ഇന്ന് തകർന്ന് കൊണ്ടി രിക്കുന്നു. ഇതിന് പരിഹാരം കാണുന്നതിന് ഇരട്ടവീ ടുകൾ ഒറ്റ വീടുകളായി നിർമ്മിക്കുവാൻ പദ്ധതികൾ നടപ്പിലാക്കണം. ഒരു വീട്ടിൽ തന്നെ കൂട്ട് കുടുംബവു മായി കഴിയുന്ന സ്ഥിതിയുണ്ട്. പല കുടുംബങ്ങളിലും പലവിധ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട് ഇവർക്ക് സർക്കാർ ഭൂമി ഏറ്റെടുത്ത് 4 സെന്റ് സ്ഥലത്തിൽ ഭവന നിർമ്മാണം നടത്തി കൊടുത്ത് പ്രശ്നം പരിഹ രിക്കുക.

കക്കൂസ്

കോളനികളോട് അനുബന്ധിച്ച് E.S.P. ടൈപ്പ് കക്കൂസ് പല കോളനികളിലും നിർമ്മിച്ച് കൊടുത്തി രുന്നു. വെള്ളകെട്ടുള്ള പ്രദേശം ആയിരുന്നത് കൊണ്ട് ഈ കക്കൂസുകൾ പൂർണ്ണമായി നശിച്ച് പോയിരുന്നു. ഈ പ്രദേശത്തിന്റെ സാഹചര്യം മനസ്സിലാക്കി ഇവിടെ സ്ഥാപിക്കുവാൻ കഴിയുന്ന കക്കൂസുകൾ രൂപപ്പെ ടുത്തി നിർമ്മിച്ച് കൊടുക്കുവാൻ കഴിയണം.

കോളനികളിൽ പെടാത്ത ചില ഒറ്റപ്പെട്ട് വീടു കളിൽ ചിലത് കോളനികളുടെ കൂടെ ചേർത്തിട്ടുണ്ട്. ഗ്രാമ സഭകളിൽ ഉയർന്ന് വന്ന കണക്കനുസരിച്ച് 70 ചെറ്റകുടിലുകൾ ഉണ്ട്. ഇവർക്ക് വീടുകൾ ലഭ്യമാ ക്കണം. 123 പേർക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ലാ ത്തതിനാൽ ഭൂമിയും വീടും നൽകണം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിയന്ത്രി ക്കാൻ വയ്യാത്ത സാമൂഹ്യപ്രശ്നങ്ങൾ (കുടുംബ ത്തിന്റെ ഐക്യമില്ലായ്മ, മാധ്യമങ്ങളുടെ ദുർസ്വാ ധീനം, സാമൂഹ്യ ഉത്തരവാദിത്വം ഇല്ലായ്മ, സർക്കാർ സ്കൂളുകളിൽ ഫലപ്രദമായ വിദ്യാ ഭ്യാസം നടക്കാത്തതിനാൽ ശാശ്വതമായ ഒരു പരി ഹാരവും ഈ രാജ്യത്ത് ഉണ്ടാകത്തില്ലായെന്ന തെറ്റായ വിശ്വാസവും)തുടങ്ങിയവയുടെ സമ്മർദ്ദ ത്താൽ വിദ്യാഭ്യാസം കുറവാണ്.
2. കാർഷികരംഗത്തെ അടിസ്ഥാനമാക്കി ജീവിതം പടുത്തുയർത്തിയവരാണ് ഈ വിഭാഗത്തിലധി കവും. ആയതിനാൽ കാർഷികരംഗത്ത് തൊഴില വസരങ്ങൾ കുറയുന്നത് ഇവരുടെ ജീവിതത്തിന് ഭീഷണിയാകുന്നു. ഇതിന് ബദലായി കാർഷികരം ഗത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ഉപജീവനമാർഗ്ഗത്തിന് ഉതകുന്ന ബദൽതൊഴിൽ സംരംഭങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.
3. സ്വന്തമായി എല്ലാവർക്കും വീടില്ല. വീടുവെയ്ക്കു വാൻ സ്ഥലമില്ല. വീടിന് അനുവദിക്കുന്ന പണം നിർമ്മാണത്തിന് തികയാതെ വരുന്നു. കിട്ടുന്നസ ഹായം ദുർവിനിയോഗം ടെയ്യുന്നു.
4. പ്രാഥമിക സൗകര്യങ്ങളില്ല. കോളനികളിൽ ശുദ്ധ ജലം ലഭ്യമല്ല.
5. കൈവശ ഭൂമിക്ക് പട്ടയമില്ലാത്ത അവസ്ഥ.
6. പൊതു ശ്മശാനം ഇല്ല.
7. സർക്കാർ നല്കുന്ന വിവിധ ധനസഹായത്തെക്കു റിച്ച് അറിവില്ലായ്മ.
8. നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാ ഹത്തിന് ധനസഹായം ലഭിക്കാത്ത സ്ഥിതിയുണ്ട്.
9. I.R.D.P. പദ്ധതികളിലൂടെയും മറ്റ് പദ്ധതികളിലൂ ടെയും കിട്ടുന്ന ധനസഹായം ഫലപ്രദമായി ഉപ യോഗിക്കുന്നില്ല.
10. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ചില ഭാഗത്ത് ലഭ്യമല്ല.

വൈദ്യുതി

ചെറുതന പട്ടികജാതി, പട്ടികവർഗ്ഗകോളനി, പാലത്തറകോളനി, കണ്ണോലികോളനി, പെരുമാങ്കര

കോളനി, I.H.D.P. മാതിരംപ്പള്ളി കോളനി മൂന്നാം വാർഡിലെ പഞ്ചായത്ത് കോളനി, പനംതിട്ട കോളനി, തണ്ടിപോച്ച, വലിയവള്ളം, മാടശ്ശേരിൽ, വേലംപറമ്പ്, ചാലും തലയ്ക്കൽ, വെങ്കിടച്ചിറ, ആനാരിമുക്കം വീട് കോളനി, അംബേദ്കർ കോളനി എന്നി കോളനികളിൽ വൈദ്യുതിലൈനുകൾ വലിച്ചിട്ടുണ്ട്. പെരുമാങ്കര I.H.D.P. കോളനി ട്രാൻസ്ഫോർമറിലേക്ക് കഴിഞ്ഞ സെക്ഷനിൽനിന്നും ലൈൻ വലിച്ചിരുന്നെങ്കിലും ആരും തന്നെ ഹൗസ് കണക്ഷൻ എടുക്കാതിരുന്നതിന്റെ ഫലമായി വൈദ്യുതലൈനിന്റെ കമ്പി മോഷണം പോയതിനാൽ തുടർന്ന് ലൈനുകൾ വലിക്കണം. പെരുതന ഒന്നാം വാർഡിൽ കടിയങ്കാട്ടിൽതറ പുതുവലിൽ താമസിക്കുന്ന 4 വീടുകൾക്ക് ലൈൻ വലിച്ച് വൈദ്യുതി എത്തിക്കണം. വൈദ്യുതകണക്ഷൻ ലഭിച്ച പല വീട്ടുകാരും കരണ്ട് ചാർജ്ജ് കൂടിശ്ശിക അടയ്ക്കാത്തതിന്റെ ഫലമായി വൈദ്യുതബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഇവർക്ക് തവണ വ്യവസ്ഥയിൽ പണം അടയ്ക്കുവാൻ സംവിധാനം ഏർപ്പെടുത്തി വൈദ്യുതി ലഭ്യമാക്കണം. വൈദ്യുതലൈനുള്ള സ്ഥലങ്ങളിലുള്ള കോളനികളിലും വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. കൂടാതെ വൈദ്യുത ലൈനുകളില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതലൈൻ വലിച്ച് കണക്ഷൻ കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

കുടിവെള്ളം

പഞ്ചായത്തിലെ രണ്ട് കോളനികളൊഴിച്ച് മറ്റെല്ലാ സ്ഥലങ്ങളിലും കുടിവെള്ളത്തിന്റെ പ്രശ്നം രൂക്ഷമാണ്. പഞ്ചായത്ത് ബ്ലോക്ക്. കിണർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. പരിഹാരത്തിനായി ശുദ്ധജല വിതരണ പദ്ധതികൾ ആസൂത്രണം ചെയ്യണം.

ഗതാഗതം

അംബേദ്ക്കർ കോളനി, പെരുമാങ്കര കോളനി, പാലത്തറ കോളനി, പഞ്ചായത്ത് കോളനി, വേലപറമ്പ് കോളനി എന്നീ കോളനികളിലേക്ക് സഞ്ചാര യോഗ്യമായ റോഡുകളില്ല. കൂടാതെ ഒറ്റപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലത്ത് വഴിയില്ല. ഇതിന് പരിഹാരം കാണുവാൻ കഴിയണം.

ആരോഗ്യ സംരക്ഷണത്തിന് ആറാം വാർഡിലെ അംബേദ്ക്കർ കോളനിക്കാർ എടത്വ പി.എച്ച്.സി. യിലും കുന്നുച്ചാൽ പുതുവൽ, തുണ്ടിപോച്ച എന്നീ കോളനിയിൽ ഉള്ളവർ ഹരിപ്പാട് പി.എച്ച്.സി. യിൽ എത്തപ്പെടേണ്ട സ്ഥിതിയാണ്. ഇതിന് പരിഹാരമായി ഒരു ഡിസ്പെൻസറി ഈ പ്രദേശത്ത് സ്ഥാപിക്കുവാൻ കഴിയണം.

ആരോഗ്യം

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവ് ലഭിക്കുവാൻ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ക്ഷേമപദ്ധതികളുടെ ഇന്നുള്ള നിബന്ധനകൾ ലഘൂകരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനും ക്ഷേമ വകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഇന്നുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിൽ സംരഭങ്ങൾ ആരംഭിക്കുവാൻ നിയമ സാങ്കേതിക സഹായം ലഭിക്കുവാൻ ഒരു പരിശോധക സമിതിയെ (ജനപ്രതിനിധികൾ അടക്കം ഉൾക്കൊള്ളുന്ന) സംഘടിപ്പിക്കുകയും ചെയ്യണം. ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനും അവ നടപ്പിലാക്കുവാനും ഉള്ള അവകാശം ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കണം.

കലാ സാംസ്കാരിക രംഗം

പട്ടികജാതി പട്ടികവർഗ്ഗ സമൂഹങ്ങളിൽ നിരവധി പരമ്പരാഗത കലകളും കലാകാരന്മാരും ഉണ്ട്. ഈ കലകളിലും സാഹിത്യത്തിലും ഉറഞ്ഞു കിടക്കുന്ന സാംസ്കാരിക തനിമ നില നിർത്തുന്നതിനു വേണ്ടി ഈ കലയെയും കലാകാരന്മാരെയും പ്രത്സാഹിപ്പിക്കേണ്ടതാണ്. പുതിയ തലമുറയെ പരിശീലിപ്പിക്കേണ്ടതും ആവശ്യമാണ്. അതിനുള്ള നടപടികൾ നടത്തുവാനുള്ള അവകാശം ഗ്രാമ പഞ്ചായത്തിന് ഉണ്ടായിരിക്കണം. ഗ്രാമ സഭയിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ചുരുക്കി ചേർക്കുന്നു

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യ വർദ്ധിപ്പിക്കുക.
2. പാനെയ്ത്ത്, കൊട്ട നിർമ്മാണം എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേയും ലക്ഷം വീട് കോളനി, നാലുസെന്റ് കോളനി എന്നിവടങ്ങളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നൽകുക.
4. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
5. സഹകരണ മേഖലയിൽ ഹോളോ ബ്രിക്സ് ഇഷ്ടിക നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
6. അഭ്യസ്ത വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന പട്ടികജാതി വികസന വകുപ്പ് പട്ടികവർഗ്ഗ കോർപ്പറേഷൻ വായ്പകൾ ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും



വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

7. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധിക്കുന്നതിനും വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

8. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതിന് സഹകരണ മേഖലയിൽ സംരഭങ്ങൾ ആരംഭിക്കുക.

9. സ്വന്തമായി കൃഷി ഭൂമി ഇല്ലാത്തവർക്ക് കൃഷിഭൂമി വാങ്ങുവാൻ വസ്തു ഈടിന്മേൽ ലോൺ അനുവദിക്കുക.

10. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

11. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക.

12. വീട് നിർമ്മാണം ധനസഹായം വർദ്ധിപ്പിക്കുക വീട് വയ്ക്കുന്നതോടൊപ്പം കക്കൂസ്, വയറിംഗ്, കുളിമുറി എന്നിവയ്ക്കും വീട് നിൽക്കുന്നതിന്റെ പരിസരം നൽകുന്നതിന്റെ പരിഹാര വൃത്തിയാക്കുന്നതിനും ധനസഹായം അനുവദിക്കുക.

13. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കുക.

14. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

15. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

16. പൊതു ശ്മശാനം നിർമ്മിക്കുക

17. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

18. വായശാലകൾ സ്ഥാപിക്കുക.

19. വിദ്യാഭ്യാസം നിർത്തുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

20. അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

21. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതി ഗ്രാമ പഞ്ചാത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ്). സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഏർപ്പെടുത്തുക.

22. കോളനികളിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കുക.

23. കോളനികളിലേക്ക് സഞ്ചാര യോഗ്യമായ വഴി നിർമ്മിക്കുക.

24. നദീതീരത്തുള്ള കോളനികൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

25. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക.

26. അംബേദ്ക്കർ, വെങ്കിടചിറ, ആനാരി വടക്കേക്കര, എൻപതിൽചിറയിൽ എന്നീ കോളനി നിവാസികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാൻ ബോട്ട് ജെട്ടികൾ സ്ഥാപിക്കുക.

27. പെരുമാങ്കര IHDP കോളനിയിലെ ദ്വീപ് പ്രദേശം മുടീക്കുഴി കുനാൻ ചാത്തനാരി, പാലത്തറ കോളനിയിലെ കടിയങ്കാട്ടിൽ പുതുവൽ ഭാഗം എന്നിവടങ്ങളിൽ വൈദ്യുതി എത്തിക്കുക.

28. മുടീക്കുഴി അംബേദ്ക്കർ, ചെങ്ങളത്തുപോച്ച പുത്തൻതുരുത്തേൽ, കന്നുചാൽ പുതുവൽ, പഞ്ചായത്ത് കോളനി റോഡ് പെരുമാങ്കര കോളനിയിലേക്ക് മുണ്ടരിങ്കൽ നിന്ന് കിഴക്കോട്ടുള്ള റോഡ്, മുടിക്കുഴിയിലേക്കുള്ള റോഡ്, കന്നുച്ചാൽ പുതുവലിലേക്കുള്ള റോഡ്, എൻപതിൽചിറയിലേക്കുള്ള റോഡ്, ആനാരി ലക്ഷം വീട്ടിലേക്കുള്ള റോഡ്, തുടങ്ങിയ റോഡുകൾ മണ്ണിട്ട് കിളർത്തി ഗ്രാവൽ ചെയ്യുക.

29. ആറാം വാർഡിലെ അംബേദ്ക്കർ കോളനിയിലേക്ക് പുത്തൻ തുരുത്തേൽ ജംഗ്ഷൻ വരെ 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുക.

30. എല്ലാ കോളനിയിലേക്കും സഞ്ചാര യോഗ്യമായ റോഡുകളും വഴികളും നിർമ്മിക്കുക.

31. ആരോഗ്യ സംരക്ഷണത്തിന് ഡിസ്പൻസറിയോ മാതൃശിശു സംരക്ഷണ കേന്ദ്രമോ സ്ഥാപിക്കുക.

32. ആനാരി ലക്ഷം വീട് കോളനിയിലും അംബേദ്ക്കർ കോളനിയിലും ലെറ്റർ ബോക്സ് സ്ഥാപിക്കുക.



16 വിഭവസമാഹരണം

ആച്ചൻകോവിൽ ആറിനാൽ വേർതിരിക്കപ്പെട്ട് ചതുപ്പ് നിറഞ്ഞ പുഞ്ചപ്പാടങ്ങളാലും നീർച്ചാലുകളാലും സ്ഥിതി ചെയ്യുന്ന വടക്കൻ മേഖലയും കര പ്രദേശമായ തെക്കൻ മേഖലയും ഉൾപ്പെട്ട 14.25 Sq. Km. ചുറ്റളവുള്ള ആവികസിത മേഖലയിൽ അപ്പർ കുട്ടനാട്ടിൽപ്പെട്ട ചെറുതന ഗ്രാമ പഞ്ചായത്ത് നിലകൊള്ളുന്നു.

കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് കർഷകരും കർഷക തൊഴിലാളികളും ഉൾക്കൊള്ളുന്ന ജനത ഇവിടെ ജീവിക്കുന്നു. വർഷകാലമായാൽ വീട്ടിനുള്ളിൽ തട്ടുവെട്ടി അതിനുമേൽ ആഹാരം പാകം ചെയ്തും കിടക്കയായി ഉപയോഗിച്ചും കഴിഞ്ഞു വരുന്നു. പഞ്ചായത്തിന്റെ തുഛമായ വരുമാനം കൊണ്ട് ഈ പ്രദേശത്തെ കൈപിടിച്ചുയർത്തുക എന്നത് ദിവാസ്വപ്നം മാത്രമാണ് കാർഷിക മേഖലയിൽ പണിയെടുക്കുന്ന കർഷകർക്കും കർഷക തൊഴിലാളികൾക്കും നിക്ഷേപങ്ങൾക്കായി ഒരു ബാങ്കില്ല. ആകെകൂടിയുള്ളത് E.D. പോസ്റ്റ് ഓഫീസ് മാത്രമാണ്. ഇവിടെ നിക്ഷേപങ്ങളുടെ പരിമിതി ജനങ്ങളെ വലയ്ക്കുന്നു. പഞ്ചായത്തിന്റെ കഴിഞ്ഞകാലങ്ങളിലെ വരവ് ചെവല് കണക്കുകൾ അപഗ്രഥിച്ചു നോക്കിയാൽ വരവ് ചെലവുമായി പൊരുത്തപ്പെടുവാൻ കഴിയുകയില്ല.

കാലാകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം കാർഷിക മേഖലയെ ദുരിതത്തിൽ എത്തിച്ചിരിക്കുകയാണ്. സഹായഹസ്തങ്ങൾ ഒരിടത്തു നിന്നും നീട്ടുന്നില്ല. വ്യവസായങ്ങൾ എടുത്ത് പറയത്തക്കതായി ഒന്നും തന്നെയില്ല. ചെറുകിട വ്യവസായങ്ങൾ വൈദ്യുതി നിയന്ത്രണം മൂലം വഴിമുട്ടി നിൽക്കുന്നു ശുദ്ധജലം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുവാൻ ഇതിലേക്കാവശ്യമുള്ള ധനസഹായം വിഭവങ്ങൾ എന്നിവയും പണികൾ നടത്തുന്നതിനുള്ള അനുവാദവും പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്. അവികസിത പ്രദേശത്തിന്റെ പുരോഗതിക്ക് ആസൂത്രണ പ്രക്രിയയിലൂടെ പദ്ധതി നടപ്പിലാക്കണം. കാർഷിക രംഗം ഇന്നു നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുകയും നെല്ല്, പച്ചക്കറി, വാഴ തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ പരമാവധി വർദ്ധിപ്പിക്കുവാൻ കഴിയുകയും ഇടനിലക്കാരില്ലാതെ ഇവയുടെ വിപണന സംവിധാനം സംഘടിപ്പിക്കുകയും വേണം.

സർക്കാർ ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയും വികസിതമോ അവികസിതമോ എന്ന് പരിശോധിച്ച് അവികസിത പഞ്ചായത്തിന്റെ വികസനത്തിന് കഴിയുന്ന രീതിയിൽ നീതിപൂർവ്വം വിതരണം ചെയ്യേണ്ടതാണ്.

പട്ടിക I

വരുമാനത്തിലെ വ്യതിയാനം

ക്രമ നമ്പർ	വരുമാനയിനം	1991-92	1995-96	വ്യത്യാസത്തിന്റെ %
1	തനത് വരുമാനം			
2	തൊഴിൽ നികുതി	22,795.00	32,665.00	43.29
3	കെട്ടിട നികുതി	61,110.00	81,035.00	32.60
4	നികുതിയേതര വരുമാനം	20,504.00	20,293. 00	00.9
5	സംസ്ഥാന നികുതി വിഹിതം	70,180.00	45,024.00	51.08
6	അൺടൈഡ് ഫണ്ട്	1,77,00.00	2,85,000.00	61.01
7	ഗ്രാന്റുകൾ	1,69,175.00	4,04,615.00	82.10
8	J.R.Y.	1,80,200.00	1,95,400.00	2.6

ക്രമ നമ്പർ	ചെലവ്	1991-92	1995-96	വ്യത്യാസ %
1	എസ്റ്റാബ്ലിഷ്മെന്റ്	195714.50	342810.00	75.15
2	പൊതുമരാമത്ത്	44984.00	88491.00	96.71
3	മറ്റ് വികസന ചിലവുകൾ	77263.00	217930.00	182.06
4	കടംതിരിച്ചടവ്	6850.00	3905.00	42.99

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക വാർഡ് ക്രമത്തിൽ താഴെ കൊടുക്കുന്നു. ഇവരിൽ ഉയർന്ന സാമ്പത്തിക നിലകൈവരിച്ചവർ വളരെക്കുറവാണ്.

വാർഡ്	1	2	3	4	5	6	7	8
ഗൾഫ്	10			51	15	7	39	50
അമേരിക്ക					5			

നമ്മുടെ പഞ്ചായത്തിന്റെ വരുമാനം കെട്ടിട നികുതിയും തൊഴിൽ നികുതിയും ആണ്. കഴിഞ്ഞ 94-95 സാമ്പത്തിക വർഷം വരെയുള്ള മൂന്ന് വർഷ കാലം 100% പിരിവ് ലഭിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിലും 100% പിരിവ് നടത്തുവാൻ കഴിയുകയും വേണം. അതിനുവേണ്ടി ജനപ്രതിനിധികളും, ജനകീയ സമതികളും പരിശ്രമിക്കണം. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്ത് വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവഹിക്കാലാണ് നികുതികൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ, നമുക്ക് കഴിയുകയും വേണം.

1. നികുതി 'ദാനം' അല്ലയെന്നും എന്റെ നാടിന്റെ വികസനത്തിന് ഞാൻ നൽകേണ്ടതാണെന്ന് നികുതി എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കണം.
2. വരുമാനം ഉള്ള മുഴുവൻ പേരുടെയും കൈയ്യിൽ നിന്ന് നികുതി ഈടുക്കുവാൻ കഴിയണം.
3. നികുതി വരുമാനം ജനങ്ങൾ നൽകുമ്പോൾ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിവ് ക്ലിപ്തത സമയത്തിനുള്ളിൽ ഓരോ വർഷവും ഈടാക്കുന്നതിന് നേതൃത്വം കൊടുക്കുവാൻ വാർഡ് പ്രതിനിധികളും ജനകീയ കമ്മറ്റികളും തയ്യാറാക്കണം. ഇത് ഒരു വികസന പ്രവർത്ത



നത്തിന്റെ ഭാഗമാണെന്നുള്ള ധാരണ പഞ്ചായത്തിലെ ബഹുജനങ്ങൾക്ക് ഉണ്ടാക്കണം.

കെട്ടിട നികുതി

ശാസ്ത്രീയമായ രീതിയിൽ കെട്ടിട നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കണം. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണവും ആഡംബരത്വവും വിലപ്പിടിപ്പുള്ള സാഗ്രഹികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീടിന്റെ നികുതി നിർണ്ണയിക്കുന്നത് എങ്ങനെയെന്ന് വിടുടമസ്ഥനെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. നികുതി പിരിച്ചെടുക്കുവാനുള്ള സംവിധാനം ഒന്നുംകൂടി ശക്തമാക്കണം. ഓരോ വാർഡിലും നികുതി പിരിക്കുമ്പോൾ പിരിക്കുന്ന ദിവസവും, സ്ഥലവും, സമയവും മുൻകൂട്ടി അറിയിക്കുകയും, ജനകീയ കമ്മറ്റിയുടെ സഹകരണത്തോടെയും നികുതി പിരിക്കുകയും വേണം.

തൊഴിൽ നികുതി

തൊഴിൽ നികുതി നൽകുന്നത് സർക്കാർ അർദ്ധസർക്കാർ മേഖലയിൽ പണിചെയ്യുന്നവർ മാത്രമാണ്. ഇവരെ കൂടാതെ കച്ചവടക്കാർ, നിർമ്മാണ തൊഴിലാളികൾ, ഇഷ്ടിക വ്യവസായത്തിൽ പണി എടുക്കുന്നവർ തുടങ്ങിയ ഇതര വിഭാഗം തൊഴിലാളികളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസിന്റെ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഏർപ്പെടുത്തുകയും ചെയ്യണം.

മറ്റുധനാഗമ മാർഗ്ഗങ്ങൾ

1. ഗ്രാമപഞ്ചായത്ത് ആഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ആഡിറ്റോറിയം നിർമ്മിച്ചോ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി പൊതുസ്ഥലം കണ്ടെത്തി ഒരു കല്ല്യാണ മണ്ഡപം പണിയിച്ചോ വാടകക്കുനൽകി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം.

2. വില്ലേജ് ആഫീസിന്റെ മുൻവശം ഉള്ള റവന്യു പുറമ്പോക്ക് ഭൂമി സർക്കാരിൽ, നിന്ന് പതിച്ചെടുത്ത് അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിത് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാം.

3. പഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള പുറമ്പോക്കു ഭൂമിയും പതിച്ചു കിട്ടുന്ന റവന്യു പുറമ്പോക്കു ഭൂമിയും അളന്നു തിട്ടപ്പെടുത്തി ഒരു ചെറിയ വാടകയ്ക്കു കൃഷിചെയ്യുവാൻ കഴിവുള്ള കർഷകർക്ക് നല്കിയാൽ അതുവഴി പഞ്ചായത്തിന്റേയും വ്യക്തികളുടേയും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

4. പഞ്ചായത്തു പുറമ്പോക്കു കുളത്തിൽ മത്സ്യ കൃഷി തുടങ്ങിയാൽ അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

5. കൃഷിഭൂമി തരിശിടുന്ന വ്യക്തികളുടെ കൃഷിയിടം പഞ്ചായത്ത് ഏറ്റടുത്ത് പാട്ടത്തിനു കൊടുത്തു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

6. കൃഷിഭൂമി തരിശ് ഇടുന്നവരിൽ നിന്നും കൃഷിഭൂമി നികത്തുന്നവരിൽ നിന്നും നികുതി ഈടാക്കേണ്ടത് ആവശ്യമാണ്.

7. നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റും പഞ്ചായത്തിവന്റെ ഭൂമിശാസ്ത്ര സ്ഥിതി പരിഗണിച്ച് രണ്ടോ മൂന്നോ അന്തച്ചന്തകളും സ്ഥാപിച്ച് കർഷകന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹായിച്ചാൽ അതു വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

8. ഹരിപ്പാട് – ചെങ്കിടിക്കാട് റോഡും, പായിപ്പാട് – കണ്ണങ്കേരി റോഡും തീർന്നു കഴിഞ്ഞാൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് എവിടെയെങ്കിലും ഒരു സിനിമാശാല സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിച്ചാൽ അതു വഴി പഞ്ചായത്തിന് വരുമാനം കൂട്ടാം.

9. ട്യൂട്ടോറിയൽ കോളേജുകൾക്കും സ്വകാര്യ ആഴ്ച പത്രികൾക്കും ടേൺഓവർ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തി വരുമനാ കൂട്ടാം.

10. സൈക്കിളുകൾ പതിക്കുന്ന സമ്പ്രദായം വീണ്ടും ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം കൂടുകയും അതുപോലെ തന്നെ മോഷണം പോകുന്ന സൈക്കിൾ കണ്ടു പിടിക്കാൻ കഴിയുകയും ചെയ്യും.

11. പഞ്ചായത്തിന്റെ അധീനതയിലുള്ള കടത്തുകളിൽ ലാഭകരമായിട്ടുള്ളവ ലേലം ചെയ്തു കൊടുത്താൽ പഞ്ചായത്തിന് വരുമാന മാർഗ്ഗവും ജനങ്ങൾക്ക് പ്രയോജനകരവുമാകും.

12. കേബിൾ ടി.വി. കണക്ഷൻ ഉള്ളവരിൽ നിന്ന് വർഷത്തിൽ 25 രൂപയെങ്കിലും വിനോദ നികുതിയായി ഈടാക്കുക.

13. പഞ്ചായത്ത് അതിർത്തിയിലുള്ള മദ്ധ്യഷാപ്പുകളിൽ നിന്നും ആയിരം രൂപാവീതമെങ്കിലും ഈടാക്കുക.

14. സിമെന്റ് വർക്സിന് ലൈസൻസ് ഫീസായി 250 രൂപ വീതം ഈടാക്കുക.

15. പരസ്യ നികുതി ഏർപ്പെടുത്തുക.



ബാങ്ക്

1. പെറുതന ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് രണ്ടു സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഒഴിച്ചാൽ നാഷണലൈസ്ഡ് ബാങ്കുകളോ ഷെഡ്യൂൾഡ് ബാങ്കുകളോ ഒന്നും പ്രവർത്തിക്കുന്നില്ല. വിദേശത്തു തൊഴിൽ ചെയ്യുന്നവരെ കൂടാതെ കർഷകർക്കും കർഷക തൊഴിലാളികൾക്കും മറ്റുള്ളവർക്കും പണമിടപാടുകൾ നടത്തണമെങ്കിൽ വീയപുരം, ഹരിപ്പാട് എന്നിവടങ്ങളിലുള്ള ബാങ്കുകളെ ആശ്രയിക്കേണ്ടി വരുന്നു ആയതിനാൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഒരു നാഷണലൈസ്ഡ് ബാങ്കോ ഷെഡ്യൂൾഡ് ബാങ്കോ ഉണ്ടാകേണ്ടതാണ് നമ്മുടെ പഞ്ചായത്തിലെ നിക്ഷേപകരുടെ നിക്ഷേപത്തിന്റെ 80% ഇവിടെ തന്നെ വായ്പയായി നൽകണം.

2. നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ സംഘവും ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘവും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. എന്നാൽ ഒരു കോ-ഓപ്പറേറ്റീവ് സഹകരണ സംഘം, ഒരു മിൽമ സഹകരണ സംഘം അതിനോടനുബന്ധിച്ച് 8 വാർഡുകളിലും പാൽ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേക ബൂത്തുകളും, ഒരു പട്ടികജാതി – പട്ടികവർഗ്ഗ സംഘം ഒരു വിവിധോദ്ദേശ സഹകരണ സംഘം ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം തുടങ്ങിയവ സംഘടിപ്പിച്ചാൽ ഇതിന്റെ ഗുണം നമ്മുടെ പഞ്ചായത്തിന് ലഭിക്കുകയും അതു വഴി വികസനത്തിന് സഹായകം ആകുകയും ചെയ്യും.

3. പഞ്ചായത്തിൽ ഒരു ഏകാംഗ ട്രഷറി സ്ഥാപിക്കുക.

4. നാഷണൽ സേവിംഗ് സ്കീം : ഓരോ പഞ്ചായത്തിൽ നിന്നുമുള്ള ഇന്ദിരാ വികാസ് പത്ര നിക്ഷേപത്തിന്റെ 15- 25 % വരെ ആ പഞ്ചായത്ത് തന്നെ നൽകുന്ന വ്യവസ്ഥയുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പോസ്റ്റോഫീസ് E.D. പോസ്റ്റോഫീസ് ആയതിനാൽ ഈ നിക്ഷേപം ഹരിപ്പാട് പോസ്റ്റോഫീസിലേ സാദ്ധ്യമാകുകയുള്ളൂ ആയതിനാൽ ഇതിന്റെ പ്രയോജനം നമ്മുക്ക് ലഭിക്കുന്നില്ല ഇതിന് പരിഹാര മാർഗ്ഗം കാണുന്നതിനായി നമ്മുടെ പോസ്റ്റോഫീസിനെ നിക്ഷേപം സ്വീകരിക്കുവാൻ കഴിയുന്നതും. പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ എല്ലാവിധ ഗുണവും ലഭിക്കുന്നതുമായ പോസ്റ്റോഫീസായി ഉയർത്തുവാൻ കഴിയണം. തുടർന്ന് ജന പ്രതിനിധികളും വിവിധ രാഷ്ട്രീയ സന്നദ്ധ പ്രവർത്തകരും ഒത്തു ചേർന്ന് പരമാവധി നിക്ഷേപ സമാഹരണം നടത്തിയാൽ അതു വഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം.

വിനോദ സഞ്ചാരം

നയന മനോഹരമായ നദികളാലും തോടുകളാലും പുഞ്ചപാടശേഖരങ്ങളാലും കൂടാതെ വിദേശികൾക്ക് അത്യാകർഷകമായ ചുണ്ടൻ വള്ള കളികളാലും നിറഞ്ഞു നൽക്കുന്ന പഞ്ചായത്തതിന് വിദേശീയരെ ആകർഷിക്കുന്നതിൽ അനന്ത സാദ്ധ്യതകളുണ്ട്. ഈ സാദ്ധ്യത പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്തിന് വരുമാനം കൂട്ടുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ കഴിയും.

മനുഷ്യ വിഭവ ശേഷി

എത് സംരഭത്തിന്റെയും വിജയം മനുഷ്യ ശേഷി തന്നെയാണ്. ആകയാൽ നമ്മുടെ പഞ്ചായത്തിന്റെ വിജയത്തിനും മനുഷ്യാദ്ധ്വാനം കൂടിയെ കഴിയൂ. അത് കൊണ്ട് സ്വന്തം നാടിന്റെ വികസനത്തിന് അവൻ അവന്റെ അദ്ധ്വാനം സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ആശയമാണ്.

മഴകാലങ്ങളിൽ പഞ്ചായത്ത് റോഡുകളുടെ വശങ്ങളിൽ ഓടകളുണ്ടാക്കി റോഡ് സംരക്ഷിക്കുകയും അതുപോലെ ഇലക്ട്രിക്ക് ലൈനുകളിൽ വൃക്ഷ ലതാദികളിൽ വളർന്ന് വൈദ്യുതി തടസ്സപ്പെടുകയും ചെയ്യുന്ന പ്രവർത്തനം ഒഴിവാക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനു വേണ്ടി പഞ്ചായത്തിന്റെ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ കഴിയണം.

പഞ്ചായത്തിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും നീർച്ചാലുകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ഊർജ്ജ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യ സംരക്ഷണത്തിനും ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.



17 ഉപസംഹാരം

"ആയുധമേന്താത്ത ജനത മോചനമർഹിക്കുന്നില്ല". അതെ പരിവർത്തനത്തിന് വേണ്ടിയുള്ള ഇച്ഛാശക്തി എന്ന ആയുധം ഇനിയും നാം മൂർച്ചവരുത്തി ഉപയോഗിക്കുന്നില്ലെങ്കിൽ ഇന്നുവരെ നടത്തിയ തയ്യാറെടുപ്പുകൾ വ്യർത്ഥാവിലാവുകയായിരുക്കും ഫലം.

അധികാരത്തെ ഔദാര്യമായി വിലയിരുത്തുന്ന ഒരു ജനതയ്ക്കും അതിന്റെ ശരിയായ വിനിയോഗം സാദ്ധ്യമാവുകയില്ല. നമ്മുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യവും പരമാധികാരവും അപ്രകാരം വീണ്ടും അടിയറ വയ്ക്കപ്പെടുന്നു. രാഷ്ട്ര പിതാവിന്റെ സ്വാശ്രയ സങ്കൽപ്പങ്ങൾ അന്യമാവുന്നു. ഇവിടെ നമ്മെ തന്നെ നാം ഓരോരുത്തരും തിരിച്ചറിഞ്ഞേ തീരൂ. "ഒരു പിടി ആളുകൾക്ക് അധികാരം കൈയാളാൻ അവസരം ലഭിക്കുമ്പോഴല്ല – മറിച്ച്, അധികാരം തെറ്റായി വിനിയോഗിക്കുന്നതിനെ ചോദ്യം ചെയ്യുവാൻ ജനങ്ങൾ തയ്യാറാകുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്" എന്ന ഗാന്ധി വചനം ഇവിടെ പ്രസക്തമാവുന്നു.

ലഭ്യമാകുന്ന വിഭവത്തിന്റെയും വിവേത്തിന്റെയും ഒരു മടങ്ങ് കൂടി ഉപഭോഗത്തിന് ഉപയുക്തമാക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. ജനകീയ ജനാധിപത്യത്തിൽ അടിസ്ഥാന പരമാധികാര ആജ്ഞാകേന്ദ്രമായ ഗ്രാമ സഭകളിലൂടെ ഈ കണ്ടെത്തലിലാണ് നാം എത്തിച്ചേരുന്നത്. അതിനാൽ നിർമ്മാണത്തിലും പരിരക്ഷയിലും നാം നേരിട്ട് സംഭാവന ചെയ്യുകയും മേൽനോട്ടം വഹിക്കുകയും ചെയ്തെങ്കിലെ ഇച്ഛ നടപ്പിലാവൂ.

നാടിന്റെ സർവ്വതോന്മുഖമായ മോചനത്തിനും പുരോഗതിക്കും വേണ്ടി രണ ഭൂമികളിൽ വീര മൃത്യു വരിച്ച പരശതം രാജ്യ സ്നേഹികളുടെ സ്മരണയ്ക്കു മുമ്പിൽ ഈ റിപ്പോർട്ട് നമുക്ക് സമർപ്പിക്കാം. അവരുടെ ലക്ഷ്യ സാക്ഷാത്കാരത്തിനു വേണ്ടി യത്നിക്കുമെന്ന് നമ്മുക്ക് പ്രതിജ്ഞ ചെയ്യാം.

ആമുഖം

ആസൂത്രണ പ്രക്രിയക്ക് ആധാരമാകേണ്ട സ്ത്രീജനമായ രേഖയാണല്ലോ വികസനറിപ്പോർട്ട്. 1996 ഡിസംബർ 28-ാം തീയതി ആയാപറമ്പ് ഗവ: ഹൈസ്ക്കൂളിൽ വികസന സെമിനാർ നടന്നു. സെമിനാർ ശ്രീ. റി. എം. സുധീരൻ. M. P ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. സി. പ്രസാദ് അദ്ധ്യക്ഷനായിരുന്നു. സെമിനാറിൽ 66 സ്ത്രീകളും 121 പുരുഷന്മാരും 18 ഉദ്യോഗസ്ഥരും 4 KRPമാരും 6 DRP het:H #@ LRPമാരും പങ്കെടുത്തു.

പഞ്ചായത്തുതല വസ്തുതകളും, അനുഭവങ്ങളും, നിജ സ്ഥിതിയെ അടിസ്ഥാനമാക്കി വിവിധ വാർഡുകളിലെ ഗ്രാമ സഭകളിൽ ചർച്ചക്കു വിഷയീഭവിച്ചശേഷം തയ്യാറാക്കിയ വികസന രേഖയിൽ അവിചാരിതമായി വന്നുപെട്ട പാകപ്പിഴകൾ വികസന സെമിനാറിൽ വിവിധമേഖലകളിലായി സമൂർത്തമായും സൂഷ്ടിപരമായും വിശകലനം ചെയ്തു.) സെമിനാർ, ചൂണ്ടിക്കാട്ടിയ തിരുത്തലുകളും, നിർദ്ദേശങ്ങളും അനുബന്ധമായിച്ചേർത്ത് വികസനറിപ്പോർട്ട് അംഗീകരിക്കുന്നതായി പ്രഖ്യാപിക്കുകയും, നിർദ്ദേശങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് സർവ്വാത്മനാ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

ചരിത്രം

ചരിത്ര രചനയിൽ 3,5 എന്നീ ഖണ്ഡികകളിൽ മലയാളവർഷം /ME 999 എന്നു ചേർത്തിട്ടുള്ളത് മലയാളവർഷം /ME 1099 എന്നു തിരുത്തിവായികേണ്ടതാണ്.

ചെറുതനയിലെ പെരുംവന്തംകേരി പാടശേഖരത്ത് 1967 ൽ വൻകിട കർഷകരും കർഷത്തൊഴിലാളികളും തമ്മിൽ ഏറ്റു മുട്ടലുണ്ടായതായി കാണുന്നു. കൊയ്ത്തുപ്രശ്നം രമ്യമായി പരിഹരിച്ചശേഷം മടങ്ങിപ്പോവുകയായിരുന്ന കർഷകതൊഴിലാളികൾക്കുനേരെ എതിരാളികളുടെ ഗുണ്ടകൾ അക്രമം നടത്തുകയും തുടർന്നുണ്ടായ പോലീസ് വെടിവയ്പ്പിൽ കർഷകതൊഴിലാളിയായിരുന്ന ശ്രീ. ഗോപാലൻ രക്തസാക്ഷിയാവുകയും ചെയ്തുവത്രേ.

പഞ്ചായത്തിന്റെ പൊതു വിവരണം

5- ാം പേജിൽ ചെറുതന സെൻറ്മേരീസ് സ്ക്കുൾ ഉൾപ്പെടുത്തുക.

പട്ടിക I ൽ 7 -ാം നമ്പർ -അൺ എയ്ഡഡ് എന്ന പ്രയോഗം മാറ്റി സ്വകാര്യസ്ഥാപനം എന്നു ചേർക്കുക.

കൃഷിയും ജലസേചനവും

: ആയാംപറമ്പ് ഗവ: ഹൈസ്ക്കുളിൽവച്ചു നടന്ന ഗ്രൂപ്പ് ചർച്ചയിൽ നിർദ്ദേശിക്കപ്പെട്ട തിരുത്തലുകളും, കൂട്ടിചേർക്കലുകളും ടി വികസന റിപ്പോർട്ടിന് അനുബന്ധമായി താഴെ ചേർക്കുന്നു.

പേജ് 13. രാസവളത്തിന്റെ ഉപയോഗമെന്നത് ഹെക്ടറിന് ശരാശരി 275 കിലോഗ്രാം എന്നും ദ്രവരൂപത്തിലുള്ള കീടനാശിനി ശരാശരി ഹെക്റ്ററിന് 1170 മില്ലിലിറ്റർ എന്നും ഖര രൂപത്തിലുള്ള കീടനാശിനി ഹെക്റ്ററിന് 1600 ഗ്രാം എന്നും ചേർക്കുന്നു.

ടി പേജിൽ പൊതുവായ പ്രശ്നങ്ങളിൽ ക്രമ നമ്പർ 13- ജലസേചന നിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത എന്നു കൂടി ചേർത്തിരിക്കുന്നു.

17-ാം പേജിൽ ക്രമ നമ്പർ 10 ൽ ചേർത്തിരിക്കുന്ന പാണ്ടിപോച്ച എന്നത് പടിഞ്ഞാറേപോച്ച എന്നു തിരുത്തിയിരിക്കുന്നു.

ടി പേജിൽ പാടശേഖരങ്ങളുടെ കൂട്ടത്തിൽ 19. കിഴക്കേ പോച്ച തെക്ക്, 20. പള്ളിവാതുക്കൽ ഇലവിന്താനം, 21. പാണ്ടി കിഴക്കുവശം 22. പടിഞ്ഞാറേ പോച്ച, 23. വലിയ പറമ്പിൽ കിഴക്കുവശം എന്നുകൂടി ചേർത്തിരിക്കുന്നു.

ടി പേജിൽ തേവേരിതണ്ടെ പ്രാവഴിയുള്ള എണ്ണബാർജുകളുടെ യാത്ര തോട്ടപ്പള്ളി വഴി തിരിച്ചു വിടണമെന്ന് ചേർത്തിരിക്കുന്നു.

വാർഡ് I വികസന റിപ്പോർട്ടിൽ വിട്ടുപോയതും എന്നാൽ അടിയന്തിരമായി ബണ്ടുസംരക്ഷണം നടത്തേണ്ടതുമായ

1) പടിപ്പുരയ്ക്കൽ പടിഞ്ഞാറുവശം,പന്തപ്ലാവിൽ പടിഞ്ഞാറുവശം എന്നീ പാടശേഖരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പുറം ബണ്ട് റബിൾ കെട്ടി ബലപ്പെടുത്തുകയും, ആവശ്യമായ കിളരത്തിൽ മൺവേല നടത്തുകയും, പൊതുവായി മോട്ടർ തറയും, മോട്ടറും സ്ഥാപിച്ച് കൃഷിയോഗ്യമാക്കണമെന്നു കൂടി അനുബന്ധമായി ചേർക്കുന്നു.

ചെറുതന കടവുമുതൽ കൊടുവത്തുംകളംവരെയുള്ള റോഡിന്റെ ഇരുവശവുമായി കിടക്കുന്ന ഇരുപ്പൂനിലങ്ങൾ ഏറിയഭാഗവും പാഴ്നിലമായി കിടക്കുകയാണ്. ഈ നിലങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണമെന്ന്കൂടി ചേർത്തിരിക്കുന്നു.

വാർഡ്II പോത്തനോടിതുലാച്ചംകേരി എന്നിവയോടൊപ്പം നന്ത്യാട്ടു പടിഞ്ഞാറുവശം പാടശേഖരവും ഉൾപ്പെടുത്തി പുറം ബണ്ട് ബലപ്പെടുത്തുകയും, പാടശേഖരങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു പൊതുമോട്ടർ തറയും വാച്ചാലും

ആവശ്യമായ സ്ഥലങ്ങളിൽ കലിങ്കും സ്ഥാപിച്ച് ഈ പാടശേഖരങ്ങളിലെ കൃഷി മെച്ചപ്പെടുത്തണമെന്നു കൂടി അനുബന്ധമായി ചേർക്കുന്നു.

വാർഡ് IIIസർക്കാർ രജിസ്ട്രേഷനോ കൃഷി ആനുകൂല്യമോ ലഭ്യമല്ലാതെ കിടക്കുന്ന നാടാലയ്ക്കൽ പടിഞ്ഞാറുവശം, മണച്ചിറയക്കൽ വടക്കു വശം എന്നിവയുടെ പുറം ബണ്ടുകൾ ബലപ്പെടുത്തി കൃഷി സൗകര്യമുണ്ടാക്കണമെന്നുകൂടി ചേർത്തിരിക്കുന്നു.

വേഴപ്പറമ്പുവക തരിശായികിടക്കുന്ന വിരിപ്പു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കൂടി ചേർത്തിരിക്കുന്നു.

വാർഡ് 4 കുമ്പഴവടക്കുവശം മുതൽ വടക്കോട്ട് കായങ്കുളത്തേത്ത് കിഴക്കുവശം വരെയുള്ള വിരിപ്പുനിലങ്ങളിലെ വെള്ളം ഒഴുകിപ്പോകുന്നതിനും, വെള്ളം കയറ്റുന്നതിനും ആവശ്യമായ വാച്ചാൽ സൗകര്യങ്ങൾ പുനരാവിഷ്കരിച്ച് നടപ്പാക്കണം. പാടശേഖരത്തെ റോഡുകളുടെ ആവിർഭാവം തുണ്ടുകളായി മാറ്റുകയും, യഥേഷ്ടം കിഴക്കോട്ടും വടക്കോട്ടുമായി ഒഴുകികൊണ്ടിരുന്ന മഴവെള്ളം കെട്ടിനിന്ന് കൃഷി നശിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിന് സൗകര്യപ്രദമായ ക്രമീകരണങ്ങൾ ഉണ്ടാക്കണമെന്നുകൂടി ചേർക്കുന്നു.

വാർഡ് 6 കിഴക്കേ പോച്ച തെക്ക് പാടശേഖരത്തിന്റെ പുറം ബണ്ടും തെക്കു നിന്ന് വടക്കോട്ട് കല്ലുകെട്ടി ബണ്ടു നിർമ്മിക്കുക എന്നു കൂടി ചേർത്തിരിക്കുന്നു.

ടി പാടശേഖരത്തിന്റെ മോട്ടർ തറ കല്ലുകെട്ടി ബലപ്പെടുത്തുകയും വാച്ചാൽ വീതികൂട്ടുകയും, പാടശേഖരത്തിന് പടിഞ്ഞാറുവശത്ത് കലിങ്ക് സ്ഥാപിക്കുകയും ചെയ്യുക. ഈ പാടശേഖരത്തിലെ കൃഷിക്കാർ ഭൂരിഭാഗവും പട്ടികജാതിക്കാരും ചെറുകിട നാമമാത്ര കൃഷിക്കാരുമാണെന്നുള്ളതു പരിഗണനയിൽ ഉൾപ്പെടുത്തി ബണ്ടു നിർമ്മാണവും റോഡു ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് കൂടി ചേർക്കുന്നു.

വാർഡ് 7. കുന്നേൽ കിഴക്കുവശം പുഞ്ചയും അതോടുചേർന്ന് തെക്കോട്ട് പാഞ്ഞുരേത്ത് കിഴക്കുവശം വരെയുള്ള വിരിപ്പുനിലവും കൃഷി ചെയ്യുന്നതിന് സൗകര്യപ്രദമായി വടക്കേയറ്റത്തും കുന്നേൽ തെക്കുവശത്തെയും റോഡു കിളർത്തി മോട്ടർ വച്ച് ജലഗമന നിർഗ്ഗമന സൗകര്യം ഉണ്ടാക്കണം എന്നുകൂടി ചേർത്തിരിക്കുന്നു.

മൃഗസംരക്ഷണം-മത്സ്യബന്ധനം

സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സഹകരണസംഘങ്ങൾ സംഘടിപ്പിച്ച് ഉത്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മത്സ്യഭവന്റെ ആഭിമുഖ്യത്തിൽ മത്സ്യരോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി പ്രതിരോധ നടപടികൾ നടപ്പിലാക്കുവാൻ സംവിധാനമുണ്ടാക്കുക.

മത്സ്യവംശവർദ്ധനവിനെ തടയുന്ന രീതിയിലുള്ള എല്ലാ പ്രവർത്തനങ്ങളും നിരോധിക്കുക.

തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും വയ്ക്കോലിനും. തീറ്റപ്പുല്ലിനും പോഷകഗുണം വർദ്ധിപ്പിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുകയും ചെയ്യുക.

അത്യുല്പാദനശേഷിയുള്ള പുത്തൻ ജനുസുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക.

ശുദ്ധമായ പാലുല്പാദനത്തിനും, രോഗങ്ങൾ തടയുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും സഹായം ചെയ്യുക.

പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ എരുമവളർത്തൽ പ്രോത്സാഹിപ്പിക്കുക.

കോഴി, താറാവ്, എന്നിവ വളർത്തുന്നതിനും, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദന-വിപണനം സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

വ്യവസായം

ധാന്യപ്പൊടികൾ, മസാല, അച്ചാർ, സ്കാഷ്, വറ്റലുകൾ, പൻപ്പടം തുടങ്ങിയവയുടെ ഉത്പാദനത്തിനും വിപണനത്തിനും വനിതകൾക്ക് പ്രാമുഖ്യമുള്ള സംരംഭങ്ങൾ തുടങ്ങുവാനും പരിശീലനം നൽക്കുവാനും പഞ്ചായത്ത് മുൻകൈയ്യെടുക്കുക.

വിദ്യാഭ്യാസം

പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലാക്കുവാൻ ശുപാർശ ചെയ്യുക.

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് കൂടുതൽ തൊഴിൽ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാൻ മുൻകൈയ്യെടുക്കുക.

അവധിക്കാലങ്ങളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനകോഴ്സുകൾ സംഘടിപ്പിക്കുക.

അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കർമ്മസമിതി രൂപീകരിക്കുക.

നവസാക്ഷരരോടൊപ്പം സാക്ഷരതാപ്രവർത്തകർക്കും പ്രോത്സാഹനങ്ങൾ നൽകി തുടർവിദ്യാഭ്യാസ പ്രവർത്തനം മെച്ചപ്പെടുത്തുക.

സ്ക്കൂൾ കുട്ടികളിൽനിന്നും കലാ, കായിക പ്രതിഭകളെ കണ്ടെത്തി മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുന്നതിന് പ്രോത്സാഹനം നൽകുക.

നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങളും സൗജന്യയൂണിഫോമുകളും നൽകുവാൻ സംവിധാനം ഉണ്ടാക്കുക.

ആരോഗ്യശീലം മെച്ചപ്പെടുത്തുന്നതിനുതകുന്ന പരിപാടികൾ സ്ക്കൂളുകളിൽ സംഘടിപ്പിക്കുക.

വെട്ടുകുളഞ്ഞി കടവിൽ സ്കൂൾ സമയങ്ങളിൽ കുട്ടികളുടെ സൗകര്യാർത്ഥം ഒരു കടത്തുവള്ളംകൂടി അനുവദിക്കുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

പെരുതനയിലെ I , V, VI, VIIവാർഡുകളിൽ ശുദ്ധജലം ലഭിക്കുന്നതിന് പെരുതന, വീയപുരം, എടത്വ എന്നീ പഞ്ചായത്തുകൾകൂടി ഒരു സംയുക്ത കർമ്മ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തുക.

ഗതാഗതം -ഊർജ്ജം

1) പട്ടികരണ്ടിൽ ഒന്നാമതു ചേർത്തിരിക്കുന്ന "ഹരിപ്പാട് ചെക്കിടിക്കാട് റോഡിന്റെ വിശദീകരണത്തിൽ താഴെ കാണുന്ന പ്രാധാന്യവും പ്രത്യേകതകളും കൂടി അനുബന്ധമായി ചേർക്കുന്നു. ടി റോഡ് ഹരിപ്പാട്, അമ്പലപ്പുഴ, കുട്ടനാട് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളെ നേരിട്ട് ബന്ധിപ്പിക്കുന്ന റോഡാണ്. പ്രസിദ്ധങ്ങളായ ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, മണ്ണാറശാല നാഗരാജക്ഷേത്രം, അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം, തകഴി ശ്രീ ധർമ്മശാസ്തക്ഷേത്രം, എടത്വാ സെൻറ് ജോർജ്ജ് പള്ളി, പച്ച ലൂർദ് മാതാ പള്ളി, പാണ്ടി ഫാത്തിമ മാതാ പള്ളി എന്നീ ദേവാലയങ്ങളെ നേരിട്ട് ബന്ധിപ്പിക്കുക കൂടി ചെയ്യുന്നു. N. H. 47 ൽ ഹരിപ്പാട് അമ്പലപ്പുഴ റോഡിന് സമാന്തരമായും, കാർഷിക വ്യാവസായിക മേഖലയ്ക്ക് വർദ്ധിച്ച പുരോഗതി ആർജ്ജിക്കുവാൻ പര്യാപ്തവുമായ ഈ റോഡ് മൂന്ന് അസംബ്ളി നിയോജക മണ്ഡലങ്ങളെയും അനേകം പുണ്യസ്ഥലങ്ങളെയും കൂട്ടി ബന്ധിപ്പിക്കുന്ന ദൂരം വളരെ കുറവുള്ള ഒരു റോഡാണെന്നുകൂടി കൂട്ടി ചേർത്തിരിക്കുന്നു.

2).പായിപ്പാട്, കണ്ണഞ്ചേരി -വഴിയമ്പലം റോഡ്.

കാർഷിക പ്രാധാന്യമേറിയതും, ഹരിജൻ സെറ്റിൽമെൻറ് കോളനികളുടെ സമീപത്തുകൂടി കടന്നു പോകുന്നതും, എം.സി റോഡും, 47 -ാം നമ്പർ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ദൂരം കുറഞ്ഞ വ്യാവസായിക പ്രാധാന്യമേറിയ റോഡാണ് എന്നുകൂടി ചേർത്തിരിക്കുന്നു.

3). ആയാംപറമ്പ് വെട്ടുകുളഞ്ഞി റോഡ്

എം. എൽ. എ പദ്ധതിയിൽ ഉൾപ്പെടുത്തി പണിയാരംഭിച്ച് മുടങ്ങികിടക്കുന്നതും ടി സ്കീമിൽ തന്നെ പെടുത്തി അടിയന്തിരമായി പണിപൂർത്തിയാക്കുന്നതിന് അടിയന്തിര നടപടിസ്വീകരിക്കേണ്ടതാണ് എന്നുകൂടി ചേർത്തിരിക്കുന്നു.

4) പട്ടിക 3 (പേജ് 47) ൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ ലിസ്റ്റിൽ പുതുശ്ശേരി എൽ. പി. എസ്. മുതൽ കാരിച്ചാൽ പള്ളിമുക്കുവരെയുള്ള റോഡിന്റെ ഇരുസൈഡും (പുഞ്ചപ്പാടം ഉള്ളഭാഗം) റബിൾ കെട്ടി ബലപ്പെടുത്തുകയും, തോട്ടിൽ സ്ഥാപിച്ചിട്ടുള്ള കലിങ്ക് വാഹന ഗതാഗതത്തിന് സൗകര്യമായ വിധത്തിൽ സഞ്ചാരസൗകര്യമാക്കണം എന്നുകൂടി ചേർത്തിരിക്കുന്നു.

പട്ടിക 4 -പേജ് 49

5) ക്രമനമ്പർ 23-ാം നമ്പരിൽ തളിയിൽ തെക്കുവശത്തുകൂടി

കിഴക്കോട്ട് കുഞ്ഞേത്തു പടിഞ്ഞാറുവശം വരെയെന്നുള്ളത് തളിയിൽ തെക്കുവശത്തുകൂടി കിഴക്കേട്ട് മഴാംഞ്ചേരി മുക്കുവരെ എന്ന് തിരുത്തിയിരിക്കുന്നു.

6) ടി ക്രമനമ്പർ 30-മുണ്ടോറ്റിങ്കൽ പെരുമാങ്കരറോഡ് എന്നത് മുണ്ടോററിങ്കൽ മുതൽ പെരുമാങ്കര വഴി കോട്ടയ്ക്കകത്ത് കിഴക്കതിൽ മുക്കുവരെ എന്ന് തിരുത്തൽ വരുത്തിയിരിക്കുന്നു.

7) ടി പട്ടികയിൽ ക്രമനമ്പർ 48 ൽ കുറ്റിശേരി വടക്കുവശമുള്ള വഴി പടിഞ്ഞാറോട്ട് വെട്ടി നാലാം വാർഡുമായി ബന്ധിപ്പിച്ചിരിക്കുന്നു എന്നു തിരുത്തൽ വരുത്തിയിരിക്കുന്നു.

8) ടി പട്ടികയിൽ ആതിരംപള്ളി കിഴക്കു വശം മുതൽ കിഴക്കോട്ട്

പരിപ്രകിഴക്കുവശം വരെ 350 മീറ്റർ നീളം റോഡുകൂടി പുതിയതായി ചേർത്തിരിക്കുന്നു.

9) ടി പട്ടികയിൽ കൃഷ്ണാബാങ്കിനു തെക്കുവശം മുതൽ തൃപ്പക്കുടം ക്ഷേത്രത്തിന് വടക്കുവശംവരെ 500 മീറ്റർ റോഡുകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 5 -പേജ് 50

10) ക്രമനമ്പർ 8-ൽ ചേർത്തിരിക്കുന്ന പെമ്പകശേരിയിൽ വടക്കുവശത്തുകൂടിയുള്ള വഴി പടിഞ്ഞാറോട്ട് കുറ്റിത്തറ വരെ എന്ന് തിരുത്തൽ വരുത്തിയിരിക്കുന്നു.

11) ടി പട്ടികയിൽ പേജ് 51 ക്രമനമ്പർ 42-ൽ പെടുത്തിയിട്ടുള്ള റോഡിന്റെ 85% ഭാഗം കേന്ദ്രസർക്കാർ ഫണ്ടും, കേരളാ സർക്കാർ ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇനിയും പൂർത്തീകരിക്കുവാനുള്ള ഭാഗം വസ്തു ഉടമകൾ സ്ഥലം വിട്ടു കൊടുക്കാത്തതുകൊണ്ട് തടസമായി കിടക്കുകയാണ്. തർക്കമുള്ള ഭാഗം സർക്കാരിൽ നിന്നും വിലയ്ക്കെടുക്കുന്നതിനും അതിനു വേണ്ടിവരുന്ന ചെലവുകൾ ഗുണഭോക്താക്കൾ വഹിക്കുന്നതുമാണ് . ഇതോടനുബന്ധിച്ച് എരുമന്തറ കടവുമുതൽ മതിലിൽ മഠം വരെയുള്ള റോഡ് പൂർത്തീകരിക്കേണ്ടതുമാണ്. ആകയാൽ ഗുണഭോക്താക്കളിൽ നിന്ന് പണം സ്വരൂപിച്ച് ടി റോഡിന്റെ പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്നുകൂടി ചേർത്തിരിക്കുന്നു.

12) ടി പട്ടികയിൽ 21-ാം ക്രമനമ്പരിൽപെടുത്തിയിരിക്കുന്ന പുത്തൻതുരുത്ത് അംബേദ്ക്കർ കോളനി റോഡ് ഏകദേശം 2 കി.മി. നീളവും 6-ാം വാർഡിൽ കാഞ്ഞിരംതുരുത്തുമുതൽ വിയ്യപുരം റോഡുവരെ എത്തുന്നതും, പട്ടികജാതിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, നാളിതുവരെ വാഹനസൗകര്യം ഇല്ലാത്തതും, സ്ഥലത്ത് വാഹനഗതാഗതം സ്ഥാപിക്കുവാനും, സഹായകമായ പ്രധാന്യമേറിയ ഒരു റോഡാണെന്നുകൂടി കൂട്ടിചേർത്തിരിക്കുന്നു.

13) ടി പട്ടികയിൽ 51-ാം പേജിൽ ക്രമനമ്പർ 43-ൽ കാക്കകോടിക്കൽ കലുങ്കുമുതൽ തേവരോടത്ത് ക്ഷേത്രത്തിനു പടിഞ്ഞാറുവശം വരെയുള്ള റോഡുകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

14) ടി പട്ടികയിൽ 44-ാം ക്രമനമ്പരായി കാക്കകോടിക്കൽ കലുങ്കുമുതൽ തെക്കോട്ട് ചെറുതന പഞ്ചായത്തതൃത്തിവരെയുള്ള റോഡുകൂടി ചേർത്തിരിക്കുന്നു.

15) ടി പട്ടികയിൽ 45-ാം ക്രമനമ്പരായി കിഴക്കേവെളിയത്തുമുതൽ ബ്രഹ്മാനന്ദവിലാസം എൽ.പി. സ്ക്കൂളിന്റെ കിഴക്കുവശം വരെയുള്ള പഞ്ചായത്തു തോടിന്റെ വക്കിൽകൂടി റോഡു വെട്ടണം എന്നുകൂടി ചേർത്തിരിക്കുന്നു.

16) ടി പട്ടിയിൽ 96 -ാം ക്രമ നമ്പരിൽ VIII -ാം വാർഡിൽ മുസ്ലിം പള്ളിക്കു കിഴക്കുവശം വടക്കോട്ട് കടുർവരെയുള്ള റോഡ്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6 -പേജ് -71

1) മുറിയോടി പാടശേഖരത്തിന്റെ മദ്ധ്യത്തിൽകൂടിയുള്ള മുറിയോടിതോടിന്റെ ഇരുവശവും ബലപ്പെടുത്തിയും, ആവശ്യമായ വീതിയിൽ തെക്കോട്ട് സഞ്ചാരസൗകര്യമാക്കുകയും, തോടിനു കുറുകെ സൗകര്യപ്രദമായി ഒരു കലുങ്ക് സ്ഥാപിക്കുകയും ചെയ്യണമെന്നുകൂടി ചേർത്തിരിക്കുന്നു. (ക്രമ: നമ്പർ 27).

2) ഇലവുംന്താനം പള്ളിവാതുക്കൽ തോട്ടിൽ അച്ചൻകോവിലാറിന്റെ തീരത്ത് തോടിന് കുറുകെ കലുങ്ക് സ്ഥാപിക്കണമെന്നുകൂടി ചേർത്തിരിക്കുന്നു. (ക്രമനമ്പർ 28)

3) കാഞ്ഞിരംതുരുത്ത് ദേവസ്വം തുരുത്ത് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഭാഗത്ത് ഒരു കലിങ്ക് പണിയണം എന്നുകൂടി ചേർത്തിരിക്കുന്നു. (ക്രമ നമ്പർ 29)

4) കുഞ്ചേത്തുകിഴക്കുവശവും പുത്തൻപുരയ്ക്കൽ പടിഞ്ഞാറു വശവുമായി ബന്ധിപ്പിക്കുന്ന ഒരു കലിങ്ക് സ്ഥാപിക്കണം എന്നുകൂടി ചേർത്തിരിക്കുന്നു. (ക്രമ നമ്പർ 30)

5) 4-ാം വാർഡിനേയും 8 -ാം വാർഡിനേയും ബന്ധിപ്പിച്ചുകൊണ്ട് പടനിലത്തു കിഴക്കുവശത്ത് ഒരു കലിങ്ക് സ്ഥാപിക്കണമെന്നുകൂടി ചേർക്കണം (ക്രമനമ്പർ 31)

പാലങ്ങൾ

രണ്ടാം പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഹരിപ്പാട് ചെക്കിടിക്കാട്ട് റോഡിൽ ഉണ്ടാകേണ്ടതുമായ " ആയാപറമ്പുകടവ്, വെട്ടുകുളത്തി കടവ്, വെട്ടുകുളത്തി കാട്ടാംതോട്, ചെറുതുരുത്ത് കടവ് എന്നിവിടങ്ങളിലായി ഉണ്ടാക്കേണ്ട നാലുപാലങ്ങൾ കേന്ദ്രഗവൺമെൻറിൻെറയും. സ്റ്റേറ്റ് ഗവൺമെൻറിൻെറയും നേരിട്ടുള്ളതും പദ്ധതികളിൽപെടുത്തിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ചേർത്തിരിക്കുന്നു.

പായിപ്പാട് കണ്ണഞ്ചേരി വഴിയമ്പലം റോഡിൽ അത്യാവശ്യമായി ഉണ്ടാകേണ്ട മാലിയിൽകടവു പാലവും, കണ്ണഞ്ചേരികടവു പാലവും, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് സ്കീമുകളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് ചേർത്തിരിക്കുന്നു.

വാഹനഗതാഗതം(ബസ്സർവീസുകൾ)

1) 7-ാം വാർഡിൽ ആനാരികടവുവരെ ബസ് സർവീസുകൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ചേർത്തിരിക്കുന്നു.

2) തിരുവല്ല, ചെങ്ങന്നൂർ എന്നീ സ്റ്റേഷനുകളിൽ നിന്ന് മാന്നാർ, വിയപുരം, ആയാപമ്പ് ഹൈസ്ക്കൂൾ ജംഗ്ഷൻ വഴി ആലപ്പുഴയ്ക്ക് ട്രാൻസ്പോർട്ടു ബസുകൾ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചേർക്കുന്നു.

3) ഈ പഞ്ചായത്തിൽകൂടി മുമ്പ് സർവ്വീസ് നടത്തികൊണ്ടിരുന്നതും പിൽക്കാലത്ത് നിർത്തൽ ചെയ്തിരുക്കുന്നതുമായ ആയാപറമ്പ്-കൊട്ടാരക്കര, ആയാപറമ്പ്-തിരുവല്ല, ആയാപറമ്പ്-കായംകുളം തുടങ്ങിയ K.S.R.T.C ബസ് സർവ്വീസുകൾ അടിയന്തിരമായി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് ആവശ്യമായ അനന്തര നടപടി സ്വീകരിക്കണമെന്ന് ചേർക്കുന്നു.

ജലഗതാഗതം -പേജ് 53

വർഷങ്ങളായി മുടങ്ങികിടക്കുന്ന കോട്ടയം-മാന്നാർ , നെടുമുടി മാന്നാർ ബോട്ടുസർവ്വീസുകൾ അടിയന്തിരമായി പുനരാരംഭിക്കണമെന്നുകൂടി ചേർത്തിരിക്കുന്നു.

ഊർജ്ജം:ചെറുതനകടവിനു സമീപം താമസിക്കുന്ന പട്ടികജാതിക്കാർക്കും, അതോടുചേർന്ന്കിടക്കുന്ന മറ്റു വീട്ടുകാർക്കും അടിയന്തിരമായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടിസ്വീകരിക്കണമെന്നുകൂടി ചേർക്കുന്നു.

പാർപ്പിടവും സാമൂഹ്യക്ഷേമവും

രോഗാതുരർ, വിധവകൾ, വികലാംഗർ എന്നിവർക്ക് പാർപ്പിടം നിർമ്മാണത്തിനും മുൻഗണന നൽകുക.

ഹരിജനങ്ങളോടൊപ്പം നിർദ്ധനരായവർക്കും പാർപ്പിട നിർമ്മാണത്തിന് മുന്തിയ പരിഗണന നൽകുക.

ഭവനനിർമ്മാണ സഹായധനം വർദ്ധിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കുക.

ലക്ഷംവീടുകോളനികളിലെ ഇരട്ടക്കെട്ടിടങ്ങൾ ഒറ്റയാക്കുന്നതിനും, പട്ടയം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

ഇതര ഏജൻസികളുടെ ഭവനനിർമ്മാണ വായ്പയ്ക്കുള്ള അപേക്ഷകളും, സാങ്കേതിക സഹായവും പഞ്ചായത്തു വഴി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും, പദ്ധതിയെയും, അനുകൂല്യങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുകയും ചെയ്യുക.

വനിതകൾക്കായി കൂടുതൽ D W C R A, C B C S ഗ്രൂപ്പുകൾ സംഘടിപ്പിച്ച് തൊഴിൽ രംഗത്ത് പരിശീലനം നൽകി പുനരധിവസിപ്പിക്കുക.

സാമ്പത്തിക സാഹായം ഗുണഭോക്താക്കൾക്കു ലഭിക്കുന്നതിന് ദേശസാൽകൃത ബാങ്കിൻെറ ശാഖ പഞ്ചായത്തിൽ

സ്ഥാപിക്കുന്നതിന് മേൽനടപടികൾ സ്വീകരികുക.

ഭൂമിശാസ്ത്രപരമായി പരിഗണിച്ചു മൂന്നു പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

കക്കുസുകളുടെ വിതരണത്തിൽ പൊതുമാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുക.

സ്ത്രീകളുടെ ആരോഗ്യം മുൻനിർത്തി ആവശ്യമുള്ള കുടുംബങ്ങൾക്ക് പുകയില്ലാത്ത അടുപ്പുകൾ സബ്സിഡിയോടുകൂടി അനുവദിക്കുക.

ഒറ്റപ്പെട്ട പ്രദേശങ്ങളിൽകൂടുതൽ തപാൽപെട്ടികൾ സ്ഥാപിക്കുവാൻ മേൽനടപടികൾ സ്വീകരിക്കുക.

റേഷൻ കടകളിൽ കർശനമായി ബിൽ നൽകുവാൻ ഏർപ്പാടുണ്ടാക്കുക.

സംസ്ക്കാരം, കായികരംഗം, ടൂറിസം

പഞ്ചായത്തിലെ എല്ലാ വാർഡുകളേയും ഉൾപ്പെടുത്തി കലാകായികസാഹിത്യരംഗങ്ങളിൽ പരിശീലനം നൽക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.

കലാ-കായികസംഘടനകളുടെ ഏകോപനസമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുക.

വനിതാക്ഷേമം

സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പുരുഷന്മാർക്ക്കൂടി ബോധവൽക്കരണം നടത്തണം.

സഹകരണം

പഞ്ചായത്തിൽ ഒരു സഹകരണ ഗ്രാമീണ ബാങ്ക് രൂപീകരിക്കുന്നതിന് മുൻകൈയ്യെടുക്കുക.

സഹകരണ തത്വങ്ങളെക്കുറിച്ച് ഗ്രാമീണജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾസംഘടിപ്പിക്കുക.

നിത്യോപയോഗ സാധനങ്ങൾ മിതമായവിലയ്ക്ക് കിട്ടത്തക്കവിധം ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കോളനികളിലെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മുൻകൈയെടുക്കുക.

ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് കാലകാലങ്ങളിൽ അറിവ് ലഭ്യമാക്കുകയും. പദ്ധതികളുടെ മേൽനോട്ടം നിർവ്വഹിക്കുകയും ചെയ്യുക.

"എനിക്കുരസമീ നിമ്നോന്നതമാം
നിലത്തുതേരുരുൾ പായിക്കാൻ.
ഇതേ ഇരുൾക്കുഴി മേലുരുളട്ടെ
വിടില്ല ഞാനീരശ്മികളെ"

ഇടശ്ശേരി